## ആശംസ

പൗരോഹിത്യ കനകജൂബിലി ആഘോഷിക്കുന്ന ദിവ്യശ്രീ എടപ്പങ്ങാട്ടിൽ കുര്യാക്കോസ് കോർ എപ്പിസ്കോപ്പ അച്ചന് സർവ്വവിധ ആശംസകളും നേരുന്നു. പൗരസ്ത്യകാതോലിക്കേറ്റിന്റെ ശതാബ്ദി ആഘോഷവർഷത്തിൽതന്നെ അച്ചന്റെ പൗരോഹിത്യ കനകജൂബിലി ആഘോഷവും വന്നത് ഒരു ദൈവനിയോഗമായി കാണണം.

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മലങ്കരസഭ പ്രതിസന്ധികളിൽക്കൂടി കടന്നുപോയ ഒരു കാലഘട്ടമാണ്. സഭയിലെ കക്ഷിവഴക്കിന്റെ രൂക്ഷതയിൽ ക്രൈസ്തവസാക്ഷ്യത്തിന് മങ്ങലേറ്റു. മുളന്തുരുത്തി പള്ളിയുടെ ചരിത്രവും വ്യത്യസ്തമായിരുന്നില്ല. പൗരസ്ത്യകാതോലിക്കേറ്റിന്റെ യശ്ശസ് ഇവിടെ ഉയർത്തുവാൻ അച്ചനും അച്ചൻ നേതൃത്വം കൊടുത്ത ആരാധനാസമൂഹവും നിർവ്വഹിച്ച പങ്ക് നിസ്തുലമാണ്. മുളന്തുരുത്തി തുരുത്തിക്കര ഇടവകകളിൽ ബഹു. അച്ചന്റെ സേവനം മലങ്കരസഭയ്ക്ക് മറക്കുവാൻ സാധിക്കുകയില്ല.

പൗരസ്ത്യ ഓർത്തഡോക്സ് ക്രൈസ്തവ പാരമ്പര്യത്തിൽ പുരോഹിതന്റെ കർത്തവ്യം എന്തെന്ന് സഭാമക്കൾ അറിഞ്ഞിരിക്കണം. സകല സൃഷ്ടിക്കും വേണ്ടി ഏകമദ്ധ്യസ്ഥനായ യേശുക്രിസ്തുവിന്റെ കൗദാശിക സാന്നിദ്ധ്യമായി, മനുഷ്യനും ദൈവത്തിനും ഇടയിൽ മദ്ധ്യസ്ഥനായി ബലിയർപ്പിക്കുന്ന ആളാണ് പുരോഹിതൻ. അതോടൊപ്പം സഭയുടെ വിശ്വാസം കാത്തുസൂക്ഷിക്കുകയും അത് പഠിപ്പിക്കുകയും ആളുകളെ ആ വിശ്വാസത്തിൽ ജീവിക്കുവാൻ തക്കവിധം നേതൃത്വം നൽകുകയും ചെയ്യുന്ന പുരോഹിതൻ, നിർവ്വഹിക്കുന്ന എല്ലാ കൂദാശകളും വിശുദ്ധിയുടെ മാർഗ്ഗത്തിലേക്ക് ആളുകളെ നയിക്കുന്നതാണ്. യേശുക്രിസ്തുവിനെ അനുദിനജീവിതത്തിൽ ഒരു യാഥാർത്ഥ്യവും അനുഭവവുമാക്കിത്തീർക്കുവാൻ സഹായിക്കുന്ന പുരോഹിതനെ സഭാമക്കൾ ആദരിക്കുവാനും മറക്കരുത്.

ജൂബിലിവർഷത്തിൽ ദൈവത്തിൽ നിന്ന് പ്രാപിച്ച നന്മകളെ ഓർത്ത് സ്ത്രോത്രം ചെയ്യാം. ത്രിത്വസന്നിധിയിൽ നിന്ന് കൂടുതൽ അനുഗ്രഹങ്ങൾ ചോദിച്ചു വാങ്ങി സൃഷ്ടിക്ക് നൽകുവാനുള്ള ദൗത്യം കൂടുതൽ ശക്തിയോടെ നിർവ്വഹിക്കുവാൻ പ്രിയനെ ദൈവം സഹായിക്കട്ടെ.

പ്രിയനെയും കുടുംബത്തെയും ദൈവസന്നിധിയിൽ ഓർക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ

മീമ്പാറ,

പരുമല പെരുന്നാൾ 2012

## ജൂബിലേറിയൻ പിതാവിന് ആശംസ

**യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**

(തലക്കോട് മാർ ഗ്രിഗോറിയോസ് ചാപ്പലിൽ കെ.ജെ. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പയുടെ പൗരോഹിത്യ കനകജൂബിലിസമ്മേളനത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ കൊച്ചി ഭദ്രാസ നാധിപൻ അഭി. ഡോ. യാക്കോബ് മോർ ഐറേനിയസ് പിതാവിന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ നിന്ന്)

ജൂബിലേറിയൻ പിതാവേ,

ഇതൊരു സാധാരണ യോഗമല്ല, ഇതൊരു സ്നേഹസംഗമമാണ്. ഇന്നേക്ക് 50 വർഷം മുമ്പ്, 1962 ജൂൺ 30-ാം തീയതി, കൃത്യമായി 50 വർഷം മുമ്പ്. അന്ന് ഞാൻ 8-ാം ക്ലാസ്സിൽ പഠിക്കുന്നു. 23-ാം വയസ്സിൽ അച്ചനായ ആളാണ് ബഹു.കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പ. കുര്യാക്കോസ് സഹദായുടെ നാമമാണ് അദ്ദേഹത്തിന് കിട്ടിയിരിക്കുന്നത്. എന്തോ, എത് അന്വർത്ഥമായി. വളരെ ചെറുപ്രായത്തിൽ തന്നെ ഇദ്ദേഹം വൈദിക ശ്രേണിയിലേക്ക് വിളിക്കപ്പെട്ടു. എന്നേക്കാൾ 10 വയസ്സേ കൂടുതലുള്ളൂ എങ്കിലും ഞാൻ അച്ച നാകുന്നതിന് 13 വർഷം മുമ്പേ അദ്ദേഹം അച്ചനായി. ഞാൻ 25-ാം വയസ്സിലും അദ്ദേഹം 23-ാം വയസ്സിലും വൈദികനായി.

രണ്ട് പ്രധാന കാര്യങ്ങളാണ് ബഹു. അച്ചനെപ്പറ്റി നമ്മുടെ മനസ്സിൽ പൊന്തിവരുന്നത്. പ്രധാനമായും നമ്മെ ആകൃഷ്ടരാക്കുന്നത് അദ്ദേഹത്തിന്റ മനോഹരമായ ആരാധനയാണ്. വലിയ കോളിളക്കമൊന്നുമി ല്ലാതെ വളരെ ശാന്തമായി ഒഴുകുന്ന നദി പോലെയാണ് അദ്ദേഹത്തിന്റെ ആരാധന. 73 വയസ്സെന്നു പറയു ന്നത് ഒരു വലിയ പ്രായമൊന്നുമല്ല. ഇനി 11 വർഷം കൂടി കഴിഞ്ഞെങ്കിലേ ശതാഭിഷേകം നടക്കുകയുള്ളൂ. അന്ന് ഇതിനെക്കാൾ ഗംഭീരമായ സമ്മേളനം നടത്തി അദ്ദേഹം ആദരിക്കപ്പെടാൻ ഇടയാകട്ടെ. 84 വയസ്സാ കുമ്പോൾ ആയിരം പൂർണ്ണചന്ദ്രന്മാരെ കണ്ടിരിക്കും. ഈ സുന്ദരമായ ആരാധനയും മധുരമായ ശബ്ദവും അങ്ങോട്ട് നീണ്ടുനീണ്ടു പോകട്ടെ. അത് അനേകം മനസ്സുകളെ ഇനിയും ആകൃഷ്ടരാക്കട്ടെ. ശബ്ദവും ഭാഷയും ബുദ്ധിയുമായി വളരെ അടുത്ത ബന്ധമുണ്ടെന്നാണ് പറയുന്നത്. ഭാഷ ഉപയോഗിക്കുന്നതി ലുള്ള പ്രാവീണ്യവും ബുദ്ധിയും തമ്മിൽ നേരിട്ടുള്ള ഒരു ബന്ധം, ശാസ്ത്രീയമായി പറഞ്ഞാൽ ഡയറക്ട് കൊ-റിലേഷൻ ഉണ്ടെന്നാണ് പറയുക. ഇവിടെ ഭാഷയും ബുദ്ധിയും മാത്രമല്ല, ശബ്ദസൗകുമാര്യവും ദൈവത്തിന്റെ വരദാനമായി അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ഈ ശബ്ദം ദീർഘനാൾ നമ്മുടെ മുന്നിൽ അവ

തരിച്ച് പുനരവതരിക്കട്ടെ എന്നാണ് നമ്മുടെ ആഗ്രഹം.

രണ്ടാമത്തെ കാര്യം അദ്ദേഹം ഒരു സഹദാ തന്നെയാണ്. വളരെ ബുദ്ധിമുട്ടേറിയ സാഹചര്യങ്ങളിലൂടെ അദ്ദേഹത്തിന് കടന്നുപോകേണ്ടി വന്നു. വളരെയേറെ നൊമ്പരപ്പെട്ട് മലങ്കരസഭയ്ക്കു വേണ്ടി അദ്ദേഹം ഒരു പാറ പോലെ ഉറച്ചു നിന്നു. അക്കാലത്ത് അദ്ദേഹത്തോടൊപ്പം ഉറച്ച നിലപാടെടുത്ത വൈദികരും അവൈദികരും ഉണ്ടായിരുന്നു. ഇവരൊക്കെ ഒരു പ്രത്യേക നിലപാടെടുക്കുകയും അവർ അറിഞ്ഞ് അനുഭവിച്ച സത്യത്തെ നുകർന്ന് എന്ത് ത്യാഗവും സഹിക്കാനും തയ്യാറായി. അവർക്ക് ധനനഷ്ടം, മാനനഷ്ടം മുതലായ ബുദ്ധിമുട്ടുകൾ ഉണ്ടായി. എന്നിട്ടും അവർ തളർന്നില്ല. അതൊരു ജീവിതഗാഥയാണ്. ഇന്ന് നാമൊക്കെ സന്തോഷമായിരിക്കുമ്പോൾ വർഷങ്ങൾക്കു മുമ്പ് നൊമ്പരപ്പെട്ട മനസ്സുകൾ ഉണ്ടായിരുന്നു. അതിലൊന്നാണ് ഇദ്ദേഹം. ഈ നൊമ്പരം മനുഷ്യരായ നമ്മൾ മറന്നേക്കാം. ചിലപ്പോൾ പരിഹസിച്ചേക്കാം. എന്നാൽ ദൈവത്തിന്റെ പുസ്തകത്തിൽ, മായാത്ത ലിപികളിൽ ഈ നൊമ്പരം ആലേഖനം ചെയ്തു വച്ചിട്ടുണ്ട്. അത് ആരും മറക്കരുത്. ഇവർ കഷ്ടപ്പെട്ടത് ഇവർക്കു വേണ്ടിയല്ല. ഇവരുടെ കുടുംബത്തിനു വേണ്ടിയല്ല. അവർ വിശ്വസിച്ച സത്യത്തിനു വേണ്ടി, സർവ്വശക്തനായ ദൈവത്തിനു വേണ്ടി, സത്യവിശ്വാസത്തിനുവേണ്ടി. ഇതിനൊക്കെ വേണ്ടിയാണിവർ കുരിശുമേന്തി നടന്നത്. അതിന്റെ ജൂബിലിയാണിപ്പോൾ നടക്കുന്നത്. കൊച്ചി ഭദ്രാസനത്തിൽ മാത്രമല്ല മദ്രാസിലും, കോട്ടയത്തും. അങ്ങനെ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിറഞ്ഞു നിന്നിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെയും, ഭക്തിസാന്ദ്രമായ ആരാധനയുടെയും വൈശിഷ്ട്യം. ഇത് മദ്രാസിലൊക്കെ പലരും അയവിറക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. അതുപോലെ സ്വന്ത ആളുകളിൽ നിന്നുപോലും വൈഷമ്യങ്ങൾ നേരിട്ടപ്പോൾ പോലും കാലിടറാതെ, വഴുതിമാറാതെ, ഉറച്ചുനിന്ന് വേദനിക്കുമ്പോൾ പോലും പുഞ്ചിരിക്കുന്ന, അത് ദൈവത്തിൽ നിന്നും വരുന്നതാണ്, അങ്ങനെയുള്ള മാന്യദേഹത്തെയാണ് നാം ഇന്ന് ആദരിക്കുന്നത്. നാമിപ്പോൾ നന്ദി പറയേണ്ടത് ദൈവത്തോടാണ്. ദൈവം കൂടെയില്ലെങ്കിൽ ഇതൊന്നും സാധിക്കുകയില്ല. യേശുക്രിസ്തു ക്രൂശിക്കപ്പെട്ടപ്പോൾ പലരും കമന്റ്സ് പറഞ്ഞു. "Its a crucifical failure" ക്രൂശിക്കപ്പെട്ട പരാജയമാണ് നിന്റെ മുമ്പിൽ കാണുന്നത്. പക്ഷെ ചരിത്രം അങ്ങനെയല്ല തെളിയിച്ചത്, മനുഷ്യമനസ്സുകൾ അങ്ങനെയല്ല തെളിയിച്ചത്. കുരിശിക്കപ്പെടുവനായിരുന്നു അദ്ദേഹം വന്നത്. അതായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ വിജയവും. ബഹു. കുര്യാക്കോസ് കോർ.എപ്പിസ്കോപ്പയുടെ നിയോഗവും ഇതുപോലെയായിരുന്നു. വേദനിക്കുമ്പോഴുണ്ടാകുന്ന ചെറു പുഞ്ചിരി. അതിനു സമാനമായി വേറൊന്നുമില്ല. കൊച്ചി ഭദ്രാസനത്തിലെ എന്റെയും എല്ലാ വൈദികരുടെയും ജനങ്ങളുടെയും ആശംസകളും പ്രാർത്ഥനകളും ഈ പിതാവിന് അർപ്പിച്ചുകൊണ്ടും ദൈവാനുഗ്രഹം അദ്ദേഹത്തിനും കുടുംബത്തിനും തുടർന്നും സമൃദ്ധമായി ഉണ്ടാകട്ടെ എന്നാശംസിച്ചുകൊണ്ടും നിർത്തട്ടെ.

## പൗരോഹിത്യം: അതിന്റെ രൂപവും അടിസ്ഥാനവും

### ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

ക്രിസ്തീയ പൗരോഹിത്യം സംബന്ധിച്ചുള്ള നമ്മുടെ ധാരണകൾ പലതും പൗരസ്ത്യ സഭാപാരമ്പര്യത്തിന് നിരക്കാത്തവയാണ്.

ഏറ്റവും വലിയ തെറ്റിദ്ധാരണകൾ രണ്ടാണ്.

1. പുരോഹിതർക്കല്ലാതെ അത്മായക്കാർക്ക് പൗരോഹിത്യനൽവരം ഇല്ല എന്ന അബദ്ധം.

2. പുരോഹിതൻ എന്ന് പറയുന്നത് പ്രാഥമികമായി കശീശന്മാരെ ഉദ്ദേശിച്ചാണെന്നും, മേല്പട്ടക്കാരനും മറ്റുമൊക്കെ ഏറെക്കുറെ കശീശന്മാർക്കുള്ള പട്ടത്വം മാത്രമേയുള്ളു എന്നും ഉള്ള തെറ്റിദ്ധാരണ.

ഇവ രണ്ടിേനയും തിരുത്തുവാൻ പൗരോഹിത്യനൽവരത്തെക്കുറിച്ചുള്ള ഒരു സമഗ്രപഠനം ആവശ്യമാണ്. പാശ്ചാത്യസഭകളുടെ ഉപദേശത്തിൽ നിന്ന് നാം എടുത്തുവെച്ചിട്ടുള്ളവ പലതും താഴെ വയ്ക്കാതെ ഈ സമഗ്രപഠനം സാദ്ധ്യവുമല്ല.

അടിസ്ഥാനപരമായ ഒന്നുരണ്ടു കാര്യങ്ങൾ പ്രത്യേകിച്ചും നമ്മുടെ പട്ടക്കാരുടെ അറിവിനായി ചൂണ്ടിക്കാട്ടിക്കൊള്ളട്ടെ.

ഒന്നാമതായി കൊഹനോയും കശീശായും തമ്മിലുള്ള വ്യത്യാസം. സുറിയാനിയിലെ ഈ വാക്കുകളുടെ ഗ്രീക്ക് തത്സമം hiereus എന്നും presbyteros എന്നുമാണ്. സുറിയാനിയിൽ കാഹേൻ എന്ന ക്രിയാപദത്തിന് ബലിയർപ്പിക്കുക, പൗരോഹിത്യവൃത്തി നിവൃത്തിക്കുക എന്നാണർത്ഥം. "മ്ശീഹോ എത്കാനാൻ ബബ്സാർ അൽ കൈസോ" എന്ന് പറഞ്ഞാൽ "മിശിഹാ ജഡത്തിൽ മരത്തിന്മേൽ ബലിയർപ്പിക്കപ്പെട്ടു" എന്നാണർത്ഥം. കാഷീഷോ (qashisho - സുറിയാനിയിൽ "ശ" കാരം ഇല്ല എന്നറിയാമല്ലോ) എന്ന് പറഞ്ഞാൽ മൂപ്പൻ, വൃദ്ധൻ, വല്യപ്പൻ എന്നാണർത്ഥം. മൂലക്രിയ കാഷ് എന്ന പദത്തിന്റെ അർത്ഥം "വയസ്സാവുക" എന്ന് തന്നെ. ഭരണാധികാരി എന്നുള്ള അർത്ഥം ഈ പദത്തിന് പിന്നീടുണ്ടായി. ഒരു പ്രശ്നം തീർക്കുവാൻ അയയ്ക്കപ്പെട്ട മൂപ്പൻ എന്ന അർത്ഥത്തിൽ presbyteros എന്ന ഗ്രീക്ക് പദത്തിന് അംബാസഡർ എന്ന അർത്ഥവുമുണ്ട്. 2 കോരിന്തി 5:20 -ലും എഫേസ്യ 9.20 -ലും ഇംഗ്ലീഷിൽ ambassa-

dor എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ളിടത്ത് ഗ്രീക്ക് മൂലത്തിൽ കിടക്കുന്നത് presbuomen, presbuco എന്നീ ക്രിയാപദങ്ങളാണ്. പുതിയനിയമത്തിൽ ഈ presbuteroi (ബഹുവചനം) അധികവും ഉപയോഗിക്കുന്നത് ഇസ്രയേൽജനതയുടെ ഭരണാധികാരികളെക്കുറിച്ചാണ്; അല്ലാതെ യഹൂദപുരോഹിതന്മാരെക്കുറിച്ചല്ല. 67 പ്രാവശ്യം ഈ പദം ഉപയോഗിച്ചിട്ടുള്ളതിൽ 64 ഉം ബഹുവചനമാണെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്.

കശീശായ്ക്ക് കൊഹനൂസോ അല്ലെങ്കിൽ പൗരോഹിത്യവുമായി പഴയനിയമത്തിൽ ബന്ധമൊന്നുമുണ്ടായിരുന്നില്ല. ഭരണത്തിൽ മോശയെ സഹായിക്കുന്നതിനു വേണ്ടി വിളിക്കപ്പെട്ട് ആയിരങ്ങളുടേയും നൂറുകളുടെയും പത്തുകളുടേയും മേൽ ന്യായാധിപതിമാരായി നിയമിക്കപ്പെട്ടവരാണ് (പുറപ്പാട് 15:24-26) കശീശന്മാർ.

കൊഹനോ അല്ലെങ്കിൽ ഹിയറെവ്സ് എന്ന പദം പുതിയനിയമത്തിൽ ക്രിസ്തീയപുരോഹിതന്മാരെ ഉദ്ദേശിച്ച് ഉപയോഗിക്കുന്നില്ല. പുരോഹിതൻ എന്ന പദം ഒന്നുകിൽ പേഗൻ (അ. പ്ര. 14:13) അല്ലെങ്കിൽ യഹൂദപുരോഹിതന്മാരെക്കുറിക്കുന്നു (ലൂക്കോ. 1:5, 5:14, 6;4, 10:31, 17:14). അല്ലെങ്കിൽ കർത്താവിനെയോ (ഹെബ്രായ 10:21) കർത്താവിൽ വിശ്വസിക്കുന്ന എല്ലാവരെയുമോ (വെളിപാട് 1:6, 5:10, 20:6) ഉദ്ദേശിക്കുന്നു.

കാശീശോയും കൊഹനോയും ഒന്നല്ല. ഒന്നാമത്തേത് ഭരണത്തേയും രണ്ടാമത്തേത് ബലിയേയും കുറിക്കുന്നു.

സഭാപാരമ്പര്യത്തിന്റെ ആദിമനൂറ്റാണ്ടുകളിൽ കശീശന്മാരെ പുരോഹിതന്മാർ (കൊഹ്നേ) എന്ന് വിളിച്ചിരുന്നില്ല. പഴയ പാരമ്പര്യത്തിൽ അതായത് മൂന്നാം ശതാബ്ദത്തിന് മുമ്പ് കൊഹനോ, hiereus, sacerdos (latin) എന്ന പദം എവിടെയെങ്കിലും ക്രിസ്തീയപൗരോഹിത്യത്തോടനുബന്ധിച്ചുപയോഗിക്കുന്നുണ്ടെങ്കിൽ അത് എപ്പിസ്കോപ്പായെ ഉദ്ദേശിച്ചുതന്നെയാണ്. അക്കാലത്ത് ഓരോ ഇടവകയ്ക്കും ഒരു എപ്പിസ്കോപ്പായും പന്ത്രണ്ടോ അതിൽ കൂടുതലോ കശീശന്മാരും ഏഴോ കൂടുതലോ ശെമ്മാശ്ശന്മാരുമുണ്ടായിരുന്നു. ബലിയർപ്പണത്തിൽ, അതായത് പരിശുദ്ധ കുർബാനയിൽ, എപ്പോഴും ആദ്ധ്യക്ഷം വഹിച്ചിരുന്നത് എപ്പിസ്കോപ്പാ തന്നെയായിരുന്നു.

നിഖ്യാ സുന്നഹദോസിനു ശേഷം കുസ്തന്തീനോസ് രാജാവിന്റെ കാലത്തുണ്ടായ വലിയ വികസനത്തിൽ, നൂറംഗങ്ങളുണ്ടായിരുന്ന ഇടവകയിൽ പെട്ടെന്ന് അംഗസംഖ്യ പതിനായിരക്കണക്കിന്നായി. അപ്പോഴാണ് വി. കുർബാന ഒരിടവകയിലെ പലയിടത്ത് വെച്ച് നടത്താമെന്നും ചിലതിൽ എപ്പിസ്കോപ്പായുടെ സ്ഥാനത്ത് കശീശായ്ക്ക് നിൽക്കാം എന്നും ഉള്ള വ്യവസ്ഥിതിയുണ്ടായിത്തീർന്നത്. വികാരി അല്ലെങ്കിൽ വികാർ എന്ന പദത്തിന് പ്രതിനിധി, ഒരാളുടെ സ്ഥാനത്ത് നിൽക്കുന്ന മറ്റൊരാൾ എന്നാണർത്ഥം.

ഒരു ഇടവകവികാരി ആ ഇടവകയുടെ മാനേജരോ ഉടമസ്ഥനോ അല്ല. ഇടവകയുടെ ഇടയൻ എപ്പിസ്കോപ്പായാണ്. എപ്പിസ്കോപ്പായെ കൂടാതെ ഇടവകയില്ല. ഇതാണ് ഓർത്തഡോക്സ് സഭയുടെ പാരമ്പര്യം. ഇത് മനസ്സിലാക്കാതെയാണ് ചില കോടതിവിധികളിലും ഇടവകക്കാർക്ക് ഇഷ്ടമുള്ള മെത്രാപ്പോലീത്തായെ സ്വീകരിക്കാം എന്ന വിധിയുണ്ടാക്കിയിരിക്കുന്നത്.

അതുകൊണ്ട് ഇടവക എപ്പിസ്കോപ്പായുടേതാണെന്നർത്ഥമില്ല. കശീശാ പ്രെസ്ബിറ്ററി എന്ന് പറയുന്ന സമൂഹത്തിന്റെ അംഗമാണ്. എപ്പിസ്കോപ്പാ, എപ്പിസ്കോപ്പൽ കോളേജ് എന്ന് പറയുന്ന സമൂഹത്തിന്റെ അംഗമാണ്. ശെമ്മാശ്ശനും ശുശ്രൂഷകസമൂഹത്തിന്റെ അംഗമാണ്. ഈ മൂന്നു സമൂഹങ്ങളും നിലകൊള്ളുന്നത് സഭയാകുന്ന വലിയ സമൂഹത്തിന്റെ കെട്ടുപണിക്കും ആത്മിയവർദ്ധനയ്ക്കും വേണ്ടിയാണ്.

എപ്പിസ്കോപ്പൽ കോളേജ് അല്ലെങ്കിൽ എപ്പിസ്കോപ്പൽ സുന്നഹദോസ്, കശീശന്മാരുടെ സമൂഹത്തെയും ശെമ്മാശ്ശസമൂഹത്തെയും വിശ്വാസികളുടെ സമൂഹത്തെയും വിട്ട്, സ്വന്ത ഇഷ്ടപ്രകാരമോ, സ്വന്ത അധികാരം വച്ചുകൊണ്ടോ ഒന്നും പ്രവർത്തിച്ചുകൂടാ. ചെയ്യുന്നതെല്ലാം സഭയുടെ ഉന്നമനത്തിനും അഭിവൃദ്ധിക്കും വേണ്ടിയായിരിക്കണം. എന്നാൽ എപ്പിസ്കോപ്പൽസമൂഹത്തിന്റെയും അതിന്റെ പ്രതിനിധിയുടെയും ഔപചാരികമായ അധികാരപ്പെടുത്തൽ കൂടാതെ ഒരു കശീശായ്ക്ക് കൊഹനൂസോ അല്ലെങ്കിൽ ബലിയർപ്പണം നടത്തുവാൻ അവകാശമില്ല. മെത്രാപ്പോലീത്തായോട് മറുതലിക്കുമ്പോൾ തന്നെ പട്ടത്വത്തിൽ നിന്ന് വീണുപോകുമെന്ന് പട്ടംകൊടയുടെ അമലോഗിയായിൽ സമ്മതിച്ച് ഒപ്പിട്ടവരാണല്ലോ കശീശന്മാർ.

പൗരോഹിത്യനൽവരം സഭയ്ക്കു മുഴുവനായിട്ടാണ് നൽകപ്പെട്ടിരിക്കുന്നത്. അതുകൊണ്ടാണ് “പൗരോഹിത്യനൽവരമുള്ള നിന്റെ ഇടവക” എന്ന പ്രയോഗം വി. കുർബാനയിൽ കാണുന്നത്.

കുർബാനയിൽ പരിശുദ്ധ ബലിയർപ്പിക്കുന്നത് കർത്താവായ യേശുമിശിഹാ തന്നെയാണ്. എന്നാൽ ഈ പൗരോഹിത്യശുശ്രൂഷയിൽ തന്റെ ശരീരത്തിലെ അവയവങ്ങളായ എല്ലാ വിശ്വാസികളും ഭാഗഭാക്കുകളാകുന്നു.

അതേസമയംതന്നെ, മഹാപുരോഹിതനായ കർത്താവേശുമശിഹായുടെ കാണപ്പെട്ട രൂപമായി ബലിപീഠത്തിന്മുമ്പാകെ നിൽക്കുന്നത് എപ്പിസ്കോപ്പായും എപ്പിസ്കോപ്പായില്ലാത്തപ്പോൾ അദ്ദേഹത്താൽ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള കശീശായുമാണ്.

എപ്പിസ്കോപ്പായുടെ അധികാരപ്പെടുത്തൽ കൂടാതെയുള്ള ബലിയിൽ പൗരോഹിത്യനൽവരത്തിന്റെ പൂർണ്ണതയുണ്ടെന്ന് പൗരസ്ത്യസഭ വിശ്വസിക്കുന്നില്ല.

ഈ വിഷയത്തെക്കുറിച്ച് പല വൈദികരും ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളതുകൊണ്ടാണ് ഇത്രയും എഴുതിയത്. ആദിയിൽ എപ്പിസ്കോപ്പായും കശീശായും തമ്മിൽ വ്യത്യാസമൊന്നുമില്ലായിരുന്നു എന്നതിന് വലിയ തെളിവൊന്നുമില്ല. ചില പാശ്ചാത്യപഠിതാക്കൾ അങ്ങനെ പറഞ്ഞതുകൊണ്ടുമാത്രം അത് സത്യമാവുന്നില്ല.

എന്നാൽ ഇതിന്റെ ഒരുവശം മറന്നു കളയരുത്. പൗരോഹിത്യം എന്നുള്ളത് എപ്പിസ്കോപ്പായാകുന്ന ഏക വ്യക്തിയിലല്ല നിക്ഷേപിക്കപ്പെട്ടിരിക്കുന്നത്. അതിന്റെ അടിസ്ഥാനം, സഭയ്ക്ക് ദൈവം നൽകിയിട്ടുള്ള നൽവരമാണ്. സഭയ്ക്കു പൊതുവേയുള്ളതാണ് പൗരോഹിത്യം. സഭയ്ക്കു മുഴുവനും വേണ്ടിയുള്ളതാണ് എപ്പിസ്കോപ്പായുടെ പ്രത്യേക പൗരോഹിത്യവും. ആ പ്രത്യേക പൗരോഹിത്യത്തിന്റെ ചുമതലകൾ തന്റെ വ്യക്തിപരമായ നിലയിൽ നിർവ്വഹിക്കുവാൻ അദ്ദേഹത്തിന് സാദ്ധ്യമല്ല. പട്ടംകൊടശുശ്രൂഷയിൽ സഭ മുഴുവനുമാണല്ലോ സംബന്ധിക്കുന്നത്. മാത്രമല്ല, എപ്പിസ്കോപ്പാ കഹനൂസോ അല്ലെങ്കിൽ ഗ്രീക്കിൽ hier ateuma എന്ന് പറയുന്ന സമൂഹത്തിന്റെ തലവനായിട്ടാണ് പൗരോഹിത്യവൃത്തികൾ അനുഷ്ഠിക്കുന്നത്. എപ്പിസ്കോപ്പായോടുകൂടെ കശീശന്മാരും ശെമ്മാശ്ശന്മാരും ഈ പ്രത്യേക പൗരോഹിത്യവൃത്തികളിൽ ഭാഗഭാക്കുകളാകുന്നു. Presbytery അല്ലെങ്കിൽ Presbyterium എന്ന് പറയുന്നതാണ് പാരമ്പര്യമനുസരിച്ചുള്ള ഭദ്രാസനകൗൺസിൽ. തന്റെ കശീശന്മാരോടാലോചിച്ചും അവരുടെ സഹകരണത്തോടുകൂടിയുമാണ് എപ്പിസ്കോപ്പാ തന്റെ പൗരോഹിത്യചുമതലകളും ഭരണകാര്യങ്ങളും നിർവ്വഹിക്കേണ്ടത്. എപ്പിസ്കോപ്പാ മോണാർഖിയ്ക്കൽ (Monarchical) ആയി പ്രവർത്തിക്കുവാൻ പൗരസ്ത്യപാരമ്പര്യം അനുവദിക്കുന്നില്ല. ഒരു കൺസിലിയർ ഘടനയിൽ (Conciliar Structure) നിന്നുകൊണ്ടാണ് അദ്ദേഹം പ്രവർത്തിക്കുന്നത്. ഒരു വശത്ത് എപ്പിസ്കോപ്പൽ സിനഡും മറുവശത്ത് തന്റെ ഭദ്രാസനത്തിലെ കഹനേന്മാരുടെ സംഘവും ഈ കൺസിലിയർഘടനയുടെ ഭാഗങ്ങളാണ്.

ഇതു മറന്ന് സ്വന്ത ഇഷ്ടപ്രകാരം പഠിപ്പിക്കുകയും ഭരിക്കുകയും ചെയ്യുന്ന മെത്രാപ്പോലീത്താ സഭയുടെ മുമ്പിൽ കുറ്റക്കാരനാണ്.

ഇതിനെല്ലാമുപരിയായി മെത്രാപ്പോലീത്തായോടു കൂടെ, ജനങ്ങൾക്ക് വേണ്ടിയുള്ള പ്രാർത്ഥനയിലും ജാഗരണത്തിലും, ഉപവാസത്തിലും സദാ നിരതരാകുന്നവരാണ് കശീശന്മാർ. ഈ പ്രാർത്ഥനാഭാഗഭാഗിത്വം കഹനൂസായുടെ പ്രധാനഭാഗം തന്നെയാണ്.

# പൗരോഹിത്യശുശ്രൂഷയും മശിഹായുടെ കാലവും

**ഫാ. ഡോ. ബേബി വർഗീസ്**

**ആമുഖം**

അപ്പോസ്തോലിക സഭകൾ ഇന്നു നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി കൂണുപോലെ മുളച്ചുപൊങ്ങുന്ന പ്രാർത്ഥനാസംഘങ്ങളാണ്. സഭകളുടെ നിയമങ്ങളും നിയന്ത്രണങ്ങളും പാടെ ഉപേക്ഷിച്ച്, ചില വ്യക്തികൾ തുടങ്ങുന്ന പ്രാർത്ഥനാ ഗ്രൂപ്പുകൾ പലതും ലക്ഷ്യമിടുന്നത് സാമ്പത്തിക ലാഭവും പ്രശസ്തിയുമാണ്. പരമ്പരാഗതമായ ആരാധനാരീതികൾ, കൂദാശകൾ, ക്രിസ്തീയപൗരോഹിത്യം എന്നിവ വേദപുസ്തകാധിഷ്ഠിതല്ലെന്ന് പുതിയ സംഘങ്ങൾ ഒരുപോലെ പഠിപ്പിക്കുന്നു. സഭാംഗങ്ങളിൽ ചിന്താക്കുഴപ്പുമുണ്ടാക്കുന്ന പല ചോദ്യങ്ങളും അവ ഉയർത്തുന്നു. വേണ്ടത്ര വേദപുസ്തകപരിജ്ഞാനവും, ആത്മീയപക്വതയും ഇല്ലാത്ത ചില സഭാംഗങ്ങൾ ഇത്തരം സംഘങ്ങളുടെ ചൂഷണത്തിന് ഇരയായിത്തീരുന്നു. അവരെ സഭാവിശ്വാസത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാനും, സഭാംഗങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുവാനും കാര്യമായ ശ്രമങ്ങൾ നാം നടത്തുന്നില്ലെന്നുള്ളതാണ് വാസ്തവം.

ക്രിസ്തീയ പൗരോഹിത്യശുശ്രൂഷയുടെ അർത്ഥത്തെയും, വേദപുസ്തകാടിസ്ഥാനത്തെയുംപ്പറ്റി ലളിതമായി പ്രതിപാദിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. സാധാരണക്കാരെ ആത്മിയതയുടെ പേരിൽ ചൂഷണം ചെയ്യുന്ന പ്രാർത്ഥനാ സംഘടനകളുടെ നേതാക്കന്മാരിൽ പലരും മഹാപുരോഹിതന്മാരെക്കാൾ അധികം അപ്രമാദിത്വം ഉണ്ടെന്ന് ഭാവിക്കുകയും അങ്ങനെ പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ടെന്ന് അവരുടെ സ്വാധീനത്തിലുള്ളവർ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഇത്തരത്തിലുള്ള "കള്ള പ്രവാചകന്മാരും, വ്യാജ ഉപദേഷ്ടാക്കന്മാരും" പുതിയനിയമകാലത്തുതന്നെ ഉണ്ടായിരുന്നു. സാത്താന്റെ വക്താക്കളായി ദൈവവചനം ദുരുപയോഗപ്പെടുത്തുന്ന ഇവർക്കെതിരെ പുതിയനിയമ എഴുത്തുകാർ മുന്നറിയിപ്പ് നൽകുന്നു (1 തീമോ. 6:3-6). കർത്താവിനെ പരീക്ഷിച്ചപ്പോൾ വളരെ യുക്തി സഹമായിട്ടാണ് സാത്താൻ സംസാരിച്ചതും, വേദഭാഗങ്ങൾ ഉദ്ധരിച്ചതും. അതിനാൽ യുക്തിയും, വാചാലതയും ഉദ്ധരണികളും ദൈവികതയുടെ അടയാളം ആകണമെന്നില്ല.

അത്ഭുതങ്ങളും അടയാളങ്ങളും ആത്മിയശക്തിയുടെ തെളിവാകണമെന്നില്ല. അധർമ്മ മൂർത്തി (സാത്താൻ) വിശ്വാസികളെ വഴിതെറ്റിക്കുവാനായി അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുമെന്ന്

വി. പൗലൂസ് ചൂണ്ടിക്കാണിക്കുന്നു. "അധർമ്മ മൂർത്തിയുടെ പ്രത്യക്ഷത നശിച്ചു പോകുന്നവർക്ക് സാത്താന്റെ വ്യാപാരശക്തിക്കു ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും, അനീതിയുടെ സകല വഞ്ചനയോടുംകൂടെ ആയിരിക്കും" (2 തെസ്സ. 2:9).

വിശ്വാസികളുടെ നന്മയോ, ആത്മിയവളർച്ചയോ അല്ല പുതിയ പ്രാർത്ഥനാഗ്രൂപ്പുകളുടെ ലക്ഷ്യം. യാതൊരു മുതൽ മുടക്കുമില്ലാതെ വളരെ ലാഭകരമായി നടത്താവുന്ന ഒരു ബിസിനസ്സായിട്ടാണ് പ്രാർത്ഥനാഗ്രൂപ്പുകൾ തുടങ്ങുന്നത്. അവരുടെ കച്ചവടതന്ത്രത്തിന്റെ ഭാഗമാണ് അപ്പോസ്തോലികവിശ്വാസത്തെയും, ആചാരങ്ങളെയും ആശ്രയിക്കുന്നത്. അത്തരം വ്യാജന്മാരുടെ കുതന്ത്രങ്ങൾക്കെതിരെ സഭ എന്നും പോരാടിയിട്ടുണ്ട്. അതിന് നേതൃത്വം കൊടുത്ത് സഭയെ അപ്പോസ്തോലികവിശ്വാസത്തിൽ നില നിർത്തിയിട്ടുള്ളത് പൗരോഹിത്യശുശ്രൂഷയാണ്.

ക്രിസ്തീയപൗരോഹിത്യത്തിന്റെ അടിസ്ഥാനം യേശുക്രിസ്തുവിന്റെ പൗരോഹിത്യമാണ്. "മൽക്കീസദേക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതനായ യേശു" എന്നാണ് എബ്രായ ലേഖനത്തിൽ ക്രിസ്തുവിനെ വിശേഷിപ്പിച്ചിരിക്കുന്നത് (എബ്രാ. 6:20). "വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ട്" (9:11) നിത്യാത്മാവിൽ ദൈവത്തിനു തന്നത്താൻ നിഷ്കളങ്കനായി സ്വയം അർപ്പിച്ചു (9:14) എന്നാണ് ക്രിസ്തുവിന്റെ കുരിശുമരണത്തെപ്പറ്റി എബ്രായ ലേഖനം പരാമർശിക്കുന്നത്. പഴയനിയമ പൗരോഹിത്യത്തിന്റെയും, യഹൂദന്മാരുടെ പാപപരിഹാരദിനത്തിലെ ചടങ്ങുകളുടെയും പശ്ചാത്തലത്തിൽ എബ്രായ ലേഖനകർത്താവ്, യേശുവിന്റെ കുരിശുമരണത്തിന്റെ അർത്ഥം വിശദീകരിക്കുന്നു. പഴയനിയമത്തിലെ മഹാപുരോഹിതൻ യഥാർത്ഥ മഹപുരോഹിതനായ ക്രിസ്തുവിന്റെ മുൻകുറിയാണെന്ന് എബ്രായ ലേഖനം ചൂണ്ടിക്കാണിക്കുന്നു. അതിനാൽ പഴയനിയമപൗരോഹിത്യത്തോടു ബന്ധപ്പെടുത്തി വേണം ക്രിസ്തീയപൗരോഹിത്യത്തിന്റെ അർത്ഥം മനസ്സിലാക്കുവാൻ.

**പൗരോഹിത്യശുശ്രൂഷ പഴയനിയമത്തിൽ**

1. ആദാമിന്റെ പൗരോഹിത്യം:

സമസ്ത സൃഷ്ടിയുടെയും പുരോഹിതനായിട്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചതെന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. "നീ മുമ്പും പിമ്പും എന്നെ അടെച്ച് നിന്റെ കൈ എന്റെ മേൽ വെച്ചിരിക്കുന്നു" (സങ്കീ. 139:5) എന്ന വേദഭാഗം സുറിയാനിയിൽ കാണുന്നത് ഇപ്രകാരമാണ്: "നീ എന്നെ സൃഷ്ടിച്ചത്, നിന്റെ കൈകൾ എന്റെ മേൽ വെച്ചു." ഇതിന്റെ അടിസ്ഥാനത്തിലാണ് സഭാപിതാക്കന്മാർ ആദാമിന്റെ പൗരോഹിത്യത്തെപ്പറ്റി പറയുന്നത്. സുറിയാനി ബൈബിളിലും, വേദപുസ്തകത്തിന്റെ ചില പുരാതന കൈയെഴുത്തു പ്രതികളിലും കാണുന്ന ഈ വേദഭാഗമാണ് മൂലരൂപത്തിൽ ഉണ്ടായിരുന്നതെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ശ്ഹീമ നമസ്കാരത്തിൽ വെള്ളിയാഴ്ച സന്ധ്യക്ക് ഈ വാക്കുകൾ ചൊല്ലുന്നുണ്ട്. (എത്രോയ്ക്കു ശേഷമുള്ള കോലോയുടെ പ്രാരംഭ വാക്കുകൾ കാണുക).

സൃഷ്ടിയുടെ പ്രതിനിധിയായി ദൈവമുമ്പാകെ നിൽക്കുവാനും, ദൈവത്തിന്റെ പ്രതിപുരുഷനായി സൃഷ്ടിയുടെ സംരക്ഷകനായിട്ടാണ് ദൈവം ആദാമിനെ സൃഷ്ടിച്ചത്. ആദാമിന്റെ പൗരോഹിത്യത്തിന്റെ അർത്ഥം ഇതായിരുന്നു: സൃഷ്ടിക്കുവേണ്ടി പ്രാർത്ഥിക്കുവാനും, നന്ദിയോടെ ദൈവത്തെ സ്തുതിക്കുവാനും, സൃഷ്ടിയുടെ നായകനും, സംരക്ഷകനുമായി ദൈവമുമ്പാകെ നിൽക്കുവാനുമായിട്ടാണ് ആദാം സൃഷ്ടിക്കപ്പെട്ടത്. സൃഷ്ടിയുടെ നായകനും, സംരക്ഷകനും ആയതുകൊണ്ടാണ് പക്ഷിമൃഗാദികൾക്ക് പേരിടുവാനുള്ള ചുമതല ദൈവം ആദാമിനെ ഏൽപ്പിച്ചത് (ഉല്പ. 2:19-20). ദൈവം ആദാമിനെ ഏദൻതോട്ടത്തിൽ "വേല ചെയ്‌വാനും, അതിനെ കാപ്പാനും" ആണല്ലോ ആക്കിവെച്ചത് (ഉല്പ. 2:15), "വേല ചെയ്യുക" എന്നതിന് സുറിയാനിയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കിന് (ഫ്‌ലാഹ്) "ആരാധിക്കുക" എന്നും അർത്ഥമുണ്ട്, അതുകൊണ്ടാണ് ആദാം പുരോഹിതനാണെന്ന് സഭാപിതാക്കന്മാർ പറയുന്നത്. ആദാമിന്റെ മക്കളായ കായീനും ഹാബേലും പുരോഹിതന്മാരെപ്പോലെ യാഗാർപ്പണം നടത്തിയിരുന്നു (ഉല്പ. 4:3-4). തങ്ങളുടെ പൗരോഹിത്യദൗത്യത്തെപ്പറ്റി അവർ ബോധവാന്മാരിയിരുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

2. പൗരോഹിത്യ ശുശ്രൂഷ പഴയനിയമകാലത്ത്

മോശയുടെ കാലത്തിനു മുമ്പ് ഗോത്രപിതാക്കന്മാർ തന്നെ പൗരോഹിത്യമായ യാഗാർപ്പണം നടത്തിയിരുന്നു. കായേൻ, ഹാബേൽ (ഉല്പ. 4:3-4), നോഹ (ഉല്പ. 8:20), അബ്രഹാം (ഉല്പ. 12:7-8; 22:13) തുടങ്ങിയവരുടെ യാഗാർപ്പണത്തെപ്പറ്റി സൂചനകളുണ്ട്. പിൽക്കാലത്ത് ഗോത്രങ്ങളായി പിരിഞ്ഞപ്പോൾ ലേവി ഗോത്രത്തിന് പൗരോഹിത്യശുശ്രൂഷയാണ് ലഭിച്ചത്. പിൽക്കാലത്ത് അതേ ഗോത്രത്തിൽപ്പെട്ട അഹരോനും പുത്രന്മാരും മാത്രം പൗരോഹിത്യശുശ്രൂഷ നടത്തി. (പുറപ്പാട് 28:40-43;29:1-37). പിന്നീട് ലേവ്യ ഗോത്രത്തിൽപ്പെട്ട സാദോക്കിന്റെ കുടുംബാംഗങ്ങൾക്കാണ് ഈ അവകാശം ലഭ്യമായത് (ഹെസ. 40:43; 29:1-37). (പിന്നീട് ലേവ്യ ഗോത്രത്തിൽപ്പെട്ട സാദോക്കിന്റെ കുടുംബാംഗങ്ങൾക്കാണ് ഈ അവകാശം ലഭ്യമായത് (ഹെസ. 40:46; 43:19; 44:15). സാദോക്കിന്റെ കുടുംബാംഗങ്ങൾക്ക് ഈ പദവി ലഭിക്കുവാനുള്ള കാരണം, ലേവി ഗോത്രത്തിൽ ഇവർ മാത്രം അന്യദേവന്മാരെ ആരാധിക്കാതിരുന്നതാണ് (ഹെസ. 44:15). പുതിയനിയ

മകാലത്ത് യെറുശലേം ദൈവാലയത്തിൽ പൗരോഹിത്യശുശ്രൂഷ നിർവ്വഹിച്ചിരിക്കുന്നത് സാദോക്കിന്റെ പിൻതലമുറക്കാരായിരുന്നു. അവരാണ് 'സാദൂക്യർ' എന്ന് പുതിയ നിയമത്തിൽ അറിയപ്പെടുന്നത്.

3. ഇസ്രായേൽ ജനതയും രാജകീയപൗരോഹിത്യവും

പഴയ നിയമത്തിൽ ഇസ്രായേൽജനതയെ 'രാജകീയപുരോഹിതവർഗ്ഗം' എന്ന് വിശേഷിപ്പിച്ചിരിക്കുന്നു; "നിങ്ങൾ എനിക്ക് ഒരു പുരോഹിതരാജത്വവും വിശുദ്ധജനവും ആകും" (പുറ. 19:6) "പുരോഹിതരാജത്വം" (kingdom of priests) എന്ന വിശേഷണത്തിന്റെ അർത്ഥം ഇസ്രായേൽരാജ്യത്തിലെ ഓരോ പൗരനും 'പുരോഹിതൻ' ആണെന്നാണ്. ആദമിനെപ്പോലെ ഓരോ യഹൂദനും പൗരോഹിത്യദൗത്യമുള്ളവനാണ്. ദൈവത്തിന്റെ നന്മയും കരുണയും, സ്നേഹവും, നീതിയും ലോകത്തിലെ ഇതര ജനങ്ങളെ അറിയിക്കുവാനും, അവരുടെ പ്രതിനിധിയായി ദൈവമുമ്പാകെ നിൽക്കുവാനുമാണ് രാജകീയ പുരോഹിതവർഗ്ഗത്തിലെ ഓരോ അംഗവും വിളിക്കപ്പെട്ടിരുന്നത്.

ഇസ്രായേലിനെ മുഴുവനായി "പൗരോഹിത്യരാജ്യം" എന്നു വിളിക്കുന്നുവെങ്കിലും, ആരാധന നയിക്കുവാനും, യാഗാർപ്പണത്തിനുമായി ലേവ്യരേയും, അവരിൽതന്നെ അഹരോനെയും പുത്രന്മാരെയും തെരഞ്ഞെടുത്തു എന്നത് ശ്രദ്ധേയമാണ്. 'പുരോഹിതരാജത്വം' എന്നുള്ള ഇസ്രായേലിന്റെ പദവി, യാഗാർപ്പണത്തിനായുള്ള പ്രത്യേകമായ പൗരോഹിത്യ ശുശ്രൂഷയ്ക്ക് എതിരല്ലെന്നാണ് ഇത് വെളിവാക്കുന്നത്. ഇതിനെപ്പറ്റി പിന്നീട് അൽപ്പം കൂടി വിശദമാക്കുന്നതാണ്.

4. പുരോഹിതന്മാരുടെ സ്ഥാനാരോഹണം പഴയനിയമത്തിൽ

ക്രിസ്തീയ പൗരോഹിത്യശുശ്രൂഷ ഒരു ദൈവവിളിയാണ്. ദൈവവിളിക്കനുസൃതമായ ഒരാൾ ഈ ശുശ്രൂഷ നിർവ്വഹിക്കുന്നു. എന്നാൽ പഴയനിയമത്തിലെ പൗരോഹിത്യശുശ്രൂഷ ഒരു ദൈവവിളി (vocation) ആയിരുന്നില്ല. ലേവ്യ ഗോത്രത്തിലെ (പിൽക്കാലത്ത് അഹരോന്റെ കുടുംബത്തിലെ) അംഗത്വമാണ് ഒരു യഹൂദനെ ഇതിന് യോഗ്യനാക്കിയിരുന്നത്. എങ്കിലും ആരാധന നയിക്കുവാനും, യാഗവസ്തുക്കൾ സ്പർശിക്കുവാനും, ദേവാലയത്തിലെ വിശുദ്ധവസ്തുക്കൾ കൈകാര്യം ചെയ്യുവാനും പൗരോഹിത്യകുടുംബത്തിൽ ജനിച്ചതുകൊണ്ടു മാത്രം സാധിച്ചിരുന്നില്ല. ഇസ്രായേൽജനത മുഴുവനും വിശുദ്ധിയിൽ ജീവിക്കുവാൻ വിളിക്കപ്പെട്ടവരായിരുന്നു: "നിങ്ങളുടെ ദൈവമായ യഹോവ എന്ന ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പീൻ" (ലേവ്യ. 19:2) എന്നാണ് ദൈവം കൽപ്പിച്ചത്. എന്നാൽ ദൈവികശുശ്രൂഷ ചെയ്യുന്ന ലേവ്യർക്ക് കൂടുതൽ വിശുദ്ധി ആവശ്യമാണെന്നതായിരുന്നു ദൈവകൽപ്പന. അതിനാൽ പൗരോഹിത്യ ശുശ്രൂഷക്കായി പുരോഹിതന്മാരെ പ്രത്യേക കർമ്മത്തിലൂടെ ശുദ്ധീകരിക്കണമെന്ന് ദൈവം കൽപ്പിച്ചു: "അവൻ നിന്റെ ദൈവത്തിനു ഭോജനം അർപ്പിക്കുന്നവൻ ആകയാൽ നീ അവനെ ശുദ്ധീകരിക്കേണം; അവൻ നിനക്കു വിശുദ്ധൻ ആയിരിക്കേണം; നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവയായ ഞാൻ വിശുദ്ധൻ ആകുന്നു" (ലേവ്യ. 21:8).

പൗരോഹിത്യകുടുംബത്തിൽ ജനിച്ചതുകൊണ്ടുമാത്രം ഒരാൾ ആ ശുശ്രൂഷക്ക് യോഗ്യനായി തീർന്നിരുന്നില്ല, അയാൾക്ക് 'പട്ടംകൊട' അഥവാ 'സ്ഥാനാരോഹണം' (ordination) ആവശ്യമായിരുന്നു. വ്യത്യസ്തമായ രീതികളിലാണ് ഈ കർമ്മം ഓരോ കാലത്തും നടത്തിയിരുന്നത്. അഭിഷേകം നടത്തിയാണ് മോശെ, അഹരോനെയും പുത്രന്മാരെയും പുരോഹിത സ്ഥാനത്തേക്ക് ഉയർത്തിയത് (പുറ. 30:30; 29:29). എന്നാൽ പുരോഹിതന്മാരുടെ സ്ഥാനാരോഹണത്തിലെ ഏറ്റവും പഴയ ചടങ്ങ് "കരപൂരണം" ആയിരുന്നു (പുറ. 29:29) (filling of the hands, ordination എന്ന് ഇംഗ്ലീഷിൽ). യാഗവസ്തുക്കൾ പുരോഹിതന്റെ കൈകളിൽ വെച്ചുകൊടുക്കുന്നതായിരുന്നു ഈ ചടങ്ങ്.

ചുരുക്കത്തിൽ ദൈവഹിതത്തിന്റെ ഭാഗമായിരുന്നു പഴയനിയമത്തിലെ പൗരോഹിത്യശുശ്രൂഷയും, പുരോഹിതന്റെ സ്ഥാനാരോഹണവും. 'പുരോഹിതരാജത്വമായ' ഇസ്രായേലിന്റെ ആരാധന ക്രമമായും ചിട്ടയായും നടക്കുന്നതിനും, ആരാധനയിൽ അവരെ നയിക്കുന്നതിനുമായി ദൈവം ഏർപ്പെടുത്തിയ ക്രമീകരണത്തിന്റെ ഭാഗമായിരുന്നു പൗരോഹിത്യ ശുശ്രൂഷ.

5. പുരോഹിതന്റെ ചുമതലകൾ

മോശെ തന്റെ മരണത്തിനുമുമ്പ് ഇസ്രായേൽജനതയെ അനുഗ്രഹിക്കുമ്പോൾ പുരോഹിതന്റെ ചുമതലകൾ എന്തൊക്കെയാണ് സംക്ഷിപ്തമായി പറയുന്നു: "ലേവിയെക്കുറിച്ച് അവൻ പറഞ്ഞു: നിന്റെ തുമ്മീമും ഊറീമും നിൻ ഭക്തന്റെ പക്കൽ ഇരിക്കുന്നു. ... അവർ യാക്കോബിന് നിന്റെ വിധികളും യിസ്രായേലിനു ന്യായപ്രമാണവും ഉപദേശിക്കും; അവർ നിന്റെ സന്നിധിയിൽ സുഗന്ധ ധൂപവും യാഗപീഠത്തിന്മേൽ സർവ്വാംഗഹോമവും അർപ്പിക്കും" (ആവ. 33:8-10)

പുരോഹിതന്റെ മൂന്നു ചുമതലകളെപ്പറ്റിയാണ് ഇവിടെ സൂചിപ്പിക്കുന്നത്; 1) ഊറീമും തുമ്മീമും ഉപയോഗിച്ച് ദൈവഹിതം വെളിപ്പെടുത്തുക. ഇവ എന്തായിരുന്നുവെന്ന് പഴയനിയമം വിശദമാക്കുന്നില്ല. വെളിപാടും സത്യവും' എന്നാണ് ഈ വാക്കുകളുടെ അർത്ഥം (പുറ. 28:30) പുരോഹിതൻ ദൈവമുമ്പാകെ പ്രവേശിക്കുമ്പോൾ മാറിൽ ധരിച്ചിരുന്ന രണ്ടു 'കല്ലുകൾ' പോലുള്ള ഉപകരണമായിരുന്നു ഇവയെന്നാണ് സൂചന (പുറ. 28:30; ലേവ്യ. 8:8). ഇവ ധരിക്കാനുള്ള അവകാശം ലേവ്യർക്കു മാത്രമുള്ളതായിരുന്നു (ആ

വ. 33:8). ദൈവഹിതം അറിയാനുള്ള ഉപാധിയായി ഊറീം ഉപയോഗിച്ചിരുന്നു (1 ശമു. 28:62), സംഖ്യ. 27:21). അവ താഴേക്ക് ഇട്ട് വീഴുന്ന രീതി നോക്കി ദൈവഹിതം അറിഞ്ഞിരുന്നു എന്നാണ് പണ്ഡിതമതം. ചുരുക്കത്തിൽ പുരോഹിതന്റെ ഒന്നാമത്തെ ദൗത്യം ദൈവഹിതം ജനങ്ങളെ അറിയിക്കുകയായിരുന്നു. 2) ബോധനശുശ്രൂഷ: ന്യായപ്രമാണം പഠിപ്പിക്കുന്നത് പുരോഹിതന്റെ ജോലിയായിട്ടാണ് ഇവിടെ പറയുന്നത്. 3) ധൂപവും യാഗങ്ങളും അർപ്പിക്കുക,

പ്രഭാഷകൻ അഥവാ സീറാക്കിന്റെ പുത്രനായ യേശുവന്റെ വിജ്ഞാനം (ഋരരഹലശെമെശേരൗ) എന്ന പുസ്തകത്തെ കാനോനികഗ്രന്ഥമായി ഓർത്തഡോക്സ് സഭകളും കത്തോലിക്കരും അംഗീകരിക്കുന്നുണ്ട് (പ്രൊട്ടസ്റ്റന്റുകാർ അംഗീകരിക്കുന്നില്ല). അതിന്റെ 45-ാം അദ്ധ്യായത്തിൽ പൗരോഹിത്യത്തെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു. യാഗാർപ്പണവും, വിശ്വാസ ബോധനവും പുരോഹിതന്റെ ചുമതലകളായി ഇവിടെ ചൂണ്ടിക്കാണിക്കുന്നു. “കർത്താവിന്റെ യാഗം അർപ്പിക്കുന്നതിനും അതിന്റെ സ്മാരകഭാഗമായി കുന്തുരുക്കവും സുഗന്ധധൂപങ്ങളും അർപ്പിക്കുന്നതിനും, ജനങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം നടത്തുന്നതിനും വേണ്ടി എല്ലാ ജീവികളിലും നിന്ന് അയാളെ അവൻ (അഹരോനെ) തെരഞ്ഞെടുത്തു. യാക്കോബിനെ സാക്ഷ്യങ്ങൾ പഠിപ്പിക്കുന്നതിനും ഇസ്രായേലിനെ തന്റെ നിയമത്താൽ പ്രബുദ്ധനാക്കുന്നതിനുമായി തന്റെ കല്പനകളിലൂടെ, ചട്ടങ്ങളിലും വിധികളിലും അവൻ അയാൾക്ക് അധികാരം നൽകി” (പ്രഭാഷകൻ 45:16-17).

ദൈവഹിതം ജനങ്ങൾക്ക് വെളിപ്പെടുത്തുക, വിശ്വാസം പഠിപ്പിക്കുക, യാഗം അർപ്പിക്കുക എന്നിവയായിരുന്നു പഴയനിയമപുരോഹിതന്റെ ദൗത്യങ്ങൾ. എന്നാൽ ബാബേൽ പ്രവാസത്തിനു ശേഷം, ദൈവഹിതം വെളിപ്പെടുത്തുന്നത് പ്രവാചകന്റെയും, വിശ്വാസബോധനം ന്യായപ്രമാണപണ്ഡിതന്മാരുടെയും (“ശാസ്ത്രിമാർ അഥവാ സപ്രേന്മാർ), ജോലിയായിത്തീർന്നു. പുതിയനിയമകാലത്ത് യഹൂദപുരോഹിതന്റെ ഏക ചുമതല യാഗാർപ്പണമായിരുന്നു.

## പ്രവാചകന്മാർ പഠിപ്പിച്ചത്

മശിഹായുടെ വരവിൽ തുടക്കം കുറിക്കുന്ന പുതിയ യുഗത്തെപ്പറ്റി പ്രവാചകന്മാർ പ്രത്യാശയോടെ സംസാരിച്ചു. ബാഹ്യാചാരങ്ങളോടുള്ള അന്ധമായ പ്രതിപത്തിയേയും, കപടഭക്തിയേയും പ്രവാചകന്മാർ നിശിതമായി വിമർശിച്ചു, ദൈവഭക്തിയിലും, പരസ്പരസ്നേഹത്തിലും, ഐക്യത്തിലും കഴിയാനായി ദൈവം ഏർപ്പെടുത്തിയ ക്രമീകരണങ്ങളുടെ ഭാഗമാണ് ദേവാലയവും, ആരാധനയുമെന്ന് അവർ വിശ്വസിച്ചിരുന്നു, ന്യായപ്രമാണവും, ആരാധന രീതികളും ജനങ്ങളെ ദൈവത്തിങ്കലേക്ക് തിരിപ്പിക്കുന്നതിൽ പരാജയപ്പെട്ടത് പ്രവാചകന്മാരെ അസ്വസ്ഥരാക്കി, ന്യായപ്രമാണത്തിലൂടെ തനിക്ക് പ്രീതികരമായ ജീവിതവും ആരാധനയും എങ്ങനെയുള്ളതാണെന്ന് യഹോവ ഇസ്രയേൽ ജനതയ്ക്ക് വെളിപ്പെടുത്തിക്കൊടുത്തു. എന്നാൽ ഇസ്രായേല്യർ അവയുടെ അന്തസ്സത്തയെ അവഗണിച്ചു. അവരുടെ പാപങ്ങൾ വർദ്ധിക്കുന്നതിൽ പ്രവാചകന്മാർ വിലപിച്ചു. യഹോവ യെഹെസ്കേലിനോട് കൽപ്പിക്കുന്നത് ഇങ്ങനെയാണ്: “മനുഷ്യപുത്രാ എന്നോടു മത്സരിച്ചിരിക്കുന്ന മത്സരികളായ യിസ്രായേൽമക്കളുടെ അടുക്കൽ ഞാൻ നിന്നെ അയയ്ക്കുന്നു; അവരും അവരുടെ പിതാക്കന്മാരും ഇന്നുവരെ എന്നോട് അതിക്രമം ചെയ്തിരിക്കുന്നു. മക്കളോ ധാർഷ്ട്യവും ദുശ്ശാഠ്യവും ഉള്ളവരത്രെ” (യെഹ. 2:3).

അർത്ഥം നഷ്ടമായ ആരാധനാരീതികളെയും യാഗാർപ്പണത്തെയും പ്രവാചകന്മാർ വിമർശിച്ചു. (യിരെ. 6:19-20; 7:21-28; യെശ. 1:11-17). യിസ്രായേല്യരുടെ പാപങ്ങൾ തീർച്ചയായും ശിക്ഷിക്കപ്പെടും; മശിഹായുടെ വരവ് സമാഗതമായിരിക്കുന്നു; ദൈവം ഒരു പുതിയ ജനതയെ തനിക്കായി തെരഞ്ഞെടുക്കും എന്നിങ്ങനെ പ്രവാചകന്മാർ പഠിപ്പിച്ചു. ദൈവം ജാതികളെ തന്റെ ജനമായി തെരഞ്ഞെടുക്കും; “എന്റെ ജനമല്ലാത്തതിനോടു; നീ എന്റെ ജനം എന്നു ഞാൻ പറയും; നീ എന്റെ ദൈവം എന്ന് അവരും പറയും (ഹോശ. 2:23). മശിഹായുടെ വരവിൽ ദൈവജനത്തിന് ഒരു പുതിയ ഹൃദയവും ആത്മാവും പുതിയ ന്യായപ്രമാണവും നൽകപ്പെടും. “ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും എന്ന് യഹോവയുടെ അരുളപ്പാട്” (യിരെ. 31:33). ദൈവം തെരഞ്ഞെടുക്കാനിരിക്കുന്ന പുതിയ ഇസ്രായേലിന് ‘പുതിയ ഹൃദയവും പുതിയ ആത്മാവും’ താൻ നൽകും (യെഹ. 36:26-27). പുതിയ യുഗത്തിൽ പ്രത്യേക ബോധനം ആവശ്യമില്ല. കാരണം ന്യായപ്രമാണം പുതിയ ദൈവജനത്തിന്റെ ഹൃദയത്തിൽതന്നെ എഴുതപ്പെടും (യിരെ. 31:33). പുതിയ യുഗത്തിൽ പൗരോഹിത്യം ഇല്ലാതാകുകയില്ല. പുരോഹിതന്മാർ തങ്ങളുടെ ശുശ്രൂഷ തുടരുമെന്ന് യിരമ്യാവ് പറയുന്നു; “ഞാൻ പുരോഹിതന്മാരുടെ പ്രാണനെ പുഷ്ടി കൊണ്ടു തണുപ്പിക്കും; എന്റെ ജനം എന്റെ നന്മ കൊണ്ടു തൃപ്തി പ്രാപിക്കും എന്ന് യഹോവയുടെ അരുളപ്പാട്” (യിരെ. 31:14). പുതിയ യുഗത്തിൽ പുനഃസ്ഥാപിതമാകുന്ന പുതിയ ദേവാലയത്തെപ്പറ്റിയും, പുതിയ ആരാധനയെപ്പറ്റിയും യെഹെസ്ക്കേൽ വിശദമായി പ്രതിപാദിക്കുന്നു (യെഹ. 40-48 അധ്യായങ്ങൾ).

മശിഹായുടെ വരവിൽ പുരോഹിതന്മാരുടെ പുനർ ശുദ്ധീകരണം സംഭവിക്കുമെന്ന് മാലാഖി പ്രവ

ചിച്ചു;

"അവൻ ഊതിക്കഴിക്കുന്നവനെപ്പോലെയും വെള്ളി ശുദ്ധിവരുത്തുന്നവനെപ്പോലെയും ഇരുന്നുകൊണ്ട് ലേവി പുത്രന്മാരെ ശുദ്ധീകരിച്ച് പൊന്നു പോലെയും വെള്ളി പോലെയും നിർമ്മലീകരിക്കും; അങ്ങനെ അവർ നീതിയിൽ യഹോവയ്ക്ക് വഴിപാട് അർപ്പിക്കും. അന്നു യഹൂദയുടെയും യെരുശലേമിന്റെയും വഴിപാട് പുരാതനകാലത്തെന്നപോലെയും പണ്ടത്തെ ആളുകളിലെന്നപോലെയും യഹോവെക്കു പ്രസാദമായിരിക്കും". (മലാഖി 3:3-4).

മശിഹായുടെ കാലത്ത് പുതിയ പൗരോഹിത്യവും ദൈവത്തിനു പ്രീതികരമായ ആരാധനയും സംസ്ഥാപിതമാകുമെന്നാണ് മലാഖി പറയുന്നത്. യുഗാന്ത്യത്തിൽ സൈന്യങ്ങളുടെ യഹോവ, സകല ജാതികൾക്കുമായി സീയോനിൽ ഒരു വലിയ വിരുന്നൊരുക്കുമെന്ന് യെശയ്യാവ് പ്രവചിക്കുന്നു (യെശ. 25:6). ക്രിസ്തുവിന്റെ കുരിശുമരണവും, വിശുദ്ധ കുർബ്ബാന സ്ഥാപനവുമാണ് ഈ യുഗാന്ത്യവിരുന്ന്. അവിടെ പൗരോഹിത്യം അപ്രത്യക്ഷമാകുമെന്ന് പ്രവാചകന്മാർ ഒരിക്കലും പറഞ്ഞിട്ടില്ല. പുതിയ പൗരോഹിത്യമുള്ള ജനത സീയോനിൽ ദൈവസന്നിധിയിലേക്ക് തിരിച്ചെത്തും. "നിങ്ങളോ യഹോവയുടെ പുരോഹിതന്മാർ എന്ന് വിളിക്കപ്പെടും, നമ്മുടെ ദൈവത്തിന്റെ ശുശ്രൂഷകന്മാർ എന്നും നിങ്ങൾക്കു പേരാകും" (യെശ. 61:6)

പൗരോഹിത്യം നീങ്ങിപ്പോകുമെന്നല്ല പ്രവാചകന്മാർ പറഞ്ഞത്. അന്യജാതിക്കാർ യഹോവയുടെ ആരാധനയിൽ പങ്കുചേരും; "യഹോവയെ സേവിച്ച് അവന്റെ നാമത്തെ സ്നേഹിച്ച് അവന്റെ ദാസന്മാരായിരിക്കേണ്ടതിനു യഹോവയോടു ചേർന്നുവരുന്ന അന്യജാതിക്കാരെ, ശബ്ബത്തിനെ അശുദ്ധമാക്കാതെ ആചരിക്കയും എന്റെ നിയമം പ്രമാണിച്ച് നടക്കയും ചെയ്യുന്നവരെ ഒക്കെയുംതന്നെ, ഞാൻ എന്റെ വിശുദ്ധപർവ്വതത്തിലേക്കു കൊണ്ടുവന്ന് എന്റെ പ്രാർത്ഥനാലയത്തിൽ അവരെ സന്തോഷിപ്പിക്കും; അവരുടെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും എന്റെ യാഗപീഠത്തിന്മേൽ പ്രസാദകരമായിരിക്കും; എന്റെ ആലയം സകല ജാതികൾക്കും ഉള്ള പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും" (യെശെ. 56:6-7)

മശിഹായുടെ വരവിൽ യഹോവ "സകല ജാതികളെയും ഭാഷക്കാരെയും" സീയോനിൽ ഒരുമിച്ചുകൂട്ടും (യെശ. 66:18). അവരിൽ ചിലരെ ലേവ്യരായും പുരോഹിതന്മാരായും യഹോവ തെരഞ്ഞെടുക്കും. "അവരിൽ നിന്നും ചിലരെ ഞാൻ പുരോഹിതന്മാരായും ലേവ്യരായും എടുക്കും എന്ന് യഹോവ അരുളിച്ചെയ്യുന്നു" (യെശ. 66:21).

യെരുശലേം ദേവാലയത്തിലെ ആരാധനയ്ക്കു സമാനമായത് പുതിയ യുഗത്തിൽ സ്ഥാപിതമാകുമെന്നാണ് പ്രവാചകന്മാർ നൽകുന്ന സൂചന, പ്രത്യേകിച്ചും സെഖര്യാവിന്റെ പ്രവചനത്തിന്റെ അവസാന ഭാഗം ഈ പ്രത്യാശയാണ് നൽകുന്നത് (സെഖ. 14:16-21).

പഴയനിയമ പൗരോഹിത്യം താത്ക്കാലികമെന്നോ, മിശിഹായുടെ യുഗത്തിൽ അത് അപ്രസക്തമാണെന്നോ പഴയ നിയമത്തിൽ സൂചനകളില്ല. പുതിയ യുഗത്തിൽ പുതിയ ദേവാലയവും, ആരാധനയും പുനഃസ്ഥാപിക്കപ്പെടും; അതിൽ പൗരോഹിത്യശുശ്രൂഷയ്ക്ക് സുപ്രധാനസ്ഥാനമുണ്ടെന്നാണ് പഴയനിയമം വ്യക്തമാക്കുന്നത്.

ക്രിസ്തീയപൗരോഹിത്യത്തിന്റെ ഉത്ഭവവും അർത്ഥവും ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കുവാൻ.

## പൗരോഹിത്യശുശ്രൂഷ പുതിയനിയമത്തിൽ

ക്രിസ്തീയവിശ്വാസത്തിന്റെയും, ആരാധനയുടെയും, കൂദാശകളുടെയും, പൗരോഹിത്യശുശ്രൂഷയുടെയും അടിസ്ഥാനം യേശുക്രിസ്തുവാണ്. അപ്പൊസ്തലന്മാർ സ്വയം വിശേഷിപ്പിച്ചത് "പുതിയ നിയമത്തിന്റെ ശുശ്രൂഷകന്മാർ" (2 കൊരി. 3:6) തന്റെ പ്രവർത്തനത്തെ ഒരു ശുശ്രൂഷയായി വിശേഷിപ്പിച്ചുകൊണ്ട് അതിന്റെ അർത്ഥം ക്രിസ്തുതന്നെ വിശദീകരിക്കുന്നു; "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രെ വന്നത്" (മർക്കോസ് 10:45; മത്താ. 20:26). തന്റെ രക്ഷണ്യപ്രവർത്തനത്തിന്റെ പ്രഥമ പടിയായ പരസ്യശുശ്രൂഷയിൽ കർത്താവ് ശിഷ്യന്മാരെയും, സുവിശേഷകന്മാരെയും പങ്കാളികളാക്കി.

**ക്രിസ്തു മറ്റുള്ളവരെ തന്റെ ശുശ്രൂഷയിൽ പങ്കു ചേർക്കുന്നു.**

പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ യേശുക്രിസ്തു പന്ത്രണ്ടു ശിഷ്യന്മാരെ തെരഞ്ഞെടുത്ത് അവർക്ക് പ്രത്യേക അധികാരം നൽകി. വി. മർക്കോസ് എഴുതുന്നത് ഇങ്ങനെയാണ്: "അവൻ തന്നോടു കൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിന് അയപ്പാനും ഭൂതങ്ങളെ പുറത്താക്കേണ്ടതിന് അധികാരം ഉണ്ടാകുവാനും പന്തിരുവരെ നിയമിച്ചു." (മർക്കോ. 3:15).

"അവർക്ക് അശുദ്ധാത്മാക്കളുടെമേൽ അധികാരം കൊടുത്തു" എന്നും വി. മർക്കോസ് രേഖപ്പെടുത്തുന്നു (6:7). അവർ കർത്താവിൽ നിന്ന് ലഭിച്ച അധികാരം അനുസരിച്ച്, കർത്താവുതന്നെ ചെയ്ത ശുശ്രൂഷ തുടർന്നു; "അവർ പുറപ്പെട്ടു മാനസാന്തരപ്പെടേണം എന്ന് പ്രസംഗിച്ചു; വളരെ ഭൂതങ്ങളെ പുറത്താക്കുകയും അനേകം രോഗികൾക്കു എണ്ണ തേച്ചു സൗഖ്യം വരുത്തുകയും ചെയ്തു" (മർക്കോ.

6:12-13).

അവർ ഭൂതങ്ങളെ പുറത്താക്കുകയും, രോഗികളെ സൗഖ്യമാക്കുകയും, പ്രസംഗിക്കുകയും, പഠിപ്പിക്കുകയും ചെയ്തു. യേശുക്രിസ്തു ചെയ്തിരുന്ന പ്രവർത്തനങ്ങൾ ആയിരുന്നു ഇവ. കർത്താവ് പന്ത്രണ്ടു ശിഷ്യന്മാരെ തന്റെ ദൗത്യത്തിൽ പങ്കു ചേർക്കുകയാണ് ചെയ്തത്. കർത്താവിൽ നിന്ന് കിട്ടിയ അധികാരമനുസരിച്ച് അവർ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തു. തന്റെ സന്ദേശം തന്നെയായിരുന്നു അവർ പ്രസംഗിച്ചതും. "നിങ്ങളുടെ വാക്കു കേൾക്കുന്നവൻ എന്റെ വാക്കു കേൾക്കുന്നു" (ലൂക്കോ. 10:16). "നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു; എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു" (മത്താ. 10:40).

താൻ പഠിപ്പിച്ചതിനും, പ്രവർത്തിച്ചതിനും സാക്ഷികളാക്കുവാനാണ് ശിഷ്യന്മാരെ വിളിച്ചതും അയച്ചതും. അതിന്റെ ഭാഗമായി അവരെ തന്റെ ശുശ്രൂഷയിൽ പങ്കാളികളാക്കി. ക്രിസ്തുവിന്റെ ശുശ്രൂഷ തുടരുക, തന്റെ വാക്കുകൾക്കും, പ്രവർത്തനങ്ങൾക്കും സാക്ഷികളാകുക എന്നിവയാണ് ക്രിസ്തീയപൗരോഹിത്യം ചെയ്യുന്നത്. ക്രിസ്തുവിന്റെ ശുശ്രൂഷയിൽ പങ്കാളിയായിട്ടാണ് ഓരോ പുരോഹിതനും ശുശ്രൂഷ ചെയ്യുന്നത്.

**യേശു ശിഷ്യന്മാരെ പുരോഹിതന്മാരായി വാഴിച്ചോ?**

യേശു മൽക്കീസദേക്കിന്റെ ക്രമപ്രകാരമുള്ള നിത്യ മഹാപുരോഹിതനാണ് (എബ്രാ. 6:20). മാറാത്ത പൗരോഹിത്യമാണ് ക്രിസ്തുവിന്റേത് (എബ്രാ. 7:24) യേശുവിന്റെ മഹാപൗരോഹിത്യം എബ്രായ ലേഖനത്തിന്റെ പ്രധാന പ്രമേയമാണ്.

"ഇങ്ങനെയുള്ള മഹാപുരോഹിതനല്ലോ നമുക്കു വേണ്ടിയത്: പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോടു വേറുവിട്ടവൻ, സ്വർഗ്ഗത്തെക്കാൾ ഉന്നതനായിത്തീർന്നവൻ... ന്യായപ്രമാണം ബലഹീനമനുഷ്യരെ മഹാപുരോഹിതന്മാരാക്കുന്നു; ന്യായപ്രമാണത്തിനു പിമ്പുള്ള ആണയുടെ വചനമോ എന്നേക്കും തികെഞ്ഞവനായിത്തീർന്ന പുത്രനെ പുരോഹിതനാക്കുന്നു" (എബ്രാ. 7:26-28). യേശു മഹിമാസനത്തിന്റെ വലതുഭാഗത്ത് "കർത്താവ് സ്ഥാപിച്ച സത്യകൂടാരത്തിന്റെ ശുശ്രൂഷകനായ മഹാപുരോഹിതൻ" ആണ്. (എബ്രാ. 8:2).

"യേശു മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായി മുമ്പുകൂട്ടി നമുക്കു വേണ്ടി പ്രവേശിച്ചിരിക്കുന്നു" (എബ്രാ. 6:20). യേശുക്രിസ്തുവിന്റെ കുരിശുമരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും, പാപപരിഹാരദിനത്തിൽ യഹൂദമഹാപുരോഹിതൻ നടത്തുന്ന യാഗാർപ്പണത്തിന്റെ പശ്ചാത്തലത്തിൽ ആണ് എബ്രായ ലേഖനത്തിൽ വിവരിച്ചിരിക്കുന്നത്. പഴയനിയമകാലത്തെ പുരോഹിതന്മാരും മഹാപുരോഹിതന്മാരും ലേവ്യ ഗോത്രത്തിൽ പെട്ടവരായിരുന്നു. യെഹൂദാഗോത്രത്തിൽ ജനിച്ച യേശുവിന് എങ്ങനെ പൗരോഹിത്യം അവകാശപ്പെടാനാവും എന്ന സംശയത്തിന് മറുപടിയായിട്ടാണ് ലേവ്യ ഗോത്രത്തിൽ പെടാത്ത പുരോഹിതൻ പഴയനിയമത്തിൽ ഉണ്ടായിരുന്നു എന്ന് എബ്രായ ലേഖനം ചൂണ്ടിക്കാണിക്കുന്നത്. അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതൻ ആയിരുന്ന മൽക്കീസേദെക്ക്" അബ്രഹാമിനെ അനുഗ്രഹിച്ച സംഭവം ലേഖനത്തിൽ പരാമർശിക്കുന്നു (ഉല്പ. 14:18-20; എബ്രാ. 6:20-7:3). അബ്രഹാം അദ്ദേഹത്തിനു ദശാംശം കൊടുത്തു. ലേവിയുടെ പ്രപിതാമഹനായ അബ്രഹാം മൽക്കീസേദെക്കിനെ ആദരിച്ചപ്പോൾ, ലേവിതന്നെ അദ്ദേഹത്തെ ബഹുമാനിക്കുകയായിരുന്നുവെന്നാണ് എബ്രായ ലേഖനം പറയുന്നത് (എബ്രാ. 7:9-10). അതിനാൽ മൽക്കീസദെക്കിന്റെ പൗരോഹിത്യം ലേവിയുടേതിനെക്കാൾ ശ്രേഷ്ഠമാണെന്നാണ് വാദം. കൂടാതെ "നീ മൽക്കീസേദെക്കിന്റെ വിധത്തിൽ എന്നേക്കും ഒരു പുരോഹിതൻ" (സങ്കീ. 110:4) എന്നുള്ള സങ്കീർത്തകന്റെ വാക്കുകൾ മശിഹായെപ്പറ്റിയുള്ള ഒരു പ്രവചനമായിട്ടാണ് സഭ മനസ്സിലാക്കിയത് (എബ്രാ. 5:6, 10, 6:20; 7:11,12). അതിനാൽ ക്രിസ്തുവിന്റെ പൗരോഹിത്യത്തെപ്പറ്റി വളരെ വ്യക്തമായിട്ടാണ് പുതിയനിയമം പഠിപ്പിക്കുന്നത്.

വെളിപാടിൽ വി. യോഹന്നാൻ ക്രിസ്തുവിനെ ദർശിച്ചത് മഹാപുരോഹിതന്റെ വേഷത്തിലാണ്.

"ഏഴു പൊൻനില വിളക്കുകളുടെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സാദൃശനായവനെയും കണ്ടു" (വെളി. 1:13). പഴയനിയമപുരോഹിതന്റെ വേഷമായിരുന്നു പാദം വരെയുള്ള കുപ്പായവും (പുറ. 28:4; 29:55) വിവിധ തരം നൂലുകൾ കൊണ്ടു ചിത്രപ്പണി ചെയ്തിട്ടുള്ള അരെക്കെട്ടും (പുറ. 39:29).

ക്രിസ്തുവിന്റെ ശുശ്രൂഷ തുടരുവാനായി, അതിൽ പങ്കാളികളാകുവാൻ തെരഞ്ഞെടുക്കപ്പെട്ട അപ്പൊസ്തലന്മാർക്ക് ക്രിസ്തു അധികാരം നൽകി എന്നതിന്റെ അർത്ഥം, തന്റെ പൗരോഹിത്യത്തിലും പങ്കാളികളാക്കി എന്നാണ്. "നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു" (മത്താ. 10:40) എന്ന് പറഞ്ഞാൽ ക്രിസ്തുവിനുള്ള പൗരോഹിത്യം അവർക്കും ലഭ്യമായി എന്നാണ്. ഇതു സൂചിപ്പിക്കുന്ന നിരവധി വേദഭാഗങ്ങൾ സുവിശേഷങ്ങളിൽ കാണുന്നുണ്ട്.

"നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്ന

തെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്താ. 18:18, മത്താ. 16:19 കാണുക). ഭൂതങ്ങളെ പുറത്താക്കുവാനും, രോഗികളെ സൗഖ്യമാക്കുവാനും, പ്രസംഗിക്കുവാനും, പഠിപ്പിക്കുവാനും അധികാരം നൽകിയതുപോലെ (മർക്കോ. 6:12-13) പാപങ്ങൾ മോചിക്കാനുള്ള അധികാരവും നൽകി. ക്രിസ്തു തന്റെ പൗരോഹിത്യശുശ്രൂഷയിൽ അവരെ പങ്കാളികളാക്കി. 'സ്വന്ത പാപങ്ങൾക്കു വേണ്ടിയും, ജനത്തിന്റെ പാപങ്ങൾക്കായും ദിനം പ്രതി' പഴയനിയമകാലത്തെ മഹാപുരോഹിതൻ യാഗം കഴിച്ചിരിക്കുന്നു. (എബ്രാ. 7:27), എന്നാൽ യഥാർത്ഥ മഹാപുരോഹിതനായ ക്രിസ്തു പാപങ്ങൾ മോചിക്കാനുള്ള ദൈവിക അധികാരം ശിഷ്യന്മാർക്കു നൽകി.

"യേശു അവരോട് നിങ്ങൾക്കു സമാധാനം; പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു എന്ന് പറഞ്ഞു. ഇങ്ങനെ പറഞ്ഞ ശേഷം അവൻ അവരുടെ മേൽ ഊതി അവരോട്: പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്കു നിർത്തിയിരിക്കുന്നു എന്ന് പറഞ്ഞു". (യോഹ. 20:21-23) പഴയനിയമപുരോഹിതന്മാർ ജനങ്ങളുടെ പാപമോചനത്തിനായി യാഗം കഴിച്ചിരുന്നു. പാപമോചനത്തിനുള്ള നൽവരമാണ് കർത്താവ് ശിഷ്യന്മാർക്ക് നൽകിയത്.

**അപ്പൊസ്തലന്മാർ കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം വിനിയോഗിക്കുന്നു**

കൊരിന്തിൽ അധാർമ്മികജീവിതം നയിച്ച ഒരു വ്യക്തിയെ വി. പൗലൂസ് സഭയ്ക്ക് പുറത്താക്കുന്നു: "ഈ ദുഷ്കർമ്മം ചെയ്തവനെക്കുറിച്ച് ... കർത്താവായ യേശുവിന്റെ നാമത്തിൽ അവനെ ... സാത്താന് ഏൽപ്പിക്കേണം എന്ന് വിധിച്ചിരിക്കുന്നു" (1 കൊരി. 5:4-5), "സാത്താന് ഏൽപ്പിച്ചിരിക്കുന്നു" എന്ന് പറഞ്ഞാൽ യേശുക്രിസ്തുവിൽ നിന്ന് അന്യനായതായി പ്രഖ്യാപിക്കുന്നു, അതായത് സഭയിൽ നിന്ന് പുറത്താക്കിയിരിക്കുന്നു എന്നർത്ഥം "ആ ദുഷ്ടനെ നിങ്ങളുടെ ഇടയിൽ നിന്നും നീക്കിക്കളയുവിൻ" (1 കൊരി. 5:13) എന്ന് പറയുന്നതിൽ നിന്ന് ഇതു വ്യക്തമാണ്. കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം വി. പൗലൂസ് ഉപയോഗിച്ചതിന് വീണ്ടും തെളിവുണ്ട്. വിശ്വാസം ത്യജിച്ച ഹൂമനയോസ്, അലക്സാണ്ടർ എന്നിവരെയും അദ്ദേഹം സാത്താന് ഏൽപ്പിക്കുന്നു (1 തീമോ. 1:19-20; 2 തെസ്സ. 3:14 കാണുക) പൗരോഹിത്യശുശ്രൂഷയുടെ ഭാഗമായിട്ടാണ് വി. പൗലൂസ് ഇപ്രകാരം ചെയ്യുന്നത്. അദ്ദേഹം കൈവെപ്പിലൂടെ, അതായത് പട്ടംകൊടയിലൂടെ സഭാ ശുശ്രൂഷകരെ വാഴിച്ചതിനെപ്പറ്റി പിന്നീട് പ്രതിപാദിക്കുന്നതാണ്.

**പന്തിരുവരുടെ സ്ഥാനാരോഹണം (appointment)**

"അവൻ തന്നോടുകൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിന് അയപ്പാനും ഭൂതങ്ങളെ പുറത്താക്കേണ്ടതിന് അധികാരം ഉണ്ടാകുവാനും പന്തിരുവരെ നിയമിച്ചു" (appointed) (മർക്കോ. 3:14). "നിയമിച്ചു" (appointed) എന്നുള്ളതിന് ഗ്രീക്കിൽ poiein (fishers of men) എന്ന വാക്യത്തിലും ഇതേ ഗ്രീക്കു വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. പഴയനിയമത്തിന്റെ ഗ്രീക്കു വിവർത്തനമായ സെപ്റ്റജിന്റിൽ (Septuagint) ഇസ്രായേലിലെ പുരോഹിതന്മാരെ വാഴിക്കുന്നതിനെപ്പറ്റി പറയുമ്പോൾ ഉപയോഗിച്ചിരിക്കുന്നത് ഈ വാക്കാണ്.

അന്ത്യ അത്താഴസമയത്ത് വി. കുർബ്ബാന സ്ഥാപിച്ചപ്പോൾ "എന്റെ ഓർമ്മയ്ക്കായി ചെയ്വിൻ" (Do this ഗ്രീക്കിൽ touto poiete) എന്നാണല്ലോ കർത്താവ് കൽപ്പിച്ചത്? (1 കൊരി. 11:25; ലൂക്കോ. 22:19). ഇവിടെയും poien (to make) എന്ന ഗ്രീക്ക് വാക്ക് ഉപയോഗിച്ചിരിക്കുന്നത് പ്രാധാന്യമർഹിക്കുന്നു. കുരിശിന്മേൽ കർത്താവ് പൂർത്തീകരിച്ച പൗരോഹിത്യകർമ്മം (യാഗം) തുടരുവാനുള്ള കൽപ്പനയാണ്. "എന്റെ ഓർമ്മയ്ക്കായി ചെയ്വിൻ" എന്നുള്ള വാക്കുകൾ.

അന്ത്യ അത്താഴസമയത്തെ വി. കുർബ്ബാനസ്ഥാപനം പുതിയ യാഗത്തിന്റെ സ്ഥാപനമായിരുന്നുവെന്ന് വി. പൗലൂസ് ചൂണ്ടിക്കാണിക്കുന്നു: "ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു" എന്ന് കർത്താവ് അരുളിച്ചെയ്തതായി വി. പൗലൂസ് രേഖപ്പെടുത്തുന്നു (1 കൊരി. 11:25; വി. ലൂക്കോ. 22:20 കാണുക). പഴയനിയമം യാഗരക്തത്തിലൂടെയാണ് സ്ഥിരീകരിച്ചത്. "മോശെ രക്തം എടുത്തു ജനത്തിന്മേൽ തളിച്ചു; ഈ സകല വചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോടു ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തം ഇതാ എന്ന് പറഞ്ഞു" (പുറ. 24:8). അന്ത്യ അത്താഴസമയത്ത് പുതിയനിയമത്തിന്റെ മഹാപുരോഹിതൻ, അഥവാ മദ്ധ്യസ്ഥനായി യേശുക്രിസ്തു സ്വയം വെളിപ്പെടുത്തി, മഹാപുരോഹിതനായി സ്വന്തരക്തംതന്നെ യേശു അർപ്പിച്ച് പുതിയ ഇസ്രായേലുമായി പുതിയതും നിത്യവുമായ ഉടമ്പടി സ്ഥാപിച്ചു. ആ ഉടമ്പടിയുടെ ആഘോഷമാണ് ഓരോ വി. കുർബ്ബാനയും. "എന്റെ ഓർമ്മയ്ക്കായി ചെയ്വിൻ" എന്നുള്ള കൽപ്പന വഴി, തന്റെ പൗരോഹിത്യശുശ്രൂഷ തുടരാനുള്ള നിർദ്ദേശമാണ് കർത്താവ് നൽകിയത്.

ഓരോ ക്രിസ്തീയപുരോഹിതനും, ക്രിസ്തുവിന്റെ പ്രതിനിധിയായി ഈ ശുശ്രൂഷ തുടരുന്നു. വി. കുർബ്ബാനയർപ്പണവും, വിശ്വാസബോധനവും, ക്രിസ്തുവിന്റെ സ്ഥാനത്ത് ഒരു പുരോഹിതൻ നടത്തുന്നു. തന്റെ അതേ അധികാരം ശിഷ്യന്മാർക്ക് നൽകിയതിനായി നേരത്തെ നാം മനസ്സിലാക്കിയതാണ്. പുരോഹിതൻ ക്രിസ്തുവിന്റെ പ്രതിനിധിയാണെന്ന് താഴെപ്പറയുന്ന വേദഭാഗങ്ങൾ വ്യക്തമാക്കുന്നു.

"നീ എന്നെ ലോകത്തിലേക്ക് അയച്ചിരിക്കുന്നതുപോലെ ഞാൻ അവരെയും ലോകത്തിലേക്ക് അയച്ചിരിക്കുന്നു" (യോഹ. 17:18).

“നിങ്ങളുടെ വാക്കു കേൾക്കുന്നവൻ എന്റെ വാക്കു കേൾക്കുന്നു; നിങ്ങളെ തള്ളുന്നവൻ എന്നെ തള്ളുന്നു” (ലൂക്കോ. 10:16; മത്താ. 10:40)

**മത്ഥിയാസിനെ ശുശ്രൂഷയിൽ പങ്കു ചേർക്കുന്നു**

പന്തിരുവരെ തെരഞ്ഞെടുത്ത് അധികാരം നൽകിയതു വഴി, യേശുക്രിസ്തു അവരെ തന്റെ ശുശ്രൂഷയിൽ പങ്കാളികളാക്കുകയായിരുന്നു. കർത്താവിന്റെ കുരിശുമരണത്തിനും, സ്വർഗ്ഗാരോഹണത്തിനും ശേഷം, ആ ശുശ്രൂഷയിൽ പുതിയ ആളുകളെ പങ്കു ചേർക്കുന്നതിന്റെ ഉദാഹരണമാണ് മത്ഥിയാസിന്റെ തെരഞ്ഞെടുപ്പ് (അ.പ്ര. 1:15-26). യൂദായുടെ പകരമാണല്ലോ, മത്ഥിയാസ് തെരഞ്ഞെടുക്കപ്പെട്ടത്. ‘പന്ത്രണ്ട്’ എന്ന സംഖ്യ (പന്ത്രണ്ട് ഗോത്രങ്ങളുടെ പ്രതീകം) നിലനിർത്തുകയായിരുന്നു ഇതിന്റെ ലക്ഷ്യം. പന്ത്രണ്ടാമനായി വാഴിക്കപ്പെട്ട അപ്പൊസ്തലന്റെ യോഗ്യതകളെപ്പറ്റി അപ്പൊസ്തോലപ്രവൃത്തികൾ വ്യക്തമായി പറയുന്നുണ്ട് (1:21-22). അയാൾ പുരുഷനായിരിക്കണം (1:22); അയാൾ ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയിൽ ക്രിസ്തുവിനെയും മറ്റ് പതിനൊന്ന് അപ്പൊസ്തലന്മാരെയും അനുഗമിച്ച ആളായിരിക്കണം. യേശുവിന്റെ പുനരുത്ഥാനത്തിന് സാക്ഷിയായ ആളായിരിക്കണം. പ്രാർത്ഥനയ്ക്കു ശേഷം “യൂദാ ഒഴിഞ്ഞു പോയ ശുശ്രൂഷയുടെയും അപ്പൊസ്തോലത്വത്തിന്റെയും സ്ഥാനം ലഭിക്കേണ്ടതിന്” (അ.പ്ര. 1:24) മത്ഥിയാസിനെ ചീട്ടിട്ട് തെരഞ്ഞെടുത്തു. മത്ഥിയാസിന് ലഭ്യമായ സ്ഥാനം, അതായത് ഒഴിവാക്കിയ സ്ഥാനം, “അദ്ധ്യക്ഷസ്ഥാനം” എന്നാണ് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത് (അ.പ്ര. 1:20; സങ്കീ. 109:8). ‘അദ്ധ്യക്ഷസ്ഥാനം’ (RSV-ൽ Office) എന്നതിന് ഗ്രീക്കിൽ “episkopen” എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. അതായത് ‘എപ്പിസ്ക്കോപ്പൽസ്ഥാനം’ എന്നർത്ഥം. അപ്പൊസ്തലന്മാരുടെ എപ്പിസ്ക്കോപ്പൽപദവിയിലേക്ക് മത്ഥിയാസിനെ സഭ തെരഞ്ഞെടുത്തു. ആ പദവിയെ ‘ശുശ്രൂഷ, അപ്പൊസ്തോലത്വം’ എന്നിങ്ങനെ വിശേഷിപ്പിച്ചിരിക്കുന്നു (അ.പ്ര. 1:25).

തങ്ങൾക്കു ലഭിച്ച ‘എപ്പിസ്ക്കോപ്പൽസ്ഥാനത്തിൽ പതിനൊന്ന് അപ്പൊസ്തലന്മാർ പന്ത്രണ്ടാമതായി ഒരാളെ പങ്കു ചേർക്കുന്നതിന്റെ ഉദാഹരണമാണ് മത്ഥിയാസിന്റെ തെരഞ്ഞെടുപ്പ്.

കർത്താവ് അപ്പൊസ്തലന്മാരെ തന്റെ ശുശ്രൂഷയിൽ പങ്കു ചേർത്തതുപോലെ, അവരും പുതിയ ഒരാളെ പങ്കു ചേർക്കുന്നു. ഈ പങ്കു ചേർക്കലിനോട് സഭ പട്ടംകൊട എന്ന് പറയുന്നത്. സഭയിലെ വിവിധ പൗരോഹിത്യസ്ഥാനികൾ ക്രിസ്തുവിന്റെ ശുശ്രൂഷയിൽ പങ്കാളികളായി, തന്റെ കൽപ്പനയനുസരിച്ച് രക്ഷണ്യപ്രവർത്തനം തുടരുന്നു (മത്താ. 28:19-20).

**ഏഴ് ‘ശെമ്മാശ്ശന്മാരെ’ വാഴിക്കുന്നു**

സഭയിൽ മേശയിലെ ശുശ്രൂഷക്കായി, അതായത് ദിനംപ്രതിയുള്ള പൊതുവായ ഭക്ഷണത്തിന്റെ നടത്തിപ്പിനായി അപ്പൊസ്തലന്മാർ ഏഴു പേരെ വാഴിക്കുന്നു (അ.പ്ര. 6:1-6) ആദിമസഭയിലെ അംഗങ്ങളിൽ ഒരു ഗണ്യമായ പങ്ക് വിധവമാരും ദരിദ്രരും ആയിരുന്നു. അവർക്ക് ദിവസേന സഭതന്നെ ഭക്ഷണം നൽകിയിരുന്നു. യെരുശലേംനിവാസികളായ ക്രിസ്ത്യാനികളും (എബ്രായ ഭാഷക്കാർ) വന്നു താമസിക്കുന്ന ഗ്രീക്കുകാരായ ക്രിസ്ത്യാനികളും (യവനഭാഷക്കാർ) തമ്മിലായിരുന്നു തർക്കം. പന്തിരുവർ സഭയെ മുഴുവനായി വിളിച്ചു കൂട്ടി. ‘തങ്ങൾ മേശയിൽ ശുശ്രൂഷിക്കുന്നത് യോഗ്യമല്ല, ആത്മാവും ജ്ഞാനവും നിറഞ്ഞ് നല്ല സാക്ഷ്യമുള്ള ഏഴ്പുരുഷന്മാരെ നിങ്ങളിൽ നിന്നുതന്നെ തെരഞ്ഞെടുത്തു. അവരെ “അപ്പൊസ്തലന്മാരുടെ മുമ്പാകെ നിറുത്തി; അവർ പ്രാർത്ഥിച്ച് അവരുടെ മേൽ കൈവെച്ചു.” (അ.പ്ര. 6:6). അതായത്, ഏഴ് പേർക്ക് അപ്പൊസ്തലന്മാർ “കൈവെപ്പ്” അഥവാ പട്ടം നൽകി. പ്രാർത്ഥിച്ചു കൈവെച്ച് ഒരാളെ ഒരു ശുശ്രൂഷയ്ക്കായി ചുമതലപ്പെടുത്തുന്നതാണ് പട്ടംകൊട.

കർത്താവിൽ നിന്നു ലഭിച്ച അധികാരം ഉപയോഗിച്ച് അപ്പൊസ്തോലന്മാർ പുതിയ ശുശ്രൂഷകരെ നിയമിക്കുകയും, പുതിയ ഉത്തരവാദിത്തം ഏൽപ്പിക്കുകയും ചെയ്തു.

അപ്പൊസ്തോലപ്രവൃത്തികളിൽ, ഏഴുപേരെ ‘ശെമ്മാശ്ശന്മാർ’ എന്ന് വിളിക്കുന്നില്ലെങ്കിലും, സഭാപാരമ്പര്യത്തിൽ, ആ നാമധേയത്തിലാണ് അവർ അറിയപ്പെടുന്നത്. അവരുടെ ദൗത്യത്തെ മേശയിലെ ‘ശുശ്രൂഷ’യെന്ന് വിശേഷിപ്പിച്ചിരിക്കുന്നതുകൊണ്ടാണ് (അ.പ്ര. 6:2) ‘ശെമ്മശ്ശന്മാർ’ എന്ന് സഭാപാരമ്പര്യത്തിൽ അവർ അറിയപ്പെടുന്നത്. എന്നാൽ അവർ മേശയിലെ ശുശ്രൂഷയെക്കാൾ ഉപരി, അപ്പൊസ്തലന്മാർ ചെയ്തിരുന്ന വചനശുശ്രൂഷയിൽ ആണ് ഏർപ്പെട്ടിരുന്നത്. ‘സ്തേഫാനോസ് കൃപയും ശക്തിയും നിറഞ്ഞവനായി ജനത്തിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു’ (അ.പ്ര. 6:81). പ്രസംഗത്തിലും പ്രബോധനത്തിലും സ്തേഫാനോസ് അദ്വിതീയനായിരുന്നു (അ.പ്ര. 6:9-7:53) ഏഴു പേരിൽപ്പെട്ട ഫീലിപ്പോസിനെ “സുവിശേഷകൻ” എന്നാണ് വി. ലൂക്കോസ് വിളിക്കുന്നത് (അ.പ്ര. 21:8). ശമര്യയിൽ സുവിശേഷം അറിയിച്ചതും, എത്യോപ്യക്കാരനായ ഷണ്ഡനെ മാനസാന്തരപ്പെടുത്തി, സ്നാനപ്പെടുത്തിയതും ഫീലിപ്പോസ് തന്നെയായിരുന്നു (അ.പ്ര. 8:4-8; 8:26-40). ചുരുക്കത്തിൽ അപ്പൊസ്തലന്മാർ തങ്ങൾക്കായി മാറ്റിവെച്ച ശുശ്രൂഷ (അ.പ്ര. 6:4) തന്നെയാണ് ഏഴു പേരും ചെയ്തത്. അതിനാൽ ഏഴു പേരുടെ പട്ടംകൊടയിലൂടെ അവർ അപ്പൊസ്തലന്മാരുടെ ശുശ്രൂഷയിൽ പങ്കു ചേർന്നു എന്ന് വ്യക്തമാണ്. ക്രിസ്തുവിൻ നിന്ന് ലഭിച്ച അധികാരവും, ശുശ്രൂഷയും ഒരു പുതിയ തലമുറയെ ഏൽപ്പിക്കുന്നതിന്റെ ഉദാഹരണമാണ് ഏഴു പേ

രുടെ വാഴ്ച.

## പന്തിരുവരുടെ സ്ഥാനാരോഹണം

**പുതിയനിയമത്തിലെ ഇതര 'പട്ടംകൊട'കൾ**

1) ഒന്നാമത്തെ മിഷനറിയാത്രക്ക് ബർന്നബാസും ശൗലും (പൗലൂസ്) പുറപ്പെടുമ്പോൾ, അന്ത്യോക്യയിലെ സഭയുടെ ചുമതലക്കാർ അവരുടെ മേൽ കൈവെച്ച് അധികാരപ്പെടുത്തി: "അവർ ഉപവസിച്ചു പ്രാർത്ഥിച്ച് അവരുടെമേൽ കൈവെച്ച് അവരെ പറഞ്ഞയച്ചു (അ.പ്ര. 13:3). ഇവിടെ "പ്രവാചകന്മാരും ഉപദേഷ്ടാക്കളും" ആണ് ബർന്നബാസിനും ശൗലിനും കൈവെപ്പ് നൽകിയത്. അവർ അന്ത്യോക്യൻസഭയുടെ തലവന്മാർ ആയിരുന്നിരിക്കണം. ആദിമസഭാനേതാക്കന്മാർ മറ്റുള്ളവർക്ക് കൈവെപ്പിലൂടെ അപ്പൊസ്തലന്മാരുടെ ദൗത്യമായ സുവിശേഷവേലയുടെ ചുമതല നൽകുന്നതിന്റെ ഉദാഹരണമാണിത്.

2) ബർന്നബാസും പൗലൂസും തങ്ങൾ സ്ഥാപിച്ച സഭകളിൽ മൂപ്പന്മാരെ കൈവെച്ച് വാഴിച്ചു: "അവർ സഭതോറും അവർക്കു മൂപ്പന്മാരെ നിയമിക്കുകയും ഉപവസിച്ചും പ്രാർത്ഥിച്ചുംകൊണ്ട് തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേൽപ്പിക്കയും ചെയ്തു" (അ.പ്ര. 14:23), ഇവിടെ 'മൂപ്പന്മാർ' (presbyters or elders) എന്നതിന് ഗ്രീക്കിൽ presbyteros എന്നും സുറിയാനിയിൽ 'കശീശ്ശാ' എന്നും ആണ് കാണുന്നത്. പൗലൂസും, ബർന്നബാസും 'കശീശ്ശാമാരെ വാഴിച്ചു എന്നാണ് ഈ വേദഭാഗം പറയുന്നത്.'

3) വി. പൗലൂസ് സ്ഥാപിച്ച ക്രേത്ത (crete) യിലെ സഭയുടെ ചുമതലക്കാരനായി തീത്തോസിനെ നിയമിച്ചു. ക്രേത്തയിൽ "പട്ടണം തോറും മൂപ്പന്മാരെ (presbyters or elders) ആക്കി വെക്കുവാൻ" പൗലൂസ് തീത്തോസിനോട് നിർദ്ദേശിക്കുന്നു (തീത്തോ. 1:5) (ഇവിടെയും സുറിയാനിയിൽ 'കശ്ശീശ്ശാ' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്).

4) വി. പൗലൂസ്, തീമോത്തിയോസിന് കൈവെപ്പ് നൽകി; "എന്റെ കൈവെപ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം എന്ന് നിന്നെ ഓർമ്മപ്പെടുത്തുന്നു". (2 തീമോ. 1:6). മൂപ്പന്മാരുടെ (presbyters) സാന്നിദ്ധ്യത്തിലും സഹകരണത്തിലും ആയിരിക്കണം തീമോത്തിയോസ് കൈവെപ്പ് സ്വീകരിച്ചത്. (1 തീമോ. 4:14).

5) തീത്തോസിന്റെ കാര്യത്തിൽ എന്നപോലെ തീമോത്തിയോസിനും, മറ്റുള്ളവരുടെ മേൽ കൈവെക്കാനുള്ള അധികാരം സിദ്ധിച്ചിരുന്നു. എന്നാൽ ശ്രദ്ധാപൂർവ്വം വേണം ഒരു സഭാശുശ്രൂഷകനെ കൈവെച്ചു വാഴിക്കേണ്ടതെന്ന് പൗലൂസ് തീമോത്തിയോസിനെ അനുസ്മരിപ്പിക്കുന്നു: "യാതൊരുത്തന്റെമേലും വേഗത്തിൽ കൈ വെക്കരുത്" (1 തീമോ. 5:22)

മേൽപ്പറഞ്ഞ കാര്യങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം. കർത്താവ് ശിഷ്യന്മാരെ തന്റെ ശുശ്രൂഷയിൽ പങ്കുചേർക്കുകയും, അതു തുടരുവാൻ അവരെ അധികാരപ്പെടുത്തുകയും ചെയ്തു. തന്റെ പ്രതിനിധികളായിട്ടാണ് കർത്താവ് ശിഷ്യന്മാരെ അയച്ചത് (യോഹ. 17:18;ലൂക്കോ. 10:16; മത്താ. 10:40), അതേ രീതിയിൽ അപ്പോസ്തലന്മാർ മറ്റുള്ളവരെ കർത്താവിന്റെ ശുശ്രൂഷയിൽ പങ്കു ചേർത്തു (ഉദാ. സ്തേഫാനോസ്: അ.പ്ര. 6:8 മുതൽ കാണുക) അന്ത്യോക്യൻസഭയുടെ തലവന്മാർ ബർന്നബാസിനെയും പൗലൂസിനെയും അതേശുശ്രൂഷയിൽ പങ്കുചേർത്തു, തീത്തോസ്, തീമോത്തിയോസ്, മറ്റു മൂപ്പന്മാർ എന്നിവരെ വി. പൗലൂസ് കർത്താവിന്റെ ശുശ്രൂഷയിൽ പങ്കു ചേർത്തു. അപ്പോസ്തോലികകാലം മുതൽ സഭയുടെ ചുമതലക്കാർ അടുത്ത തലമുറയെ ഇതേ വിധത്തിലാണ് കർത്താവിന്റെ ശുശ്രൂഷ ഭരമേൽപ്പിക്കുക, അത് ഇന്നുവരെ സഭയിൽ തുടർന്നു വരുന്നു. ഇതിനാണ് 'പൗരോഹിത്യപിന്തുടർച്ച' (റ്റൂശലഹ്യേ ഔരരലൈശീ) എന്ന് പറയുന്നത്. അപ്പോസ്തൊലികകാലം മുതൽ കൈവെപ്പിലൂടെയാണ് പുതിയ തലമുറയെ കർത്താവിന്റെ ശുശ്രൂഷയിൽ പങ്കു ചേർത്തിരുന്നത്.

**കൈവെപ്പിന്റെ അർത്ഥം**

പുതിയനിയമകാലം മുതൽ സഭാശുശ്രൂഷകരെ വാഴിച്ചിരുന്നത് കൈവെപ്പ് (ഘമ്യശിഴ ീ ീള വമിറ) നൽകി ആയിരുന്നുവെന്ന് കണ്ടു. രണ്ടു വാക്കുകൾ ആണ് പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്:

1) കൈകൾ വെക്കുക (Laying on of hands. ഗ്രീക്കിൽ epithesis ton cheiron)

2) നിയമിക്കുക (ordain appoint - cheirothonein = കൈവെപ്പ് നൽകുക).

രണ്ടു വാക്കുകളുടെയും അർത്ഥം ഒന്നുതന്നെയാണ്. ഒരു ദൗത്യത്തിനോ, ശുശ്രൂഷയ്ക്കോ ആയി അധികാരപ്പെടുത്തുക എന്നാണർത്ഥം, ഇതിൽ "നിയമിക്കുക" (cheirothonein) എന്ന വാക്ക് പുതിയനിയമത്തിൽ രണ്ടു തവണ മാത്രമേ ഉപയോഗിച്ചിട്ടുള്ളു. (അ.പ്ര. 14:23; 2 കൊരി. 8:19). 'പട്ടംകൊട'യെപ്പറ്റി പരാമർശിക്കുന്ന മറ്റു വേദഭാഗങ്ങളിൽ "കൈകൾ വെക്കുക" എന്ന വാക്കാണ് കാണുന്നത്.

(അ.പ്ര. 6:6; 13:3; 1 തീമോ 4:14; 5:22; 2 തീമോ. 1:6) (തീത്തോസ് 1:5-ൽ നിയമിക്കുക-സമമേ്യേശെ എന്ന വാക്കാണ് കാണുന്നത്.

കൈവെപ്പിലൂടെ ശുശ്രൂഷകരെ വാഴിക്കുന്ന പാരമ്പര്യം പഴയനിയമകാലത്തുണ്ടായിരുന്നു, മോശ യോശുവായെ കൈവെച്ചാണ് ഇസ്രായേലിന്റെ നേതൃസ്ഥാനത്ത് അവരോധിച്ചത്: "യഹോവ മോശെയോടു കൽപ്പി

ച്ചത്: എന്റെ ആത്മാവുള്ള പുരുഷനായി നൂന്റെ മകനായ യോശുവയെ വിളിച്ചു അവന്റെ മേൽ കൈവെച്ച് അവനെ പുരോഹിതനായ എലെയാസറിന്റെയും സർവ്വസഭയുടെയും മുമ്പാകെ നിറുത്തി അവർ കാൺകെ അവന് ആജ്ഞ കൊടുക്ക. ... അവന്റെ മേൽ കൈവെച്ചു യഹോവ മോശെ മുഖാന്തരം കൽപ്പിച്ചതു പോലെ അവന് ആജ്ഞ കൊടുത്തു" (സംഖ്യ. 27:18-23). അതേ സംഭവത്തെപ്പറ്റി ആവർത്തനപുസ്തക ത്തിൽ കാണുന്നത് ഇപ്രകാരമാണ്.

''നൂന്റെ മകനായ യോശുവയെ മോശ കൈവെച്ച് അനുഗ്രഹിച്ചിരുന്നതുകൊണ്ട് അവൻ ജ്ഞാനാത്മപൂർണ്ണനായിത്തീർന്നു". (ആവ. 34:9).

ഇവിടെ കൈവെപ്പും ആത്മാവിന്റെ ദാനവും തമ്മിൽ ബന്ധപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്. യഹോവയുടെ ആത്മാവുള്ള യോശുവയാണ് കൈവെപ്പിലൂടെ യിസ്രായേലിന്റെ തലവനായത്.

പുതിയനിയമത്തിൽ 'ആത്മാവും ജ്ഞാനവും നല്ല സാക്ഷ്യവുമുള്ള ഏഴു പേരെയാണ് അപ്പൊസ്തലന്മാർ വാഴിച്ചത്.' (അ.പ്ര. 6:2) പരിശുദ്ധാത്മാവിന്റെ വെളിപാടനുസരിച്ചാണ് അന്ത്യോക്യാസഭാനേതാക്കന്മാർ ബർന്നബാസിനും, പൗലൂസിനും കൈവെപ്പ് നൽകിയത് (അ.പ്ര.13:2-3); എഫെസൂസിലെ എപ്പിസ്കോപ്പാമാരെ/മൂപ്പന്മാരെ പരിശുദ്ധാത്മാവാണ് സഭയുടെ അദ്ധ്യക്ഷന്മാരാക്കി വെച്ചത് (അ.പ്ര. 20:28).

കൈവെപ്പിലൂടെ, പുതിയ ശുശ്രൂഷകൾ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു എന്നാണ് ഈ വേദഭാഗങ്ങൾ സൂചിപ്പിക്കുന്നത്.

കൈവെപ്പിലൂടെ സഭാശുശ്രൂഷകരെ വാഴിക്കുന്നതു യഹൂദപാരമ്പര്യത്തിൽ നിന്ന് സ്വീകരിച്ചതാണ്. യഹൂദറാബിമാർ (ഉപദേഷ്ടാക്കൾ) ശിഷ്യന്മാരെ കൈവെച്ച് പഠിപ്പിക്കുവാൻ അധികാരപ്പെടുത്തിയിരുന്നു. വർഷങ്ങളോളം നീണ്ടു നിൽക്കുന്ന പരിശീലനത്തിനു ശേഷം, സീനിയർ റാബിമാർ ശിഷ്യന്മാർക്ക് പരസ്യമായി പ്രാർത്ഥനയോടെ കൈവെപ്പ് നൽകിയിരുന്നു. ജ്ഞാനത്തിന്റെ ആത്മാവും, ബോധത്തിനുള്ള അധികാരവും ഉത്തരവാദിത്തവും കൈവെപ്പിലൂടെ പുതിയ റാബിക്ക് ലഭിക്കുന്നു എന്നായിരുന്നു ഈ ചടങ്ങിന്റെ അർത്ഥം. പുതിയനിയമത്തിൽ കൈവെപ്പിനെപ്പറ്റി പരാമർശിക്കുന്ന ഭാഗങ്ങളിൽ ഈ ആശയങ്ങൾ കാണുന്നുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്.

## ബിഷപ്പ്-കശീശ്ശാ-ശെമ്മാശ്ശൻ: പുതിയനിയമത്തിൽ

പുതിയ നിയമത്തിൽ പലയിടത്തും സഭാശുശ്രൂഷകരുടെ പട്ടിക നൽകിയിട്ടുണ്ട് (1കൊരി. 12:28; റോമർ. 12:6-8; എഫെ. 4:11; 1 പത്രോ. 4:10-11).

അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, ഉപദേഷ്ടാക്കൾ (Teachers), സുവിശേഷകന്മാർ (Evangelits), ഇടയന്മാർ (റുമഎ്യൈ) എന്നീ ശുശ്രൂഷകരുടെ പേരുകൾ അതിൽ കാണുന്നു. കൂടാതെ സഭാതലവന്മാരെപ്പറ്റി പറയുമ്പോൾ താഴെപ്പറയുന്ന വാക്കുകൾ ആണ് ഉപയോഗിച്ചിരിക്കുന്നത്.

1) അധ്യക്ഷന്മാർ (Bishops; ഗ്രീക്കിൽ Episcopos) അ.പ്ര. 20:17,28, ഫിലി. 1:1, തീത്തോ. 1:7, 1 തീമോ. 3:2.

2) മൂപ്പന്മാർ (Elders or presbyters: ഗ്രീക്കിൽ presbyteros; സുറിയാനിയിൽ കശ്ശീശ്ശാ, അ.പ്ര. 11:30, 14:23, യാക്കോ. 5:14, 1 പത്രോ. 5:1, തീത്തോ. 1:5...

3) ശെമ്മാശ്ശന്മാർ (Deacons: ഗ്രീക്കിൽ: Diakonos; സുറിയാനിയിൽ 'മ്ശംശോനോ') ഫിലിപ്പി. 1:1, 1 തീമോ. 3:8

എബ്രാ. 13:7-ൽ ("നിങ്ങളോടു ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തു കൊൾവിൻ") ഇംഗ്ലീഷിൽ leaders (ഗ്രീക്കിൽ higoumenos) എന്ന് സഭാതലവന്മാരെപ്പറ്റി പൊതുവായി പരാമർശിച്ചിട്ടുണ്ട്.

കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം അപ്പൊസ്തലന്മാർ സഭയ്ക്ക് നേതൃത്വം നൽകി. അവർ സ്ഥാപിച്ച സഭകളിൽ അദ്ധ്യക്ഷന്മാരെയോ, മൂപ്പന്മാരെയോ നിയമിച്ചു. (അ.പ്ര. 14:23; തീത്തോ.1:5; അ.പ്ര. 20:17,28). അവരുടെ സഹായികളായിട്ടാണ് ശെമ്മാശ്ശന്മാരെ വാഴിച്ചത്.

മേൽപറഞ്ഞ ശുശ്രൂഷകന്മാരുടെ പട്ടികയെ രണ്ടായി തിരിക്കാം.

1) സഞ്ചരിച്ച് ശുശ്രൂഷ നടത്തുന്നവർ (Traveling ministers): അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, ഉപദേഷ്ടാക്കന്മാർ, സുവിശേഷകന്മാർ എന്നിവർ ഈ വിഭാഗത്തിൽ പെടുന്നവരാണ്, അതിൽ അപ്പൊസ്തലന്മാർ, ഉയിർത്തെഴുന്നേറ്റ കർത്താവിനെ നേരിട്ടു കണ്ടിട്ടുള്ളവരും, തന്റെ പരസ്യശുശ്രൂഷയിൽ തന്റെ വാക്കുകൾക്കും, പ്രവർത്തനങ്ങൾക്കും ദൃക്സാക്ഷികളുമായിരുന്നു. അവരുടെ കാലശേഷം ആരെയും 'അപ്പൊസ്തലനായി' വാഴിക്കുകയോ, അംഗീകരിക്കുകയോ ചെയ്തില്ല കാരണം അവർ 'കർത്താവിനെ നേരിട്ടു കണ്ട സാക്ഷികൾ' ആയിരുന്നു. തത്തുല്യമായ സാക്ഷ്യം നൽകുവാൻ മറ്റാർക്കും കഴിയുമായിരുന്നില്ല.

പുതിയനിയമപ്രവാചകന്മാർ (prophets), പഴയനിയമത്തിൽ നിന്ന് വ്യത്യസ്തരായിരുന്നു. വരുവാനിരിക്കുന്ന കാര്യങ്ങൾ പ്രവചിക്കുന്നതിനെക്കാൾ, വിശ്വാസപരവും ആത്മിയവുമായ ഉദ്ബോധനമാണ് അവർ നൽകിയിരുന്നത്:

"പ്രവചിക്കുന്നവനോ ആത്മികവർദ്ധനെക്കും പ്രബോധനത്തിനും ആശ്വാസത്തിനുമായി മനുഷ്യരോടു

സംസാരിക്കുന്നു" (1 കൊരി. 14:3).

പ്രവചനവരം ഒരു താത്കാലികപ്രതിഭാസമായിരുന്നു: "പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നുപോകും" (1 കൊരി. 13:8) എന്നാണ് വി. പൗലൂസ് എഴുതുന്നത്. ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിനു മുമ്പായി പ്രവാചകന്മാർ അപ്രത്യക്ഷരായിത്തുടങ്ങി, ഈ ശുശ്രൂഷ സഭ അധികം പ്രോത്സാഹിപ്പിച്ചില്ല. കാരണം, പ്രത്യേകിച്ച് യാതൊരു സഭയോടും കടപ്പാടോ, ഉത്തരവാദിത്തമോ ഇല്ലാതെ പ്രവർത്തിച്ച 'സഞ്ചാരശുശ്രൂഷകർ' സഭയ്ക്ക് ഗുണത്തെക്കാൾ കൂടുതൽ ദോഷമാണ് ചെയ്തത്. ചിലരുടെ കാപട്യം സഭയിൽ ഭിന്നതകളും ചിന്താക്കുഴപ്പങ്ങളും ഉണ്ടാക്കി. (2 തീമോ. 3:1-9; 1 തീമോ. 6:3-10). കൂടാതെ രണ്ടാം നൂറ്റാണ്ടിൽ ഉണ്ടായ 'മൊന്താനിസം' പോലുള്ള വേദവിപരീതികളുടെ ഇടയിൽ ധാരാളം പ്രവാചകന്മാർ ഉണ്ടായിരുന്നു. ഇതും 'പ്രവാചകന്മാരെ' നിയന്ത്രിക്കുവാൻ പ്രേരകമായ ഒരു സംഗതിയായിരുന്നു.

2) ഒരു സഭയിൽ താമസിച്ച് ശുശ്രൂഷ ചെയ്യുന്നവർ (Resident Ministers): ബിഷപ്പ്, കശീശ്ശാ, ശെമ്മാശ്ശൻ എന്നീ ശുശ്രൂഷകന്മാർ ഇതിൽപ്പെടുന്നു. വി. പൗലൂസ് സഭ സ്ഥാപിച്ചപ്പോൾ മൂപ്പന്മാരെ വാഴിക്കുകയും (അ.പ്ര. 14:23), അതേ രീതിയിൽ പുതിയ സഭകളിൽ വാഴിക്കുവാൻ ശിഷ്യന്മാരോട് കൽപ്പിക്കുകയും ചെയ്തു. (തീത്തോ. 1:5).

ബിഷപ്പ്: വി. പൗലൂസ് എഫെസൂസിലെ സഭാതലവന്മാരോട് പരിശുദ്ധാത്മാവ് അവരെ സഭയുടെ തലവന്മാരായി നിയമിച്ചിരിക്കുന്നുവെന്ന് പറയുന്നു:

"നിങ്ങളെത്തന്നെയും, താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷന്മാരാക്കി (ലുശരെറ്റീ) വെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ" (അ.പ്ര.20:28).

വിശ്വാസികളിൽ ചിന്താക്കുഴപ്പമുണ്ടാക്കി അവരെ സഭയിൽ നിന്ന് അകറ്റുവാൻ ശ്രമിക്കുന്നവർക്കെതിരെ ജാഗ്രതയോടെ പ്രവർത്തിക്കുവാൻ അവരെ ഉദ്ബോധിപ്പിക്കുന്നു: "ഞാൻ കടന്നുപോയ ശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നാക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്ന് ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ എഴുന്നേൽക്കും; അതുകൊണ്ട് ഉണർന്നിരിപ്പിൻ" (അ.പ്ര. 20:29-31).

സഭയ്ക്ക് നേതൃത്വം നൽകി, സഭാംഗങ്ങളെ വിശ്വാസസ്ഥിരതയുള്ളവരാക്കുവാനാണ് അപ്പൊസ്തലന്മാർ ബിഷപ്പന്മാരെ വാഴിച്ചത്. എല്ലാ വിധത്തിലും ബിഷപ്പ് വിശ്വാസികൾക്ക് മാതൃകയായിരിക്കണം (1 തീമോ. 3:1-7; തീത്തോ. 1:7-9) ബിഷപ്പ് "ദൈവത്തിന്റെ ഗൃഹവിചാരകൻ" ആണ് (തീത്തോ. 1:7). "അതിഥിപ്രിയനും, സൽഗുണപ്രിയനും, നീതിമാനും, നിർമ്മലനും, പ്രബോധിപ്പിക്കുവാൻ കഴിവുള്ളവനും ആയിരിക്കണം (തീത്തോ. 1:9).

കശീശ്ശാ: ബിഷപ്പിന്റെ യോഗ്യതകൾ തന്നെ കശീശ്ശായ്ക്കും ഉണ്ടായിരിക്കണമെന്ന് പുതിയനിയമം അനുശാസിക്കുന്നു. (തീത്തോ. 1:6). കാരണം ഇടവകക്ക് നേതൃത്വം നൽകുകയും വിശ്വാസബോധനം നൽകുകയുമാണല്ലോ. കശീശ്ശാ ചെയ്യുന്നത്.

**വൈദികസ്ഥാനികളും കൂദാശാനുഷ്ഠാനവും**

അപ്പൊസ്തലന്മാരുടെ കാലശേഷം അവരുടെ ശിഷ്യന്മാർ. അതതു സഭകളുടെ തലവന്മാരായി, അതായത് ബിഷപ്പന്മാരായി ശുശ്രൂഷയനുഷ്ഠിച്ചു. റോമിലെ ബിഷപ്പായിരുന്ന വി. ക്ലീമ്മീസ് (എ.ഡി. 95) എഴുതുന്നു. "ക്രിസ്തു ദൈവത്താലും, അപ്പൊസ്തലന്മാർ ക്രിസ്തുവിനാലും അയയ്ക്കപ്പെട്ട, അവർ (അപ്പൊസ്തലന്മാർ) ആദ്യത്തെ വിശ്വാസികളുടെ ബിഷപ്പന്മാരും ശെമ്മാശ്ശന്മാരുമായി, ആത്മാവിൽ ശോധന ചെയ്ത് 'ആദ്യഫലങ്ങൾ' എന്ന് പറയുന്നത് ഓരോ സഭയിലും ആദ്യം സ്നാനമേറ്റവരെപ്പറ്റിയാണ്. സ്തേഫാനോസിന്റെ കുടുംബത്തെ 'അഖായയിലെ ആദ്യഫലം' എന്ന് വി. പൗലൂസ് വിളിക്കുന്നു. അവർ സഭയ്ക്ക് നേതൃത്വം നൽകി ശുശ്രൂഷ ചെയ്തു എന്നും വി. പൗലൂസ് എഴുതുന്നു:

"സഹോദരന്മാരേ, സ്തെഫാനോസിന്റെ കുടുംബം അഖായയിലെ ആദ്യഫലം എന്നും അവർ വിശുദ്ധന്മാരുടെ ശുശ്രൂഷയ്ക്ക് തങ്ങളെത്തന്നേ ഏൽപ്പിച്ചിരിക്കുന്നു എന്നും നിങ്ങൾ അറിയുന്നുവല്ലോ. ഇങ്ങനെയുള്ളവർക്കും, അവരോടുകൂടെ പ്രവർത്തിക്കയും അദ്ധ്വാനിക്കയും ചെയ്യുന്ന ഏവനും നിങ്ങളും കീഴ്പെട്ടിരിക്കേണം എന്ന് ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു" (1 കൊരി. 16:15-16)

അഖായയിലെ ആദ്യഫലമായ സ്തെഫാനാസിന്റെ കുടുംബം, (ഒരു പക്ഷെ ഗൃഹനാഥനായ സ്തേഫാനോസ്) അവിടത്തെ സഭയുടെ നേതൃത്വം വഹിച്ചുവെന്നും, അവർക്ക് സഭാംഗങ്ങൾ കീഴ്പെട്ടിരിക്കുവാൻ പൗലൂസ് നിർദ്ദേശിച്ചുവെന്നുമാണ് ഇവിടെ സൂചന, വി. പൗലൂസ് ക്രേത്തയിലെ സഭയുടെ നേതൃത്വം തീത്തോസിനെ ഏൽപിക്കുകയും, ഓരോ പട്ടണത്തിലും സഭാതലവന്മാരായി മൂപ്പന്മാരെ (ലഹറല്യൂ, കശ്ശീശ്ശാ) നിയമിക്കുവാൻ കൽപിക്കുകയും ചെയ്തുവെന്ന് നാം കണ്ടു (തീത്തോ. 1:6). എഫെസൂസിലെ മൂപ്പന്മാർ, ആ സഭയുടെ നേതൃത്വസ്ഥാനമാണ് വഹിച്ചിരുന്നത് (അ.പ്ര. 20:28). പുതിയനിയമസഭകളിലെ നേതൃസ്ഥാനത്തെ 'ബിഷപ്പ്' (episcopos അദ്ധ്യക്ഷൻ) 'മൂപ്പൻ' എന്നിങ്ങനെയാണ് വിശേഷിപ്പിച്ചിരിക്കുന്ന

ത്.

വി. പത്രോസ് സ്വയം വിളിക്കുന്നത് "കൂട്ടുമൂപ്പൻ" (fellow elder) എന്നാണ് (1 പത്രോ. 5:1) അതിനാൽ മൂപ്പന്, അതായത് ഒരു സഭാതലവന് അപ്പൊസ്തലന് സമമായ സ്ഥാനവും ബഹുമാനവും സഭ നൽകിയിരുന്നു എന്ന് വ്യക്തമാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ 'അപ്പൊസ്തല'ന്റെ സ്ഥാനത്തെ വി. ലൂക്കോസ് "എപ്പിസ്കോപ്പേറ്റ്" (അദ്ധ്യക്ഷസ്ഥാനം, അതായത് മേല്പട്ടസ്ഥാനം) എന്നാണ് വിളിക്കുന്നത് (അ.പ്ര. 1:20).

മൂപ്പന്റെ അഥവാ ബിഷപ്പിന്റെ അദ്ധ്യക്ഷസ്ഥാനം എന്നുള്ളതുകൊണ്ട് അർത്ഥമാക്കുന്നത് ആരാധനയിലും വി. കൂദാശാനുഷ്ഠാനങ്ങളിലും നേതൃത്വം നൽകുന്നതാണ്. അപ്പൊസ്തലന്മാരുടെ കാലത്ത് അവർതന്നെ സ്നാനപ്പെടുത്തുകയും, വി. കുർബ്ബാന അർപ്പിക്കുകയും, തങ്ങൾ സ്ഥാപിച്ച സഭകളുടെ നേതാക്കന്മാരെ കൈവെപ്പിലൂടെ വാഴിക്കുകയും ചെയ്തു. അവർ കൈവെപ്പിലൂടെ വാഴിച്ച നേതാക്കന്മാരും ശുശ്രൂഷകരും അതേ ശുശ്രൂഷ തുടർന്നു പോന്നു. അപ്പൊസ്തലന്മാരുടെ കാലത്തുതന്നെ പുതിയതായി ചുമതലയേറ്റ ശുശ്രൂഷകന്മാർ സ്നാനപ്പെടുത്തുകയും, വി. കുർബാനയർപ്പിക്കുകയും, കൈവെപ്പ് നൽകുകയും ചെയ്തു. ഏഴുപേരിൽ ഒരാളായ ഫിലിപ്പോസ് സ്നാനപ്പെടുത്തി. (അ.പ്ര. 8:12-13; 38); വി. പൗലൂസിന്റെ മേൽ കൈ വെക്കുന്നതും സ്നാനപ്പെടുത്തുന്നതും അനന്യാസ് ആയിരുന്നു (അ.പ്ര. 9:17-18. ഇവിടെ സ്നാനത്തിന്റെ ഭാഗമായിട്ടായിരുന്നു കൈ വെച്ചത്). ബർന്നബാസും ശൗലും ഒന്നാം മിഷനറിയാത്രയ്ക്കു പുറപ്പെടുമ്പോൾ കൈവെച്ച് അധികാരപ്പെടുത്തിയത് 'പ്രവാചകന്മാരും, ഉപദേഷ്ടാക്കന്മാരും' ആയിരുന്നു (അ.പ്ര.13:1-3). വി. പൗലൂസ് തീത്തോസിനും തീമോത്തിയോസും കൈവെപ്പ് നൽകുകയും, പുതിയ നേതാക്കന്മാരെ കൈവെപ്പിലൂടെ വാഴിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തു (തീത്തോ. 1:5; 2 തീമോ.1:6; 1 തീമോ. 4:14;5:22). അവരുടെ പിൻഗാമികൾ ഈ ചുമതല തുടർന്നുവെന്നാണ് പിന്നീടുള്ള രേഖകൾ വ്യക്തമാക്കുന്നത്.

## ബിഷപ്പന്മാർ രണ്ടാം നൂറ്റാണ്ടിലെ സഭയിൽ

അപ്പൊസ്തലന്മാർക്കു ശേഷം, അവരുടെ ശുശ്രൂഷ സഭാതലവന്മാരായ ബിഷപ്പുമാർ തുർന്നു. അതായത് സുവിശേഷവേലയ്ക്ക് നേതൃത്വം നൽകുകയും, വിശ്വാസബോധനം നടത്തുകയും, മാമോദീസായിലും വി. കുർബാനയിലും കാർമ്മികത്വം വഹിക്കുകയും, വൈദികസ്ഥാനികളെ കൈവെപ്പ് നൽകി വാഴിക്കുകയും ചെയ്തു. അപ്പൊസ്തലന്മാർ ക്രിസ്തുവിന് നൽകിയ ബഹുമാനം തന്നെയാണ് വിശ്വാസികൾ സഭാതലവനായ ബിഷപ്പിനു നൽകിയിരുന്നതെന്ന് അന്ത്യോക്യയിലെ വി. ഇഗ്നാത്തിയോസിന്റെ ലേഖനത്തിൽ കാണാം.

"ക്രിസ്തുവിനോട് എന്ന വിധം നിങ്ങൾ ബിഷപ്പിനോട് അനുസരണമുള്ളവരായി ജീവിക്കുമ്പോൾ, നിങ്ങൾ ക്രിസ്തുവിന്റെ ജീവിതചര്യ പിന്തുടരുന്നു" (ഇഗ്നാത്തിയോസ്, ട്രള്ളിയൻസിന് എഴുതിയ ലേഖനം 2:1).

"നമ്മുടെ കർത്താവ് പിതാവിനോടുള്ള ഐക്യത്തിൽ കഴികയും, സ്വന്ത ഇഷ്ടത്താൽ യാതൊന്നും പ്രവർത്തിക്കയും ചെയ്തില്ല. അതേ രീതിയിൽ നിങ്ങളുടെ ബിഷപ്പിനെയും മൂപ്പന്മാരെയും (കശീശ്ശാ) അവഗണിച്ച് നിങ്ങൾ പ്രവർത്തിക്കരുത്" (മഗ്നീഷ്യ ലേഖനം 7:1).

സഭയിൽ ഐക്യവും അച്ചടക്കവും നിലനിർത്തുവാനാണ് സഭാതലവന്മാരെ അനുസരിക്കുവാൻ വി. ഇഗ്നാത്തിയോസ് കൽപിക്കുന്നത്. വി. പൗലൂസ് കൊരിന്തിലെ ക്രിസ്ത്യാനികൾക്കും ഇതേ നിർദ്ദേശമാണ് നൽകിയത് (1 കൊരി. 16:15-16).

സഭയുടെ ഐക്യത്തിന്റെ അടിസ്ഥാനം മാമോദീസായും വി. കുർബാനയും ആയിരുന്നു: "നാം എല്ലാവരും ഏകശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനമേറ്റും, എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു" (1 കൊരി. 12:13). ഓരോ വിശുദ്ധ കുർബ്ബാനയും സഭയുടെ ഐക്യത്തിന്റെ ദൃശ്യരൂപമായിരുന്നു. "നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ? അപ്പം ഒന്ന് ആകകൊണ്ട് പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികൾ ആകുന്നുവല്ലോ." (1 കൊരി. 10:16-17).

ഓരോ പ്രദേശത്തുമുള്ള കാതോലിക സഭയുടെ തലവനാണ് ബിഷപ്പ്. അദ്ദേഹത്തിന്റെ കാർമ്മികത്വത്തിൽ നടത്തുന്ന മാമോദീസായും, വി. കുർബ്ബാനയും മാത്രമാണ് സഭ യഥാർത്ഥകൂദാശകളായി അംഗീകരിച്ചിരിക്കുന്നത്. കാതോലികസഭകളുടെ ബിഷപ്പിൽ നിന്നും വിഘടിച്ച് സ്വതന്ത്രഗ്രൂപ്പുകൾ ഉണ്ടാക്കുന്ന പ്രവണത ആദിമകാലം മുതൽ ഉണ്ടായിരുന്നു. കാതോലികസഭയുടേതിൽ നിന്നും വ്യത്യസ്തമായ ഉപദേശങ്ങൾ പിന്തുടർന്ന വിഘടിതഗ്രൂപ്പുകളെയാണ് വേദവിപരീതികൾ എന്ന് വിളിച്ചിരുന്നത്. അവരുടെ മാമോദീസായും, ഇതര 'കൂദാശകളും' സഭ അംഗീകരിച്ചിരുന്നില്ല. ആദിമസഭയുടെ കാഴ്ചപ്പാടിൽ കാതോലികസഭയുടെ കൂദാശകൾ മാത്രമാണ് കാനോനികമായിട്ടുള്ളത്. അതിനാൽ ഇതര സമൂഹങ്ങളുടെ കൂദാശകളിൽ വിശ്വാസികൾ പങ്കെടുക്കുന്നതിനെ വിലക്കിയിരുന്നു. വി. ഇഗ്നാത്തിയോസ് എഴുതുന്നു:

"സഭയുടെ ഏക വിശുദ്ധ കുർബ്ബാനയിൽ മാത്രം സംബന്ധിക്കുവാൻ ശ്രദ്ധിക്കുക; കാരണം കർത്താ

വിന്റെ ശരീരം ഏകമാണ്; തന്റെ രക്തവുമായുള്ള ഐക്യത്തിനു പാനപാത്രവും ഏകമാണ്; ഏക അൾത്താരയും മൂപ്പന്മാരോടും, ശെമ്മാശന്മാരോടും കൂടെ ഏക ബിഷപ്പുമാണ് സഭയിൽ ഉള്ളത്"

(ഇഗ്നാത്തിയോസ്, ഫിലിപ്യ ലേഖനം 4)

ഏക ബിഷപ്പിന്റെ കീഴിൽ, ഏക അൾത്താരക്കു മുമ്പിൽ ഒരുമിച്ചു കൂടി, കർത്താവിന്റെ ശരീരവും രക്തവും സ്വീകരിക്കുന്ന വിശ്വാസികളാണ് ഏകസഭയുടെ അംഗങ്ങൾ എന്നാണ് ഇവിടെ സൂചന. വി. പൗലൂസ് കൊരിന്തിലെ വിശ്വാസികളെ അനുസ്മരിപ്പിച്ചതും ഇതു തന്നെയാണ് (1 കൊരി. 10:16-17).

## വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന

ഒരേ സമയം മൂന്നു വൈദികർ, ഒരേ പള്ളിയിലെ മൂന്നു വ്യത്യസ്ത ത്രോണോസുകളിൽ, ഒരേ അനാഫുറാ ഉപയോഗിച്ച് വി. കുർബാന അണയ്ക്കുന്ന ശുശ്രൂഷയെന്ന് മൂന്നിന്മേൽ കുർബാനയെ നിർവചിക്കാം. പ്രധാന ത്രോണോസിൽ ചൊല്ലുന്ന പട്ടക്കാരൻ മാത്രം ഉച്ചത്തിലും മറ്റു രണ്ടു പേർ ശബ്ദരഹിതമായും തക്സയിലുള്ള പ്രാർത്ഥനകൾ മുഴുവൻ ചൊല്ലുന്നുണ്ട്. ശബ്ദരാഹിത്യം ഒഴിച്ചാൽ ഒരു കുർബാനയ്ക്കു വേണ്ട സകല സംഗതികളും, ശുശ്രൂഷകനും ധൂപക്കുറ്റിയടക്കം, ഈ രണ്ടു സഹകാർമ്മികർക്കും അനിവാര്യമാണ്.

മലങ്കരസഭയ്ക്കു സ്വന്തമായ ഒരു പുരാതന ആരാധനാപാരമ്പര്യമില്ല. നൂറ്റാണ്ടുകളോളം ക്രൈസ്തവലോകത്തു നിന്നും ഒറ്റപ്പെട്ട മലങ്കരസഭയുടെ നില, മറ്റു സഭകളെപ്പോലെ പരസ്പരബന്ധിതമായ ആരാധനക്രമവികസനം അസാദ്ധ്യമാക്കി. മലങ്കരസഭയുമായി ബന്ധപ്പെട്ടിരുന്ന പേർഷ്യയിലെ പൗരസ്ത്യ കൽദായ സുറിയാനിസഭയുടെ ആരാധനക്രമങ്ങളാണ് പതിനാറാം നൂറ്റാണ്ടുവരെയും മലങ്കരസഭ ഉപയോഗിച്ചിരുന്നത്.

പതിനാറാം നൂറ്റാണ്ടിൽ റോമൻകത്തോലിക്കർ മലങ്കരസഭയിൽ സമ്പൂർണ്ണ ലത്തീൻക്രമങ്ങൾ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചെങ്കിലും നസ്രാണികളുടെ എതിർപ്പു മൂലം വിജയം കണ്ടില്ല. പകരം പോർട്ടുഗീസ് സൈനികശക്തിയുടെ പിന്തുണയോടെ നടത്തിയ ഉദയംപേരൂർ സുന്നഹദോസ്സിൽ വച്ച് റോമൻ കത്തോലിക്കാവിശ്വാസത്തിനനുസരിച്ച് ലത്തീനീകരിച്ച പേർഷ്യൻക്രമങ്ങൾ നടപ്പാക്കി. പൗരസ്ത്യ കൽദായ സുറിയാനിസഭയ്ക്കില്ലാത്ത ക്രമങ്ങൾ ലത്തീനിൽ നിന്നും സുറിയാനിയിലേയ്ക്ക് പരിഭാഷപ്പെടുത്തി അവർ മലങ്കരയിൽ പ്രചരിപ്പിച്ചു.

1653-ലെ കൂനൻകുരിശുവിപ്ളവം ഈ ആരാധനാപാരമ്പര്യത്തിൽ മാറ്റമൊന്നും വരുത്തിയില്ല. പതിനെട്ടാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ പാശ്ചാത്യസുറിയാനിക്രമങ്ങൾ മലങ്കരസഭയിൽ കടന്നുവരാൻ തുടങ്ങി. എങ്കിലും 1809-ലെ കണ്ടനാടു പടിയോലവഴി മാത്രമാണ് മലങ്കരസഭ, പാശ്ചാത്യ സുറിയാനിക്രമങ്ങൾ ഔദ്യോഗികമായി അംഗീകരിച്ചത്. 1686-ൽ മലങ്കരസഭ അംഗീകരിച്ച അലക്സാൻഡ്രിയൻ വേദശാസ്ത്രത്തിന് അനുരൂപമാകുംവിധം തിരുത്തൽ വരുത്തിയ പൗരസ്ത്യ കൽദായ സുറിയാനി ക്രമങ്ങളാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപാദംവരെ മലങ്കരസഭ ഉപയോഗിച്ചുവന്നത്. കൊല്ലവർഷം 964-ലെ പുതിയകാവു പടിയോലപ്രകാരം ഭാഗികമായും, 1809-ല കണ്ടനാടു പടിയോലപ്രകാരം പൂർണ്ണമായും, പൗരസ്ത്യ സുറിയാനി ക്രമങ്ങളെ പരിത്യജിച്ച് പാശ്ചാത്യ സുറിയാനിക്രമങ്ങൾ ഔദ്യോഗികമായി സ്വീകരിച്ചെങ്കിലും 1876-ൽ വന്ന പ. പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ ശക്തമായ ഇടപെടൽകൊണ്ടുമാത്രമാണ് ഇവ എതാണ്ട് പൂർണ്ണമായി നടപ്പിലാക്കാൻ സാധിച്ചത്.

ഇത്ര സങ്കീർണ്ണമായ ഒരു ആരാധനാപാരമ്പര്യചരിത്രത്തിൽ മലങ്കരയുടേത് മാത്രമായ ഒരു ആരാധനാരീതി - വി. മൂന്നിന്മേൽ കുർബാന - ഉരുത്തിരിഞ്ഞുവന്നത് തികച്ചും സവിശേഷമായ ഒരു പ്രക്രിയയാണ്. മലങ്കരയെ സ്വാധീനിച്ച കൽദായ, ലത്തീൻ, അന്ത്യോഖ്യൻ ആരാധനാപാരമ്പര്യങ്ങളിലെ ചില പ്രത്യേക ഘടകങ്ങൾ സമ്മേളിപ്പിച്ചാണ് വി. മൂന്നിന്മേൽ കുർബാന രൂപം കൊണ്ടത്.

പോർട്ടുഗീസ്-പൂർവ്വകാലത്ത് കൽദായ ആരാധനാപാരമ്പര്യത്തിനനുരൂപമായി കേരളീയമായ വാസ്തുവിദ്യാ സമ്പ്രദായത്തിൽ പണിത മലങ്കരയിലെ ദേവാലയങ്ങളിൽ ഒരു ത്രോണോസ് മാത്രമായിരുന്നു ഉണ്ടായിരുന്നത്. നസ്രാണിദേവാലയങ്ങളിൽ കൂടുതൽ ത്രോണോസുകൾ ഉൾപ്പെടുത്തിയത് പോർട്ടുഗീസ് കാലഘട്ടത്തിലാണ്. ജസ്യൂട്ട് രേഖകൾ ഈ വസ്തുത ശരിവയ്ക്കുന്നുണ്ട്.

മലങ്കരയിലെ എല്ലാ പള്ളികളും - ഒരു പക്ഷേ തിരുവിതാംകോട് ഒഴികെ - പോർട്ടുഗീസ് കാലഘട്ടത്തിൽ പുതുക്കി പണിതവയാണ്. അക്കാലത്ത് ലത്തീൻപാരമ്പര്യപ്രകാരം കൂടുതൽ ത്രോണോസുകൾ പള്ളികളിൽ ഉൾപ്പെടുത്തി. പ്രധാന മദ്ബഹയ്ക്ക് പടിഞ്ഞാറ്, അഴിയ്ക്കകത്ത്, തെക്കുംവടക്കും ഓരോ ത്രോണോസുകൾകൂടിയാണ് അന്ന് ഉൾപ്പടുത്തിയത്. അന്നു നിലവിലിരുന്ന നസ്രാണിദേവാലയവാസ്തുവിദ്യാസങ്കേതമനുസരിച്ച് ഇത് തികച്ചും ലളിതമായ ഒരു പ്രക്രിയയായിരുന്നു. 16 - 17 നൂറ്റാണ്ടുകളിലെ ദേവാലയങ്ങൾ - ഇപ്പോൾ റോമൻകത്തോലിക്കാ കൈവശത്തിലിരിക്കുന്നവയടക്കം- പരിശോധിച്ചാൽ ഈ വസ്തുത വ്യക്തമാകും.

എന്നാൽ ഒരു നൂറ്റാണ്ടിനു മുമ്പുള്ള നസ്രാണിദേവാലയങ്ങൾ പരിശോധിച്ചാൽ ഉപത്രോണോസുക

ളുടെ സ്ഥാനത്തിൽ അവ ഐക്യരൂപ്യം പുലർത്തുന്നില്ലന്ന് കാണാം. ചിലയിടത്ത് പ്രധാന മദ്ബഹയ്ക്കുള്ളിൽത്തന്നെയാണ് മൂന്നു ത്രോണോസുകളും. പ്രധാന ത്രോണോസിൽനിന്നും സ്വൽപ്പം പടിഞ്ഞാറു മാറി തെക്കും വടക്കുമായാണ് ഇവ സ്ഥാപിച്ചിരിയ്ക്കുന്നത്. ചില പള്ളികളിൽ പ്രധാന ത്രോണോസിന്റെ അതേ നിരയിൽത്തന്നെ മറ്റ് രണ്ട് ത്രോണോസുകളും സ്ഥാപിച്ചിരിക്കുന്നു. പള്ളിക്കര പള്ളിയിൽ മദ്ബഹയുടെ കിഴക്കെ ഭിത്തിയിൽ - പ്രധാന ത്രോണോസിനും കിഴക്ക് - തെക്കും വടക്കുമായി വെട്ടിക്കുഴിച്ച രീതിയിലാണ് മറ്റു രണ്ടു ത്രോണോസുകൾ സ്ഥാപിച്ചിരിയ്ക്കുന്നത്. എന്നാൽ റോമൻകത്തോലിക്കാ കൈവശത്തിലിരിക്കുന്ന അതേ കാലത്തെ ദേവാലയങ്ങളിൽ ഉപത്രോണോസുകൾ പ്രധാന മദ്ബഹയ്ക്ക് പടിഞ്ഞാറ്, അഴിക്കകത്ത്, തെക്കും വടക്കുമാണ് കാണുന്നത്. ഇതിൽനിന്ന് യഥാർത്ഥത്തിലുള്ള ലത്തീൻകൂട്ടിച്ചേർക്കൽ ഇതായിരുന്നു എന്ന് മനസിലാക്കാം.

നസ്രാണിദേവാലയങ്ങളിലെ ഉപത്രോണോസുകളുടെ ഈ ക്രമരാഹിത്യത്തിനു പിമ്പിൽ 18-19 നൂറ്റാണ്ടുകളിൽ കേരളത്തിലെത്തിയ അന്ത്യോഖ്യൻ മേൽപ്പട്ടക്കാരുടെ കൈകടത്തലാണ്. അന്ത്യോഖ്യൻസഭയിൽ ഒരു ദേവാലയത്തിൽ ഒന്നിലധികം ത്രോണോസുകൾ തികച്ചും വിരളമാണ്. ഉള്ളവതന്നെ ഏതെങ്കിലും വിധത്തിൽ പരസ്പരബന്ധിതമല്ല. ഉദാഹരണത്തിന് പ. പരുമല തിരുമേനിയുടെ ഊർശ്ലേംയാത്രാ വിവരണപ്രകാരം പ. മർക്കോസിന്റെ മാളികയിൽ പ്രധാന ത്രോണോസു കൂടാതെ പള്ളിക്കുള്ളിൽ വി. ദൈവമാതാവിനെ മാമോദീസ മുക്കിയ മാമോദീസാത്തൊട്ടി ഒരു ത്രോണോസായി ഉപയോഗിച്ചുവരുന്നുണ്ട്. അവിടെത്തന്നെ മാർ ബഹനാം സഹദായുടെ നാമത്തിലുള്ള ത്രോണോസ് മറ്റൊരു മുറിയിലാണ്. മാർ മത്തായിയുടെ ദയറായിൽ വിവിധ ത്രോണോസുകളുണ്ടെന്ന് മാർ ദീവന്നാസ്യോസ് പഞ്ചമന്റെ മർദ്ദീൻ യാത്രാ വിവരണത്തിൽ വർണ്ണിക്കുന്നുണ്ടെങ്കിലും ഇവയൊക്കയും ദേവാലയസമുച്ചയത്തിൽ വ്യത്യസ്ഥസ്ഥാനങ്ങളിലാണ്.

തങ്ങൾക്കു തികച്ചും അപരിചിതമായ മലങ്കരയിലെ ബഹുത്രോണോസ് സംവിധാനം ഉൾക്കൊള്ളാനാവാതെ അന്ത്യോഖ്യൻ മേൽപ്പട്ടക്കാർക്കുണ്ടായ ചിന്താക്കുഴപ്പമാണ് ഇപ്രകാരം ഉപത്രോണോസുകൾ വിവിധ സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കപ്പെടുവാനിടയായത്. ഒരു പടികൂടി കടന്ന്, 1876-ൽ പ. പത്രോസ് ത്രിതീയൻ പാത്രിയർക്കീസ്, ഉപത്രോണോസുകളെ പള്ളിയിൽനിന്ന് പുറത്താക്കുകയും, തെക്കും വടക്കുമുള്ള വരാന്തകൾ മറച്ചുകെട്ടി അവിടെ സ്ഥാപിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. 20-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ പണിത ദേവാലയങ്ങളിൽ ഉപത്രോണോസുകൾക്കു പകരം രണ്ട് ചെറിയ മദ്ബഹകൾകൂടി പണിയുന്നരീതി നടപ്പായതിനാൽ ഇക്കാര്യത്തിൽ ഇന്നൊരു ഐക്യരൂപ്യം വന്നിട്ടുണ്ട്.

വി. മൂന്നിന്മേൽ കുർബാന ഏതു കാലത്ത് നിലവിൽവന്നുവെന്ന് ഇനി പരിശോധിക്കാം. ലത്തീൻരീതിയിൽ മൂന്നു ത്രോണോസുകൾ പണിതിട്ടുള്ളവയും ഇപ്പോൾ റോമൻകത്തോലിക്കാ കൈവശത്തിലിരിയ്ക്കുന്നവയുമായ നസ്രാണിദേവാലയങ്ങളിൽ ഇന്നും ഒരേസമയം മൂന്നു ത്രോണോസുകളിലും വി. കുർബാന അർപ്പിയ്ക്കുന്ന പതിവില്ല. അതിനാൽ വി. മൂന്നിന്മേൽ കുർബാന റോമൻ കത്തോലിക്കാ പാരമ്പര്യത്തിന്റെ സംഭാവനയല്ലന്ന് വ്യക്തമാണ്.

1665 മുതൽ കേരളത്തിലെത്തിയ പാശ്ചാത്യസുറിയാനിമേല്പട്ടക്കാർ കിണഞ്ഞു പരിശ്രമിച്ചിട്ടും പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യപാദംവരെ പാശ്ചാത്യസുറിയാനി ആരാധനാക്രമങ്ങൾ മലങ്കരയിൽ അംഗീകരിപ്പിക്കാൻ സാധിച്ചിരുന്നില്ല. വലിയ മാർ ദീവന്നാസ്യോസും പാശ്ചാത്യസുറിയാനിമേല്പട്ടക്കാരനായ മാർ ഈവാനിയോസ് യൂഹാനോനും തമ്മിൽ കൊല്ലവർഷം 964-ൽ ഒത്തുതീർപ്പിലെത്തിയ പുതിയകാവു പടിയോലപ്രകാരമാണ് പുത്തൻക്രമം കാപ്പയിട്ടു കുറുവാന ചൊല്ലാൻ തീരുമാനമായത്. അതിനു ശേഷമാകണം വി. മൂന്നിന്മേൽ കുർബാന രൂപപ്പെടുന്നത്.

തച്ചിൽ മാത്തുതരകന്റെ റോമാപീഡയിൽപ്പെട്ട് പത്തീറാ വച്ച് കുർബാന ചൊല്ലുവാൻ നിർബന്ധിതനായ വലിയ മാർ ദീവന്നാസ്യോസ് പ്രായശ്ചിത്തമായി '41 ദിവസത്തെക്ക് പന്ത്രണ്ടീത് കത്തങ്ങളെ വരുത്തി ചെങ്ങന്നൂർ വച്ച് കുറുവാന ചൊല്ലിച്ച് ഓരോ രാശി അവർക്ക് കൊടുത്ത' എന്ന് നിരണം ഗ്രന്ഥവരിയിൽ കാണുന്നു. ഈ സംഭവം നടന്നത് 1800-ലാണ്. പുകുടിയിൽ ഇട്ടൂപ്പ് റൈട്ടർ ഈ സംഭവത്തെക്കുറിച്ച് '... തനിക്കു പ്രായശ്ചിത്തമായി അന്നത്തെ 72 പള്ളികൾക്കും ഇരുപതു മൂന്നുമ്മേൽ കുറുബാന വീതം മെത്രാപൌലീത്ത ചിലവുചെയ്തു കഴിപ്പിക്കുതക്കവണ്ണം യോഗം നിശ്ചയിക്കുകയാൽ ...' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പുതിയകാവു പടിയോല എഴുതിയ 1789-നും 1800-നും ഇടയിൽ വി. മൂന്നിന്മേൽ കുർബാന രൂപംകൊണ്ടു എന്ന് ഇതിൽനിന്ന് അനുമാനിക്കാം. ചുരുങ്ങിയത് ഇട്ടൂപ്പ് റൈട്ടർ സഭാചരിത്രമെഴുതിയ 1869-നു മുമ്പ് വി. മൂന്നിന്മേൽ കുർബാന നടപ്പിലായി എന്ന് വ്യക്തമാണ്. 1821 ഫെബ്രുവരി 20-നു കോട്ടയം ചെറിയപള്ളിയിൽ മാർ ഗബ്രിയേലിന്റെ ഓർമ്മദിവസം 'മൂന്നു കുർബാന കഴിഞ്ഞു' എന്ന് റവ. ജെ. ഫെൻ രേഖപ്പെടുത്തിയിരിയ്ക്കുന്നത് വി. മൂന്നിന്മേൽ കുർബാനയാവാൻ സാദ്ധ്യത വളരെ കൂടുതലാണ്. പ്രത്യേകിച്ചും 19-ാം നൂറ്റാണ്ടിൽ പാശ്ചാത്യസുറിയാനിമേല്പട്ടക്കാർ ഉപത്രോണോസുകളുടെ സ്ഥാനം പലവിധത്തിൽ നിർണയിച്ചത് ഇതിനുള്ള സംഭവ്യത വർദ്ധിപ്പിക്കുന്നു.

പുത്തൻക്രമം കാപ്പയിട്ടു കുറുവാന ചൊല്ലാൻ തീരുമാനിച്ച കൊല്ലവർഷം 964-ലെ പുതിയകാവു പടി

യോലയ്ക്കു ശേഷം വി. മൂന്നിന്മേൽ കുർബാന രൂപപ്പെടുന്നതിന്റെ പിമ്പിൽ പ്രത്യേകമായ ചില കാരണങ്ങളുണ്ട്. 1663-ൽ മലങ്കരസഭയിൽനിന്ന് പിരിഞ്ഞുമാറി റോമൻകത്തോലിക്കാ അധീശത്വം സ്വീകരിച്ച സുറിയാനിക്കാർക്ക് വിശേഷ അവസരങ്ങളിലും പെരുന്നാളുകളിലും ഉപയോഗിയ്ക്കുവാൻ റാസാ കുർബാന എന്ന ആഘോഷമായ ദിവ്യബലി ഉണ്ടായിരുന്നു. ചുരുങ്ങിയത് മൂന്നു കത്തനാർമാരും രണ്ട് ശെമ്മാശന്മാരും ചേർന്ന് നടത്തുന്ന ഈ സമൂഹബലിയുടെ വേരുകൾ പൗരസ്ത്യ കൽദായ സുറിയാനി ആരാധനാ പാരമ്പര്യത്തിലാണെങ്കിലും ഇന്ന് ആ സഭയിൽ അതിന്റെ ലക്ഷ്യങ്ങളൊന്നും ശേഷിച്ചിട്ടില്ല.

18-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ റോമാസുറിയാനിക്കാർ വിശേഷാവസരങ്ങളിൽ റാസാ കുർബാന പരക്കെ ഉപയോഗിച്ചിരുന്നുവെന്ന് വർത്തമാനപുസ്തകത്തിലെ '... ഇങ്ങനെ ഞങ്ങൾ അവിടെ ഉദയഗിരിയിൽ പാർത്തുവരുമ്പോൾ ചുരുക്കി ഒരു റാസായ്ക്കു മതിയാകുംവണ്ണം നാലു പട്ടക്കാരു ഞങ്ങൾ ഉണ്ടായിരിക്കകൊണ്ടു ... മരിച്ചുപോയ വലിയ കപ്പിത്താന്റെ ആത്മത്തെപ്രതി ഒരു റാസകുർവാന ചൊല്ലണമെന്നുംവെച്ചു...' എന്ന പാറമ്മാക്കൽ തൊമ്മൻ കത്തനാരുടെ പ്രസ്താവനയിൽനിന്ന് വ്യക്തമാകുന്നുണ്ട്.

റാസാ കുർബാനയ്ക്കു പകരം വയ്ക്കുവാൻ പാശ്ചാത്യസുറിയാനി ആരാധനാപാരമ്പര്യത്തിൽ സവിശേഷമായി ഒന്നുമില്ലായിരുന്നു. പുത്തൻക്രമം കാപ്പയിട്ടു കുറുവാന ചൊല്ലാൻ മലങ്കര പള്ളിയോഗം തീരുമാനിച്ചതോടെ റാസാ കുർബാനയ്ക്കു പകരം ആഘോഷമായ ഒരു കുർബാനശൈലി കണ്ടെത്തേണ്ടത് നിലനിൽപ്പിന്റെ പ്രശ്നമായിരുന്നു. പ്രത്യേകിച്ചും അന്നും പല പള്ളികളും ഇരുകൂട്ടരും സംയുക്തമായി അവകാശപ്പെട്ടിരുന്നതിനാൽ. ഈ സാഹചര്യത്തിലാവണം പാശ്ചാത്യസുറിയാനി തക്സായും ലത്തീൻകൂട്ടിച്ചേർക്കലായ ഉപത്രോണോസുകളും ഉപയോഗിച്ച് വി. മൂന്നിന്മേൽ കുർബാന രൂപപ്പെടുന്നത്.

18 - 19 നൂറ്റാണ്ടുകളിലെത്തിയ അന്ത്യോഖ്യൻമേൽപ്പട്ടക്കാർ വി. മൂന്നിന്മേൽ കുർബാനയെ നിരാകരിച്ചില്ല. മലങ്കരസഭയെ പൂർണ്ണമായും അന്തോഖ്യാവൽക്കരിക്കാൻ തീവ്രയജ്ഞം നടത്തിയ പ. പത്രോസ് ത്രിതീയൻ പാത്രിയർക്കീസിന്റെ വിശദമായ നടപടികളിലോ ദീർഘമായ കല്പനകളിലോ വി. മൂന്നിന്മേൽ കുർബാനക്കെതിരായ പരാമർശമൊന്നും കാണുന്നില്ല. അദ്ദേഹത്തിന്റെയും, അതിനു മുമ്പ് തികഞ്ഞ യാഥാസ്ഥിതികനായ മാർ യൂയാക്കീം കൂറിലോസിന്റെയും ശിഷ്യനായിരുന്ന പ. പരുമല തിരുമേനി അനേക തവണ വി. മൂന്നിന്മേൽ കുർബാനയിൽ മുഖ്യകാർമ്മികനായും സഹകാർമ്മികനായും പങ്കെടുത്തതിന് രേഖകളുണ്ട്.

വി. മൂന്നിന്മേൽ കുർബാന കൂടാതെ അഞ്ച്, ഏഴ്, ഒൻപത് ഇങ്ങനെ ഒറ്റ സംഖ്യകളിൽ വരുന്നരീതിയിലും വി. കുർബാന അർപ്പിക്കുക സാധാരണമാണ്. 1972-ൽ പ. മാർത്തോമ്മാ ശ്ലീഹായുടെ 19-ാം ചരമ ശതാബ്ദിയോടനുബന്ധിച്ച് കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വി. പത്തൊമ്പതിന്മേൽ കുർബാനയും അർപ്പിച്ചു. ഈ വിശേഷാവസരത്തിനുവേണ്ടി അന്നത്തെ മുഖ്യകാർമ്മികനായ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തയാറാക്കിയ 'വി. മാർ തോമ്മാ ശ്ലീഹായുടെ ക്രമം' എന്ന അനാഫുറയാണ് അന്ന് ഉപയോഗിച്ചത്.

എന്നാൽ 1970-കളിൽ വി. മൂന്നിന്മേൽ കുർബാനയ്ക്കെതിരായി സഭയിലെ ചില സ്ഥാനികളടക്കം അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുതുടങ്ങി. അതേസമയംതന്നെ, ഒന്നിലധികം പട്ടക്കാർ ചേർന്ന് ഒരു ത്രോണോസിൽ വി. കുർബാന അർപ്പിക്കുന്ന ഒരിനം സമൂഹബലിയും - വി. കുർബാനയുടെ ഓരോ ഭാഗം വ്യത്യസ്ത പട്ടക്കാർ ചൊല്ലുക - ചിലർ ആവിഷ്ക്കരിച്ച് ഏകപക്ഷീയമായി നടപ്പാക്കി. ഈ സഹചര്യത്തിൽ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഈ രണ്ട് വിഷയങ്ങളെപ്പറ്റിയും ആഴത്തിൽ പഠിക്കുകയും 1980 ഫെബ്രുവരി യോഗത്തിൽ താഴെ പറയുന്ന തീരുമാനം എടുക്കുകയും ചെയ്തു.

'ദീർഘകാലമായി മലങ്കരയിൽ നടന്നുവരുന്നതും പൊതുവേ സ്വാഗതംചെയ്തുവരുന്നതുമായ മൂന്നിന്മേൽ കുർബാന നിരുത്സാഹപ്പെടുത്തണമെന്നുള്ള അഭിപ്രായത്തോട് യോജിക്കുന്നതിനു തക്ക കാരണമൊന്നും കാണുന്നില്ലന്നും, രണ്ടിന്മേലും മൂന്നിന്മേലും അവയിൽ കൂടുതലിന്മേലും വൈദികർ ചേർന്ന് വി. കുർബാന ചൊല്ലുന്ന പതിവ് സഭയിലുണ്ടെന്നും, അത് സഭയുടെ അംഗീകരിക്കപ്പെട്ട സമൂഹബലിയായി ഇതേവരെ പരിഗണിക്കപ്പെട്ടിട്ടുണ്ടെന്നും, ഒന്നിൽ കൂടുതൽ വൈദികർ ചേർന്ന് സമൂഹബലിയെന്ന പേരിൽ ഒറ്റ കുർബാന ചൊല്ലുന്നതും ഇപ്പോൾ ചിലടത്തെല്ലാം നടത്തിവരുന്നതുമായ രീതിക്ക് അംഗീകാരം കിട്ടിയിട്ടില്ലെന്നും പ. സുന്നഹദോസ് അഭിപ്രായപ്പെട്ടു.'

മേല്പറഞ്ഞപ്രകാരമുള്ള സമൂഹബലിയെസംബന്ധിച്ച് പ. സുന്നഹദോസ് സുചിന്തിതമായി തീരുമാനമെടുക്കുന്നതുവരെ മേല്പട്ടക്കാരും പട്ടക്കാരും ആ രീതിയിലുള്ള സമൂഹബലി നടത്തെരുതെന്നും തീരുമാനിച്ചു.

വി. മൂന്നിന്മേൽ കുർബാന - സമൂഹബലി സംവാദത്തിൽ ഈ ലേഖകൻ കാണുന്ന ഏറ്റവും പ്രധാനപ്പെട്ട രണ്ടു പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. വി. മൂന്നിന്മേൽ കുർബാനയിൽ മൂന്നു പട്ടക്കാരും തൂയോബോ മുതൽ ഹൂസോയോ അടക്കം യാത്രാമൊഴിവരെയുള്ള ശുശ്രൂഷകൾ പൂർണ്ണമായും നടത്തുന്നുണ്ട്. സമൂഹബലിയിൽ ഇവ വ്യത്യസ്ഥ പട്ടക്കാരാണ് നടത്തുന്നത്. ഇവിടെ വി. കുർബാനയുടെ ചാക്രികത ആരും പൂർത്തികരിക്കുന്നില്ല.

പാശ്ചാത്യസുറിയാനി തക്സാ ഉപയോഗിച്ച് വി. കുർബാന അർപ്പിക്കുമ്പോൾ പാശ്ചാത്യസുറിയാനി ആരാധനാശാസ്ത്രപ്രകാരം ഈ അപൂർണ്ണത ശരിയാണോ എന്ന് പരിശോധിക്കണം. അനിവാര്യവും അടിയന്തിരവുമായ സാഹചര്യങ്ങളിൽ മാത്രമാണ് ഒരു പട്ടക്കാരൻ ആരംഭിച്ച വി. കുർബാന മറ്റൊരു പട്ടക്കാരൻ പൂർത്തികരിക്കാൻ സഭ അനുവദിക്കുന്നത് എന്ന വസ്തുതയും ഇവിടെ ഗൗരവമായി പരിഗണിക്കണം.

2. വി. മൂന്നിന്മേൽ കുർബാന മലങ്കരയിലെ ചരിത്രപരമായ ഒരു വികസനമാണ്. അതിൽ വേദശാസ്ത്രപരമായ തെറ്റൊന്നും സഭാപിതാക്കന്മാരോ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസോ കണ്ടെത്തിയിട്ടില്ല. മറ്റേതൊരു പുരാതനസഭയേയും പോലെ സ്വന്തമായ ആരാധനാശൈലി വികസിപ്പിച്ചെടുക്കാൻ മലങ്കരസഭയ്ക്കും അവകാശവും അധികാരവുമുണ്ട്. അതു തെറ്റെന്നു പറയാനോ വേണ്ടെന്നു വയ്ക്കാനോ സമകാലികർക്ക് അവകാശമില്ല.

വി. മൂന്നിന്മേൽ കുർബാനയ്ക്കെതിരായി 'ഒരേ അപ്പത്തിന് അവകാശികൾ ആകുന്നില്ല' എന്ന് തുടങ്ങിയ എതിർവാദങ്ങൾ ഉന്നയിക്കുന്നവർക്ക് മഹാനായ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ നൽകിയ മറുപടിയാണിവിടെ പ്രസ്ക്തം. '... (ഈ പറയുന്ന രീതിയിൽ വ്യാഖ്യാനിച്ചാൽ) എല്ലാ ഞായറാഴ്ചയും നാം ദേവലോകത്ത് കുർബാന ചൊല്ലി എല്ലാ പള്ളിയിലേക്കും കൊടുത്തയയ്ക്കേണ്ടി വരും. മറ്റാർക്കും അന്ന് ചൊല്ലാനാവില്ല. ഒന്നിലധികം അമ്മീറയും ഉപയോഗിക്കാൻ സാദ്ധ്യമല്ല. ഒരേ അപ്പത്തിന് അവകാശി എന്നാൽ അർത്ഥം അതല്ല. ലോകത്തെവിടെയും ഏതു വൈദികനും അർപ്പിക്കുന്ന വി. കുർബാന ഏതു വിശ്വാസിക്കും അനുഭവിക്കാൻ തക്കവിധം സഭകളെല്ലാം വി. കുർബാനസംസർഗത്തിലെത്തണമെന്നാണ്. ...'

## അദ്ധ്യാത്മികസംഘടനകളുടെ അദ്ധ്യക്ഷനായ വൈദികൻ: എന്റെ സങ്കൽപ്പം

**പി.തോമസ്, പിറവം**

വൈജ്ഞാനികതലത്തിലുള്ള ചിന്തകളല്ല, ഞാൻ ഇഷ്ടപ്പെടുന്ന വൈദികൻ എങ്ങനെയുള്ള ആളായിരിക്കണമെന്നതാണ് ഞാൻ ഇവിടെ വെളിപ്പെടുത്തുന്നത്. ക്രൈസ്തവ മതതത്ത്വങ്ങളുടെയോ വിശ്വാസപ്രമണങ്ങളുടെയോ ബൈബിളിന്റെയോ വേദശാസ്ത്രചിന്തകളുടെയോ അടിസ്ഥാനത്തിലുള്ള സൈദ്ധാന്തിക ചിന്തകളല്ല, ചുവടെ കുറിക്കുന്ന എന്റെ മോഹങ്ങളും പ്രതീക്ഷകളും.

### വൈദികരെപ്പറ്റിയുള്ള പ്രതീക്ഷ

എന്നെപ്പോലുള്ള അന്മേനികൾ ജീവിതത്തിൽ പ്രയോഗത്തിൽ വരുത്താത്ത ഒരു മാതൃകാജീവിതം പട്ടക്കാരിൽ പ്രതീക്ഷിക്കും. ചിറകു വെട്ടി കുപ്പായമിടുവിച്ച മാലാഖമാരെപ്പോലെ അച്ചന്മാർ ആയിരുന്നാൽ കൊള്ളാമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. ഞങ്ങളുടെതന്നെ ബലഹീനതകൾ വൈദികരിൽ കാണുന്നത് ഞങ്ങൾക്കസഹ്യമാണ്.

വൈദികർക്കും അന്മേനികളെപ്പറ്റി ചില സങ്കൽപ്പങ്ങൾ ഉണ്ടാകും. മാതൃകാക്രൈസ്തവജീവിതം നയിക്കുന്ന ഉത്തമ ഇടവകാംഗങ്ങളുടെ അഭാവമാണ് തങ്ങളുടെ പ്രവർത്തനവിജയത്തിനു വിലങ്ങുതടിയെന്ന് അവർ വിലപിച്ചേക്കാം. ഇവിടെ സങ്കൽപ്പവും യാഥാർത്ഥ്യവും തമ്മിൽ ഏറ്റുമുട്ടലുണ്ട്. ആശയതലവും പ്രായോഗികതലവും ഭിന്നമാണ്. എന്നാലും നേതൃത്വരംഗത്ത് ഒരു മാതൃകയില്ലെങ്കിൽ ഇച്ഛാഭംഗവും നിഷേധാത്മകസമീപനവും ഉണ്ടായാൽ അദ്ഭുതമില്ല. തിരുവചനഭാഷ്യം പരമ്പരയിൽ തീമൊത്തിയോസ് തീത്തോസ് ഫിലെമോൻ ലേഖനങ്ങളുടെ വ്യാഖ്യാനം അവതരിപ്പിക്കുമ്പോൾ ബ. ടി.ജെ.ജോഷ്വാ അച്ചൻ ഇങ്ങനെ കുറിച്ചു: 'സഭാസമൂഹങ്ങളുടെ സുസ്ഥിതിയും വളർച്ചയും നിലനിൽപ്പുമെല്ലാം അജപാലകരുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇടവകകൾ ആത്മീയമായി മുരടിക്കുന്നതിന്റെ കാരണം പ്രധാനമായും അവരുടെ അലസതയും നിഷ്ക്രിയത്വവുമാണ്. അബദ്ധോപദേശങ്ങൾ പ്രചരിക്കുന്നതിന്റെ കാരണവും വേറെ ആരായേണ്ടതില്ല.'

### വൈദികന്റെ ധർമ്മങ്ങൾ

ഞായറാഴ്ചകളിലോ ദിവസംതോറുമോ ഉള്ള വിശുദ്ധ കുർബ്ബാനയും ആണ്ടിൽ രണ്ടോ മൂന്നോ പെരുന്നാളുകളും ഊട്ടുകളും നേർച്ചകളും ഭണ്ഡാരവും അതിന്റെ വരവുചെലവുകളും അവയുടെ കൈകാര്യങ്ങളുമൊക്കെയായി ഈ സഭ നിലനിന്നു; നിലനിൽക്കയും ചെയ്തേക്കാം. ഇതിനു പുറമേ പട്ടക്കാർക്കും അന്മേനിമാർക്കും വല്ല ചുമതലയുമുണ്ടോ എന്ന് പലരും ചിന്തിച്ചേക്കും. സഭയുടെ ആരോഗ്യകരമായ നിലനിൽപ്പിനും വളർച്ചക്കും മേൽപ്പറഞ്ഞവയൊക്കെ മതിയെന്ന മട്ടിൽ യാഥാസ്ഥിതികതയുടെ ആചാര്യന്മാരായി കാലം കഴിക്കുന്ന വൈദികൻ എന്റെ സങ്കൽപ്പത്തിലുള്ളയാളല്ല. അതുകൊണ്ട് ആരാധനയ്ക്കും ദേവാലയശുശ്രൂഷകൾക്കും അപ്പുറമുള്ള വൈദികന്റെ ധർമ്മത്തെക്കുറിച്ചുള്ള എന്റെ എളിയ ചിന്തകളാണ് വെളിപ്പെടുത്തുന്നത്.

പുരോഹിതന് സഭ കേവലം ഒരു സ്ഥാപനമല്ല; ഒരു കാര്യാലയവുമല്ല. ക്രിസ്തുവെന്ന തലയോളം വളരേണ്ട, വളർത്തേണ്ട ക്രിസ്തുശരീരാംഗങ്ങളുടെ സമൂഹമാണെന്ന ബോധം പട്ടക്കാരനുണ്ടായിരിക്കണമെന്നാണ് ഞാൻ കരുതുന്നത്. കൗദാശികാനുഷ്ഠാനങ്ങളും ഭരണഘടനാനുസൃതമായ പ്രവർത്തനങ്ങളും

കൊണ്ടുമാത്രം ജനങ്ങളുടെ അർത്ഥവത്തായ സഭാജീവിതം യാഥാർത്ഥ്യമാകയില്ല. 'ക്രിസ്തുവിൽ സഭാംഗങ്ങൾ ഒരുമിക്കുന്ന കൂട്ടായ്മ' നടത്തണം; നടക്കണം. ചട്ടപ്രകാരം ഉള്ള 'കൂട്ടൽ' ഔപചാരികമാകും. അവിടെ ജീവനും ജീവിതവും കാണുകയില്ല. സഭാസംസർഗ്ഗത്തിൽ നിന്ന് ഒരംഗം വിട്ടുപോയാൽ 'പോനാൽ പോകട്ടും; പോടാ' എന്ന് നിസംഗതയോടെ വീക്ഷിക്കുന്ന വൈദികൻ എന്റെ മാതൃകാനായകനല്ല. ഓരോരുത്തരെപ്പറ്റിയും വ്യക്തിപരമായ കരുതലുള്ളയാളാകണം എന്റെ വൈദികൻ.

**അദ്ധ്യാത്മികസംഘടനാപ്രവർത്തനങ്ങൾ**

അദ്ധ്യാത്മികസംഘടനാപ്രവർത്തനത്തിലൂടെ ഇടവകയിലെ സഭാംഗങ്ങൾക്ക് ക്രിസ്തുവിന്റെ പ്രേഷിതദൗത്യത്തെക്കുറിച്ച് ബോദ്ധ്യമുണ്ടാക്കുന്ന പുരോഹിതനാണ് എന്റെ സങ്കൽപ്പത്തിലെ വൈദികൻ. ദൗത്യബോധമുള്ള സഭാംഗങ്ങളിലൂടെയാണ് ഇടവകയുടെ വളർച്ചയുണ്ടാവുക. ഇത്തരം ഇടവകയിൽ ഭരണസമിതിയും വികാരിയും അദ്ധ്യാത്മികസംഘടനകളും തമ്മിൽ ഭിന്നതയുണ്ടാവില്ല. കാരണം സാക്ഷ്യവും ദൗത്യവും സംബന്ധിച്ച കാഴ്ചപ്പാടിന്റെ വ്യത്യാസംകൊണ്ടാണ് ഭിന്നത ഉടലെടുക്കുന്നത്. സഭാതൗത്യവും കാഴ്ചപ്പാടുകളും ബന്ധപ്പെട്ടവർക്കെല്ലാം ഒന്നുതന്നെയെങ്കിൽ ഭിന്നതയ്ക്ക് അവസരമെവിടെ?

**ശുശ്രൂഷയിൽ വ്യാപരിക്കണം**

അച്ചൻ ശ്രേഷ്ഠനാണ്, യജമാനനാണ്. നിലയും വിലയുമുള്ളയാൾ. അധികാരവുമുണ്ട്. ഭരണാധികാരം ആകർഷണീയമാണ്. എന്നാൽ ഭാവിക്കേണ്ടതിനു മീതേ ഭാവിച്ചുയരാതെ ശുശ്രൂഷയിൽ വ്യാപരിക്കണം (റോമ. 12:3). ദൈവത്തിന്റെ സഭയിൽ നിഷ്കാമമായി പ്രതിഫലേച്ഛയില്ലാതെ സേവനംചെയ്യുന്നവരുണ്ടാകും. പല അവയവങ്ങൾ; പല പ്രവൃത്തി. അവരെ 'ഭരിക്കു'മ്പോൾ 'ശുശ്രൂഷ'യുടെ ചുമതലയിലാണെന്നത് മറക്കരുത്.

വൈദികന് സമൂഹത്തിൽ പദവിയും ഉന്നതസ്ഥാനവുമൊക്കെ ഇന്നു ലഭ്യമാണ്. ക്ഷണിച്ച് മാന്യസ്ഥാനത്തിരുത്തി പ്രശംസയിൽ പൊതിയുന്നതു കാത്തിരിക്കുന്നയാളല്ല, എന്റെ മനസ്സിലെ വൈദികൻ. 'ഞാനറിഞ്ഞില്ല; എന്നോടൊന്നും പറഞ്ഞില്ല' എന്ന് പരിഭവവുമായി ഒഴികഴിവ് പറഞ്ഞ് ഇടവകശുശ്രൂഷയിൽ പുറംതിരിഞ്ഞു നിൽക്കുകയുമില്ല, എന്റെ സ്വപ്നത്തിലെ പുരോഹിതൻ. ആടുകളെ ശുശ്രൂഷിക്കുന്നതിലൂടെയാണ് യഥാർത്ഥമഹത്ത്വം ആർജ്ജിക്കേണ്ടതെന്ന് അദ്ദേഹത്തിനറിവുണ്ടാകും. അദ്ധ്യാത്മിക സംഘടനാപ്രവർത്തനങ്ങൾക്ക് വേണ്ട നേതൃത്വം നൽകേണ്ടത് തന്റെ പ്രഥമചുമതലയാണ് എന്ന ബോധമുള്ള വൈദികനാണ് എന്റെ മനസ്സിലുള്ളത്. അന്മേനികൾക്ക് അപ്പപ്പോൾ വേണ്ട നിർദ്ദേശങ്ങൾ അദ്ദേഹം നൽകി, അവരെ പ്രവർത്തനങ്ങളിൽ സജ്ജീവരാക്കും. അദ്ധ്യാത്മികസംഘടനാപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പള്ളിയിൽ സമയം ചെലവഴിച്ചിട്ട് വീട്ടിൽ ചെന്നപ്പോൾ അച്ചനോട് ബസ്ക്യാമ ചോദിച്ചത്രേ, 'ഈ അച്ചനു മാത്രമേ പള്ളിയുള്ളോ, സദാസമയവും അവിടെ പൊരുന്നിയിരിക്കാൻ' എന്ന്. ബസ്ക്യാമയുടെ നോട്ടത്തിൽ കുടുംബത്തോടാണ് അച്ചന്റെ പ്രാഥമിക ഉത്തരവാദിത്വം. ദൈവത്തോടും സഭയോടുമാണ് പ്രഥമികോത്തരവാദിത്തമെന്ന് കരുതുന്നവരുമുണ്ട്. കൈവെപ്പിന്റെ ശുശ്രൂഷയിൽ അങ്ങനെ ഉദ്ബോധിപ്പിക്കുമല്ലോ. ഏതായാലും കുടുംബചുമതലകളും സഭാസംബന്ധമായ കർമ്മ ധർമ്മങ്ങളും കോട്ടംതട്ടാതെയും ഏറ്റുമുട്ടാതെയും കൊണ്ടുപോകേണ്ട 'ഞാണിന്മേൽ കളി'യിൽ വൈദികൻ വൈദഗ്ദ്ധ്യം നേടേണ്ടതുണ്ട്.

**പട്ടക്കാരന്റെ കുടുംബം**

പട്ടക്കാരൻ പൊതുവിനു വേണ്ടി രാജാവും പുരോഹിതനും പ്രവാചകനുമായി അഭിഷിക്തനാണ്. കിരീടം ധരിപ്പിക്കപ്പെട്ടവനാണ്. പൊതുവിന്റെ ആളാണ് ഇടയൻ. പൊതുകാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുമ്പോൾ ഗൃഹകാര്യം ചിലപ്പോൾ അപ്രധാനമായിപ്പോയേക്കും. കുടുംബാംഗങ്ങൾ ഈ പരിമിതി ഉൾക്കൊള്ളേണ്ടതുണ്ട്. ഇടയൻ വേർതിരിക്കപ്പെട്ടവനായി (Set apart) - വിശുദ്ധനായി - നിലനിൽക്കാൻ കുടുംബാംഗങ്ങൾക്ക് ഒരു നല്ല പങ്കുണ്ട്. ബസ്ക്യാമയും മക്കളുമെല്ലാം വേർതിരിക്കപ്പെട്ട പട്ടക്കാരന്റെ വ്രതനിഷ്ഠകളിൽ ലോകസാധാരണതയെന്ന വെള്ളം ചേർക്കുവാൻ തുനിയരുത്. വിശുദ്ധരുടെ സംഘത്തിലേ വിശുദ്ധിയിൽ നിലനിൽക്കാനാവൂ. കുടുംബാന്തരീക്ഷം വിശുദ്ധമായും വേർതിരിക്കപ്പെട്ടതായും നിലനിർത്തുവാൻ അവരും സഹായിക്കണം. ആരാധനയും മറ്റ് ഭക്ത്യഭ്യാസങ്ങളും എളിയ വിശ്വാസിക്ക് ഉതപ്പ് ആകാതെ സൂക്ഷിക്കണം. പട്ടക്കാരന്റെ കുടുംബത്തോട് അടുക്കുന്നവർക്ക് 'അച്ചനായാൽ ഇങ്ങനെയൊക്ക മതി' എന്ന ധാരണയുണ്ടാകുംവിധമാകരുത് പെരുമാറ്റങ്ങൾ. മറ്റുള്ളവർക്ക് കറലമഹ ഉമാശഹ്യ ആയി വർത്തിക്കണം.

വൈദികവൃത്തിയിലേക്ക് വരുന്നവർ ഇന്നുള്ള വൈദികരെ മാതൃകയാക്കുമെന്നതിനാൽ നല്ല മാതൃക അവർക്ക് കാണിച്ചുകൊടുക്കണം. സെമിനാരിയിലെ മാതൃകാവിദ്യാർത്ഥികൾ പോലും ഇടവകയിലെത്തുമ്പോൾ പഴയ വല്യച്ചന്മാരുടെ ആശാസ്യമല്ലാത്ത നടപടികൾ അനുകരിക്കുന്നത് ബാല്യകാലത്ത് അവരുടെ തലച്ചോറിൽ രേഖപ്പെടുത്തപ്പെട്ട മാതൃക അപ്രകാരമായതിനാലാവാം.

വൈദികരുടെ മക്കളുടെ കാര്യത്തിൽ ഞങ്ങളുടെ മക്കൾക്കില്ലാത്ത ചില പരിധികൾ ഞങ്ങൾ വയ്ക്കും. അച്ചന്റെ മകനല്ലേ, മകളല്ലേ; അവർക്ക് ഇങ്ങനെയൊക്കെ ആകാമോ എന്നാവും ചോദ്യം. ആ പരിവേഷം അവർക്ക് ലോകപ്രകാരം ഭാരമായി തോന്നും. എന്നാലും അനേകരുടെ ടശാുഹല ഉമശവേ നശിക്കാനിട

വരുത്തരുത് (1 കൊരി. 8:12, 13). ഞാനാര്; ആരുടെ സന്തതിയാണ്; എന്നതെല്ലാം പരിഗണിച്ച് ആ ഭാരം ദൈവത്തിനായി ചുമക്കുക.

**പക്വത**

കശ്ശീശാ - മൂപ്പൻ - മൂപ്പുള്ളവനാണ്. മൂപ്പ് പാകം വരുന്നതാണ്. പ്രായംകൊണ്ടല്ല, പാകമാകുന്നതുകൊണ്ട്. പാകം പക്വതയാണല്ലോ. ഇളപ്പത്തിന്റെ ഇളക്കം വേണ്ട. ഇരുത്തം വരണം. മൂത്തതേ കുരുക്കൂ; കരുപ്പിക്കൂ. സമചിത്തത വരണം വൈദികന്. കേട്ടതു വച്ചു മാത്രമാകരുത് തീരുമാനങ്ങളെടുക്കുന്നത്. ലഭ്യമായ വിവരം ലഭ്യമാക്കിയവന്റെ സ്വാർത്ഥതാൽപ്പര്യാനുസരണമായിരിക്കാം. മുഴുവൻ കേട്ടു മനസ്സിലാക്കി അറിഞ്ഞ് തെറ്റിദ്ധാരണയ്ക്ക് വശംവദനാകാതെ പക്ഷപാതരഹിതമായി വേണം തീരുമാനങ്ങൾ ചെയ്യുവാൻ.

നേതാവ് നേതൃശക്തി ആർജ്ജിക്കേണ്ടതാണ്. അതിന് പക്വതയും കഴിവും അത്യാവശ്യമാണ്. ഉത്തമഗുരുവിന്റെ സ്ഥാനമാണ് കശ്ശീശായ്ക്കുള്ളത്. ഭരണകർത്താവ് എന്ന Role ആകർഷണീയമാണ്. അതിന്റെ അതിരു കടന്ന പ്രയോഗം ഗുരുസ്ഥാനത്തെ ക്ഷീണിപ്പിക്കും.

**എണ്ണ നിറയ്ക്കുക**

മറ്റുള്ളവരുടെ മുമ്പിൽ നിരന്തരം പ്രകാശിച്ചിരിക്കുവാൻ, കത്തിത്തീരുന്നതനുസരിച്ച് എണ്ണ നിറച്ചുകൊണ്ടിരിക്കണം. ഇല്ലെങ്കിൽ തിരി കെടും. പിന്നെ ഇരുളാകും ഫലം; തനിക്കും കൂടെയുള്ളവർക്കും. ഇക്കാര്യങ്ങൾ മനസ്സിൽ സൂക്ഷിക്കേണ്ടവനാണ് ആചാര്യൻ. ആചാര്യൻ - ഗുരു - പഠിപ്പിക്കേണ്ടത് യേശുക്രിസ്തുവിന്റെ സുവിശേഷം തന്നെ. അത് സനാതനമാണ്. എന്നാൽ, അതുതന്നെ കാലാനുസൃതം ജീവിത സാഹചര്യങ്ങളുമായിണക്കി ആവിഷ്കരിച്ചാലേ ഉള്ളിൽ തട്ടൂ. നിരന്തരമായി സ്വീകരിച്ചും നവീകരിച്ചും കൊണ്ടിരുന്നാലേ അത് ദാനം ചെയ്യുവാനാകൂ. കിട്ടിയതും സ്വാംശികരിച്ചതുമേ വിതരണം ചെയ്യുവാനാകൂ. സെമിനാരിപഠനകാലത്തെ പഴയ പ്രസംഗക്കുറിപ്പുകൾ ഒരു സ്ഥലത്ത് ഒരു വട്ടമേ ഉപയോഗക്ഷമമായിരിക്കൂ. പ്രസംഗം ആവർത്തിക്കപ്പെടുന്നത് ഒരുപക്ഷേ ജനത്തിന്റെ ഓർമ്മക്കുറവിന്റെ മറവിൽ ശ്രദ്ധിക്കപ്പെടാതെ പോയേക്കാമെങ്കിലും.

**നടപ്പുകൾ**

പുരോഹിതൻ മുമ്പേ നടക്കുന്നവനും വഴികാണിച്ചുകൊണ്ട് നടക്കേണ്ടവനുമാണല്ലോ. അതിനാൽ അദ്ദേഹം ശരിയായ വഴിയിലൂടെ മാതൃകാപരമായി നടന്നേ പറ്റൂ. പറയുന്നവ പ്രവൃത്തിയിലുള്ളവനായിരിക്കണം. വാക്കുകളല്ല, പോക്കുകളാവും അനുകരിക്കപ്പെടുക (1 യോഹ. 2:6). ഇങ്ഗ്ലീഷ് മീഡിയം അല്ല സൺഡേസ്കൂളെന്ന ന്യായം പറഞ്ഞ് മക്കളെ സൺഡേസ്കൂളിൽ വിടാത്ത സൺഡേസ്കൂളിന്റെ പ്രഡിഡണ്ടായ വികാരി എന്റെ മാതൃകാപുരുഷനല്ല. സ്വന്തം മക്കളെ യുവജനപ്രസ്ഥാനത്തിലോ പ്രാർത്ഥനായോഗത്തിലോ അയയ്ക്കാത്ത അവയുടെ പ്രസിഡണ്ടായ കത്തനാർ ഒരു മാതൃകാപുരുഷനല്ലല്ലോ. ബസ്ക്യാമ്മയെ അടുക്കളയിൽ തളച്ചിടുന്ന അച്ചൻ വിളിച്ചുപറഞ്ഞാൽ ഞാനെന്റെ ഭാര്യയെ വനിതാസമാജപ്രവർത്തനത്തിനു വിടാൻ ഒരുവട്ടം കൂടി ആലോചിച്ചുപോകും!

**'ഭരണം വിഭജിക്കുക'**

ഏത് ഇടവകപ്രവർത്തനത്തിനും വൈദികൻ ഉണ്ടായിരിക്കണമെന്നാണ് പൊതുവേ കാണുന്ന രീതി. വൈദികന്റെ അസാന്നിദ്ധ്യത്തിൽ അദ്ധ്യാത്മികപ്രവർത്തനങ്ങൾ നടത്താനാവാത്ത സ്ഥിതിയാണ്. വൈദികനെ വേണ്ടുംവിധം നേതൃത്വത്തിനു ലഭ്യമല്ലെന്ന് ഒരു വശം. അന്മേനികൾ വേണ്ടത്ര പിന്തുണയും നേതൃത്വവും നൽകുന്നില്ല എന്ന പരാതി മറുവശം. എന്റെ സങ്കൽപ്പത്തിലെ കത്തനാർ തന്നെക്കാൾ ഏതും കുറവുള്ളവരായി അന്മേനികളെ കാണുകയില്ല. ക്രിസ്തുവിൽ തുല്യകൃപയ്ക്ക് അവകാശികളായി അവരെ ബഹുമാനിക്കും. എല്ലാ ചുമതലകളും തന്നിലേയ്ക്കൊതുക്കാതെ തന്റെ അസാന്നിദ്ധ്യത്തിലും അദ്ധ്യാത്മികപ്രസ്ഥാനങ്ങൾക്ക് പക്വവും ഫലപ്രദവുമായ നേതൃത്വം നൽകുവാൻ ആളുകൾ ഉണ്ടാകുംവിധം സഭയുടെ കെട്ടുപണിക്കായി പ്രവർത്തകരെ കണ്ടെത്തി പ്രയോജനപ്പെടുത്തും. അതിനായി പ്രവർത്തകരെ സജ്ജമാക്കും. തന്റെ ചുമതലയാണ് പ്രവർത്തകർ പങ്കിട്ടെടുത്ത് തന്നെ സഹായിക്കുന്നതെന്ന് അദ്ദേഹം കരുതും. യിത്രോ മോശയ്ക്കു നൽകിയ ഉപദേശം (പുറ. 18: 18–22) അദ്ദേഹം എപ്പോഴും ഓർമ്മിക്കും. 'വിഭജിച്ചു ഭരിക്കുക' (Divide and rule) എന്നല്ല, 'ഭരണം വിഭജിക്കുക' ( Divide the rule) എന്നാണ് ഇവിടത്തെ തത്ത്വം. സഭയുടെ കെട്ടുപണി കൂട്ടായ യത്നമാണ്. പങ്കാളിത്തം നൽകിയേ വളർച്ചയുണ്ടാക്കാനാവൂ. ഇല്ലെങ്കിൽ തനിയേ ഭാരം വഹിച്ച് തളർന്നു പോയേക്കും. സമർത്ഥരും വിശ്വസ്തരുമായവരെ സഭാശുശ്രൂഷയ്ക്കായി കണ്ടെത്തുകയും പരിശീലിപ്പിക്കുകയും ചുമതലപ്പെടുത്തുകയും ചെയ്യുന്നത് സഭയുടെ കടമ തന്നെയാണ് (2 തീമൊ. 2:2).

വ്യക്തിപരമായ ബന്ധങ്ങളിലൂടെ നേതൃത്വസാദ്ധ്യതയുള്ള പ്രവർത്തകരെ കണ്ടെത്തി അവരെ അദ്ധ്യാത്മികപ്രവർത്തനങ്ങളുടെ ചുമതല നൽകി ഉപയോഗിക്കണം, വൈദികൻ. ഇവിടെ അന്മേനിമാർതന്നെ തടസ്സം ഉണ്ടാക്കിയേക്കാം. മറ്റുള്ളവരോടു ബഹുമാനമില്ലാത്ത, തങ്ങളിൽകഴിഞ്ഞ് ആരുമില്ലെന്ന് കരുതുന്ന ഇക്കൂട്ടർ പറയും: 'അച്ചൻ പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ ഞങ്ങൾ സഹകരിക്കാം.

കണ്ടവരെയൊന്നും ഇക്കാര്യങ്ങൾ ഏൽപ്പിക്കരുതേ.' പരസ്പരാശ്രയത്തിന്റെയും അന്യോന്യസഹകരണത്തിന്റെയും സന്ദേശം ഇവിടെ പ്രാവർത്തികമാക്കണം. പൊതുവിന്റെ നന്മയ്ക്കും പ്രയോജനത്തിനുമായി ഓരോരുത്തരുടെയും താലന്തുകളുടെ യഥാർത്ഥവിനിമയത്തിന് ഇവിടെ ബോധവത്കരണം വേണ്ടിവരും. എല്ലാവർക്കും പങ്കാളിത്തമുള്ളിടത്തേ ആത്മാർത്ഥസഹകരണവും തദ്വാരാ പുരോഗമനവും വരൂ.

ഒരിടത്ത് നോമ്പുകാലം മുഴുവനും സൺഡേസ്കൂളിൽവച്ച് കഷ്ടാനുഭവനമസ്കാരത്തിന്റെ ഗീതങ്ങൾ പഠിപ്പിച്ചു. ഏറ്റവും പുതിയതും പ്രചാരമുള്ളതുമായ നമസ്കാരക്രമത്തിൽ നിന്നായിരുന്നു പരിശീലനം. കഷ്ടാനുഭവാഴ്ച വന്നപ്പോൾ അച്ചൻ തുടങ്ങിക്കൊടുത്ത ഗീതഭാഗങ്ങളൊന്നും ആരാധനയ്ക്ക് എത്തിയവർക്ക് തങ്ങൾ വർഷങ്ങളായി ഉപയോഗിച്ചു വന്ന പുസ്തകത്തിൽ കണ്ടെത്താനായില്ല. (അദ്ദേഹം വർഷങ്ങൾക്കു മുമ്പ് സെമിനാരിയിൽ പഠിച്ചിരുന്നപ്പോൾ കൈവശപ്പെടുത്തിയ പഴയ പുസ്തകമാണുപയോഗിച്ചത്. അതിൽ സുറിയാനി എക്കാറാഗീതഭാഗം എഴുതിവച്ചിരുന്നു.) സൺഡേസ്കൂളുകാരും യുവജനപ്രസ്ഥാനക്കാരുമെല്ലാംകൂടി സന്ധ്യനമസ്കാരാനന്തരം അച്ചനെ സമീപിച്ച് നിലവിൽ അവിടെ ഉപയോഗിച്ചു വന്ന പുസ്തകംതന്നെ ഉപയോഗിക്കണമേയെന്ന് അപേക്ഷിച്ചു. ഒന്നിടവിട്ട പദ്യഖണ്ഡികകൾ നിങ്ങളുടെ പുസ്തകത്തിൽ നിന്ന് ചൊല്ലിക്കൊള്ളാനായിരുന്നു അച്ചൻ കനിഞ്ഞ് അനുവദിച്ച സൗജന്യം. ഇവിടെ വൈദികൻ സഹകരിക്കുകയോ വളർത്തുകയോ ചെയ്തുവെന്ന ബോദ്ധ്യം എനിക്കില്ല. കാലാനുസൃതമായ പരിവർത്തനത്തിന് ഒരുങ്ങാതെ ഉടുമ്പിനെപ്പോലെ പിടിച്ച പിടിയിൽ ഉറച്ചയാളായിരുന്നു അദ്ദേഹം.

**വിമർശനങ്ങൾ**

ആത്മിയസമൂഹസംഘാടകനായ വൈദികൻ വിമർശനങ്ങൾ കേൾക്കുവാനും ഉൾക്കൊള്ളുവാനും മനസ്സുള്ളവനാവണം. തന്നെപ്പറ്റിയുള്ള വിമർശനം പോലും തുറന്ന മനസ്സോടെ കേൾക്കുവാൻ അദ്ദേഹം തയ്യാറാകണം. വിമർശനങ്ങൾ അരോചകമായി കരുതുകയും, തന്നെ അനുസരിച്ചുകൊണ്ടാൽ മതി എന്ന മനോഭാവം നിലനിർത്തുകയും ചെയ്യുന്ന വികാരി സഭാസമൂഹത്തിന് പ്രയോജനമുള്ളവനായിരിക്കില്ല എന്നാണെന്റെ ചിന്ത. വിമർശനം കേൾക്കാനുള്ള ഭാഗ്യം അധികാരികൾക്ക് ഉണ്ടാകേണ്ടതുണ്ടെന്നാണ് ഞാൻ കരുതുന്നത്. ക്രിയാത്മകവിമർശനങ്ങൾ തിരുത്തലിനും വളർച്ചയ്ക്കും സഹായകമാണ്. വിമർശനങ്ങളും സദുദ്ദേശ്യപരമായ നിർദ്ദേശങ്ങളും അവഗണിക്കുന്ന അധികാരികളാണ് ഏതു രംഗത്തും ക്രമേണ അധഃപതിക്കുന്നത്.

**താരതമ്യം**

എന്റെ സ്വപ്നത്തിലെ നായകൻ തന്റെ പ്രവർത്തനങ്ങളെ തന്നോടുതുല്യമോ തന്നിലും കുറവായോ അദ്ധ്യാത്മികപ്രവർത്തനങ്ങൾ നടത്തുന്നവരുമായിട്ടല്ല, താരതമ്യം ചെയ്ത് സംതൃപ്തിയടയുക. തന്നിലും മെച്ചമായി പ്രവർത്തിക്കുന്നവരോടു മാത്രമേ അദ്ദേഹം തന്നത്തന്നെ തുലനം ചെയ്യുകയുള്ളൂ.

**സൺഡേസ്കൂൾ**

സൺഡേസ്കൂളിലെ അദ്ധ്യാപകർക്കും കുട്ടികൾക്കും പ്രധാന സന്ദർഭങ്ങളിലെങ്കിലും മുഖം കൊടുക്കുന്ന ആളാകണം ആ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടായ വികാരി. അദ്ധ്യാപകരോ കുട്ടികളോ വിട്ടുപോകുന്നുണ്ടെങ്കിൽ അത് പ്രസിഡണ്ടറിയും; അറിയണം. അവരെ തിരികെ വരുത്തുവാൻ വേണ്ടതു ചെയ്യും. അനിവാര്യസാഹചര്യങ്ങളിൽ വിട്ടുപോകുന്ന അദ്ധ്യാപകർക്കു പകരം ആളെ കണ്ടെത്തുവാൻ കൂട്ടായ ശ്രമത്തിന് അദ്ദേഹം നേതൃത്വം നൽകും. കുടുംബസന്ദർശനങ്ങൾ അദ്ധ്യാപകരെയും കുട്ടികളെയും വലിച്ചടുപ്പിക്കുന്ന അവസരമാക്കും. അമ്മേനിയുടെ മിഷൻരംഗമാണ് സൺഡേസ്കൂൾ എന്ന അവബോധം അവർക്കുണ്ടാക്കും.

**വനിതാസമാജം**

വനിതാസമാജം തെളിച്ച ചാലിലൂടെ പ്രശ്നങ്ങളില്ലാതെ ഒഴുകുന്ന ഒരു പ്രസ്ഥാനമാണ്. പൊതുവേ, ആത്മിയസംഘടനകളിൽ വൈദികന്റെ വാത്സല്യ പ്രോത്സാഹനങ്ങൾ നേടുന്ന ഒന്നാണത്. ഇതിന്റെ പ്രവർത്തനം മിക്കയിടത്തും കാണും; മറ്റൊന്നുംതന്നെ ഇല്ലെങ്കിലും. വളരെ സാദ്ധ്യതകളുള്ള ഈ പ്രസ്ഥാനത്തെ യഥാർത്ഥക്രൈസ്തവജീവിതത്തിന്റെ പ്രേരകശക്തിയും പ്രയോഗരംഗവുമാക്കി മാറ്റുവാനാകും. അതിനുള്ള ബോധവത്കരണം ഈ പ്രസ്ഥാനത്തിലൂടെ നൽകുവാൻ വൈദികനു കഴിയും. വനിതാസമാജം അച്ചന്റെ സാന്നിദ്ധ്യത്തിൽ പാട്ടു പാടി പ്രാർത്ഥിച്ചു പിരിഞ്ഞാൽ പോരാ. കുടുംബം, ദാമ്പത്യം, ശിശുപരിപാലനം ആദിയായ രംഗങ്ങളിലെ ക്രൈസ്തവദൗത്യം ഏറ്റെടുക്കാനാവുംവിധം സ്തീകൾ പരിശീലിക്കപ്പെടണം. ആനുകാലികപ്രശ്നങ്ങളോടുള്ള ക്രൈസ്തവ പ്രതികരണം, സമീപനം മുതലായവ ചർച്ചാവിഷയമാക്കണം. തൊഴിലന്വേഷണരംഗത്തും തൊഴിൽ പരിശശീലനരംഗത്തും ആവശ്യമായ സഹായം ഇതിലൂടെ നടത്താം. ഇവിടെ വിവിധ രംഗങ്ങളിലും വിഷയങ്ങളിലും അറിവും പരിചയവും ഉള്ളവരെ നേതൃരംഗത്തേക്ക് കൊണ്ടുവരണം. എല്ലാ ആദ്ധ്യാത്മികപ്രസ്ഥാനങ്ങൾക്കും പ്രവർത്തകരെ വിട്ടുതരാൻ ശക്തിയും സ്വാധീനവുമുള്ള അടിസ്ഥാനപ്രസ്ഥാനമായി വനിതാസമാജത്തെ എന്റെ വൈദികൻ കരുതും. സ്ത്രീ കുടുംബനായികയാണ്. സ്തീയുടെ അദ്ധ്യാത്മികജീവിതനിലവാരം കുടുംബാംഗങ്ങ

ളുടെ ജീവിതത്തെ സ്വാധീനിക്കും; നയിക്കും.

**യുവജനപ്രസ്ഥാനം**

യുവജനപ്രസ്ഥാനം മിക്ക വൈദികർക്കും ഇടവകഭരണസമിതികൾക്കും തലവേദനപ്രസ്ഥാനമാണ്. 'അതു മാത്രം ഇവിടെ വേണ്ട' എന്ന് പലരും പറയും. സ്ഥാനത്തും അസ്ഥാനത്തും അഭിപ്രായസംഘട്ടനം ഈ പ്രസ്ഥാനവുമായി ഉണ്ടായിട്ടുണ്ട്. മുമ്പു പറഞ്ഞതുപോലെ കാഴ്ചപ്പാടിന്റെയും ധാരണയുടെയും വ്യത്യാസം മൂലം ഉളവാകുന്നതാണല്ലോ അഭിപ്രായസംഘട്ടനം. ഇത് എന്റെ സങ്കൽപ്പത്തിലുള്ള വൈദികന് അറിയാം. ഗായകസംഘം യുവാക്കൾക്കു വേണം. അച്ചനോ ഭരണസമിതിയോ എതിരാകും. രണ്ടു കൂട്ടർക്കുമിടയിൽ ആശയവിനിമയവിടവും ധാരണപ്പിശകുമുണ്ടാകും. അതു മാറുമ്പോൾ ഐക്യവും യോജിപ്പും വരും. വൈദികന്റെ തുറന്ന മനസ്സോടെയുള്ള നേതൃത്വവും സമീപനവും ബോധവത്കരണവും പ്രശ്നങ്ങൾ പരിഹരിക്കും. എന്നാൽ അറിവില്ലാത്ത കാര്യങ്ങളെക്കുറിച്ച് അവസാനവാക്കു പറഞ്ഞ് 'ഇരിയെടാ, അവിടെ' എന്ന നയം സ്വീകരിച്ചാൽ യുവാക്കൾ അടുത്തു നിൽക്കയില്ല. ടുലരശമഹശ്വമശേീ-ന്റെ ഇക്കാലത്ത് 'കണ്ട നീയല്ല, കേട്ട ഞാൻ' എന്ന ന്യായം സ്വീകാര്യമാകില്ല. പങ്കാളിത്തവും ബോധവത്കരണവും കൊണ്ടേ യുവാക്കളെ സഭാജീവിതത്തിലേക്ക് അടുപ്പിക്കാനാകൂ. ഇന്നത്തെ ടമേഏൗ ൂഴ്‌ സമ്പ്രദായം യുവാക്കൾക്ക് ആകർഷണീയമാവില്ല. ആദ്ധ്യാത്മികതയുടെ മാനദണ്ഡം നവീകരണസഭകളുടെയോ പെന്തക്കൊസ്തുകൂട്ടായ്മകളുടെയോ രീതികളാണെന്ന മിഥ്യാധാരണയും ഗുണകരമാകില്ല. ആരംഭത്തിലുണ്ടാകുന്ന അനുഭൂതി കുറയുന്നതോടെ അവർ വിട്ടുപോകും. ക്രൈസ്തവമൂല്യങ്ങളുടെ കാലികപ്രസക്തിയും പ്രയോഗവും യുവജനസമ്മേളനങ്ങളിൽ ചർച്ചാവിഷയമാകണം. യുവാക്കളുടെ കർമ്മശേഷി ക്രിസ്തീയമാർഗ്ഗത്തിലേക്ക് തിരിച്ചുവിടണം. മറ്റേതു പ്രസ്ഥാനക്കാരെക്കാളും കർമ്മകുശലരും ഊർജ്ജസ്വലരും നവീനാശയാകൃഷ്ടരുമായ അംഗങ്ങളുള്ള യുവജനപ്രസ്ഥാനത്തിന്റെ നേതാവും അങ്ങനെയൊക്കത്തന്നെയാവണം. പഴഞ്ചനാകരുത്. അത്യന്താധുനികനാവണമെന്നല്ല, അത്യന്താധുനികപ്രവണതകളെക്കുറിച്ച് അജ്ഞാനിയായിരിക്കരുത്. ഭക്തരായ കുറേ യുവാക്കളെ കൊണ്ടുനടക്കുന്നതിലല്ല, അങ്ങനെയല്ലാത്തവരെ ക്രിസ്തുവിനായി നേടുന്നതിലാണ് വൈദികൻ ഉത്സാഹിക്കേണ്ടത്. ജീവസന്ധാരണരംഗങ്ങളിലുണ്ടാകുന്ന വെല്ലുവിളികളെ നേരിടുവാൻ യുവാക്കളെ സജ്ജരാക്കുന്ന വ്യക്തിത്വവികസന പരിശീലനപദ്ധതികൾ വൈദികനിൽ നിന്ന് പ്രതീക്ഷിക്കുന്നുണ്ട്.

**പ്രാർത്ഥനായോഗം**

പ്രർത്ഥനായോഗത്തിന് പണ്ടൊക്കെ ഞങ്ങളുടെ നാട്ടിൽ കുടുബയോഗം എന്നാണ് പറഞ്ഞിരുന്നത്. ഒരു വല്യപ്പാപ്പന്റെ മക്കളും പേരക്കിടാങ്ങളും കൂടുന്ന ഇന്നത്തെ കുടുംബയോഗമല്ല, ഇടവകയിലെ ഒരു പ്രദേശത്തെ കുടുംബങ്ങൾ ഒരുമിക്കുന്ന ഒരു പ്രാർത്ഥനായോഗമാണ് അന്നത്തേത്. ഇപ്പോൾ അതിനും ഭരണഘടനയും മറ്റു സംവിധാനങ്ങളുമായി. സ്ഥാപനാത്മകമായ ഒരു പ്രവർത്തനരീതിക്കുപരിയായി പരിശുദ്ധാത്മാവിൽ ക്രൈസ്തവകൂട്ടായ്മയും മതബോധനവും നടക്കുന്നതിലൂടെ യഥാർത്ഥ ക്രൈസ്തവസാക്ഷ്യമുള്ള ഒരു ഇടവകയും ജനങ്ങളും രൂപപ്പെടുകയാണ് ആവശ്യം. പ്രാർത്ഥനായോഗം എല്ലാ ആത്മിയപ്രസ്ഥാനങ്ങളുടെയും ഒരു സംയുക്തവേദിയും നേതൃത്വപരിശീലനക്കളരിയും ആക്കിത്തീർക്കുവാൻ ഇടവകവൈദികൻ യത്നിക്കണം. ഒരിക്കലും മാറാത്ത സ്ഥാനികളും റിട്ടയർ ചെയ്ത നേതൃമോഹികളും കൈയടക്കുന്ന ഇടമാകരുത് പ്രാർത്ഥനായോഗങ്ങൾ. അവർ മറ്റുള്ളവർക്ക് പങ്കാളിത്തം നൽകി നേതൃത്വപരിശീലനസൗകര്യം ഉണ്ടാക്കണം. പ്രോത്സാഹനവും അവസരവും നൽകിയേ പുതുനാമ്പുകളെ വളർത്താനാവൂ. നേതൃത്വത്തിലേക്ക് വരുന്നവർ ദിവ്യബോധനം തുടങ്ങിയ പരിശീലനപദ്ധതികളിലൂടെ സഭാപരിജ്ഞാനവളർച്ച നേടിയെടുക്കണം. ഇതരസഭകളുടെ പ്രസിദ്ധീകരണങ്ങളോ ആൾദൈവങ്ങളുടെ സൗജന്യലഘുലേഖകളോ ആശ്രയമാക്കി സഭാംഗങ്ങളെ 'പള്ളിയിൽ നിന്ന് പന്തലിലേക്ക്' നയിക്കുന്ന 'വചനഘോഷകരെ' ലഭ്യതയുടെ സൗകര്യമോർത്ത് വൈദികൻ പ്രോത്സാഹിപ്പിക്കേണ്ടതില്ല.

പ്രാർത്ഥനായോഗത്തിനു മുമ്പായി ആ പ്രദേശത്തെ ഭവനങ്ങൾ സംഘടനാപ്രവർത്തകരോടൊപ്പം സന്ദർശിച്ച് വീട്ടുകാരെ യോഗസ്ഥലത്തേക്ക് ആകർഷിക്കുന്നത് ഒരു പതിവുപരിപാടിയാക്കാം, വൈദികന്. വൈദികൻ അൽപ്പസ്വൽപ്പം സാമ്പദികസൌകര്യമുള്ളവരുടെ ഭവനത്തിലേ ഹാജരുണ്ടാവൂ എന്ന പരാതിക്ക് ഇടവരുത്തരുത്. ഏതെങ്കിലും കാരണവശാൽ വൈദികൻ ഇല്ലെങ്കിലും യോഗം കോട്ടംകൂടാതെ നടക്കുവാൻ വേണ്ട സംവിധാനം വൈദികൻ ഉണ്ടാക്കണം. നേതാക്കളുടെ ഒരു രണ്ടാംനിര ഉണ്ടാക്കുന്നതിൽ വൈദികൻ ശ്രദ്ധിച്ചിരിക്കണം.

പ്രാർത്ഥനായോഗവേദി സമകാലികവും ആനുകാലികവുമായ വിഷയങ്ങൾ വേദാനുസൃതം ചർച്ച ചെയ്യുകയും അവയോടുള്ള ക്രൈസ്തവസമീപനം വ്യക്തമാക്കിക്കൊടുക്കുകയും വേണം. ലൗകികതയിൽനിന്ന് ഒളിച്ചോടുന്നതല്ല, ആത്മിയത എന്ന് ബോദ്ധ്യപ്പെടുത്തുവാൻ ഈ സന്ദർഭം ഉപകരിക്കണം. വേദപഠനവും വിശ്വാസാചാരങ്ങളുടെ സമർത്ഥനവും അവിടെയുണ്ടാകണം. അപ്പോൾ സഭാവിരുദ്ധാശയങ്ങൾക്ക് ആ ഇടവകയിൽ വേരോട്ടമുണ്ടാകയില്ല. നവീകരണസഭാപ്രവർത്തകർ ആ ഇടവകയോട് സുല്ലിട്ട് പിരിയും.

ആത്മിയദാഹം ഉള്ളവരുടെ ദാഹശമനം ഇത്തരം കൂട്ടായ്മയിൽ ലഭിക്കുമെന്നതിനാൽ ആരും അതിനായി പന്തലുകളിലേക്കും ധ്യാനകേന്ദ്രങ്ങളിലേക്കും ഓടിനടക്കുകയില്ല.

ക്രൈസ്തവജീവിതം ആത്മികവും ലൗകികവുമായി വേർതിരിക്കാനാകാത്ത ഒന്നാണെന്ന ബോദ്ധ്യത്തിൽ മനുഷ്യജീവിതത്തിന്റെ സമസ്തരംഗങ്ങളിലും ക്രൈസ്തവസാക്ഷ്യവും ദൗത്യവുമുണ്ട് എന്ന് സ്വന്തം ജനങ്ങളെ ബോദ്ധ്യപ്പെടുത്തി അപ്രകാരം ജീവിക്കാൻ പ്രേരണയും മാതൃകയും നൽകുന്നയാളാണ് എന്റെ മനസ്സിൽ ജീവിക്കുന്ന കശ്ശീശാ.

എന്റെ ഈ സങ്കൽപ്പം രൂപപ്പെട്ടിട്ടുള്ളത് സഭയുടെ ആരാധനക്രമങ്ങളും സഭാപിതാക്കന്മാരുടെ വേദവ്യാഖ്യാനങ്ങളും രചനകളും കണ്ടും കേട്ടും, സമകാലീന സഭാചിന്തകരുടെ പഠനങ്ങളും പ്രസംഗങ്ങളും പിന്തുടർന്നതുകൊണ്ടുമാണ്. അതിന് എനിക്കു നാളതുവരെ ധാരാളം അവസരം തന്ന ദൈവത്തോട് ഞാൻ എന്നും കൃതജ്ഞനുമാണ്.

## മുളന്തുരുത്തി ഇടവക ജന്മം നൽകിയതും ഇപ്പോൾ നിത്യതയിലുമായിരിക്കുന്ന മഹാപുരോഹിത ശ്രേഷ്ഠന്മാർ

**(ഫാ. തോമസ് പൊന്നാങ്കുഴി)**

(ലേഖകൻ കെ.ജെ.കുര്യാക്കോസച്ചന്റെ മുളന്തുരുത്തി ഇടവകയിലെ വൈദിക ശുശ്രൂഷയിലെ സഹ പ്രവർത്തകനും കൊച്ചി ഭദ്രാസനത്തിലെ സീനിയർ വൈദികനുമാണ്.)

ചരിത്രമുറങ്ങുന്ന മുളന്തുരുത്തി ഇടവകയുടെ ചരിത്രം പൂർണ്ണമാകണമെങ്കിൽ നിത്യതയിലായിരിക്കുന്നതും ഇടവക ജന്മം കൊടുത്തതുമായ പരി. പരുമലതിരുമേനി, പരി. കാട്ടുമങ്ങാട്ട് ബാവമാർ, പുണ്യശ്ലോകനായ കൊച്ചുപറമ്പിൽ തിരുമേനി അഥവാ പൗലോസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, ഭാഗ്യസ്മരണാർഹനായ അഭി. യാക്കോബ് മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത (മേമ്മുറി തിരുമേനി) എന്നിവരുടെ ചരിത്രം ഒഴിച്ചുകൂടുവാൻ പാടില്ലാത്തതാണ്. ഈ പിതാക്കന്മാർ സഭയ്ക്കും സമൂഹത്തിനും നൽകിയ സംഭാവനകൾ മനുഷ്യ ബുദ്ധിക്ക് അപ്രാപ്യമാണ്. ജീവിതകാലത്തും മരണശേഷവും അവരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് ദൈവസന്നിധിയിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ നാനാജാതി മതസ്ഥർ അനുഭവസ്ഥരാണ്. ആ പിതാക്കന്മാരെ ഈ സമയം സ്മരിക്കുവാൻ ഈ വേദി മുഖാന്തരമാകട്ടെ.

### പരുമല തിരുമേനി

ഭാരത ക്രൈസ്തവ സഭയിലെ ഭാരതീയനായ പ്രഥമ പരിശുദ്ധനും മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധനുമായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി, മുളന്തുരുത്തിയിൽ ചാത്തുരുത്തി ഭവനത്തിൽ 1848 ജൂൺ 15 ന് (കൊല്ലവർഷം 1023 മിഥുനം 3 ന്) ജനിച്ചു. കൊച്ചുമത്തായിയുടെയും മറിയത്തിന്റെയും ഇളയ പുത്രനായ ഇദ്ദേഹം കൊച്ചയ്പോര എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം പിതൃസഹോദരനായ ഗീവറുഗീസ് മല്പാന്റെ കീഴിലും കോനാട്ടു മല്പാന്റെ (പാമ്പാക്കുട) ശിക്ഷണത്തിലും സുറിയാനി ഭാഷയും ,ആരാധനയും കാനോൻ നിയമങ്ങളും മറ്റും പഠിച്ചു.

1958 സെപ്റ്റംബർ 14 ന് കരിങ്ങാശ്ര പള്ളിയിൽവച്ചു മലങ്കരയുടെ മാത്യൂസ് മാർ അത്താനസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും കോറുയോസ്ഥാനവും തുടർന്ന് യൂയാക്കീ മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നും (1041-മാണ്ട് തുലാമാസം) ശംശോനോ പട്ടവും ആ വൃശ്ചികത്തിൽ തന്നെ കശ്ശീശ്ശാ പട്ടവും കോർഎപ്പിസ്കോപ്പാ സ്ഥാനവും സ്വീകരിച്ചു.

മുളന്തുരുത്തി വെട്ടിക്കൽ ദയറായിൽ ഉപവാസം, കഠിനമായ നോമ്പ്, പ്രാർത്ഥനതുടങ്ങിയവയ്ക്കു വളരെ പ്രാധാന്യം നൽകി ജീവിച്ചു. 24-ാം വയസ്സിൽ 1047 -ാമാണ്ട് മീനമാസം 25-ാം തീയതി പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു

1875-ാമാണ്ടിൽ മലങ്കര സന്ദർശിച്ച പത്രോസ് പാത്രിയർക്കീസ് ബാവായുടെ ദ്വിഭാഷിയും സെക്രട്ടറിയുമായി പ്രവർത്തിച്ച റമ്പാൻ 1876-ൽ മുളന്തുരുത്തിയിൽ നടന്ന സുന്നഹദോസിലും മൂറോൻ കൂദാശയിലും സജീവമായി പങ്കെടുത്തു. തുടർന്നു 29-ാം വയസ്സിൽ 1052 വൃശ്ചികമാസം 27-ാം തീയതി (1876 ഡിസംബർ 10-ാം തീയതി) പറവൂർ പള്ളിയിൽ വച്ച് പത്രോസ് പാത്രിയർക്കീസിൽ നിന്നും ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് എന്ന അഭിധാനത്തിൽ മെത്രാൻ സ്ഥാനം സ്വീകരിച്ചു. നിരണം ഭദ്രാസനത്തിന്റെ ഭരണമേധാവിയായി നിയമിതനായ ഇദ്ദേഹം 'പരുമല കൊച്ചുതിരുമേനി' എന്ന് അറിയപ്പെട്ടു.

മലങ്കരസഭയുടെ ഏകവൈദിക പരിശീലനകേന്ദ്രമായ കോട്ടയം സെമിനാരി ഈ കാലഘട്ടത്തിൽ പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസിന്റെ കൈവശമായിരുന്നു. വൈദികർക്കു പരിശീലനം നൽകുന്നതിന് മറ്റേതെങ്കിലും സൗകര്യമുണ്ടാകേണ്ട ഈ ഘട്ടത്തിൽ, മികച്ച ഒരു അദ്ധ്യാപകൻ കൂടിയായിരുന്ന തിരുമേനിയുടെ ഉത്സാഹത്താൽ പരുമലയിൽ ഒരു പഠിത്തവീട് (സെമിനാരി) പണികഴിപ്പിക്കുകയും വൈദിക പഠനക്ലാസ്സുകൾ അവിടെ ആരംഭിക്കുകയും ചെയ്തു. തുടർന്ന് പരുമല പള്ളിയുടെ പണിയാരംഭിച്ചു. 1895 മകരം 15 ന് മലങ്കരമെത്രാപ്പോലീത്താ ജോസഫ് മാർ ദീവന്നാസിയോസിന്റെ സാന്നിദ്ധ്യത്തിൽ കൂദാശാകർമ്മം നടന്നു. നിരണം ഭദ്രാസനാധിപനായിരിക്കെത്തന്നെ തുമ്പമൺ കൊല്ലം ഇടവകകളുടെ ഭരണച്ചുമ

തലയും ഇദ്ദേഹം വഹിച്ചു.

1897 ൽ മലങ്കരയിൽ പൊട്ടിപ്പുറപ്പെട്ട നവീനോപദേശങ്ങൾക്കെതിരെ ഇടയലേഖനങ്ങൾ എഴുതിയും പ്രസംഗങ്ങൾ നടത്തിയും ജനങ്ങളെ സത്യവിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും, ദേവാലയങ്ങൾ സ്ഥാപിക്കുന്നതിനും, പുറമേ വിജാതീയ മിഷനും ആരംഭിച്ചു. സുവിശേഷ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും, സമൂഹത്തിൽ നടമാടിക്കൊണ്ടിരുന്ന അനീതിക്കെതിരെ ശബ്ദിക്കുന്നതിനും, തീണ്ടൽ തുടങ്ങിയ ഉച്ചനീചത്വങ്ങൾക്കെതിരെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും, അവശരെയും ആർത്തരെയും ഉദ്ധരിക്കുവാൻ സ്വഹസ്തങ്ങൾ നീട്ടുന്നതിനും, ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനുമായി അദ്ദേഹം അശ്രാന്തം യത്നിച്ചു. തുമ്പമൺ, നിരണം, തിരുവല്ല, മുളന്തുരുത്തി, കുന്നംകുളം എന്നിവിടങ്ങളിൽ തിരുമേനിയുടെ പേരിൽ സ്ഥാപിതമായ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

മലങ്കരസഭ മലങ്കരയിൽ മാത്രം ഒതുങ്ങി നിന്നാൽ പോരാ എന്നു ചിന്തിച്ച തിരുമേനി മലബാർ, ഗോവ, സിലോൺ എന്നിവിടങ്ങളിൽ നിന്നുള്ളവരെ സഭയിലേക്കു ചേർക്കുകയും അവിടെയുള്ളവർക്കു നേതൃത്വം നൽകിയ ഫാ. അൽവാറീസിനു റമ്പാൻ സ്ഥാനം നൽകുകയും ചെയ്തു. 1889 ജൂലൈ മാസത്തിൽ റമ്പാനെമാർ യൂലിയോസ് എന്ന നാമനത്തിൽ ബോംബെ, മംഗലാപുരം എന്നീ ഇടവകകളുടെ മെത്രാനായി വാഴിച്ചപ്പോൾ ഗ്രീഗോറിയോസ് തിരുമേനിയും ശുശ്രൂഷകളിൽ സംബന്ധിച്ചിരുന്നു. കൂടാതെ അമേരിക്കൻ ഐക്യനാടുകളിൽ നിന്ന് മലങ്കരസഭയിലേക്കു ചേർന്നവർക്കു വേണ്ടി ഫാ. റെനിവിലാത്തിയെന്ന പാതിരിയെ 1892 ഇടവം 14-ന് മാർ തീമോത്തിയോസ് എന്ന പേരിൽ സിലോണിൽ വച്ച് വാഴിച്ചപ്പോൾ പരുമല തിരുമേനിയും ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. അവിടെവച്ച് അമേരിക്കയിലെ ഒരു പ്രസിദ്ധസംഘം 'കമാൻഡർ ഓഫ് ദി ക്രൗൺ ഓഫ് തോൺസ്' എന്ന ബഹുമതി നൽകി തിരുമേനിയെ ആദരിക്കുകയുണ്ടായി.

1895 മകരമാസം ഊർശ്ലേം യാത്ര നടത്തിയ തിരുമേനി പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ടു 'ഊർശ്ലേം യാത്രാവിവരണം' എന്ന പേരിൽ ഒരു ഗ്രന്ഥം രചിക്കുകയുണ്ടായി. മലയാള ഭാഷയിൽ രചിക്കപ്പെട്ട മൂന്നാമത്തെ യാത്രാവിവരണ ഗ്രന്ഥമാണിത്.

വിശുദ്ധ ജീവിതത്തിൽ അനേകരുടെ ഹൃദയം കവർന്ന തിരുമേനി രോഗബാധിതനായി പരുമല സെമിനാരിയിൽ വിശ്രമിച്ചുകൊണ്ടിരിക്കെ 1902 നവംബർ മാസം 2-ാം തീയിതി കബറടങ്ങി. 1947 നവംബർ 2 ന് മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിച്ചു. പരിശുദ്ധ തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പരുമല സെമിനാരിപ്പള്ളി ഇന്നു ഭക്തജനങ്ങളുടെ ഒരു സങ്കേതമായിരിക്കുകയാണ്! എല്ലാ വർഷവും, നവംബർ 2 പരുമലതിരുമേനിയുടെ ഓർമ്മപ്പെരുന്നാളായി മലങ്കര സഭയാകമാനം ഭക്തിപുരസ്സരം ആഘോഷിക്കുന്നു. ('ഊർശ്ലേം യാത്രാവിവരണം' 'പവിത്രരചനകൾ' എന്നീ ശീർഷകങ്ങൾ കാണുക.)

**കാട്ടുമങ്ങാട്ടു ബാവമാർ**

മലബാർ സ്വതന്ത്ര സുറിയാനി സഭ എന്ന ഔദ്യോഗിക പേരിലറിയപ്പെടുന്ന സഭയ്ക്ക് അഞ്ഞൂർ, തൊഴിയൂർ എന്നീ പേരുകൾകൂടി ഉണ്ട്. കുന്നംകുളത്ത് നിന്ന് 3 കിലോമീറ്റർ അകലമുള്ള തൊഴിയൂർ ആണ് സഭാകേന്ദ്രം.

ഈ സഭയുടെ സ്ഥാപകപിതാവാണ് കാട്ടുമങ്ങാട്ട് ഭാഗ്യസ്മരണാർഹനായ അബ്രാഹം മാർ കൂറിലോസ് കാട്ടുമങ്ങാട്ട് വലിയ ബാവ എന്ന പേരിൽ അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ സഹോദരനാണ് കാട്ടുമങ്ങാട്ട് ഇളയബാവ എന്ന പേരിൽ അറിയപ്പെടുന്ന ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി.

1751-ൽ മലങ്കരയിൽ 5-ാം മാർത്തോമ്മാ ഭരിക്കുന്ന കാലത്ത് അദ്ദേഹത്തിന്റെ മെത്രാൻ സ്ഥാനസാധുതയെ ചൊല്ലി നിർഭാഗ്യകരമായ ചില വിവാദങ്ങൾ സഭയിലുയർന്നപ്പോൾ സഭയുടെ ക്ഷണം സ്വീകരിച്ച് പൗരസ്ത്യ കാതോലിക്കാ ശക്രുള്ള മാർ ബസ്സേലിയോസ് മഫ്രിയാനയും യരുശലേമിന്റെ മാർ ഗ്രീഗോറിയോസും ഇവിടെ എത്തി. എങ്കിലും ചില സാമ്പത്തിക പ്രശ്നങ്ങൾമൂലം നീരസം ജനിക്കുകയാൽ അതിഥികൾ മാർതോമ്മായുടെ സ്ഥാനക്രമീകരണം നിറവേറ്റിയില്ല. അതുകൊണ്ട് അഞ്ചാം മാർത്തോമ്മാ തനിയെ മാർത്തോമ്മാ 6-ാമന് സ്ഥാനം കൊടുത്തു. കുശാഗ്രബുദ്ധിയും നയകോവിദനുമായ 6-ാം മാർത്തോമ്മാ മാർഗ്രീഗോറിയോസുമായി രമ്യതയിലെത്തുകയും 1770 മിഥുനം 29-ന് മാർ ഗ്രീഗോറിയോസിന്റെയും മാർ ഈവാനിയോസിന്റെയും സംയുക്ത സഹകരണത്തോടെ അദ്ദേഹത്തിന്റെ സ്ഥാനം സ്ഥിരീകരിക്കപ്പെടുകയും ചെയ്തു.

അപ്രകാരമിരിക്കേ മട്ടാഞ്ചേരി പള്ളിയിൽ താമസിച്ചിരുന്ന മാർ ഗ്രീഗോറിയോസ് തന്നെ ശുശ്രൂഷിക്കുവാൻ നിയുക്തനായ കാട്ടുമങ്ങാട്ട് അബ്രഹാം റമ്പാന് മാർ കൂറിലോസ് എന്നപേരിൽ മെത്രാൻ സ്ഥാനം നൽകി.

തൊഴിയൂർ ഭദ്രാസനപള്ളിയിൽ സൂക്ഷിച്ചിട്ടുള്ള ഒരു കൈയെഴുത്തു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം 1767-ൽ അദ്ദേഹം മെത്രാൻ സ്ഥാനം ഏറ്റിട്ടുണ്ട്. മാത്രവുമല്ല തിരുവല്ലയിലെ 'മലങ്കര റീത്ത്' ബിഷപ്പ് ഹൗസിൽ സൂക്ഷിച്ചിട്ടുള്ള ഒരു കുർബ്ബാനകൈയെഴുത്ത് തക്സായിലും ഈ കൂറിലോസ് 9-12-1769 നുമുമ്പ് മെത്രാനായിരുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

സ്ഥാനക്രമീകരണം കഴിഞ്ഞ് കൃത്യാന്തരങ്ങളിൽ മുഴുകിയ മലങ്കര മെത്രാന് മാർ ഗ്രീഗോറിയോസിന്റെ വാർദ്ധക്യകാല സംരക്ഷണകാര്യങ്ങളിൽ ശ്രദ്ധകുറഞ്ഞു വന്നതിനാൽ ഉണ്ടായ നീരസം നിമിത്തം മാർ ഗ്രീഗോറിയോസ്, വലിയ മാർ ദീവന്നാസ്യോസിന് പ്രതിയോഗിയായി മാർ കൂറിലോസിനെ പട്ടം കെട്ടി. തന്റെ പിൻഗാമിയെന്ന നിലയിൽ മലങ്കരസഭയുടെ പ്രാചീനരേഖകളും ഗ്രന്ഥങ്ങളും മൂറോനും ഗ്രീഗോറിയോസ് പുതിയ മെത്രാന് നൽകി. തുടർന്നുള്ള നിയമയുദ്ധത്തിൽ മാർ കൂറിലോസ് പരാജയപ്പെടുകയും തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങളുടെ പുറത്ത്, ബ്രിട്ടീഷ് മലബാറിൽ, പുരാതനക്രിസ്ത്യാനികളുടെ കേന്ദ്രമായ കുന്നംകുളം പഴഞ്ഞി പ്രദേശങ്ങളോട് ചേർന്ന് അഞ്ഞൂരിൽ ആസ്ഥാനമുറപ്പിക്കുകയും ചെയ്തു. അദ്ദേഹത്തെ തുടർന്ന് പതിനാലു മെത്രാപ്പോലീത്താമാർ ഉണ്ടായിട്ടുണ്ട്.

പ്രതിസന്ധികളിലും പ്രതിബന്ധങ്ങളിലും കൂടി ജീവിതം നയിച്ച ഈ പിതാവ് 1794 ൽ അനുജനായ ഗീവർഗീസ് കത്തനാർക്ക് റമ്പാൻ സ്ഥാനവും തുടർന്ന് മാർ കൂറിലോസ് എന്ന പേരിൽ മെത്രാൻ സ്ഥാനവും നല്കി തന്റെ പിൻഗാമിയായി നിയമിച്ചു. 1802 മിഥുനം 27-ാം തീയതി അഞ്ഞൂര് വച്ച് കാലം ചെയ്തു അവിടെ കബറടക്കപ്പെട്ടു.

**കാട്ടുമങ്ങാട്ട് ഇളയ ബാവ ഗീവറുഗീസ് മാർ കൂറിലോസ് ദ്വിതീയൻ**

പ്രാർത്ഥനമനുഷ്യനായ ഗീവർഗീസ് കത്തനാർ സ്വസഹോദരനായ കാട്ടുമങ്ങാട്ട് വലിയ ബാവ എ. ഡി. 1794 ൽ മാർ കൂറിലോസ് എന്ന പേരിൽ മെത്രാനായി തന്റെ അനന്തരഗാമിയായി വാഴിച്ചു. എ. ഡി. 1809 (കൊല്ലവർഷം 985 ഇടവം 16-ാം തീയതി) മുളന്തുരുത്തി പള്ളിയിൽ വച്ച് കാലം ചെയ്തു. വെട്ടിക്കൽ സെന്റ് തോമസ് ദയറായുടെ മദ്ബഹായുടെ വലതുവശത്ത് തയ്യാറാക്കിയ കല്ലറയിൽ സംസ്കരിച്ചു.

**പൗലോസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത (കൊച്ചുപറമ്പിൽ തിരുമേനി)**

മുളന്തുരുത്തി ദേശത്ത് ജനിച്ച, കോട്ടയം പാണമ്പടി പള്ളിയിൽ നിത്യവിശ്രമം കൊള്ളുന്ന ഭാഗ്യസ്മരണാർഹനായ പൗലോസ് മാർ കൂറിലോസ് തിരുമേനി കൊ. വ. 1027 വൃശ്ചികം 20-ാം തീയതി ഭൂജാതനായി. 1083-ാമാണ്ട് 18-ാം തീയതി പൗലോസ് റമ്പാച്ചനെ പ. ഇഗ്നാത്യോസ് അബദേദ്ലോഹോ മെത്രാപ്പോലീത്തയായി വാഴിച്ചു. വെട്ടിക്കൽ ദയറ, കോട്ടയം പഴയ സെമിനാരി, എന്നിവിടങ്ങളിലെ പ്രവർത്തനങ്ങൾ സ്കൂളുകൾ പള്ളികൾ സ്ഥാപിക്കുക തുടങ്ങിയ കാര്യങ്ങളിലും ശ്രദ്ധകേന്ദ്രീകരിച്ചിരുന്നു.

**യാക്കോബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത**

അയ്യമ്പള്ളി കുടുംബാംഗവും, മുളന്തുരുത്തി മാർത്തോമ്മൻ ഇടവകാംഗവുമായ ചാക്കോ മാത്യുവിന്റെയും അന്നമ്മയുടേയും മകനായി 1921 ഫെബ്രുവരി 19-ാം തീയതി ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം സി.എം.എസ്. കോളേജിൽ ഇന്റർമീഡിയറ്റും, ആലുവ യു.സി. കോേജിൽ നിന്ന് ബി.എ. യും, തിരുവനന്തപുരം ട്രെയിനിംഗ് കോളേജിൽ നിന്ന് ബി.റ്റി. യും കരസ്ഥമാക്കി. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്ന് ശെമ്മാശ്പട്ടവും 1948 ജൂലായ് 3 ന് വൈദിക പട്ടവും സ്വീകരിച്ചു. ഹൈസ്കൂൾ അദ്ധ്യാപകനായി പ്രവർത്തനമാരംഭിച്ച ഇദ്ദേഹം കുണ്ടറ, തഴക്കര, കാർത്തികപ്പള്ളി, കോട്ടയം, എം.ഡി. എന്നീ ഹൈസ്കൂളുകളിൽ പ്രഥമാദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. മുളന്തുരുത്തി പള്ളി ഇടവകയിൽ വൈദീക ശുശ്രൂഷ നിർവ്വഹിച്ചു.

1978 മെയ് 15 ന് പഴഞ്ഞിയിൽ വച്ച് മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. തുടർന്ന് കൊച്ചി ഭദ്രാസനത്തിന്റെ സഹായ മെത്രാനായി. ഭദ്രാസനത്തിന്റെ സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനും മറ്റുമായി അദ്ദേഹം ശ്രമിച്ചു. 1986 ഡിസംബർ 26 ന് കാലം ചെയ്തു. ഭദ്രാസനത്തിന്റെ ആസ്ഥാനമായ കൊരട്ടി സീയോൻ സെമിനാരി ചാപ്പലിന്റെ വടക്കുവശത്ത് സംസ്ക്കരിക്കപ്പെട്ടു.

## മലങ്കര സഭാചരിത്രത്തിൽ ഇടംനേടിയ
## മുളന്തുരുത്തി ഇടവകയിലെ നിത്യതയിലായ ആചാര്യന്മാർ

**(ഫാ. തോമസ് കൊളുത്താൽ മുളന്തുരുത്തി)**

(പൗരോഹിത്യ കനകജൂബിലിയുടെ നിറവിലായ കുര്യാക്കോസച്ചന്റെ കാലത്താണ് ലേഖകൻ അച്ചന്റെ ശുപാർശയോടുകൂടി വൈദികസെമിനാരിയിൽ പ്രവേശനം നേടിയത്.)

വിദേശമേൽക്കോയ്മകളുടെ കയ്പ് ആവോളം അനുഭവിച്ച ഭാരതം, അതിനെക്കാൾ പതിന്മടങ്ങ് കയ്പ്പുനീരിന്റെ കാസാ ഭാരതനസ്രാണികളായ മലങ്കര ഓർത്തഡോക്സ് സഭ അനുഭവിച്ചു. മുളന്തുരുത്തി മാർത്തോമ്മൻ പള്ളി ഇടവകയുടെ ചരിത്രവും വ്യത്യസ്തമല്ല. ഇടവകയെ കാത്തുസൂക്ഷിക്കുവാൻ കാലാകാലങ്ങളിൽ ദൈവം ആചാര്യസ്ഥാനികളെ എഴുന്നേൽപ്പിച്ചിട്ടുണ്ട്.

കെ.ജെ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പാ അച്ചന്റെ പൗരോഹിത്യ കനകജൂബിലി ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ മുളന്തുരുത്തി ഇടവകയിലെ നിത്യതയിൽ ആയിരിക്കുന്ന ആചാര്യന്മാരുടെ ജീവിത സന്ദേശം നമുക്ക് എക്കാലത്തും പ്രസക്തമാണ്. അവരിൽ ചിലരുടെ സന്ദേശം വരുംതലമുറയ്ക്ക് പ്രചോദനമായിരിക്കും.

**തോപ്പിൻ പൊനോടത്ത് മത്തായി കത്തനാർ**

മലങ്കരസഭയുടെ വിധിനിർണ്ണായ ഘട്ടങ്ങളിലെ ഒരു സഹദായാണ് മുളന്തുരുത്തി മാർത്തോമ്മൻ ഇടവ കാംഗമായ തോപ്പിൽ പൊനോടത്തു മത്തായി കത്തനാർ. എ.ഡി. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ (എ.ഡി. 1862) തോപ്പിൽ ചെറിയതു ചെറിയ കത്തനാരുടെ പൗത്രനായി ജനിച്ചു. പരുമല കൊച്ചുതിരുമേനി യിൽ നിന്നു വൈദികവിദ്യാഭ്യാസവും വൈദികപട്ടവും സ്വീകരിച്ചു. രക്തബന്ധംകൊണ്ട് പൗലോസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ഇദ്ദേഹത്തിന്റെ പിതൃസഹോദരീ പുത്രനാണ്. എന്നാൽ തന്റെ സഹപാഠി മലങ്കരസഭാഭാസുരൻ വട്ടശ്ശേരിയിൽ ഗീവറുഗീസ് മാർ ദീവന്ന്യാസ്യോസിന്റെ കൂടെ മലങ്കരസഭയുടെ പ്രതിസന്ധി ഘട്ടത്തിൽ ഇദ്ദേഹം ഉറച്ചുനിന്നു. ആ കാരണത്താൽ വളരെയധികം പീഡകൾ വിഘടിതരുടെ ഭാഗത്തുനിന്നും ഇദ്ദേഹത്തിനും അനുഭവിക്കേണ്ടതായി വന്നിട്ടുണ്ട്.

കൊ. വ. 1997 ചിങ്ങം 25-ാം തീയതി പള്ളിമേടയിൽ വച്ച് മാനുഷ്യം ചാലിൽ കൊച്ചുകോരയോടൊപ്പം വിഘടിതഗ്രൂപ്പിന്റെ പീഡനം ഏൽക്കേണ്ടതായി വന്നു. മാനുഷ്യം കൊച്ചുകോര തൽക്ഷണം മൃതിയട ഞ്ഞു. ആ വന്ദ്യ പിതാവ് രോഗാവലംബിയായി സ്വവസതിയിൽ കിടന്നു. ഈ സമയത്ത് അദ്ദേഹത്തെ സന്ദർശിക്കുവാനും സ്വാന്ത്വനവാക്കുകൾ പറഞ്ഞുകൊടുക്കുവാനുമായി പ. ഗീവറുഗീസ് ദ്വിതീയൻ കാതോ ലിക്കാ ബാവയും വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയും അദ്ദേഹത്തെ സന്ദർശിച്ചത് പ്രത്യേകം പ്രസ്താവ്യമാണ്. ആ സംഭവത്തെ തുടർന്ന് ആരാധനയിലെ ദീർഘശുശ്രൂഷകൾ നടത്തുവാൻ സാധി ക്കാതെയാണ് തന്റെ ശിഷ്ടകാലം പൂർത്തീകരിച്ചത്. കൊ. വ. 1097 ധനുമാസം 10-ാം തീയതി സത്യത്തിനു വേണ്ടി പോരാടിയ ആ സഹദാ ഇഹലോകവാസം വെടിഞ്ഞു.

**ചീരാമ്മേലിൽ ഗീവറുഗീസ് കത്തനാർ**

പൊനോടത്തു മത്തായി കത്തനാർ കാണിച്ചുകൊടുത്ത മാർഗ്ഗത്തിൽ കൂടി സഞ്ചരിച്ച മഹാരഥന്മാരിൽ മുമ്പനാണ് ചീരാമ്മേലിൽ ഗീവറുഗീസ് കത്തനാർ. ചീരാമ്മേലിലെ മൂന്നാം തലമുറയിൽ ഇട്ടിരയുടെ ഇള യപുത്രിയെ ചക്രവേലിൽ ചാക്കോ വിവാഹം കഴിച്ച് ദത്താവകാശിയായി ചീരമ്മേലിൽ തറവാട്ടിൽ താമ സിച്ചു. ടി. ചാക്കോയുടെ രണ്ടാമത്തെ പുത്രനാണ് ഗീവറുഗീസ് കത്തനാർ. പുലിക്കോട്ടിൽ ദീവന്നാ സ്യോസ് മെത്രാപ്പോലീത്തായുടെ ശിഷ്യനായ ഈ വൈദികശ്രേഷ്ഠന് ദീവന്നാസ്യോസ് തിരുമേനിയാണ് വൈദികപട്ടം നൽകിയത്. പരുമലത്തിരുമേനിയുടെ കാലത്ത് ജീവിച്ചിരുന്ന ബഹു. അച്ചന് സത്യസന്ധവും ഭക്തിനിറഞ്ഞ ജീവിതവും നയിക്കുവാൻ പരുമലത്തിരുമേനിയുടെ ജീവിതം ഒരു മുഖാന്തരം ആയിരുന്നു. 14-5-1879-ൽ ഭൂജാതനായ ഈ സ്മര്യപുരുഷന്റെ ജീവിതം സംഭവബഹുലമായ ഒരു കാലഘട്ടമായിരുന്നു. മലങ്കരസഭയിൽ കലാപത്തിന്റെ വിത്തു വിതച്ച വിഘടിതഗ്രൂപ്പിന്റെ മർദ്ദനങ്ങൾക്കു വിധേയനായ ഈ പിതാവ് ഓർത്തഡോക്സ് വിശ്വാസം കാത്തുസൂക്ഷിക്കുവാൻ നിർവ്വഹിച്ച സേവനം വളരെ വിലപ്പെട്ടതാ ണ്. 1904-ൽ വൈദികനായിത്തീർന്ന ഇദ്ദേഹത്തിന് വൈദികജീവിതം പട്ടുമെത്തയായിരുന്നില്ല, ശരശയ്യയാ യിരുന്നു. അതുപോലെ പീഡകൾ മാതൃഇടവകയിൽ നിന്നും സ്വന്തക്കാരിൽ നിന്നും അനുഭവിച്ചു. ഏക ദേശം അരനൂറ്റാണ്ടുകാലം മുളന്തുരുത്തി മാർത്തോമ്മൻ പള്ളി ഇടവകയ്ക്ക് സുധീരനേതൃത്വം കൊടുത്ത ഈ മഹാശയൻ കാലയെവനികയ്ക്കുള്ളിൽ മറഞ്ഞു. അദ്ദേഹത്തിന്റെ കൊച്ചുമകൻ വെട്ടത്തുതറയിൽ ജോർജ്ജ് വറുഗീസാണ് ഇപ്പോൾ ചീരാമ്മേലിൽ തറവാട്ടിൽ താമസിക്കുന്നത്.

**പാലക്കാട്ടു ജോൺ കോർഎപ്പിസ്കോപ്പാ**

പരുമലത്തിരുമേനിയിൽ നിന്ന് 1902 ഫെബ്രുവരി 1-ാം തീയതി വൈദികസ്ഥാനത്തിന്റെ ആദ്യപടിയായ മ്സമ്രോനൊ സ്ഥാനം സ്വീകരിച്ച പാലക്കാട്ട് ജോൺ കോർഎപ്പിസ്കോപ്പാ 22-06-1889-ൽ ജനിച്ചു. വൈദി കൻ എന്ന നിലയിലും സാമൂഹ്യപ്രവർത്തകൻ എന്ന നിലയിലും മുളന്തുരുത്തിപ്രദേശത്തിന്റെ ബഹുമുഖ മായ വളർച്ചയ്ക്ക് ഒരു പ്രചോദനകേന്ദ്രമായിരുന്ന ബഹു. അച്ചൻ ഒരു പത്രപ്രവർത്തകൻ കൂടിയായിരു ന്നു. 1958-ലെ സുപ്രീംകോടതി വിധിയെ തുടർന്ന് ഓർത്തഡോക്സ് ഭാഗത്ത് ഉറച്ചുനിൽക്കുകയും 1964-ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് യാക്കോബ് ത്രിതീയൻ ബാവായെയും മലങ്കര മെത്രാപ്പോലീത്തായെയും കിഴക്കിന്റെ കാതോലിക്കായുമായ ബസേലിയോസ് ഔഗേൻ ബാവായെയും മുളന്തുരുത്തിപ്പള്ളിയിൽ സ്വീകരിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തത് ബഹുമാനപ്പെട്ട കോർഎപ്പിസ്കോപ്പാ അച്ചന്റെ പ്രധാന നേതൃത്വത്തിലായിരുന്നു. തന്റെ ജീവിതത്തിന്റെ അവസാന ഘട്ടത്തിൽ വെട്ടിക്കൽ ദയറായുടെ മാനേജ രായി ഭരണം നടത്തുകയും, പരുമല തിരുമേനിയുടേയും, കാട്ടുമങ്ങാട്ട് ബാവാമാരുടേയും തപചര്യകൾ കൊണ്ട് പ്രഭാപൂരിതമായ ദയറായുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കണ്ടനാട് ഭദ്രാസന മെത്രാ പ്പോലീത്ത ജോസഫ് മാർ പക്കോമിയോസ് തിരുമേനിയോടൊരുമിച്ച് നിർവ്വഹിപ്പാൻ ബഹു. അച്ചന് ദൈവം അവസരം കൊടുത്തു. കൂടാതെ സിൽവർ ജൂബിലി ആഘോഷിക്കുന്ന തുരുത്തിക്കര മാർ ഗ്രീഗോറി യോസ് ചാപ്പലിന്റെ ആരംഭദിശയിൽ വേണ്ടതായ പ്രോത്സാഹനം കൊടുത്തു എന്നതും കൃതജ്ഞതയോ ടുകൂടി സ്മരിക്കുന്നു.

**മേമ്മുറിയിൽ യാക്കോബ് കശ്ശീശ്ശ (യാക്കോബ് മാർ കോളികാർപ്പോസ്)**

തന്റെ സഭയുടെ കെട്ടുപണിക്കായി കാലാകാലങ്ങളിൽ ദൈവം ഓരോരുത്തരേയും എഴുന്നേല്പിക്കാ റുണ്ട്. സഭയുടെ സത്യവിശ്വാസം കാത്തുസംരക്ഷിച്ചവരിൽ മുളന്തുരുത്തി പള്ളി ഇടവകയിലെ പട്ടക്കാ

രിൽ മേല്പട്ടസ്ഥാനത്തേക്ക് ഉയർത്തപ്പെട്ട ബഹു. എം.എം. ജേക്കബ് അച്ചൻ ശ്രദ്ധേയനായത് 1958-ൽ സുപ്രീംകോടതി വിധിയെതുടർന്ന് 1959-ൽ പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവയെ കിഴക്കിന്റെ കാതോലിക്കായായി അംഗീകരിച്ച് അദ്ദേഹത്തിന്റെ മാതൃഇടവകയായ മുളന്തുരുത്തിയിൽ രാജകീയമായ സ്വീകരണം കൊടുത്തപ്പോഴായിരുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ട യാക്കോബ് മാർ പോളിക്കർപോസ് തിരുമേനി ചീരാമ്മേലിൽ ഗീവറുഗീസ് കത്തനാരുടെ സഹോദരിയുടെ പൗത്രനാണ്. 1921 ഫെബ്രുവരി 19-ാം തീയതി അയ്യമ്പിള്ളി മഴുവഞ്ചേരി തറവാട്ടിൽ ജനിച്ചു. മലങ്കരസഭയുടെ കക്ഷിവഴക്കിന്റെ മൂർദ്ധന്യ ദിശയിൽ 1948 ജൂലൈ 3-ാം തീയതി പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവയിൽ നിന്ന് കശ്ശീശ്ശ പട്ടം സ്വീകരിച്ച ബഹു. അച്ചൻ 1978 മെയ് 15-ാം തീയതി മലങ്കര സഭയുടെ സുന്നഹദോസ് അംഗമായി മേല്പട്ട സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. മികച്ച അദ്ധ്യാപകൻ എന്ന പേരിൽ പ്രശംസ പിടിച്ചുപറ്റിയ മേമ്പുറിയിലച്ചൻ സഭയിലെ കക്ഷി വഴക്കു രൂക്ഷമായ 1970 കളിൽ മുളന്തുരുത്തി മാർത്തോമ്മാൻ പള്ളി ഇടവകയിലെ ഓർത്തഡോക്സ് വിഭാഗത്തിനിടയിലെ പ്രവർത്തനങ്ങൾക്ക് പൗരോഹിത്യ കനകജൂബിലി ആഘോഷിക്കുന്ന വന്ദ്യ കെ.ജെ.കുര്യാക്കോസ് കോർഎപ്പിസ്കോപ്പ അച്ചന്റെ സന്തത സഹചാരിയായി പ്രവർത്തിച്ചത് എന്നും സ്മരണയോടെ ഓർക്കുവാൻ മുളന്തുരുത്തി ഇടവകക്കാർ ബാധ്യസ്ഥരാണ്.

മുതിർന്ന തലമുറയുടെ സ്മരണയിലുള്ള മൂന്നു വൈദിക ശ്രേഷ്ഠരുടെയും പേരുകൾ ഇവിടെ രേഖപ്പെടുത്തുവാനുണ്ട്. ജൂബിലി ആഘോഷിക്കുന്ന കുര്യാക്കോസച്ചന്റെ പിതാവ് വന്ദ്യ ഇടപ്പങ്ങാട്ടിൽ യാക്കോബ് കോർഎപ്പിസ്കോപ്പ കുഴിക്കാട്ടിൽ ബഹു.ഡേവിഡ് കത്തനാർ, ചാലപ്പുറത്ത് ഗീവർഗീസ് കത്തനാർ എന്നിവർ മുളന്തുരുത്തി ഇടവകയ്ക്കു നൽകിയ സേവനവും ശ്രദ്ധേയമാണ്.

## മുളന്തുരുത്തിയിലെ മണിനാദം

**(ഫാ. തോമസ് ഏലിയാസ് കുഴിവേലിൽ മുളന്തുരുത്തി)**

(പൗരോഹിത്യ കനകജൂബിലി ആഘോഷിക്കുന്ന കെ.ജെ. കുര്യാക്കോസ് അച്ചൻ മുളന്തുരുത്തി പള്ളി വികാരി ആയിരിക്കുന്ന കാലഘട്ടത്തിലാണ് വൈദികപരിശീലനത്തിന് ഓർത്തഡോക്സ് സെമിനാരിയിലേക്ക് അയക്കുന്നത്.)

മുളന്തുരുത്തി പള്ളിയിൽ മണിനാദം ഉയരുമ്പോൾ അത് ശ്രവിക്കുന്ന അനേകായിരങ്ങളുടെ സഹൃദയങ്ങളിൽ ദൈവകരുതലിന്റെ അലയൊലികൾ ഉണരുന്നു. ഒരുപറ്റം പുണ്യാത്മാക്കൾ ജന്മം കൊണ്ടും വേറൊരു പറ്റം കർമ്മം കൊണ്ടും, ഇനിയുമൊരു പറ്റം അന്ത്യം കൊണ്ടും ഈ മണ്ണിനെ പുണ്യമാക്കിയപ്പോൾ ജാതി മത വേർപിരിവുകളില്ലാതെ എണ്ണമറ്റവർ ഇവിടെ അഭയപ്പെടുന്നു.

വിശ്വാസിസമൂഹത്തോടൊപ്പം ചരിത്രവിദ്യാർത്ഥികൾക്കും, ഗവേഷകർക്കും, വാസ്തു, കൊത്തുപണി കുതുകികൾക്കും പ്രിയവേദിയാണിവിടം. ഭാരത ക്രൈസ്തവചരിത്രത്തിന്റെ തലവരകൾ പലതും കോറിയിട്ടതും ഈ ഭൂമിയിൽ നിന്നുതന്നെ.

മുളന്തുരുത്തിയുടെ നസ്രാണി പാരമ്പര്യം

വായ്മൊഴികളുടെ അടിസ്ഥാനത്തിൽ ഉദയംപേരൂർ പള്ളി, എ.ഡി. 925-ൽ മുളന്തുരുത്തി കരവട്ടെ കുരിശ്ശിൽ വടക്കേ കുരിശ് സ്ഥാപിച്ചു എന്നും അതിനോട് ചേർന്ന് ഒരു കുരിശുപള്ളിയും ശ്മശാനവും ഉണ്ടായിരുന്നു എന്നുമാണ് പറയപ്പെടുന്നത്.

**പള്ളിയുടെ ഉത്ഭവം**

ലഭ്യമായിരിക്കുന്ന രേഖയുടെ വെളിച്ചത്തിൽ എ.ഡി. 1125 കർക്കിടകം 3-ാം തീയതി മാർത്തോമ്മാ ശ്ലീഹയുടെ ദുഖറോനോ പെരുന്നാൾ ദിവസം പള്ളി കൂദാശ ചെയ്തു എന്നാണ് വിശ്വസിക്കുന്നത്. ഇതിന്റെ ഉത്ഭവത്തെക്കുറിച്ച് ധാരാളം ഐതിഹ്യങ്ങൾ നിലവിലുണ്ട്. ഇവയെല്ലാം ഒരു വസ്തുതയിലേക്ക് വെളിച്ചം വീശുന്നു. ഒരു രാജാവിനെ ഭയന്ന് കടുത്തുരുത്തിയിൽ നിന്ന് കുറച്ചു ക്രിസ്ത്യാനികൾ മുളന്തുരുത്തിയിൽ വന്ന് താമസമാക്കി. കടുത്തുരുത്തിയിൽ നിന്നും വന്നവരിൽ പ്രധാനി രാജാവിന്റെ മന്ത്രി കുന്നശ്ശേരി കുഞ്ഞാക്കോ തരകനാണ്. പാപശാന്തിയ്ക്കായി അവർ ഒരു പള്ളി പണിയാൻ ശ്രമിക്കുകയും അതിനാവശ്യമുള്ളതായ ഭൂമി ജന്മാവകാശമായി സമ്പാദിച്ച് പള്ളി പണി ആരംഭിക്കുകയും ചെയ്തു. എ.ഡി. 1515-ൽ പള്ളി പുതുക്കി പണിതു. പള്ളിയുടെ പടിഞ്ഞാറെ വാതിലിൽ കാണുന്ന കല്ദായ സുറിയാനി ലിഖിതത്തിന്റെ പരിഭാഷ ഏകദേശം ഇപ്രകാരമാണ്. "മാർത്തോമ്മാ ശ്ലീഹായുടെ ഈ ആലയവാതിൽ മിശിഹാ കാലം 1575-ാം ആണ്ട് വൃശ്ചികം 9-ാം തീയതി മാറ്റി സ്ഥാപിച്ചു." കടുത്തുരുത്തി കുടുംബക്കാർ ഇവിടെ നിന്നും തിരിച്ചുപോയപ്പോൾ പള്ളിഭരണം പാലത്തിങ്കൽ തരകനെ ഏൽപ്പിച്ചു. ഇത് 17-ാം നൂറ്റാണ്ടിന്റെ ആരംഭകാലത്താണ് എന്നു സൂചനയുണ്ട്.

ഇവിടത്തെ പള്ളിമേടയ്ക്ക് ഒരു നൂറ്റാണ്ടിലധികം പഴക്കമുണ്ട്. ചേപ്പാട് മാർ ദീവന്നാസ്യോസ് പണികഴിപ്പിച്ചിട്ടുള്ള ഇതര പള്ളിമേടകളോട് ഇതിന് വളരെയധികം സാമ്യമുണ്ട്.

മലങ്കര സഭ പൊതുവായി ഒരു പ്രതിസന്ധിയിൽ കൂടി കടന്നുപോകുമ്പോൾ മുളന്തുരുത്തി ഇടവകയിൽ കൊല്ലവർഷം 1055 ൽ 'മനുഷ്യ' അവകാശത്തെക്കുറിച്ച് ഒരു തർക്കം ഉത്ഭവിച്ചു. (മുളന്തുരുത്തി പള്ളി ഭരണ സംവിധാനത്തിന്റെ ഒരു ഭാഗമാണ് മനുഷ്യം-മാറ്റമില്ലാ കൈക്കാരൻ) 1056 ൽ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ ശ്രമഫലമായി തർക്കത്തിന് പരിഹാരമുണ്ടാക്കുവാൻ ഒരു ഉടമ്പടി രൂപീകരിച്ചു. ഈ ഉടമ്പടിയോടു കൂടി ചാലി കുടുംബക്കാർ മനുഷ്യ സ്ഥാനത്തിന്റെ സ്ഥിരാവകാശികളായി തീർന്നു. മാത്രമല്ല മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൽ കീഴിലുമായി ഈ പള്ളി 1086 ൽ മനുഷ്യസ്ഥാനിയോട് മറ്റു കൈക്കാരന്മാർ ഒരു അസുഖകരമായ നിലപാടു സ്വീകരിച്ചു. പ്രശ്നപരിഹാരത്തിനുവേണ്ടി കോടതിയെ സമീപിച്ചു. ഓർത്തഡോക്സ് വിശ്വാസത്തിന് അനുകൂലമായ വിധിയും ലഭിച്ചു. ആ സമയത്തു പൊനോടത്തു മത്തായി കത്തനാർ, ചീരന്മേലിൽ ഗീവറുഗീസ് കത്തനാർ എന്നിവരുടെ സുധീരമായ നേതൃത്വത്തിന് മലങ്കരസഭയ്ക്കും മുളന്തുരുത്തി മാർത്തോമ്മൻ ഇടവകക്കാർക്കും വളരെയധികം കടപ്പാടുണ്ടാകേണ്ടതാണ്.

കൊല്ലവർഷം 1087-ൽ മലങ്കരസഭ അംഗീകരിക്കുന്ന അബ്ദൽ മിശിഹാ പാത്രിയർക്കീസ് ബാവായ്ക്കും ഭാഗ്യസ്മരണാർഹനായ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തയ്ക്കും മേൽപ്പറഞ്ഞ വൈദികരുടേയും മനുഷ്യം ചാലിൽ ശ്രീ. കൊച്ചുകോരയുടേയും നേതൃത്വത്തിൽ ഇടവകജനങ്ങൾ വലിയൊരു വരവേല്പ് ഇവിടെ നൽകി. എന്നാൽ 1931-ൽ മലങ്കരയിൽ വന്ന ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായ്ക്ക് മുളന്തുരുത്തിയിൽ ഒരു സ്വീകരണം കൊടുക്കുവാൻ സഭാനേതൃത്വവുമായി വിഘടിച്ചു നിൽക്കുന്നവർ ഒരു ശ്രമം നടത്തി. അതു പരാജയപ്പെട്ടു എന്ന കാര്യവും ഇവിടെ പ്രസ്താവ്യമാണ്. ഈ കാലഘട്ടത്തിൽ തന്നെ ഇടവകയിലെ ചില വൈദികർ സാമ്പത്തികലാഭത്തെ ലക്ഷ്യം വെച്ചും സ്ഥാനമാനങ്ങൾ ലാക്കാക്കി പ്രവർത്തിച്ചും സത്യത്തിന്റെ മുഖം വികൃതമാക്കുവാൻ ശ്രമിച്ചിട്ടുണ്ട് എന്ന കാര്യവും വിസ്മരിക്കാവുന്നതല്ല. സത്യത്തിനുവേണ്ടി നിലകൊണ്ട വൈദികർക്ക് വളരെയധികം പ്രയാസങ്ങൾ അനുഭവിക്കേണ്ടതായും വന്ന ചരിത്രവുമുണ്ട്.

സുപ്രീം കോടതി വിധിയെ തുടർന്ന് 1964 മലങ്കരയിലെ നാലാമത്തെ കാതോലിക്ക പരി. ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവയുടെ വാഴ്ചയിൽ സംബന്ധിക്കുവാൻ ഇവിടെ വന്ന അന്ത്യോക്യായുടെ യാക്കോബ് ത്രിതീയൻ പാത്രിയർക്കീസ് ബാവായ്ക്കും, ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായ്ക്കും, മറ്റു മെത്രാപ്പോലീത്താമാർക്കും ഊഷ്മളമായ വരവേൽപ്പ് വന്ദ്യ പാലക്കാട് ജോൺ കോർഎപ്പിസ്കോപ്പയുടെ നേതൃത്വത്തിൽ മുളന്തുരുത്തി ഇടവകക്കാർ നൽകിയത് ഈ ഇടവകയിൽ കക്ഷി വഴക്കിന്റെ കെടുതികൾ എന്നേക്കുമായി അവസാനിച്ചു എന്നതിന്റെ ലക്ഷണമായിട്ടായിരുന്നു.

എന്നാൽ 1972 ൽ മാർത്തോമ്മാശ്ലീഹായുടെ പട്ടത്വത്തെ നിഷേധിച്ചുകൊണ്ടുള്ള യാക്കോബ് ത്രിതീയൻ പാത്രിയർക്കീസ് ബാവായുടെ 203-ാം നമ്പർ കല്പന വീണ്ടും സഭാഗാത്രത്തിനു വലിയ ഒരു മുറിവുണ്ടാക്കി.കഴിഞ്ഞ രണ്ട് ദശാബ്ദത്തിൽ അധികമായി വ്യവഹാരങ്ങളിൽപ്പെട്ട് ഈ ഇടവകയും നട്ടം തിരിയുകയാണ്. കലുഷിതമായ സഭാന്തരീക്ഷത്തിൽ 01-06-1975 ൽ ഓർത്തഡോക്സ് പക്ഷത്തിന് അനുകൂലമായ കോടതി വിധി ഉണ്ടായപ്പോൾ അത് നടപ്പിൽ വരുത്തുന്നതിന് വിസമ്മതം പ്രകടിപ്പിച്ചുകൊണ്ട് നീണ്ട ഒരു ദശാബ്ദക്കാലം ചരിത്രം ഉറങ്ങുന്ന പരിശുദ്ധവും പരിപാവനവുമായ ഈ പൗരാണിക ദേവാലയം പൂട്ടിയിടേണ്ടതായി വന്ന വസ്തുതയും, 1980 മുതൽ മൺമറഞ്ഞുപോയ നമ്മുടെ പൂർവ്വികർ അന്ത്യവിശ്രമം കൊള്ളുന്ന സെമിത്തേരി ഇന്നും പൂട്ടിക്കിടക്കുന്ന സംഭവങ്ങളും ദൈവജനത്തിന്റെ ഹൃദയത്തിൽ ആഴത്തിലുള്ള മുറിവുകൾ വീഴ്ത്തുന്നു.

**ഉപസംഹാരം**

പരിശുദ്ധ പരുമലത്തിരുമേനി, കാട്ടുമങ്ങാട്ട് ബാവാമാർ തുടങ്ങി നിരവധി പുണ്യാത്മാക്കൾക്ക് ജന്മം കൊടുത്ത ഇടവക. രണ്ടുതവണ വി. മൂറോൻ കൂദാശയ്ക്ക് വേദിയായി. മാർ ഈവാനിയോസ് ഹിദായത്തുള്ള (എ.ഡി. 1694) യെരുശലേം പാത്രിയർക്കീസ് മാർ ഗ്രീഗോറിയോസ് യൂഹാനോൻ (എ.ഡി. 1773) മാർ കൂറിലോസ് യൂയാക്കീം (എ.ഡി. 1874) എന്നീ പിതാക്കന്മാർ ഇവിടെ അന്ത്യവിശ്രമം കൊള്ളുന്നു.

വൈദേശിക മേൽക്കോയ്മ ഇവിടത്തെ സ്വത്തുക്കൾ ആവോളം അപഹരിച്ചിട്ടും ഒരിക്കലും വറ്റാത്ത ആത്മീയ ഉറവയായി മുളന്തുരുത്തി പരിലസിക്കുന്നു. കക്ഷിവഴക്കുകളും ഭിന്നതകളും നിലനിൽക്കുമ്പോഴും ദൈവം കാത്ത് പരിപാലിക്കുന്നു. നട്ടെല്ലുള്ള നസ്രാണിപാരമ്പര്യത്തിന്റെ പിന്തുടർച്ചയായി സഭ നിവർന്നു നിൽക്കുന്നു. വിഭാഗികതയ്ക്കതീതമായി ഒരുമിച്ചു നിന്നുകൊണ്ട് നാടിന്റെ നന്മയ്ക്കും ജീവിതങ്ങളുടെ രക്ഷയ്ക്കും സർവ്വോപരി ദൈവരാജ്യനിർമ്മിതിക്കുമായി ഒത്തുചേരാൻ മുളന്തുരുത്തിയിൽ ഉയരുന്ന ദൈവാലയ മണിനാദം നമ്മോട് ആഹ്വാനം ചെയ്യുന്നു.

**മുളന്തുരുത്തി കാതോലിക്കേറ്റ് സെന്റർ**

**(ഫാ.കെ.റ്റി.ഏലിയാസ് മുളന്തുരുത്തി)**

(ലേഖകൻ മുളന്തുരുത്തി ഇടവകാംഗവും, ജൂബിലേറിയൻ പിതാവിനോടൊരുമിച്ച് മുളന്തുരുത്തി

മാർത്തോമ്മൻ പള്ളി ഇടവകയുടെ വികാരിത്വ ശുശ്രൂഷ നിർവ്വഹിച്ച ആളാണ്. കുര്യാക്കോസ് അച്ചനുമായി നടത്തിയ അഭിമുഖത്തിൽ മുളന്തുരുത്തി സെന്റർ നിർമ്മാണത്തെക്കുറിച്ച് വിവരണം നൽകുന്നു. )

1970-കൾ മലങ്കരസഭയിലെ കക്ഷിവഴക്കിന്റെ മൂർദ്ധന്യദശ. മുളന്തുരുത്തി പള്ളിയും അതിൽ ഒരു കണ്ണിയായിത്തീരുന്നു. 1975-ൽ ജൂൺ 1-ാം തീയതി പള്ളി പൂട്ടി. ഇടവകാംഗങ്ങളുടെ എല്ലാ ആത്മിയാവശ്യങ്ങളും തുരുത്തിക്കര ചാപ്പൽ കേന്ദ്രീകരിച്ചായിരുന്നു നടന്നുവന്നിരുന്നത്. 1982 ആയപ്പോഴേക്കും പള്ളിതുറക്കൽ താമസിക്കാനിടയുള്ളതിനാൽ പള്ളിക്ക് സമീപം ഒരു ആസ്ഥാനം ആവശ്യമാണെന്ന് ചിന്ത ശക്തി പ്രാപിച്ചു.

നമ്മുടെ കാതോലിക്കേറ്റ് സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലമുടമ ഓർത്തഡോക്സ് സഭാംഗം ഇടപ്പാറയിൽ ശ്രീ വർഗ്ഗീസ് ആയതിനാൽ അദ്ദേഹവുമായി ആശയവിനിമയം ആരംഭിച്ചു. സെന്റിന് 5000 രൂപ വീതം 10 സെന്റ് സ്ഥലം വാങ്ങാനുള്ള ധാരണയായി. പണം കണ്ടെത്താനുള്ള മാർഗ്ഗത്തിൽ മാർ പോളികോർപ്പസ് തിരുമേനി 15000 രൂപ നൽകാമെന്ന് സമ്മതിച്ചു. ബാക്കി പണത്തിന് വേണ്ടി പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ തിരുമേനിയെ സമീപിച്ചു. അക്കാലത്ത് കാതോലിക്കേറ്റ് സെന്റർ നിർമ്മാണത്തിന് 10,000 രൂപ കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന സമയമായിരുന്നു. പതിനായിരം രൂപ പോരെന്നും 35,000 രൂപ ലഭിക്കണമെന്നുമുള്ള എന്റെ ആവശ്യം . ബാവ അംഗീകരിക്കുകയും , അപ്രകാരം ലഭിച്ചതും ചേർത്താണ് 10 സെന്റ് സ്ഥലം വാങ്ങിയത്.

ഇടവകാംഗങ്ങളായ തണങ്ങാട്ടിൽ ഏലിയാസ് ചേട്ടൻ() തുകലൻ കാച്ചപ്പിള്ളിൽ മാർക്കോസ് ചേട്ടൻ() ചാലിൽ കുഞ്ഞിച്ചെറിയ ചേട്ടൻ,() ചാലിൽ പൗലോസ് ചേട്ടൻ(), പടിപ്പുരയ്ക്കൽ മത്തായിച്ചേട്ടൻ() മ്യാലിൽ ഉതുപ്പു ചേട്ടൻ () എന്നിവർ നേതൃത്വം നൽകി, 10 ദിവസംകൊണ്ട് തൂണിൽ നിർമ്മിച്ച താത്കാലിക ഷെഡ്ഡിൽ മദ്ബഹാ പണിതീർത്ത് ഡിസംബർ 18-ന് പുണ്യശ്ലോകനായ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി വിശുദ്ധ കുർബാന അർപ്പിച്ചു.

മേല്പ്പറഞ്ഞ പേരുകാർ പെട്ടെന്നു പണം സംഘടിപ്പിച്ച് ഒരു വിധം പണികൾ പൂർത്തിയാക്കാൻ കഴിഞ്ഞു. പലഘട്ടങ്ങളിലായി അതാതു കാലത്തെ ഭരണസമിതിയുടെ മേൽനോട്ടത്തിൽ ഇന്നു കാണുന്ന പള്ളിക്കെട്ടിടം പടുത്തുയർത്തി. ശ്രീമാന്മാരായ ജോർജ്ജ് തേറുള്ളിൽ, സോമൻ കെ. പോൾ, ശ്രീ ജോസ് പൊല്ലയിൽ എന്നിവരുടെ ഭരണകാലത്ത് കുറച്ചു കൂടി സ്ഥലം വാങ്ങുന്നതിനും മെച്ചമായ നിലയിൽ നിർമ്മാണം പൂർത്തിയാക്കുന്നതിനും സാധിച്ചു.

പള്ളിയിലേക്കുള്ള റോഡ് ടാർ ചെയ്യുന്നതിനും , കിണർ കുഴിക്കുന്നതിനും ആവശ്യമായ ധനം നൽകി സഹായിച്ചത് പരേതയായ മൂന്നുകണ്ടത്തിൽ ഏലിക്കുട്ടിയാണ്. അവരുടെ ത്യാഗോജ്ജ്വലമായ സഹായത്തിനു മുമ്പിൽ പ്രാർത്ഥനാപൂക്കൾ അർപ്പിക്കുന്നു. പടിപ്പുരയ്ക്കൽ കുഞ്ഞൗസേപ്പു ചേട്ടന്റെ മകൾ (അന്നമ്മ) കൊച്ച് തന്റെ മരണശേഷം തനിക്കുള്ള നാലര സെന്റ് സ്ഥലവും, ചെറിയ കെട്ടിടവും സെന്ററിന്റെ പേർക്ക് എഴുതിവയ്ക്കുകയും അത് വിറ്റു കിട്ടുന്ന തുകയിൽ 75,000 രൂപ ഒരു സാധു പെൺകുട്ടിയുടെ വിവാഹം നടത്തുന്നതിനും ബാക്കി തുക, പള്ളിക്കുമായിട്ടാണ് എഴുതിവച്ചിരുന്നത്. അപ്രകാരം പ്രവർത്തിക്കാനും പള്ളിയുടെ വടക്കേ വരാന്തയും മുറിക്കകവും ടൈൽസ് വിരിക്കുന്നതിനും ആ പണം ഉപകരിച്ചു. അവരെയും പ്രാർത്ഥനയിൽ ഓർക്കുന്നു.

പള്ളിയുടെ വടക്കേ മുറ്റത്ത് പന്തൽ പോലെ ഒരു സെമിപെർമനന്റ് ഷെഡ് ഉണ്ടാക്കുകയും, സണ്ടേസ്കൂൾ പഠനം, ചെറിയ തോതിലുള്ള സൽക്കാരങ്ങൾ എന്നിവയ്ക്ക് ഉപയോഗിക്കാൻ, 35,000 രൂപ സഹായിച്ചത് ഇടവകാംഗമായ കുറൂർ രാജൻ അമേരിക്കയാണ്. അവരെയും പ്രത്യേകം ഓർത്തു പ്രാർത്ഥിക്കുന്നു.

കാതോലിക്കേറ്റ് സെന്ററിന്റെ ആരംഭം മുതൽതന്നെ ബുധനാഴ്ച, ശനിയാഴ്ച, ഞായറാഴ്ച എന്നീ ദിവസങ്ങളിലും, വിശ്വാസികൾ ആവശ്യപ്പെടുന്ന മറ്റ് ദിവസങ്ങളിലും, പെരുന്നാൾ ദിവസങ്ങളിലും വി.ആരാധന അർപ്പിച്ചുവന്നിരുന്നു. ബുധനാഴ്ച മാർത്തോമാശ്ലീഹായുടെയും, ശനിയാഴ്ച പ.പരുമലത്തിരുമേനിയുടയും, ഞായറാഴ്ച പ. ദൈവമാതാവിന്റെയും മദ്ധ്യസ്ഥപ്രാർത്ഥന നടത്തിവന്നിരുന്നു. 15 നോമ്പിൽ എല്ലാ ദിവസവും സന്ധ്യാനമസ്കാരവും, അവസാനത്തെ 5 ദിവസങ്ങളിൽ ധ്യാനപ്രസംഗങ്ങളും, വി. കുർബാനയും നടത്തിവന്നിരുന്നു. വലിയനോമ്പ്, 3 നോമ്പ് എന്നീ ദിവസങ്ങളിലും സന്ധ്യാനമസ്കാരവും, വെള്ളിയാഴ്ചകളിൽ ഉപവാസപ്രാർത്ഥനയും ഞായറാഴ്ചകളിൽ, ഇടവകയുടെ വിവിധഭാഗങ്ങളിൽവച്ച് മിനികൺവെൻഷനുകളും നടത്തിയിരുന്നു. കൂടാതെ മാസത്തിൽ ഒരു ഞായറാഴ്ച ഭവനങ്ങളിൽ പ്രാർത്ഥനായോഗവും, സണ്ടേസ്കൂൾ, യുവജനപ്രസ്ഥാനം, സ്ത്രീസമാജം തുടങ്ങിയ ആത്മിയപ്രസ്ഥാനങ്ങളും വളരെ ഭംഗിയായി നടന്നിരുന്നു. എല്ലാ രണ്ടാം ശനിയാഴ്ചയും, ഉച്ചയ്ക്ക് 2 മണി മുതൽ മർത്തമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിൽ കുടുംബനവീകരണധ്യാനം നടത്തിയിരുന്നു. പ്രഗത്ഭരായ ധ്യാനഗുരുക്കൾ നടത്തിയിരുന്ന കുടുംബനവീകരണധ്യാനം എന്തുകൊണ്ടും പ്രശംസയർഹിച്ചിരുന്നു. അതോടൊപ്പം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും മുൻതൂക്കം നല്കിയിരുന്നു.

അഭിവന്ദ്യരായ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെയും മാർ അന്തോണിയോസ് തിരുമേനിയുടെയും കൽപ്പനപ്രകാരം 3 നോമ്പിൽ 3 ദിവസത്തെ കൺവെൻഷൻ, മുളന്തുരുത്തി കൺവെൻഷൻ എന്ന പേരിൽ സമീപപ്രദേശത്തുള്ള പള്ളികളുടെയും സഹകരണത്തിൽ ആരംഭിച്ചു. ഇന്നും ശക്തമായി നടക്കുന്ന ഒരു കൺവെൻഷനായി തീർന്നിട്ടുണ്ട് എന്ന് സന്തോഷസമേതം രേഖപ്പെടുത്തുന്നു.

1975 മുതൽ 2005 വരെയുള്ള 30 വർഷക്കാലം മുളന്തുരുത്തിയിൽ ഓർത്തഡോക്സ് സഭാംഗങ്ങളെ സംഘടിപ്പിക്കാനും അവരെ ശക്തിപ്പെടുത്തി തീക്ഷ്ണതയുള്ളവരാക്കാനും അവരുടെ നിലനിൽപ്പിനാവശ്യമായ ആത്മിയവും ഭൗതികവുമായ ആവശ്യങ്ങൾ, സ്വന്തം ആരോഗ്യവും സൗകര്യങ്ങളും വിസ്മരിച്ച് പ്രവർത്തിക്കുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്ത്വപ്പെടുത്തുന്നു.

എതിർപക്ഷത്തിന്റെ ഭീഷണിയും ഭയപ്പെടുത്തലുകളും ഒരിക്കലും എന്നെ തളർത്തിയിരുന്നില്ല. എന്നാൽ കൈപ്പേറിയ അനുഭവം ധാരാളം അനുഭവിച്ചുകൊണ്ട് ധാരാളം വിമർശനങ്ങൾ ഏററുവാങ്ങിക്കൊണ്ടും മുമ്പോട്ടുപോയത് എന്റെ സഭയ്ക്ക്, എന്റെ മാതൃ ഇടവകയിലെ മലങ്കര ഓർത്തഡോക്സ് സഭയുടെ യശസ്സുയർത്തുവാനാണ്. ഇതിന്റെ വേരുകൾ മുളന്തുരുത്തിയിൽ പഴയ കക്ഷിവഴക്കുകാലം മുതൽതന്നെ ഉണ്ടായിരുന്നുവെങ്കിലും, അതു വളർത്താനും, ഉയർത്താനും പറ്റിയ നേതൃത്വം ഇല്ലാതെ നാമാവശേഷമായിക്കൊണ്ടിരുന്ന കാലത്താണ് ബലഹീനനായ ഞാൻ നേതൃസ്ഥാനത്തു എത്തിപ്പെട്ടത്. എല്ലാവരെയും കൂട്ടിച്ചേർക്കാനും ഒരു നല്ല ഇടവകയ്ക്ക് വേണ്ടതായ ആൾ സംഖ്യ സംഘടിപ്പിക്കാനും അതു നിലനിർത്താനും ഒട്ടേറെ ത്യാഗം അനുഭവിക്കേണ്ടിവന്നെങ്കിലും. ഇന്നു തിരിഞ്ഞു നോൽക്കുമ്പോൾ ആത്മനൊമ്പരങ്ങളുടെ ഇടയിൽ തണുപ്പ് കോരിയിടുന്ന ഒരു അനുഭവം മനസ്സിലേക്ക് തലയടിച്ച് വരുന്നു. കാതോലിക്കേറ്റിന്റെ നിലനിൽക്കുന്ന, മുളന്തുരുത്തിയിൽ അതിന്റെ സംരക്ഷണത്തിനും വേണ്ടി ഒട്ടേറെ ത്യാഗം സഹിക്കേണ്ടിവന്നിട്ടുണ്ട്. ഈ സ്ഥാപനത്തിൽകൂടി ദൈവനാമം മഹത്ത്വപ്പെടട്ടെ സഭയുടെ കൊമ്പുകൾ ഉയരട്ടെ.

## *മുളന്തുരുത്തി കാതോലിക്കേറ്റ് സെന്റർ*

*1975 ൽ ജൂൺ 1-ാം തീയതി അനധികൃതമായി പള്ളി പൂട്ടിയതിനുശേഷം ഇടവകാംഗങ്ങളുടെ എല്ലാ ആത്മിയാവശ്യങ്ങളും തുരുത്തിക്കര ചാപ്പൽ കേന്ദ്രീകരിച്ചായിരുന്നു ചെയ്ത് വന്നിരുന്നത്. 1982 ആയപ്പോഴേക്കും പള്ളി തുറക്കൽ താമസിക്കാനിടയുള്ളതിനാൽ പള്ളിക്ക് സമീപം ഒരു ആസ്ഥാനം ആവശ്യമാണെന്ന് ചിന്ത ശക്തി പ്രാപിച്ചു.*

*ഇപ്പോൾ സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലമുടമ ഓർത്തഡോക്സ് സഭാംഗം ഇടപ്പാറയിൽ ശ്രീ വർഗ്ഗീസ് ആയതിനാൽ അദ്ദേഹവുമായി ആശയവിനിമയം ആരംഭിച്ചു. സെന്റിന് 5000 രൂപ വീതം 10 സെന്റ് സ്ഥലം വാങ്ങാനുള്ള ധാരണയായി. പണം കണ്ടെത്താനുള്ള മാർഗ്ഗത്തിൽ മാർ പോളികോർപ്പസ് തിരുമേനി 15000 രൂപ നൽകാമെന്ന് സമ്മതിച്ചു. ബാക്കിപണത്തിന് വേണ്ടി പ.ബാവാ മാത്യൂസ് പ്രഥമൻ തിരുമേനിയെ സമീപിച്ചു. അക്കാലത്ത് കാതോലിക്കേറ്റ് സെന്റർ നിർമ്മാണത്തിന് 10,000 രൂപ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സമയമായിരുന്നു. പതിനായിരം രൂപ പോരെന്നും 35,000 രൂപ ലഭിക്കണമെന്നുമുള്ള എന്റെ ആവശ്യം . ബാവ അംഗീകരിക്കുകയും , അപ്രകാരം ലഭിച്ചതും ചേർത്താണ് 10 സെന്റ് സ്ഥലം വാങ്ങിയത്. ഇടവകാംഗങ്ങളായ തണങ്ങാട്ടിൽ ഏലിയാസ് ചേട്ടൻ, തുകലൻ കാച്ചപ്പിള്ളിൽ, മാർക്കോസ് ചേട്ടൻ, ചാലിൽ കുഞ്ഞിച്ചെറിയ ചേട്ടൻ, ടിയിൽ പൗലോസ് ചേട്ടൻ, പടിപ്പുരയ്ക്കൽ മത്തായിച്ചേട്ടൻ, മ്യാലിൽ ഉതുപ്പു ചേട്ടൻ എന്നിവർ നേതൃത്വം നൽകി. 10 ദിവസം കൊണ്ട് തൂണിൽ നിർമ്മിച്ച താത്കാലിക ഷെഡ്ഡിൽ മദ്ബഹാ പണി തീർത്ത് ഡിസംബർ 18 ന് നവ പൂജ മാർ സേവേറിയോസ് തിരുമേനി അർപ്പിച്ച് കൊണ്ട് ഒരു പുതിയ തുടക്കം ആരംഭിച്ചു. മേല്പ്പറഞ്ഞ പേരുകാർ പെട്ടെന്നു പണം സംഘടിപ്പിച്ച് ഒരു വിധം പണികൾ പൂർത്തിയാക്കാൻ കഴിഞ്ഞു. പിന്നീട് പലഘട്ടങ്ങളിലായി അതാതു കാലത്തെ ഭരണസമിതിയുടെ മേൽനോട്ടത്തിൽ ഇന്നു കാണുന്ന പള്ളിക്കെട്ടിടം പടുത്തുയർത്തി. ശ്രീ. ജോർജ്ജ് തേറുള്ളിൽ, സോമൻ.കെ.പോൾ, ശ്രീ.ജോസ് പൊല്ലയിൽ എന്നിവരുടെ ഭരണകാലത്ത് കുറച്ച് കൂടി സ്ഥലം വാങ്ങുന്നതിനും മെച്ചമായ നിലയിൽ നിർമ്മാണ പൂർത്തിയാക്കുന്നതിനും സാധിച്ചു. പള്ളിയിലേക്കുള്ള റോഡ് ടാർ ചെയ്യുന്നതിനും , കിണർ കുഴിക്കുന്നതിനും ആവശ്യമായ ധനം നൽകി സഹായിച്ചത് പരേതയായ വിധവ മൂന്നുകണ്ടത്തിൽ ഏലിക്കുട്ടിയാണ്. അവരുടെ ത്യഗോജ്ജലമായ സഹായത്തിന് മുമ്പിൽ പ്രാർത്ഥനാപൂക്കൾ അർപ്പിക്കുന്നു. പടിപ്പുരയ്ക്കൽ കുഞ്ഞ് അവുസേപ്പുചേട്ടന്റെ മകൾ (അന്നമ്മ) അവിവാഹിതയായ കൊച്ച് തന്റെ മരണശേഷം തനിക്കുള്ള നാലര സെന്റ് സ്ഥലവും, ചെറിയ കെട്ടിടവും സെന്ററിന്റെ പേർക്ക് എഴുതിവയ്ക്കുകയും അത് വിറ്റ് കിട്ടുന്ന തുകയിൽ 75,000 രൂപ ഒരു സാധു പെൺകുട്ടിയെ വിവാഹം നടത്തുന്നതിനും ബാക്കി തുക, പള്ളിയ്ക്കുമായിട്ടാണ് എഴുതി വെച്ചിരുന്നത്. അപ്രകാരം പ്രവർത്തിക്കാനും പള്ളിയുടെ വടക്കേവരാന്തയും മുറിയ്ക്കകവും ടൈൽസ് വിരിക്കുന്നതിനും*

*ആ പണം ഉപകരിച്ചു. അവരേയും പ്രാർത്ഥനയിൽ ഓർക്കുന്നു.*

*പള്ളിയുടെ വടക്കേമുറ്റത്ത് പന്തൽ പോലെ ഒരു സെമി പെർമനന്റ് ഷെഡ് ഉണ്ടാവുകയും, സണ്ടേസ്ക്കൂൾ പഠനം, ചെറിയ തോതിലുള്ള സൽക്കാരങ്ങൾ എന്നിവയ്ക്ക് ഉപയോഗിക്കാൻ, 35,000 രൂപ സഹായിച്ചതു ഇടവകാംഗമായ കുറൂർ രാജൻ അമേരിക്കയാണ്. അവരേയും പ്രത്യേകം ഓർത്തു പ്രാർത്ഥിക്കുന്നു.*

*1975 മുതൽ2005 വരെയുള്ള 30 വർഷക്കാലം മുളന്തുരുത്തിയിൽ ഓർത്തഡോക്സ് സഭാംഗങ്ങളെ സംഘടിപ്പിക്കാനും അവരെ ശക്തിപ്പെടുത്തി തീഷ്ണതയുള്ളവരാക്കാനും, അവരുടെ നിലനിൽപ്പിനാവശ്യമായ ആത്മീയവും ഭൗതീകവുമായ ആവശ്യങ്ങൾ, സ്വന്തം ആരോഗ്യവും സൗകര്യങ്ങളും വിസ്തരിച്ച് പ്രവർത്തിച്ചു എന്ന ഒരു ആത്മസംതൃപ്തി എനിക്കുണ്ട്. എതിർപക്ഷത്തിന്റെ ഭീഷണിയും, ഭയപ്പെടുത്തലുകൾ ഒന്നും ഒരിക്കലും എന്നെ തളർത്തിയിരുന്നില്ല. എന്നാൽ സ്വജാതിയിൽ നിന്നും ലഭിച്ച അത്യതാവശ്യ വിമർശനങ്ങളും കാതോലിക്കേറ്റ് സെന്ററിൽ ഒരു കുർബ്ബാനപോലും ചൊല്ലാൻ സാധിക്കാത്ത സാഹചര്യവും എന്നെ വേദനിപ്പിച്ചിരുന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ വേരുകൾ മുളന്തുരുത്തിയിൽ പഴയ കക്ഷിവഴക്കുകാലം മുതൽ തന്നെ ഉണ്ടായിരുന്നുവെങ്കിലും, അതു വളർത്താനും, ഉയർത്താനും പറ്റിയ നേതൃത്വം ഇല്ലാതെ നാമാവശേഷമായ കാലത്താണു ഞാൻ അതിന്റ നേതൃസ്ഥാനത്തു എത്തിപ്പെട്ടത്. എല്ലാവരേയും കൂട്ടിച്ചേർക്കാനും ഒരു നല്ല ഇടവകയ്ക്ക് വേണ്ടതായ ആൾ സംഖ്യ സംഘടിപ്പിക്കാനും അതു നിലനിർത്താനും ഒട്ടേറെ ത്യാഗം അനുഭവിക്കേണ്ടി വന്നെങ്കിലും. ഇന്നു തിരിഞ്ഞു നോൽക്കുമ്പോൾ ആത്മനൊമ്പരങ്ങളുടെ ഇടയിൽ തണുപ്പ് കോരിയിടുന്ന ഒരു അനുഭവം മനസ്സിലേക്ക് തലയടിച്ച് വരുന്നു.*

## തുരുത്തിക്കര ചാപ്പൽ: തുരുത്തിക്കരയുടെ തിലകക്കുറി
## എടപ്പങ്ങാട്ടിൽ കുര്യാക്കോസ് കോർഎപ്പിസ്കോപ്പ വഹിച്ച പങ്ക്

**(ഫാ. എബ്രഹാം എടമ്പാടം)**

(മലങ്കര ഓർത്തഡോക്സ് സഭയുടെ കൊച്ചി ഭദ്രാസനത്തിൽപെട്ട തുരുത്തിക്കര മാർ ഗ്രീഗോറിയോസ് ചാപ്പലിന്റെ സ്ഥാപകവികാരിയായ ബഹു.കെ.ജെ.കുര്യാക്കോസ് അച്ചനുമായി ബഹു.എബ്രാഹം എടമ്പാടത്തച്ചൻ നടത്തിയ അഭിമുഖത്തിന്റെ പ്രസക്തഭാഗങ്ങൾ ഇവിടെ രേഖപ്പെടുത്തുന്നു. എഡിറ്റർ)

പരിശുദ്ധ പരുമല തിരുമേനിയുടെ ജന്മനാട്ടിൽ രൂപം കൊണ്ട ആദ്യത്തെ ദേവാലയം ആണ് തുരുത്തിക്കര മാർ ഗ്രീഗോറിയോസ് ചാപ്പൽ. തുരുത്തിക്കര ആത്രശ്ശേരിൽ കുര്യാക്കോസ് സ്വമേധയാ സൗജന്യമായി വെട്ടിക്കുളം കവലയുടെ കിഴക്കുവശത്ത് 20 സെന്റ് സ്ഥലത്ത് പ. ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവയുടെ 325/64 നമ്പർ കല്പന പ്രകാരം പ. പരുമല തിരുമേനിയുടെ നാമത്തിൽ ദേവാലയം നിർമ്മിക്കുന്നതിന് അനുവാദം നല്കി.

പരുമല തിരുമേനിയുടെ ജന്മദിനമായ ജൂൺ 15-ാം തീയതി പള്ളിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ 1967-ൽ ആരംഭം കുറിച്ചു.

കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ ഭാഗ്യസ്മരണാർഹനായ പോളികാർപ്പോസ് തിരുമേനിയുടെ ശുപാർശപ്രകാരം പുണ്യശ്ലോകനായ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ദേവാലയത്തിനായി എടപ്പങ്ങാട്ടിൽ ദിവ്യശ്രീ കെ.ജെ. കുര്യാക്കോസ് അച്ചനെ പ്രസിഡന്റാക്കി ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തി. പാറയിൽ പി.പി. ജോൺ, ടി.സി. പൗലോസ് തച്ചേത്ത്, ഇ.വി. ജോൺ എടമ്പാടത്ത്, എടമ്പാടത്ത് കുര്യച്ചൻ, പോട്ടയിൽ ചാക്കപ്പൻ, അമ്പലം പൗലോസ്, കല്ലുമട തോമസ്, കെ.കെ. പൗലോസ് കാഞ്ഞിരംകോലത്ത്, കാഞ്ഞിരത്തിങ്കൽ കെ.വി. തോമസ്, എടമ്പാടത്ത് ഇട്ടീര കുര്യൻ, മാഞ്ചോട്ടിൽ ചാക്കോ, എടമ്പാടത്ത് എബ്രഹാം ഇട്ടീര, തോപ്പിൽ മത്തായി എന്നിവരുടെ സജീവനേതൃത്വത്തിൽ ദേവാലയനിർമ്മാണം നടന്നു. കെ.കെ. പൗലൂസിനെയും എടമ്പാടത്ത് യോഹന്നാൻ മാസ്റ്ററെയും ട്രഷററായി നിയമിച്ചു.

ബഹു. കുര്യാക്കോസ് അച്ചന്റെ നേതൃത്വത്തിൽ മലങ്കരസഭയിൽ അങ്ങോളമിങ്ങോളമുള്ള പള്ളികൾ സന്ദർശിച്ച് ധനശേഖരണം നടത്തി. ജാതിമതഭേദമന്യേ സഭാസ്നേഹികളുടെയും തദ്ദേശവാസികളുടെയും സഹകരണം ലഭിച്ചു. നൃത്തസംഗീതനാടകം, ബെനിഫിറ്റ് ഷോ, ഗാനമേള മുതലായ പരിപാടികൾ നടത്തി പണസമാഹരണം നടത്തി. പുണ്യശ്ലോകനായ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി പ്രഥമദിവ്യബലി അർപ്പിച്ചത് 1968 സെപ്റ്റംബർ 14-ാ തീയതി ശനിയാഴ്ച ആയിരുന്നു. എടപ്പങ്ങാട്ടിൽ യാക്കോബ് കോർഎപ്പിസ്കോപ്പാ, കെ.ടി. സ്കറിയ കോർഎപ്പിസ്കോപ്പ, വികാരി കെ.ജെ. കുര്യാക്കോസച്ചൻ എന്നിവരും സന്നിഹിതരായിരുന്നു. എടപ്പള്ളി മറ്റത്തിൽ മത്തായി ആയിരുന്നു ശുശ്രൂഷകൻ. അന്നേദിവസം വികാരിയുടെ മകൻ അജിയുടെ മാമോദീസായും അവിടെ വച്ചു നിർവ്വഹിച്ചു.

ആദ്യമായി ആരാധന ആരംഭിച്ചതു മുതൽ ശനിയാഴ്ച, ഞായറാഴ്ച എന്നീ ദിവസങ്ങളിലും മാറാന പെരുന്നാളുകളിലും വി. കുർബ്ബാന നടത്തിയിരുന്നു. പരുമല തിരുമേനിയോടുള്ള പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥന, ദൈവമാതാവിന്റെ ശൂനോയോ നോമ്പിൽ എല്ലാ ദിവസവും സന്ധ്യാനമസ്കാരവും അവസാനത്തെ അഞ്ചുദിവസങ്ങളിൽ വി. കുർബ്ബാനയും, മദ്ധ്യസ്ഥ പ്രാർത്ഥനകളും, ധ്യാനപ്രസംഗങ്ങളും നടത്തിവരുന്നു. അമ്പതുനോമ്പിലും, മൂന്നുനോമ്പിലും എല്ലാ ദിവസങ്ങളിലും നടത്തുന്ന സന്ധ്യാപ്രാർത്ഥനകളിലും എല്ലാ വെള്ളിയാഴ്ചയും പരിുമല തിരുമേനിയോടുള്ള പ്രാർത്ഥനയും തുടർച്ചയായി നടക്കുന്നു.

**ആദ്ധ്യാത്മികസംഘടനാപ്രവർത്തനങ്ങൾ**

ബഹു. വികാരി അച്ചന്റെ നേതൃത്വത്തിൽ ആദ്ധ്യാത്മിക സാമൂഹ്യ മണ്ഡലങ്ങളിൽ നടന്ന പ്രവർത്തനം ശ്രദ്ധേയമാണ്. സണ്ടേസ്കൂൾ, വനിതാസമാജം, യുവജനപ്രസ്ഥാനം, പ്രാർത്ഥനായോഗം തുടങ്ങിയ ആദ്ധ്യാത്മിക സംഘടനാപ്രവർത്തനങ്ങളും ജീവകാരുണ്യവേലകളും ഇടവകയ്ക്കു പുത്തൻ ഊർജ്ജം അനുദിനം നൽകിക്കൊണ്ടിരുന്നു.

നവപൂജാർപ്പണത്തോടനുബന്ധിച്ച് നിർദ്ധനരായ ഏതാനും സാധുജനങ്ങൾക്ക് വസ്ത്രദാനം നിർവ്വഹിക്കുകയുണ്ടായി. തുടർന്നുള്ള എല്ലാ വർഷങ്ങളിലും ഈ പതിവ് തുടർന്നുപോന്നു. ചാപ്പൽ ആരംഭിച്ച കാലഘട്ടങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഫീസ് സമ്പ്രദായം നിലനിന്നിരുന്നു. അക്കാലഘട്ടങ്ങളിൽ ആരക്കുന്നം, മുളന്തുരുത്തി, തലക്കോട് എന്നീ വിദ്യാലയങ്ങളിലെ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ഫീസ് കൊടുക്കേണ്ടതിനാവശ്യമായ തുക നൽകി വന്നിരുന്നു. പുരകെട്ടി മേയാൻ നിവർത്തിയില്ലാതിരുന്ന പലരും ഇന്നാട്ടിൽ ഉണ്ടായിരുന്നു. അവരുടെ വിഷമസ്ഥിതി മനസ്സിലാക്കി ആ രംഗത്തേക്കുകൂടി പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെടുകയാൽ ആരക്കുന്നം, പുളിക്കമാലി, കാരിക്കോട്, എരുവേലി, വെട്ടിക്കൽ എന്നീ പ്രദേശങ്ങളിലെ ഏതാനും ഭവനങ്ങൾ കെട്ടിമേഞ്ഞുകൊടുക്കുവാൻ ദൈവകൃപയാൽ സാധിച്ചു. സഭയുടെ ചികിത്സാസഹായപദ്ധതി (എസ്.എ.എഫ്), വിവാഹസഹായപദ്ധതി (എം.എ.എഫ്), ഭവനസഹായപദ്ധതി (എച്ച്.എ.എഫ്) എന്നീ പ്രസ്ഥാനങ്ങളിൽകൂടി അഗതികൾക്കും അശരണർക്കും അത്താണി ആയിരുന്നു. കൂടാതെ സൗജന്യ നേത്രപരിശോധനക്യാമ്പുകളും സംഘടിപ്പിച്ചിരുന്നു. തൊഴിൽരഹിതർക്കായി പാമ്പാക്കുട ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് സഹകരണസംഘത്തിന്റെ ഒരു നൂൽനൂൽപ്പ് കേന്ദ്രം ആരംഭിച്ചത് അമ്പതിൽപരം യുവതികൾക്ക് വരുമാനമാർഗ്ഗമായിരുന്നു. സേവനോത്സുകരായ അന്നത്തെ പ്രവർത്തകരുടെ കൂട്ടായ യജ്ഞം സഭാപ്രസിദ്ധീകരണങ്ങളുടെയും വിവിധ മാധ്യമങ്ങളുടെയും ശ്രദ്ധയാകർഷിച്ചത് പുതിയൊരാവേശമായിരുന്നു.

**ചാപ്പലിന്റെ സമ്പൂർണ്ണ കൂദാശ**

ചാപ്പലിന്റെ സിൽവർ ജൂബിലി വർഷത്തിൽ, 1992 ഡിസംബർ 28, 29 തീയതികളിൽ ചാപ്പലിന്റെ സമ്പൂർണ്ണ കൂദാശ നടത്തുവാൻ ദൈവം കരുണ ചെയ്തു. അതിന്റെ മുന്നോടിയായി ചാപ്പലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി, ചാപ്പൽ മനോഹരമാക്കി. മദ്ബഹയിലും, ഹൈക്കലയിലും മാർബിൾ വിരിച്ചു. കൂദാശയെ തുടർന്ന് എല്ലാ വർഷവും ഡിസംബർ 29, 30 തീയതികളിൽ ഇടവകയുടെ വാർഷികപ്പെരുന്നാൾ ആഘോഷിക്കുവാനും തുടങ്ങി. ഇതിനുവേണ്ടി അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്താ സക്കറിയ മാർ അന്തോണിയോസ് തിരുമേനിയുടെ കല്പന പ്രകാരം പല ഇടവകകളിൽനിന്ന് ലഭിച്ച സഹായവും, സിൽവർ ജൂബിലിപ്രസിദ്ധീകരണത്തിൽ നിന്ന് ലഭിച്ച വരുമാനവും, കൂടാതെ അനേകം സഭാസ്നേഹികൾ നല്കിയ സംഭാവനകളും കൊണ്ടാണ് ഈ ചാപ്പൽ, മലങ്കര സഭയിലെ മനോഹരദേവാലയങ്ങളിൽ ഒന്നായിത്തീർന്നത്. തുടർന്നുള്ള വർഷങ്ങളിൽ തുരുത്തിക്കര ചാപ്പലിന്റെ ബഹുമുഖമായ വളർച്ചയ്ക്ക് ഈ സമ്പൂർണ്ണകൂദാശ മുഖാന്തരമായിതീർന്നു. പരിശുദ്ധ പരുമലത്തിരുമേനിയുടെ മദ്ധ്യസ്ഥതയിൽകൂടി ലഭിച്ച ദൈവത്തിന്റെ കൃപയാണ് മലങ്കരയിലെ പ്രമുഖ ദേവാലയങ്ങളിലൊന്നായി തുരുത്തിക്കര ചാപ്പൽ രൂപാന്തരം പ്രാപിച്ചത്.

മുളന്തുരുത്തിയിലെ കക്ഷിഭിന്നത മൂലം, വന്നുതാമസിക്കുന്ന ഓർത്തോഡ്ക്സ് വിഭാഗക്കാരുടെ മൃതദേഹസംസ്കാരത്തിനു വേണ്ടി ഒരു കോൺക്രീറ്റ് വാൾട്ട് സെമിത്തേരി (25 വാൾട്ട്) പണി തീർത്തു. അതോടൊപ്പം ഒരു ചെറിയ പാരിഷ് ഹാൾ നിർദ്ദേശിക്കുന്നതിനും സാധിച്ചിരുന്നു. പൊല്ലെമുകൾ ഭാഗത്ത് പള്ളിപ്പുറം യാക്കൂബ് നൽകിയ 5 സെന്റ് സ്ഥലവും, 5000 രൂപയും ചേർത്ത് പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ ഒരു കുരിശുംതൊട്ടി, കാലം ചെയ്ത ജോസഫ് മാർ പക്കോമിയോസ് തിരുമേനി ശിലാസ്ഥാപനം നടത്തിയത് പൂർത്തിയാക്കി, എല്ലാ രണ്ടാം ശനിയാഴ്ചകളിലും അവിടെ പരിശുദ്ധന്റെ പെരുന്നാളിന്റെ പെങ്കിസാനമസ്കാരം ആരംഭിക്കുകയും, നാനാജാതി മതസ്ഥരായ ധാരാളം പേർ പങ്കെടുക്കുകയും ചെയ്തിരുന്നു. അത് ഇന്നും മുടങ്ങാതെ നേർച്ചയോടെ നടക്കുന്നു.

1968–ൽതന്നെ പരുമലയ്ക്കുള്ള തീർത്ഥയാത്ര ആരംഭിച്ചിരുന്നു. തിരുവല്ല വരെ വാഹനത്തിലും അവിടെ നിന്ന് കാൽനടയായും കബറിങ്കൽ എത്തി മദ്ധ്യസ്ഥപ്രാർത്ഥന നടത്തിയിരുന്നു. ധാരാളം വിശ്വാസികൾ പങ്കെടുത്ത മദ്ധ്യസ്ഥപ്രാർത്ഥന അനേകരുടേയും കണ്ണുകളിൽ നിന്ന് അശ്രുകണങ്ങൾ ഒഴുകിയെത്താൻ പ്രേരണ നൽകിയിരുന്നു. 1994-ൽ ഏകദേശം 30 വർഷത്തെ സേവനം പൂർത്തിയാക്കി വന്ദ്യ കെ.ജെ.കുര്യാക്കോസ് കോർഎപ്പിസ്കോപ്പാ അവിടെ നിന്ന് പിരിയുകയും ചെയ്തു.

എന്റെ ഗുരുസ്ഥാനിയനായ വന്ദ്യ കെ.ജെ.കുര്യാക്കോസ് കോർഎപ്പിസ്കോപ്പായുടെ പൗരോഹിത്യ കനകജൂബിലിവർഷത്തിൽ അച്ചൻ കൊച്ചി ഭാദ്രാസനത്തിൽപെട്ട മുളന്തുരുത്തി, തുരുത്തിക്കര, മാന്തുരുത്തേൽ, എറണാകുളം സെന്റ് മേരീസ് എന്നീ ഇടവകകൾക്കു നൽകിയ ശുശ്രൂഷകൾക്ക് ദൈവം പ്രതിഫലം കൊടുക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

## മുളന്തുരുത്തി മാർത്തോമൻപള്ളി എന്നും മലങ്കര ഓർത്തഡോക്സ് സഭയുടെ മുഖ്യധാരയിൽ തന്നെ

**(ഫാ. അലക്സ് പൂപ്പാറയിൽ മുളന്തുരുത്തി)**

(പാശ്ചാത്യ സുറിയാനിഭാഷയിലും സാഹിത്യത്തിലും ബിരുദാനന്തബിരുദം എടുത്ത ലേഖകൻ, തന്റെ മാതൃ ഇടവകയുടെ ആചാര്യത്വപൈതൃകത്തിന്റെ ഉറവിടവും തുടർച്ചയും അനാവരണം ചെയ്യുന്നു. കാലാകാലങ്ങളിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ ആചാര്യസ്ഥാനികളുടെ സജീവനേതൃത്വവും ശ്രദ്ധയും ആചാര്യത്വനൽവരവും ഇവിടെ ലഭിച്ചിട്ടുണ്ട് എന്ന് സമർത്ഥിക്കുന്നു. എഡിറ്റർ)

മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഭാരതത്തിലെ പുരാതനസഭയ്ക്ക് സുദീർഘമായ ചരിത്രമുണ്ട്. ക്രിസ്തുശിഷ്യന്മാരിൽ ഒരുവനായ മാർത്തോമ്മാശ്ലീഹായിൽ നിന്നാരംഭിക്കുന്ന ഈ പൗരോഹിത്യക്രമവും ആരാധനാരീതിയും ഇവിടെ നിലനിന്നു. തികച്ചും ദേശീയമായ ഒരു സംസ്കാരം ഈ സഭയ്ക്കുണ്ടായിരുന്നു. പ്രത്യേകിച്ച് ഹൈന്ദവമതവുമായി തികഞ്ഞ മൈത്രി പുലർത്തുവാൻ സഭാംഗങ്ങൾക്ക് കഴിഞ്ഞു. വിദേശരാജ്യങ്ങളുമായി വ്യാപാരബന്ധം ഉണ്ടായിരുന്നതുകൊണ്ട് പേർഷ്യൻസഭയിൽ നിന്ന് കുടിയേറ്റക്കാരും മെത്രാന്മാരും ഇവിടെ വന്നു. മലങ്കരസഭ അവരെ സ്വീകരിച്ചു. പേർഷ്യൻമെത്രാന്മാർ പലപ്പോഴും ആത്മിയകാര്യങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്തിരുന്നു. ഈ നില പതിനാറാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാർ വരുന്നതുവരെ നടന്നു. പിന്നീട് നടന്ന ലത്തിനീകരണവും 1599-ലെ ഉദയമ്പേരൂർ സുന്നഹദോസും സഭയുടെ പില്ക്കാല ചരിത്രത്തെ മാറ്റിമറിച്ചു. അർക്കദിയാക്കോന്മാരാൽ ഭരണം നിർവ്വഹിക്കപ്പെട്ടിരുന്ന സ്വതന്ത്രസംവിധാനത്തിന് ഉദയമ്പേരൂർസുന്നഹദോസ് മാറ്റങ്ങൾ വരുത്തി.

1653 ൽ നടന്ന കൂനൻകുരിശുസത്യത്തിനു ശേഷം പുരാതന മലങ്കരസഭ രണ്ടു വിഭാഗങ്ങളായി പിരിഞ്ഞു. അതിൽ ഒരു വിഭാഗത്തെയാണ് അന്ന് "മാർത്തോമ്മാ" എന്ന അഭിധാനത്തോടെ ഭരണം നടത്തിയവരുടെ കീഴിൽ ഓർത്തഡോക്സ് സഭ പ്രതിനിധാനം ചെയ്തത്. മറ്റേ വിഭാഗം അന്നുതന്നെ റോമൻ കത്തോലിക്കാസഭയിൽ ലയിച്ചു. ഓർത്തഡോക്സ് വിഭാഗത്തിന് 17-ാം നൂറ്റാണ്ടു മുതൽ അന്ത്യോഖ്യൻ സഭയുമായി മൈത്രീബന്ധമുണ്ടായിരുന്നു. 19-ാം നൂറ്റാണ്ടു വരെ സഭാസ്വാതന്ത്ര്യം അനുഭവിച്ചുകൊണ്ട് അന്ത്യോഖ്യൻ സുറിയാനിസഭയുമായി ബന്ധം പുലർത്തിക്കഴിഞ്ഞുവന്നു. ഒരളവിൽ അത് അന്ത്യോഖ്യൻ സഭയുടെ വിശ്വാസത്തിന്റെയും ആരാധനയുടെയും മറ്റു പാരമ്പര്യങ്ങളുടെയും ചില അംശങ്ങളും സ്വായത്തമാക്കി. എന്നാൽ 19-ാം നൂറ്റാണ്ടിലെ സംഭവവികാസങ്ങൾ, പ്രത്യേകിച്ച് മുളന്തുരുത്തി സുന്നഹദോസ്, മലങ്കരസഭ അന്ത്യോഖ്യൻപാരമ്പര്യങ്ങളിൽ സ്ഥിരപ്പെടുവാനുള്ള സാഹചര്യമുണ്ടാക്കി.

വ്യവസ്ഥാപിതമായും ശക്തമായും വ്യാപകമായും വികാസം പ്രാപിച്ച പ്രദേശങ്ങളിൽ നിന്ന് വളരെ അകലെ പ്രകൃത്യാ ഒറ്റപ്പെട്ടായിരുന്നു കേരളത്തിലെ സഭ നിലനിന്നത്. കേരളത്തിൽ അതിന്റേതായ ഒരു ഭാഷ പൂർവ്വകാലത്ത് വികസിച്ചിരുന്നില്ല. മാർത്തോമ്മാശ്ലീഹാ നല്കിയിരുന്ന നടപടിക്രമങ്ങളും വികസിപ്പിക്കുവാനായില്ല. അദ്ദേഹത്തിന്റെ പിന്തുടർച്ചയും നിലനിർത്തുവാൻ സാധിച്ചില്ല. ഇത്തരം അപര്യാപ്തതയിലും സുശക്തമായി സംഘടിതമല്ലാതെ നിലനിന്നതും നമ്മുടെ സഭയുടെ വികസനത്തിന് തടസ്സമായിരുന്നുവെന്നത് നിസംശയം പറയാവുന്നതാണ്. എന്നാൽ പതിനാറാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാർ വരുന്നതുവരെയും പേർഷ്യൻസഭയുടെ ബന്ധത്തിൽ അവരുടെ കല്ദായാസുറിയാനി ഭാഷയും ആരാധനക്രമങ്ങളും ദത്തെടുത്താണ് നിലനിന്നുവന്നതെങ്കിലും ഈ കൊച്ചുസഭയ്ക്ക് ഭാരതിയവും പൗരസ്ത്യവുമായ ഒരു തനിമയാർന്ന സ്വത്വം പരിരക്ഷിക്കുന്നതിനും പരിപൂർണ്ണ ദേശീയസ്വാതന്ത്ര്യം അനുഭവിക്കുന്നതിനും ഒരുമയോടെ നിലനിൽക്കുന്നതിനും സാധിച്ചു. എന്നാൽ പോർട്ടുഗീസ് റോമൻ അധിനിവേശം ലത്തീൻ ഭാഷയും പാശ്ചാത്യസംസ്ക്കാരവും ഏകാധിപത്യഭരണക്രമവുംകൊണ്ട് നിറയ്ക്കുകയാണ് ചെയ്തത്. മാത്രമല്ല, അതുവരെയും സഭ പരിരക്ഷിച്ചുവന്ന വ്യക്തിത്വവും സ്വാതന്ത്ര്യവും നശിപ്പിക്കുകയും ചെയ്തു. 1653-ലെ കൂനൻകുരിശുവിപ്ലവത്തിലൂടെ സഭയൊന്നടങ്കം അതിൽ നിന്ന് മോചനം പ്രാപിച്ചുവെങ്കിലും സഭ വിഭജിക്കപ്പെട്ടു.

മാർതോമ്മാ ഒന്നാമനോടൊപ്പം നിലകൊണ്ട ഇന്നത്തെ മലങ്കരസഭാവിഭാഗത്തിനാകട്ടെ നാട്ടുകാരായ മേല്പട്ടക്കാരുടെ പിന്തുടർച്ച ഏതാണ്ട് അനുസ്യൂതം നിലനിറുത്തുവാനായെങ്കിലും, അന്ത്യോഖ്യൻ സുറിയാനി സഭയുമായി പുതിയൊരു വേഴ്ചയിൽ പ്രവേശിച്ചു. അതിന്റെ ഫലമായി പൂർവ്വ കല്ദായ സുറിയാനിയും ലത്തീനും ഉപേക്ഷിച്ച അവർ, പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിലായി മാറാനായ (പാശ്ചാത്യ-അന്ത്യോഖ്യൻ) സുറിയാനിഭാഷയും ക്രമങ്ങളും അവരുടെ വേഷഭൂഷാദികളും എന്നുവേണ്ട സർവ്വവും എന്തെന്ന് വിവേചിക്കാതെ അതേപടി ക്രമേണ പകർത്തുകയാണ് ചെയ്തത്.

മലങ്കരസഭാനേതൃത്വത്തിന്റെ ഭരണത്തിൽ നിലനിന്നിരുന്ന ദേവാലയമാണ് മുളന്തുരുത്തി പള്ളി. 1-ാം മാർത്തോമയെയും ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരെയും പറങ്കികൾ തടവിലാക്കിയപ്പോൾ തന്ത്രപൂർവ്വം അവരെ മോചിപ്പിച്ചത് മുളന്തുരുത്തി ഇടവകാംഗങ്ങളാണ്. 1-ാം മാർത്തോമായുടെ പിൻഗാമികളായുള്ള എല്ലാ മലങ്കരസഭാതലവന്മാരും ഈ ദേവാലയത്തെ നയിച്ചിട്ടുണ്ട്. പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവ അഭി. ശെമവൂൻ മാർ ദീവന്നാസിയോസ് തിരുമേനിയെ കൊച്ചി ഭദ്രാസനത്തിനായിട്ട് വാഴിച്ചുവെങ്കിലും ഭരണം നടത്തുവാൻ അദ്ദേഹത്തിന് സാധിച്ചില്ല. ഈ സമയത്ത് മലങ്കരമെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മുളന്തുരുത്തി പള്ളി ഭരിച്ചു. മെത്രാസനരൂപീകരണത്തിന് ശേഷം കൂടുതൽ നാളും കൊച്ചി ഭദ്രാസനത്തെ നയിച്ചത് മലങ്കര മെത്രാപ്പോലീത്തമാരായിരുന്നു. അഭി. ശെമവൂൻ മോർ ദീവന്നാസിയോസ് തിരുമേനിയുടെ കാലശേഷം അഭി. പൗലൂസ് മോർ സേവേറിയോസ് തിരുമേനിയുടെ കാലം വരെ മലങ്കരമെത്രാപ്പോലീത്താമാരാണ് കൊച്ചി ഭദ്രാസനത്തെ ഭരിച്ചത്. അഭി. സേവേറിയോസ് തിരുമേനിയുടെ കാലശേഷവും ഈ സ്ഥിതി തുടർന്നു. പരി. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവ പ്രധാന ചുമതലയും അഭി. ദാനിയേൽ മോർ പീലക്സിനോസ് തിരുമേനി സഹായിയായും ഭരണം തുടർന്നു.

പാത്രിയർക്കീസ് വിഭാഗത്തിന്റെ ശത്രുവായ പ. വട്ടശ്ശേരിൽ തിരുമേനിയുടെ ഭരണനേതൃത്വം ആസ്വദിക്കുവാനുള്ള ഭാഗ്യവും മുളന്തുരുത്തി പള്ളിക്കുണ്ടായി. 1933-ൽ ചാലിൽ കോര കുഞ്ഞിക്കോരയെ മനുഷ്യമായി നിയമിച്ചുകൊണ്ടുള്ള കല്പിന ഇതിന്റെ തെളിവാണ്. ഇടവകപ്പൊതുയോഗത്തിന്റെ റിപ്പോർട്ട് കിട്ടിയതനുസരിച്ച് 1944-ൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവ കൈസ്ഥാനികളായി അമ്പലത്തിൽ ഇട്ടീര വർഗീസിനെയും തോപ്പിൽ ഐപ്പ് ഗീവർഗീസിനെയും നിയമിച്ചിട്ടുണ്ട്. (കല്പന 421). 1945-ൽ ചാലിൽ ചെറിയ കുഞ്ഞിച്ചെറിയായെ മനുഷ്യമായി നിയമിച്ചതും പരി. ഗീവർഗീസ് ദ്വിതീയൻ ബാവയാണ്. 1944-ൽ ചീരാന്മേലിൽ ഗീവർഗീസ് കത്തനാരെ വികാരിയായി നിയമിച്ചത് പ. ഗീവർഗീസ് ദ്വിതീയൻ ബാവയാണ്. 1966-ൽ പ. ഔഗേൻ ബാവ കെ.ജെ. കുര്യാക്കോസ് കത്തനാരെ മുളന്തുരുത്തി മാർത്തോമ്മാൻ പള്ളി വികാരിയായി നിയമിച്ചിട്ടുണ്ട്. 1969-ൽ ഇപ്പോൾ ജീവിച്ചിരിക്കുന്ന എരമംഗലത്ത് വന്ദ്യ ജോൺ കോർ എപ്പിസ്കോപ്പായെ വികാരിയായി പ. ഔഗേൻ ബാവ നിയമിച്ച കല്പനയുണ്ട്. 1974 ജൂൺ 22-ന് അഭി. യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി, വികാരിയായിരുന്ന ചേപ്പനത്ത് വർഗീസ് കത്തനാർ, കാരിയേലിൽ യാക്കോബ് കത്തനാർ, എരമംഗലത്ത് ജോൺ കത്തനാർ എന്നിവർക്ക് അയച്ച കല്പന ശ്രദ്ധേയമാണ്. അഭി. തിരുമേനിയുടെ അറിവും സമ്മതവും കൂടാതെ പട്ടം സ്വീകരിച്ച ശെമ്മാശന്മാരും വൈദികരും മുളന്തുരുത്തി പള്ളിയിൽ പ്രവേശിക്കുന്നതിനെ നിരോധിച്ചുകൊണ്ടാണ് തിരുമേനി ഈ കല്പന പുറപ്പെടുവിച്ചത്.

4-ാം നൂറ്റാണ്ടു മുതലെങ്കിലും മലങ്കരസഭ പട്ടത്വം ഉൾപ്പെടെയുള്ള ആത്മിയാവശ്യങ്ങൾക്കായി പേർഷ്യൻസഭയെയാണ് ആശ്രയിച്ചിരുന്നത്. 16-17 നൂറ്റാണ്ടുകൾ വരെ ഈ സ്ഥിതി തുടർന്നു. ഭൗതികഭരണം നടത്തിയിരുന്നത് അർക്കദിയാക്കോന്മാരായിരുന്നു. 1599-ൽ ഉദയംപേരൂർ സുന്നഹദോസിനു ശേഷം പേർഷ്യൻബന്ധം അറ്റുപോയി. സുറിയാനിപാരമ്പര്യം നിലനിർത്തുവാനുള്ള മലങ്കരസഭാനേതൃത്വത്തിന്റെ ശ്രമമാണ് അന്ത്യോഖ്യൻബന്ധത്തിന് കാരണം. ഇത് 17-ാം നൂറ്റാണ്ടിൽ മാത്രമാണ് ആരംഭിച്ചത്. ഈ ബന്ധം മുളന്തുരുത്തി സുന്നഹദോസിലൂടെ ശാശ്വതമായി. 17-ാം നൂറ്റാണ്ടുവരെ മലങ്കരസഭയിൽ ഒരു പള്ളി പോലും അന്ത്യോഖ്യൻനേതൃത്വത്തിൽ ആയിരുന്നില്ല. അക്കാലത്ത് സഭാനേതൃത്വത്തിൽ ഉണ്ടായിരുന്ന ചില വ്യക്തികളുടെ താല്പര്യങ്ങളാണ് ഭിന്നതയിലേക്ക് നയിച്ചത്. സഭാഭിന്നത വിശ്വാസത്തെക്കാൾ വ്യക്തി താല്പര്യങ്ങളിൽ അധിഷ്ഠിതമായി രൂപംപ്രാപിച്ചതാണ്.

അന്ത്യോഖ്യയിലെ പട്ടത്തിന് പ്രത്യേകതകളുണ്ടെന്ന് മലങ്കരസഭയിലെ ഒരു വിഭാഗം പറയുന്നു.

## കെ.ജെ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ നേതൃപാടവം തെളിയിച്ച കർമ്മധീരൻ

**(ഫാ. ഒ.വി. ഏലിയാസ് എറണാകുളം)**

വന്ദ്യ കെ. ജെ. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പയുടെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷങ്ങൾക്ക് തലക്കോട് മാർ ഗ്രീഗോറിയോസ് ചാപ്പലിൽ നടന്ന വിശുദ്ധ ബലി അർപ്പണത്തോടെ തുടക്കം കുറിച്ചു. ഇപ്പോൾ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒരു സ്മാരക ഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയുന്നു. അതിലേക്ക് ആശംസ ആർപ്പിച്ചുകൊണ്ടുള്ള ഒരു ലേഖനം എഴുതണമെന്ന ബ. ഡോക്ടർ റ്റി. പി. ഏലിയാസച്ചന്റെ അഭ്യർത്ഥന സന്തോഷത്തോടെ സ്വീകരിച്ചുകൊണ്ട് ഏതാനും കാര്യങ്ങൾ കുറിക്കുകയാണ്.

പൗരോഹിത്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യമായി ഓർമ്മ വരുന്നത് കാലം ചെയ്ത പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പൗരോഹിത്യത്തെക്കുറിച്ചുള്ള ചിന്തകളാണ്. അദ്ദേഹം പറയുന്നു. പുരോഹിതൻ ജനങ്ങളുടെ മുമ്പിൽ നിന്നുകൊണ്ട് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരുടെ ബലി ദൈവതിരുസന്നിധിയിൽ അർപ്പിക്കുകയും ചെയ്യുന്നആളാണ്. അതാണ് ഓർത്തഡോക്സ് സഭയുടെ പാര

മ്പര്യം. പുരോഹിതൻ എന്ന പദം തികച്ചും ഭാരതീയമാണ്. മുമ്പിൽ നിർത്തപ്പെട്ടവൻ എന്നാണതിനർത്ഥം ഹിന്ദു പാരമ്പര്യത്തിലെ യാഗാർപ്പകനാണ്, പൂജാരിയാണ് പുരോഹിതൻ. എന്നാൽ നമ്മുടെ പാരമ്പര്യത്തിലെ വാക്കുകൾ രണ്ടാണ്. ഒന്നാമത്തേത് കഹനഅഥവാ കൊഹനോ. ഇത് സുറിയാനിപദമാണ്. ഈ സുറിയാനി പദത്തിന് ജനങ്ങൾക്കു വേണ്ടി ദൈവതിരുമുമ്പിൽ ശുശ്രൂഷ ചെയ്യുന്നവൻ, ബലിഅർപ്പിക്കുന്നവൻ, മദ്ധ്യസ്ഥത ചെയ്യുന്നവൻ എന്നാണർത്ഥം. രണ്ടാമത്തേത് കശ്ശീശ അഥവാ കശ്ശീശ്ശോ എന്നാണ്. ഈ പദത്തിന് ബലിയുമായല്ല പ്രത്യേക അർത്ഥമുള്ളത്. കശ്ശീശ്ശോ ഭരണക്കാരനാണ്, നേതാവാണ്, ജനത്തിന്റെ മൂപ്പൻ അല്ലെങ്കിൽ പിതാവാണ്. ജനത്തെ ശത്രുക്കളിൽ നിന്ന് സംരക്ഷിക്കുക, ജനത്തിനിടയിലുള്ള വഴക്കുകൾ തീർക്കുക, ജനത്തെ നല്ല വഴികളിൽ നടത്തുക ഇവയൊക്കെയാണ് കശ്ശീശ്ശായുടെ ധർമ്മം. നമ്മുടെ അച്ചന്മാർ കഹനേന്മാരും കശ്ശീശ്ശന്മാരും ആണ്. അവർ ശമ്പളക്കാരല്ല, ഉദ്യോഗസ്ഥരല്ല, പ്രത്യുത ജനമദ്ധ്യത്തിൽ നിന്ന് പരിശുദ്ധാത്മാവിനാൽ ജനങ്ങൾക്കു വേണ്ടി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരാണ്.

സഭാപ്രവർത്തകരായ പുരോഹിതന്മാരുടെ യോഗ്യതകൾ എന്തെല്ലാമായിരിക്കാമെന്ന് ബ: റ്റി. ജെ. ജോഷ്വ അച്ചന്റെ ചിന്തകളോടുള്ള കടപ്പാടോടെ ഏതാനും കാര്യങ്ങൾ ഹ്രസ്വമായി കുറിക്കട്ടെ

1. പുരോഹിതൻ ദൈവത്തിൽ നിന്ന് ശക്തി ആർജിക്കേണ്ടവനാണ് ഭക്തനായ ഒരു ബിഷപ്പിന്റെ ആത്മഗതം ശ്രദ്ധിക്കൂ. "എന്നിലേക്ക് പ്രവഹിച്ചിട്ടുള്ളതിൽനിന്ന് മാത്രമേ എനിക്ക് നല്കാനുള്ളൂ. എനിക്ക് ലഭിച്ച അനുഗ്രഹത്തിൽ നിന്ന് മാത്രമേ മറ്റുള്ളവരെ എനിക്ക് അനുഗ്രഹിപ്പാൻ കഴിയൂ; അതുകൊണ്ട് ഞാൻ ദിനംതോറും പ്രഭാതത്തിൽ യിസ്രായേൽ മന്നാ ശേഖരിച്ചതുപോലെ ദൈവത്തിന്റെ കൃപാസനത്തിങ്കലേക്ക് ചെന്ന് അവിടെ നിന്ന് കൃപാവരങ്ങൾ ശേഖരിക്കണം. ദൈവത്തിന്റെ മനുഷ്യനായ (Man of God) പുരോഹിതൻ നിരന്തരമായി ദൈവത്തോടുള്ള സംസർഗ്ഗത്തിൽ നിന്ന് ശക്തിയും കൃപയും ആർജ്ജിക്കുന്നവനായിരിക്കണം.

2. പുരോഹിതൻ സത്യവിശ്വാസവും ഉത്തമ മനസ്സാക്ഷിയും ഉള്ളവൻ ആയിരിക്കണം.

"നീ വിശ്വാസവും നല്ല മനസ്സാക്ഷിയുമുള്ളവനായി.. യുദ്ധസേവ ചെയ്യുക'. 1. തീമോ:1:18, 2 തീമോ. 1:4 വിശ്വാസത്തിന്റെ കലവറക്കാരായി പട്ടക്കാരെ നിയോഗിക്കുമ്പോൾ അവർ സത്യവിശ്വാസം ശരിയായി അറിയുന്നവരും പാലിക്കുന്നവരുമായിരിക്കണം. പട്ടക്കാർ ഉത്തമ മനസ്സാക്ഷിയുടെ ഉടമകളായിരിക്കണം. അത് സാധിക്കണമെങ്കിൽ അപ്പോഴപ്പോൾ കുറവുകളെ ഏറ്റുപറഞ്ഞ് മോചനം പ്രാപിക്കുന്ന അനുഭവമുണ്ടാകണം. സ്വന്തമനസ്സാക്ഷി കുറ്റപ്പെടുത്താത്ത ഒരാൾക്കു മാത്രമേ കുറ്റബോധവുമായി വരുന്നവരെ സഹായിക്കാനും തക്കതായ ഉപദേശം നല്കാനും സാധിക്കൂ.

3. പുരോഹിതൻ ലഭിച്ച കൃപാവരത്തെ ജ്വലിപ്പിക്കുന്നവൻ ആയിരിക്കണം. "അതുകൊണ്ട് എന്റെ കൈവെപ്പിനാൽ നിന്നിലുള്ള കൃപാവരം ജ്വലിപ്പിക്കണം. 2 തീമോ:1:6. പൗരോഹിത്യശുശ്രൂഷ പരിശുദ്ധാത്മനൽവരത്താൽ നിർവഹിക്കപ്പെടുന്നതാണ്. ലോകത്തിന്റെ സമ്മർദ്ദങ്ങളും ജഡത്തിന്റെ പ്രലോഭനങ്ങളും നിമിത്തമായി പലപ്പോഴും ലഭിച്ച കൃപാവരം മങ്ങിപ്പോകുന്നതായും അണഞ്ഞുപോകുന്നതായും വരാം. അതുകൊണ്ട് "കൃപാവരം ഉജ്ജ്വലിപ്പിക്കണം" എന്ന് പൗലൂസ് അപ്പോസ്തോലൻ ഉപദേശിക്കുന്നു. പ്രാർത്ഥന, ധ്യാനം, സ്വയംപരിശോധന, വർജ്ജനങ്ങൾ, ഉപവാസം മുതലായവയിൽകൂടി "ശക്തിയെ പുതുക്കണം." അപ്പോൾ പറയാൻ കഴിയും, "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിലും മതിയായവൻ ആകുന്നു." ഫിലി:4:13.

4. പുരോഹിതൻ സന്മാർഗ്ഗിയും ധർമ്മിഷ്ഠനുമായിരിക്കണം. "വിരോധി നമ്മെക്കൊണ്ട് ഒരു തിന്മയും പറവാൻ പാടില്ലാതെ ലജ്ജിക്കേണ്ടതിന് സകലത്തിലും നിന്നെത്തന്നെ സൽപ്രവൃത്തികൾക്ക് മാതൃകയാക്കി കാണിക്കുക" തീത്തോ:2:7. സത്യവിശ്വാസം മുറുകെപ്പിടിച്ചതുകൊണ്ട് മാത്രമായില്ല, ഉത്തമമായ ധാർമ്മികജീവിതവും ഉണ്ടായിരിക്കണം. 1 തീമോ: 3:2-7. സ്വന്തജീവിതം കുറ്റമറ്റതായിരിപ്പാൻ ഉത്സാഹിക്കണം. ജനങ്ങളുടെ മതിപ്പും ബഹുമാനവും ആർജ്ജിക്കുവാൻ തക്ക സന്മാർഗ്ഗനിലവാരം പുലർത്തണം. പട്ടക്കാരന്റെ സത്യസന്ധതയും ജീവിതവിശുദ്ധിയും ചോദ്യം ചെയ്യാനിടയായാൽ അയാളുടെ ശുശ്രൂഷ ഒരിക്കലും ഫലപ്രദമാവുകയില്ല.

5. പുരോഹിതൻ കഷ്ഠങ്ങൾ സഹിക്കുവാൻ സന്നദ്ധതയുള്ളവനായിരിക്കണം.

"ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോട് കൂടെ കഷ്ടം സഹിക്ക" 2 തീമോ 1:8, 2:3, 4:8. സഭാപ്രവർത്തനത്തിന് സ്വയം സമർപ്പിച്ച യുവാവായ തീമോത്തിയോസിനോട് ആവർത്തിച്ച് ഓർമ്മപ്പെടുത്തുന്നത് കഷ്ടം സഹിക്കുക എന്നതാണ്. ആത്മാർത്ഥതയോടെ മുഴുവൻ സമയവും ആത്മിയപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് പലതരത്തിലുള്ള കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടിവരും. കർത്താവിനോടുള്ള ബന്ധവും പരിശുദ്ധാത്മാശക്തിയും മാത്രമാണ് അവ അഭിമുഖീകരിക്കുവാൻ പ്രാപ്തി നൽകുന്നത്.

6. പുരോഹിതൻ മഹാപുരോഹിതനായ യേശുവിനെ മാതൃകയാക്കുന്നവൻ ആയിരിക്കണം.

ആടുകളുടെ നല്ല ഇടയനും ജനത്തിന്റെ ശ്രേഷ്ഠ മഹാപുരോഹിതനും യേശുക്രിസ്തുവാണ്. അവൻ

മാത്രമാണ് യഥാർത്ഥപുരോഹിതൻ. നമ്മുടെ പൗരോഹിത്യം കർത്താവിൽ നിന്ന് ലഭിച്ചിട്ടുള്ളതും കർത്താവിനോടുള്ള ഐക്യത്തിൽ നിലനിൽക്കുന്നതുമാണ്. പൗലൂസ് ശ്ലീഹാ പറയുന്നു "യേശുക്രിസ്തുവിനെ ഓർത്തുകൊൾക" എന്ന്. 2 തീമോ:2:8 വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിന്റെ ചിത്രം സുവിശേഷങ്ങളിൽ വരച്ചുകാട്ടിയിട്ടുണ്ട്. ദിനംതോറും അതു വായിച്ച് ധ്യാനിക്കുകയും യേശുക്രിസ്തുവിന്റെ മനസ്സ് ആർജ്ജിക്കുവാൻ ശ്രമിക്കുകയും വേണം. പിതാവിന്റെ ഇഷ്ടം നിറവേറ്റുവാൻ സദാ ശ്രമിച്ചവനാണ് യേശു. അവിടത്തെ ആഹാരം പിതാവിന്റെ ഇഷ്ടം ചെയ്ത് വേലയെ തികയ്ക്കുന്നതായിരുന്നു. അതുപോലെ പുരോഹിതൻ ദൈവഹിതമെന്തെന്ന് ആരാഞ്ഞറിയുകയും അത് നിറവേറ്റുവാൻ ഉത്സാഹിക്കുകയും വേണം.

ബഹുമാനപ്പെട്ട കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ അച്ചന്റെ പൗരോഹിത്യസുവർണ്ണ ജൂബിലി ആഘോഷവേളയിൽ അച്ചനെ സ്മരിക്കാതെ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നത് തികച്ചും അപരാധമായിരിക്കും. വിവിധ തുറകളിൽ നേതൃത്വപാടവം തെളിയിച്ച ഒരു കർമ്മധീരനാണച്ചൻ. അച്ചനെകുറിച്ച് ചിന്തിക്കുമ്പോൾ പ്രധാനമായും രണ്ടു കാര്യങ്ങൾ എടുത്തു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമത് സംഘടനാവൈഭവത്തോടെ എല്ലാവരെയും ചേർത്തുനിറുത്തി പല കാര്യങ്ങളും സന്ദർഭോചിതമായി ചെയ്തുതീർക്കുവാനുള്ള അച്ചന്റെ കഴിവാണ്. കക്ഷിവഴക്കു മൂലം ഇടയനില്ലാത്ത ആടുകളെപ്പോലെ ചിതറിപ്പോകുമായിരുന്ന മുളന്തുരുത്തിയിലെ ഓർത്തഡോക്സ് വിഭാഗത്തെ ഒരു ചരടിൽ കോർത്തിണക്കി നേതൃത്വം നൽകി ശക്തമായ ഒരു സമൂഹമായി നിലനിറുത്തുവാനുള്ള അച്ചന്റെ പരിശ്രമം ഒരിക്കലും വിസ്മരിക്കാനാവുന്നതല്ല. അത് ത്യാഗപൂർണ്ണമായ ഒരു ശ്രമം കൂടിയായിരുന്നു എന്നറിയുമ്പോൾ അതിന്റെ മാറ്റു വർദ്ധിക്കും. രണ്ടാമത് ശ്രുതിമധുരമായ ശബ്ദഗാംഭീര്യത്തോടെയുള്ള അച്ചന്റെ ആരാധനയും ശുശ്രൂഷകളുമാണ്. ആരാധനയുടെ ആത്മീയതയാൽ വിശ്വാസികളെ ദൈവത്തിങ്കലേക്ക് ആകർഷിക്കുവാനുള്ള ഒരു നൽവരം ദൈവം അച്ചന് നൽകിയിട്ടുണ്ട്. അച്ചന്റെ ആരാധനയും ശുശ്രൂഷകളും വിശ്വാസികളെ സ്വർഗ്ഗീയമഹോന്നതത്തിലേക്ക് ഉയർത്തുവാൻ പര്യാപ്തമായവ എന്നാണ് അനുഭവസ്ഥരുടെ സാക്ഷ്യം. അതുകൊണ്ടുതന്നെ തങ്ങളുടെ മക്കളുടെ വിവാഹശുശ്രൂഷയിൽ അച്ചന്റെ പ്രാധാനകാർമ്മികത്വം ഉണ്ടാകണമെന്ന് പലരും ആഗ്രഹിച്ചുവരുന്നു എന്നറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈ തലമുറയിൽ കൊച്ചി ഭദ്രാസനത്തിൽ എല്ലാ നിലകളിലും തലയെടുപ്പുള്ള ഒരു വൈദികനാണ് വന്ദ്യനായ കുര്യാക്കോസ് കോറെപ്പിസ്ക്കോപ്പാ. അച്ചനും കുടുംബത്തിനും എല്ലാ നന്മയും അനുഗ്രഹങ്ങളും നേരുന്നു. ആരോഗ്യത്തോടും ദീർഘായുസ്സോടും ദൈവഹിതാനുസരണം ശിഷ്ടായുസ്സ് നയിക്കുവാൻ ദൈവം അച്ചന് സംഗതിയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു. പൗരോഹിത്യ സുവർണ്ണജൂബിലിസ്മരണിക യഥാസമയം പ്രസിദ്ധീകരിക്കാൻ ഇടയാകട്ടെ. ഒരിക്കൽക്കൂടെ എല്ലാവിധ ആശംസകളും അർപ്പിച്ചുകൊണ്ട് നിറുത്തുന്നു.

## ദൈവം എടുത്തുപയോഗിച്ച വന്ദ്യ കുര്യാക്കോസച്ചൻ

**പി.കെ.ജോസ് പൊല്ലയിൽ**
**(മാർത്തോമ്മാൻ പള്ളി മുൻ ട്രസ്റ്റിയും സെക്രട്ടറിയും)**

മുളന്തുരുത്തിപ്പള്ളിയിലെ ജൂബിലിപ്പെരുന്നാൾ സുപരിചിതമാണല്ലോ. എല്ലാ വർഷവും ഡിസംബർ 18 മുതൽ 21 വരെയുള്ള ദിവസങ്ങളിൽ നടക്കുന്ന പെരുന്നാൾ പ്രദക്ഷിണത്തിന് ഇടവകയുടെ വിവിധ ഭാഗങ്ങളിലുള്ള കുരിശടികളിൽ സ്വതന്ത്രമായി കയറി ധൂപം വയ്ക്കുവാൻ ഓർത്തഡോക്സ് വിഭാഗത്തിന് അനുവദിക്കാതെ വിഘടിത ഗ്രൂപ്പ് തടസ്സമായി നിൽക്കുന്നു. അതിനു ഒരു പരിഹാരമെന്ന രീതിയിലും ആളുകളുടെ താല്പര്യ പ്രകാരവും ബഹു. അച്ചന്റെ ശ്രമഫലമായി മൂന്നു കുരിശുംതൊട്ടികൾ ഇടവകയുടെ മൂന്നു ഭാഗത്തായി സ്ഥാപിച്ചത് മുളന്തുരുത്തി മാർത്തോമ്മാൻ പള്ളി ഇടവകാംഗങ്ങൾക്ക് മറക്കുവാൻ സാധിക്കുകയില്ല.

**1. പൊല്ലെമുകൾ കുരിശുംതൊട്ടി**

എം.ജി.നഗർ മാർ ഗ്രീഗോറിയോസ് കുരിശിൻതൊട്ടി എന്ന് അറിയപ്പെടുന്ന പൊല്ലെമുകൾ കുരിശുംതൊട്ടിയ്ക്ക് പള്ളിപ്പുറത്തു ജേക്കബ്ബ് സൗജന്യമായി 5 സെന്റ് സ്ഥലം നൽകി. പ്രാരംഭമായി 5000/- രൂപ നൽകി പണി ആരംഭിച്ചു. തുടർന്ന് മനോഹരമായ ഒരു കുരിശുംതൊട്ടി പരുമല തിരുമേനിയുടെ നാമത്തിൽ സ്ഥാപിച്ചു. ശ്രീ. ജേക്കബ്ബും, അദ്ദേഹത്തിന്റെ പുത്രൻ ഷാജൻ ജേക്കബ്ബ്, പൊല്ലയിൽ പി.കെ.ജോസ് എന്നിവരുടെ നേതൃത്വത്തിൽ കുരിശിൻതൊട്ടി പണിതു. പുണ്യശ്ലോകനായ ജോസഫ് മാർ പക്കോമിയോസ് തിരുമേനി 15-6-90-ൽ ശിലാസ്ഥാപനവും 29-10-90-ൽ കൂദാശയും നടത്തിയ ഈ ആരാധനാലയത്തിൽ എല്ലാം രണ്ടാം ശനിയാഴ്ചയും സന്ധ്യാസമസ്കാരവും നേർച്ചവിളമ്പും നടത്തിവരുന്നു. ജാതി മത ഭേദമെന്യേ ദേശവാസികളെല്ലാം ഇതിൽ സംബന്ധിക്കുന്നു. ജൂബിലിപ്പെരുന്നാളിനോടനുബന്ധിച്ച് പ്രദക്ഷിണമായി വരുന്ന നൂറു കണക്കിനു വിശ്വാസികളുടെ ഹൃദയസന്തോഷം വളരെ വലുതാണ്. നവമ്പർ 29-ാം തീയതി ഇവിടെ പെരുന്നാൾ ആഘോഷിക്കുന്നു.

**2. ഇഞ്ചിമല മാർ ഗ്രീഗോറിയോസ് കുരിശുംതൊട്ടി**

മുളന്തുരുത്തി മാർത്തോമ്മൻപള്ളി വികാരി കെ.ജെ.കുര്യാക്കോസ് കോർ എപ്പിസ്കോപ്പായാൽ ശിലാസ്ഥാപനം നിർവ്വഹിക്കപ്പെട്ട പരുമലത്തിരുമേനിയുടെ മദ്ധ്യസ്ഥതയിലുള്ള ഈ കുരിശിൻതൊട്ടി പരുമലപ്പള്ളിയുടെ മോഡലിലാണ് പണിതിരിക്കുന്നത്. ഈ സ്ഥലം കന്നപ്പിള്ളിയിൽ ശ്രീ തോമസ് സൗജന്യമായി നൽകിയതാണ്. അഭിവന്ദ്യരായ സഖറിയാസ് മാർ അന്തോണിയോസ്, ഡോ. തോമസ് മാർ അത്താനാസിയോസ്, ഡോ. എബ്രാഹാം മാർ സേവേറിയോസ് എന്നീ മെത്രാപ്പോലീത്താമാർ കൂദാശ ചെയ്ത് ഇതിന്റെ പ്രതിഷ്ഠാ കർമ്മം നിർവഹിച്ചു. എല്ലാ രണ്ടാം ശനിയഴ്ചയും അതിരാവിലെ ഇവിടെ വിശുദ്ധ കുർബാന അർപ്പിക്കുന്നു. മാസാരംഭവെള്ളിയാഴ്ച സന്ധ്യയ്ക്ക് പെങ്കീസാനമസ്കാരത്തിലും പരുമലത്തിരുമേനിയുടെ മദ്ധ്യസ്ഥപ്രാർത്ഥനയിലും നാനാജാതിമതസ്ഥർ പങ്കെടുക്കുന്നു. നവമ്പർ ആദ്യ യാഴ്ച പെരുന്നാൾ ആഘോഷിക്കുന്നു.

**3. കാവുംമുകൾ മാർ ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള കുരിശുംതൊട്ടി**

കെ.ജെ.കുര്യാക്കോസ് കോർ എപ്പിസ്കോപ്പ ശിലാസ്ഥാപനം നിർവ്വഹിച്ച കാവുംമുകൾ മാർ ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള ഈ കുരിശിൻതൊട്ടിയുടെ സ്ഥലം മറ്റത്തിൽ പരേതനായ അബ്രാഹം സൗജന്യ മായി നൽകിയതാണ്. കൂദാശാകർമ്മം അഭിവന്ദ്യരായ സഖറിയാസ് മാർ അന്തോണിയോസ്, ഡോ. തോമസ് മാർ അത്താനാസിയോസ്, ഡോ. എബ്രാഹാം മാർ സേവേറിയോസ് എന്നീ മെത്രാപ്പോലീത്താമാർ നിർവഹിച്ചു. എല്ലാ രണ്ടാം വെള്ളിയാഴ്ചയും സന്ധ്യാസമസ്കാരവും മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തി വരുന്നു. മുളന്തുരുത്തി പള്ളിയിൽ നടത്തുന്ന പരിശുദ്ധ ഗീവർഗീസ് സഹദായുടെ പെരുന്നാളി നോടനുബന്ധിച്ചുള്ള സന്ധ്യാനമസ്കാരത്തിനും നേർച്ചവിളമ്പിലും നാനാജാതിമതസ്ഥർ സംബന്ധിക്കുന്നു. മെയ് മാസത്തിലാണ് ഇവിടെ പെരുന്നാൾ.

ഈ മൂന്നു കുരിശടികളുടെയും സ്ഥാപനം വഴി ക്രൈസ്തവസന്ദേശം പ്രചരിക്കുവാൻ ദൈവം ബഹുമാനപ്പെട്ട കെ.ജെ.കുര്യാക്കോസച്ചനെ എടുത്തുപയോഗിച്ചതിൽ ദൈവത്തെ മഹത്വപെ പ്പടുത്താം. ഈ ദേശവാസികളുടെ ഊഷ്മളമായ ആശംസകൾ പൗരോഹിത്യ കനകജൂബിലി ആഘോ ഷിക്കുന്ന ബഹു. കെ.ജെ.കുര്യാക്കോസ് കോർ എപ്പിസ്കോപ്പായ്ക്ക് സമർപ്പിക്കുന്നു.

## ബ. കുര്യാക്കോസച്ചന്റെ ബാഹ്യകേരള ഭദ്രാസന ഇടവകശുശ്രൂഷയുടെ ഓർമ്മകൾ

**പി.വി.ജേക്കബ്ബ് (പ്രസാദ്) ചെന്നൈ**

ഞാൻ ആദ്യമായി കുര്യാക്കോസച്ചനെ കാണുന്നത് 1968-ൽ ഒരു ഞായറാഴ്ച തുരുത്തിക്കര ചാപ്പൽ പണിക്കു വേണ്ടി കരുവാറ്റാ പള്ളിയിൽ പണപിരിവിനു വന്ന സമയത്താണ്. അന്ന് അവിടെ വി.കുർബാന അർപ്പിച്ചത് ബ.അച്ചനായിരുന്നു. സന്നിഹിതനായിരുന്ന മുഴുവൻ ആൾക്കാരും ആദ്യം മുതൽ അവസാനംവരെ കുർബാനയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ദൈവസാന്നിദ്ധ്യം ആസ്വദിച്ച സംഭവം മറക്കാൻ കഴിയുന്നില്ല; ഇമ്പകരമായ വി. കുർബ്ബാന.

പൊതുവേ വടക്കൻ മേഖലകളിൽ ഇടവകകൾ വിസ്തൃതമാണ്. ഇടവകാംഗങ്ങളുടെ ഭവനങ്ങളിൽ പലതും ദേവാലയങ്ങളിൽ നിന്ന് അകലത്തിലാണ്. തെക്കൻ മേഖലയിലെ വലിയ ഇടവകകൾക്കിടയിൽ ധാരാളം ചെറിയ പള്ളികളും ചാപ്പലുകളും ഉള്ളതുകൊണ്ട് ആരാധനയിൽ സംബന്ധിക്കുന്നവരുടെ എണ്ണം പൊതുവേ കൂടുതലാണ്. ഈ സത്യം മനസ്സിലാക്കിയതുകൊണ്ടായിരിക്കാം കുരിയാക്കോസച്ചൻ തുരുത്തിക്കര ചാപ്പലിനു വേണ്ടി മുന്നിട്ടിറങ്ങിയത്. പള്ളി പണിതീർന്ന് കുർബാന ആരംഭിച്ചതോടെ അതിനു സമീപമുള്ള പലരും സ്ഥിരമായി കുർബാനയിൽ സംബന്ധിക്കാൻ തുടങ്ങുകയും 1972-നു ശേഷം സഭയിൽ ഭിന്നത ഉണ്ടായപ്പോൾ ആ ഇടവകാംഗങ്ങൾ മുഴുവനും കാതോലിക്കാസിംഹാസനത്തിൽ കീഴിൽ ഒരു സ്വതന്ത്ര ഇടവകയായി ഉറച്ചു നിൽക്കുകയും ചെയ്തു.

അച്ചൻ ഹൈദരാബാദിൽ ആയിരിക്കുമ്പോഴാണ് സെന്റ് ഗ്രിഗോറിയോസ് പള്ളി പണി പൂർത്തിയായത്. അതുവരെ സെക്കന്ദ്രാബാദിലുള്ള സെന്റ് ആന്ദ്രൂസ് പള്ളിയിൽ ഓർത്തഡോക്സ്കാരും മാർത്തോമ്മാക്കാരും മാറി മാറി ഒന്നിടവിട്ട ഞായറാഴ്ചകളിൽ ആരാധന നടത്തി വന്നിരുന്നത്.

പുതിയ പള്ളി പണിതീർന്നപ്പോൾ അതിന് പേര് സെക്കന്ദ്രാബാദ് പള്ളി എന്ന് വേണമെന്നും, അല്ല ഹൈദരാബാദ് പള്ളി എന്ന് വേണമെന്നും ആവശ്യപ്പെട്ട് ഇടവകാംഗങ്ങളുടെ ഇടയിൽ അഭിപ്രായഭിന്നത ഉണ്ടായി. പല കൂടിയാലോചനകൾ നടത്തിയിട്ടും പരിഹരിക്കാൻ സാധിക്കാതെയിരുന്ന അവസരത്തിൽ ബ. കുര്യാക്കോസച്ചൻ ഇടപെടുകയും പള്ളി പണിതിരിക്കുന്നത് ഹൈദരാബാദ് ഏരിയായിൽ ആയതു കൊണ്ട് ഹൈദരാബാദ് പള്ളി എന്നറിയപ്പെടുന്നതാണ് ഉചിതം എന്ന് നിർദ്ദേശിക്കുകയും എല്ലാവരും ആ നിർദ്ദേശം സ്വീകരിക്കുകയും ചെയ്തു.

ഹൈദരാബാദ് സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് കത്തീഡ്രൽ എന്ന പേരിൽ ഇന്ന് ആ ദേവാലയം അറിയപ്പെടുന്നു. ചുരുങ്ങിയ കാലംകൊണ്ട് ഇടവകാംഗങ്ങളുടെ ഇടയിൽ നല്ല സ്വാധീനം ചെലുത്തുവാൻ അച്ചന് കഴിഞ്ഞു എന്നുള്ളത് ഇതിൽ നിന്ന് മനസ്സിലാക്കാം.

അവിടെ നിന്ന് അച്ചൻ മദ്രാസിലെ പ്രധാന ഇടവകയായ ബ്രോഡ് വേ സെന്റ് തോമസ് പള്ളിയിലേക്കാണ് വന്നത്. (ഇപ്പോഴത്തെ സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ) അന്ന് ഇതു കൂടാതെ മദ്രാസിന്റെ വടക്കേ അറ്റത്തുള്ള താമ്പരത്തുമേ നമുക്ക് പള്ളികൾ ഉണ്ടായിരുന്നുള്ളു. കുര്യാക്കോസച്ചൻ വന്നതോടുകൂടി പള്ളിയിൽ വരുന്നവരുടെ എണ്ണം വളരെയധികം വർദ്ധിച്ചു. അതോടുകൂടി പള്ളി വരുമാനവും കാര്യമായി വർദ്ധിച്ചു.

അച്ചന്റെ ഇമ്പകരമായ കുർബാന സാധാരണ പള്ളിയിൽ വരാതിരുന്ന പലരേയും ആരാധനയിലേക്ക് ആകർഷിച്ചു. കുർബാനമദ്ധ്യേ ഉള്ള പ്രസംഗങ്ങൾ ലഘുവും ലളിതവും കാര്യമാത്രപ്രസക്തവുമായിരുന്നു.

ഒഴിവുസമയങ്ങളിൽ അച്ചനെ സന്ദർശിച്ചാൽ കുർബാനയിലെ പാട്ടുകൾ പാടി പഠിക്കുകയോ പ്രസംഗത്തിന് ഒരുങ്ങുന്നതോ ആയി കാണാമായിരുന്നു. വീട് സന്ദർശനവേളകളിൽ അച്ചന് കിട്ടിയിരുന്ന സ്വീകരണങ്ങളും വളരെ ഊഷ്മളമായിരുന്നു. സന്ദർശന വേളകളിൽ കൂടെയുണ്ടായിരുന്നിട്ടുള്ള പലർക്കും ഇത് നേരിട്ടനുഭവപ്പെട്ടിട്ടുള്ളതാണ്.

എഴുപതുകളിൽ ഇവിടെ താമസത്തിനെത്തിയ നിര്യാതനായ പി.സി.വർഗീസിന്റെ മകന്റെ അകാലചരമത്തിൽ സമുദായഭേദമെന്യേ നല്ല ഒരു ജനക്കൂട്ടം സന്നിഹിതരായിരുന്നു. ആ അവസരത്തിൽ അച്ചൻ നടത്തിയ പ്രസംഗം കൂടിയിരുന്ന എല്ലാവരെയും ഹഠാദാകർഷിച്ചു.

ആയിടയ്ക്ക് മദ്രാസ് മാർത്തോമ്മാ പള്ളിയിൽ കാലം ചെയ്ത മാത്യൂസ് മാർ അത്തോനാസിയോസ് തിരുമേനിയുടെ അനുശോചനയോഗത്തിൽ കുര്യാക്കോസച്ചൻതന്നെ ഓർത്തഡോക്സ് സഭയുടെ പ്രതിനിധിയായി പ്രസംഗിക്കണമെന്നുള്ളത് അവരുടെ വലിയ ആഗ്രഹമായിരുന്നു. അവിടെ ശ്രദ്ധേയമായ ഒരു പ്രസംഗം നടത്തി, അച്ചൻ അവരുടെ പ്രശംസക്ക് പാത്രീഭൂതനായി.

1974 ആയപ്പോഴേക്കും സഭയിൽ പ്രത്യേകിച്ച് വടക്കൻമേഖലകളിൽ സഭാതർക്കം രൂക്ഷമാകുകയും സഭ പിളർപ്പിലേക്ക് നീങ്ങുകയും ചെയ്തു. തന്റെ അവധി അവസാനിച്ചതിനാൽ നാട്ടിലേക്ക് തിരികെ പോകാൻ അച്ചൻ നിർബന്ധിതനായി. അച്ചന്റെ മാതൃ ഇടവകയായ മുളന്തുരുത്തി പള്ളിയിലെ നല്ല പങ്ക് ആളുകളും വിവിധ വിഭാഗത്തിൽ ആയിത്തീർന്നു. കുര്യാക്കോസച്ചന്റെ പിതാവ് ഇ.ഡി.ജേക്കബ്ബ് കോറെപ്പിസ്കോപ്പായും അതിൽ പെട്ടു. നാട്ടിലേക്ക് പോകാൻ ഒരുങ്ങുന്ന അച്ചനോട് ഭൂരിപക്ഷത്തിന്റെ കൂടെ നിൽക്കുന്നതായിരിക്കും അഭികാമ്യം എന്നുള്ള നിർദ്ദേശത്തിന് അദ്ദേഹം നൽകിയ മറുപടി മാർത്തോമ്മാശ്ലീഹായ്ക്കുപോലും പട്ടത്വമില്ലെന്നു വാദിക്കുകയും പിൻവാതിലിലൂടെ മേൽപ്പട്ട സ്ഥാനം കൈക്കലാക്കുകയും അക്രമം പ്രവർത്തിക്കുകയും ചെയ്യുന്നവരോടുകൂടി സഹകരിക്കാൻ മനസ്സാക്ഷി അനുവദിക്കുന്നില്ല എന്നാണ്.

ബാഹ്യകേരളത്തിൽ നിന്ന് തിരിച്ചെത്തിയ കുര്യാക്കോസച്ചനെ കൊച്ചി ഭദ്രാസനത്തിന്റെ സേവേറിയോസ് തിരുമേനി ബ. എം.എം.ജേക്കബ്ബ് അച്ചനോടൊപ്പം മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിലേക്ക് നിയമിച്ചു. ജേക്കബ്ബച്ചൻ കുണ്ടറ സ്കൂളിൽ ഹെഡ്മാസ്റ്റർ ആയിരുന്നതിനാലും പിന്നീട് മെത്രാപോലീത്താ ആയതിനാലും മുളന്തുരുത്തിയിലെ കാര്യങ്ങൾ മുഴുവൻ നടത്തിയിരുന്നത് കുര്യാക്കോസച്ചൻ തന്നെ ആയിരുന്നു. ബഹുഭൂരിപക്ഷമുള്ള വിഘടിതരുടെ ആക്രമങ്ങളെ അച്ചൻ ഒറ്റയ്ക്ക് നേരിടേണ്ടി വന്നു. മുളന്തുരുത്തി മാർത്തോമ്മൻ പള്ളി പൂട്ടി കിടന്നപ്പോഴും അവിടെ തവണയില്ലാതെ വരുമ്പോഴും ആരാധന നടത്താനായി അതിനടുത്തുതന്നെ കുര്യാക്കോസച്ചന്റെ നേതൃത്വത്തിൽ കാതോലിക്കേറ്റ് സെന്റർ സ്ഥാപിച്ച് അദ്ദേഹം മലങ്കരസഭയുടെ അഭിമാനം കാത്തുസൂക്ഷിച്ചു. ഓർത്തഡോക്സ് സഭയ്ക്ക് മുളന്തുരുത്തി പള്ളിയിൽ ഒരു വൈദികൻ മാത്രമുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് പത്തോളം വൈദികർ ഉണ്ട്. സഭയ്ക്കു വേണ്ടി കുര്യാക്കോസച്ചൻ മുമ്പോട്ട് വന്നിരുന്നില്ലായിരുന്നുവെങ്കിൽ മുളന്തുരുത്തി ഇടവക ഓർത്തഡോക്സ് സഭയ്ക്ക് ഇന്ന് അന്യമാകുമായിരുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഇടവകയിലെ എല്ലാ ജനങ്ങളേയും വലിപ്പച്ചെറുപ്പം കണക്കിടാതെ സ്നേഹിക്കുകയും അവരുടെ ഏതാവശ്യങ്ങൾക്കും തന്നാൽ കഴിയുന്ന തരത്തിലുള്ള സഹായ സഹകരണങ്ങൾ നൽകാൻ ഉത്സുകനുമായിരുന്ന ഒരു നല്ല ഇടയനാണ്. ബ: കുര്യാക്കോസച്ചൻ. തികഞ്ഞ സഭാസ്നേഹി, നല്ല പ്രസംകൻ, മനോഹരമായ ആരാധനയുടെ ഉടമ എന്നീ നിലകളിൽ അച്ചനെ സഭാമക്കൾക്ക് എന്നും സ്മരിക്കാം.

## വെട്ടിക്കൽ ദയറായും കെ.ജെ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പായും

**ഫാ.ജേക്കബ്ബ് മാത്യു മാനേജർ**

പുരാതന പൈതൃകങ്ങളുടെ ഈറ്റില്ലമെന്ന് വിശേഷിക്കപ്പെടുന്ന വെട്ടിക്കൽ സെന്റ് തോമസ് ദയറ ആധുനികയുഗത്തിലും സഭയ്ക്ക് അഭിമാനിക്കാവുന്ന ദീപസ്തംഭമായി പരിലസിക്കുന്നുമെന്നത് നിസ്തർക്കമായ യാഥാർത്ഥ്യമാണ്. പരിശുദ്ധ പരുമല തിരുമേനിയുടെ കണ്ണുനീരോടുകൂടിയ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ദൈവികസാന്നിദ്ധ്യം ഈ പരിശുദ്ധ ദേവാലയത്തിൽ കുടികൊള്ളുന്നു. കൂടാതെ പരിശുദ്ധ കാട്ടുമങ്ങാട്ട് ഇളയ ബാവായുടെ ഭൗതികശരീരസാന്നിദ്ധ്യത്തിന്റെ പ്രഭയും ശ്രേഷ്ഠരായ വിശുദ്ധരുടെ പ്രാർത്ഥനാസാന്നിദ്ധ്യവും ഇവിടെയുണ്ട്.

ഒരു വേള ഈ ദയറായുടെ പരിപാവനതയിൽ പ്രവേശിച്ച ഒരുവനും മറക്കാനാകാത്ത അനുഗ്രഹാശിസ്സുകൾ വിതറുന്ന ഈ പുണ്യപുരാതനഗേഹം അനേകരുടെ ആശ്രയവും ആലംബവുമായി നിലകൊള്ളുന്നു. ഈ പുണ്യഭൂമിയുടെ ചരിത്രത്താളുകളിലേയ്ക്ക് കടന്ന് പരിശോധിക്കുമ്പോൾ അതിൽ ഇടംനേടിയ ഒരു മഹാരഥനാണ് പൗരോഹിത്യ കനകജൂബിലി ആഘോഷിക്കുന്ന ഇടപ്പങ്ങാട്ടിൽ വന്ദ്യ കെ.ജെ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ.

1957 മെയ് 29-ന് ദയറായിൽ കബറടങ്ങിയിരിക്കുന്ന കാട്ടുമങ്ങാട്ട് ഇളയ ബാവായുടെ പെരുന്നാളിനോട് അനുബന്ധിച്ച് അഭി. ഔഗേൻ മാർ തീമൊത്തിയോസ് (ഒഗേൻ പ്രഥമൻ ബാവാ) പൗരോഹിത്യപദവിയുടെ ആദ്യപടിയായ ശെമ്മാശപ്പട്ടം നൽകി. ദയറാപ്പള്ളിയോടുള്ള ആത്മബന്ധം അവിടെ തുടങ്ങുകയായി. 1966-ൽ മുളന്തുരുത്തി മാർത്തോമ്മൻപള്ളിയുടെ വികാരിമാരിൽ ഒരുവനായി നിയമിതനായതിനു ശേഷം ദയറായിലെ ആരാധനകൾക്കും ശുശ്രൂഷകൾക്കും നേതൃത്വം നൽകിയിരുന്നത് വന്ദ്യ കുര്യാക്കോസ് അച്ചൻ ആയിരുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ അഭിമാനമായ വന്ദ്യ കെ.ജെ. കുര്യാക്കോസ് എപ്പിസ്കോപ്പായുടെ പൗരോഹിത്യ കനക ജൂബിലിസ്മരണിക പ്രസിദ്ധീകരിക്കുന്നതിൽ ഞങ്ങൾ ഏറെ സന്തോഷിക്കുന്നു. വന്ദ്യ അച്ചൻ സഭാജനങ്ങളുടെ നിറവുകളിലും നിനവുകളിലും ആത്മിയ ആരവമുണർത്തി അവരുടെ മനസ്സും മനസാക്ഷിയും തൊട്ടറിഞ്ഞ ഇടയശ്രേഷ്ഠനാണ്. ആകാരത്തിലും ശബ്ദഗാംഭീര്യത്തിലും പാണ്ഡിത്യത്തിലും ലാളിത്യത്തിലും, സൽക്കാരങ്ങളിലും സ്വീകരണത്തിലും അദ്ദേഹം ഉന്നത ശീർഷൻതന്നെ. ഈ സ്മരണിക പ്രസിദ്ധീകരിക്കുന്നതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട ഡോ. ടി. പി. ഏലിയാസ് അച്ചനെ മുക്തകണ്ഠം അനുമോദിക്കട്ടെ.

മുളന്തുരുത്തിപ്പള്ളിയുടെ ഒരു കുരിശ് 1125-ൽ വെട്ടിക്കൽ സ്ഥാപിച്ചതാണ് ഇന്നത്തെ ദയറായുടെ ആരംഭം. 1200-ൽ അത് കുരിശുപള്ളിയായി തീർന്നു. ഈ കുരിശിൻതൊട്ടി കൂദാശ ചെയ്തത് കടമറ്റത്ത് ഐപ്പ് മെത്രാനാണ്. മെത്രാച്ചൻ കുരിശ് കൂദാശ കഴിഞ്ഞപ്പോൾ ഈ കൽകുരിശ് അടിയുറച്ചതായിട്ടാണ് പഴമക്കാർ പറയുന്നു. പ്രസ്തുത കൽക്കുരിശ് പുതുഞായറാഴ്ച്ച മാർത്തോമ്മാശ്ലീഹായുടെ നാമത്തിൽ പ്രതിഷ്ഠിച്ചതിന്റെ ഓർമ്മയ്ക്കായി ഇവിടെ എല്ലാ പുതുഞായറാഴ്ച്ചയും പെരുന്നാൾ ആഘോഷിക്കുന്നു. പുതുഞായറാഴ്ച്ച ദയറാമൈതാനിയിൽ നടത്തുന്ന "മാറ്റക്കച്ചവടം" അതിന് പ്രതീകമാണ്.

കാട്ടുമങ്ങാട്ട് ബാവാമാർ എന്നറിയപ്പെട്ടിരുന്ന വലിയ ബാവായും തൊഴിയൂർ ഇടവകയുടെ (സ്ഥാപകൻ കൂറിലോസ്) സഹോദരൻ ഇളയബാവായും (ഗീവർഗീസ് മാർ കൂറിലോസ്) ഈ കുരിശുപള്ളിയിൽ താമസിച്ചിരുന്നു. പ്രാർത്ഥനാവീരനായ, പരമഭക്തനായ, ഇളയബാവായെ വെട്ടിയ്ക്കൽ ദയറാപ്പള്ളിയുടെ മദ്ബഹായിലാണ് സംസ്കരിച്ചിട്ടുള്ളത് (1809). മദ്ബഹായുടെ തെക്കെ ഭിത്തിയിൽ മാർബിൾ സ്ലാബും ബാവായുടെ എണ്ണഛായാചിത്രവും സ്ഥാപിച്ചിട്ടുണ്ട്.

## "ചാത്തുരുത്തി തിരുമേനി അഥവാ പരുമല തിരുമേനി"

1947-ൽ ശീമയിൽ നിന്നും യൂയാക്കീം മോർ കൂറിലോസ് മെത്രാപ്പോലീത്താ മലങ്കരയിൽ എത്തിച്ചേർന്നു. 1865 തുലാമാസത്തിൽ ചാത്തുരുത്തി ഗീവർഗീസ് ശെമ്മാശന് 'മ്ശംശോനോ' പട്ടം നൽകി. ആ വൃശ്ചിക മാസത്തിൽ കത്തനാര് പട്ടവും കോർ എപ്പിസ്ക്കോപ്പാ സ്ഥാനവും നൽകി. ഇടവകഭരണം കയ്യേൽക്കണമെന്നുള്ള നിർബന്ധം പല സ്ഥാനത്തു നിന്നും ഉണ്ടായിട്ടും സന്യാസജീവിതമാണ് അദ്ദേഹം തെരഞ്ഞെടുത്തത്. അങ്ങനെയാണ് അദ്ദേഹം വെട്ടിക്കൽ ദയറായിലേക്ക് താമസം മാറ്റിയത്. ദയറാ ജീവിതത്തിൽ തന്റെ ആദർശപുരുഷനായി അദ്ദേഹം തെരഞ്ഞെടുത്തത് എ.ഡി. 3-ാം നൂറ്റാണ്ടിൽ ആജിപ്തിൽ ജീവിച്ചിരുന്ന മാർ അന്തോനിയോസ് പിതാവിനെയാണ്. ഈ വിശുദ്ധപിതാവിനെപ്പോലെ നമ്മുടെ കഥാപുരുഷനും സ്വാദിഷ്ടങ്ങളെ സദാ ഹോമിച്ചും പ്രാർത്ഥനാ ജാഗരണം, നോമ്പ്, ഉപവാസം മുതലായ സത്യവിശ്വാസാചാരാങ്ങളെ അഭേദ്യമായി പാലിച്ചും, ആത്മസംസ്ക്കരണം ദൈനംദിനം വർദ്ധിച്ച് വന്നതോടെ ഈ മുനിശ്രേഷ്ഠനെക്കുറിച്ചുള്ള കീർത്തി നാടെങ്ങും വ്യാപിച്ചുതുടങ്ങി. ആദ്യകാലങ്ങളിൽ സ്വഭവനത്തിൽ നിന്ന് ആവശ്യത്തിനുള്ള ആഹാരപദാർത്ഥങ്ങൾ കൊണ്ടുവന്നിരുന്നു. എങ്കിലും പിന്നീട് പരാപേക്ഷ കൂടാതെ ഭക്ഷണസാധനങ്ങൾ പലരും കൊണ്ട് ചെന്ന് കൊടുത്തു തുടങ്ങി. അവിടെയുള്ള ജനങ്ങൾ 'പിടിയരി' കെട്ടുതെങ്ങ് മുതലായവ ഏർപ്പെടുത്തി. ദയറായും സഹായിച്ചു വന്നു.

ഭക്തനായ ഈ യുവസിദ്ധന് റമ്പാൻ സ്ഥാനം കൊടുക്കുന്നതിന് മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദിന്ന്യായോസ് തിരുമേനി തയ്യാറായി. 24-ാം വയസ്സിൽ മുളന്തുരുത്തി പള്ളിയിൽവച്ച് 1872 ഏപ്രിൽ 7-ാം തീയതി വചനിപ്പ് പെരുന്നാൾ ദിവസം ഇദ്ദേഹത്തെ റമ്പാനായി തിരുമേനി വാഴിച്ചു. അതിന് ശേഷവും ഗീവർഗീസ് റമ്പാൻ കുറെക്കാലം വെട്ടിക്കൽ ദയറായിൽ താമസിച്ചു. ീ സമയത്താണ് ്ദ്ദേഹത്തിന്റെ ദൈവീക സ്വഭാവം വികസിച്ച് പൂർണ്ണത പ്രാപിപ്പിച്ചത്. താൻ ഇടവിടാതെ അനുതാപ പ്രാർത്ഥനകൾ പ്രാർത്ഥിച്ച് കൊണ്ടിരുന്നതിനാൽ തന്നെ കാണായി വന്ന പലരും ആഗ്രഹം സാധിക്കാതെ മടങ്ങിപോയിട്ടുണ്ട്. പ്രാർത്ഥനയില്ലാത്ത സമയങ്ങളിൽ റമ്പാച്ചൻ വേദപുസ്തകമോ, അല്ലെങ്കിൽ മറ്റ് മത സെബന്ധമായ

പുസ്തകങ്ങളോ വായിച്ചുകൊണ്ടിരിക്കും, അല്ലെങ്കിൽ കുമ്പീടിലോ, ധ്യാനമോ ആയിരിക്കും. എന്ത് രോഗം വന്നാലും ചികത്സിക്കുക ചുരുക്കമായിരിക്കും. നോമ്പ് കാലങ്ങളിൽ വ്രതങ്ങളും, പ്രാർത്ഥനകളും ഇരട്ടിക്കും ഇരുപത്തിരണ്ടര (മൂന്ന് മണി) കഴിയാതെ ഭക്ഷണമില്ല. ഇതുകഴിഞ്ഞാൽ സുറിയാനി പുസ്തകങ്ങൾ പകർത്തുന്ന ജോലിയായിരുന്നു. ്ച്ചടി തുല്ല്യമായിരുന്നു അദ്ദേഹത്തിന്റെ കൈപ്പട പാതിരായ്ക്ക് പോലും സമയ വ്യത്യാസം കൂടാതെ പ്രാർത്ഥന നടത്തിയിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ശിഷ്യത്വം ഒരു പദവിയായി കരുതി പലരും വെട്ടിക്കൽ ദയറായിൽ ചെന്ന് വൈദീക വിദ്യാഭ്യാസം സ്വീകരിച്ച് കൊണ്ടിരുന്നു. ഈ സമയം ദയറായുടെ സുവർണ്ണ കാലമായിരുന്നു. അങ്ങനെ വെട്ടിക്കൽ ദയറാ പ്രശസ്തമായി തുടങ്ങി.

പുലിക്കോട്ടിൽ മാർ ദീവന്യാസിയോസ് രണ്ടാമൻ മലങ്കര മെത്രാപോലീത്തയായിരുന്നപ്പോൾ. അന്ത്യോഖ്യാപാത്രിയർക്കീല് പത്രോസ് തൃദീയൻ ബാവാ മലങ്കരയിലെ പള്ളിക്കൽ സന്ദർശിച്ചപ്പോൾ ്ദ്ദേഹചചത്തിന്റെ ദ്വിഭാഷിയായി കാടെകൊണ്ടുനടന്നിരുന്നത് ചാത്തുരുത്തിൽ ഗീവർഗീസ് റമ്പാനെയായിരുന്നു. റമ്പാനെ കുറിച്ചുള്ള മതിപ്പ് വർദ്ധിച്ച് വരികയാൽ ബാവായുടെ പ്രൈവറ്റ് സെക്രട്ടറി സ്ഥാനം പോലും അലങ്കരിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

സഭയെ നയിക്കുവാൻ മെത്രാപ്പോലീത്തായെ സഹായിക്കുവാൻ ഏതാനും പേർക്ക് മെത്രാൻ സ്ഥാനം നൽകാൻ തീരുമാനിച്ചതിൽ ഒരാൾ ഗീവർഗ്ഗീസ് റമ്പാനായിരുന്നു. ആജീവനാന്തം ദയറാക്കാരനായിരിക്കുവാൻ ആഗ്രഹിച്ചെങ്കിലും ബാവായുടെ നിർദ്ദേശപ്രകാരം 1876 ഡിസംബർ മാസം 10-ാം തീയതി പാത്രിയർക്കീസ് ബാവ വടക്കൻ പറവൂർ പള്ളിയിൽവച്ച് മെത്രാപ്പോലീത്തയായി വാഴിച്ചു. ബാവായുടെ പ്രത്യേക വാത്സല്യം നിമിത്തം 5-ാം പാത്രിയർക്കീസായിരുന്ന യെറുശലേം മെത്രാപ്പോലീത്തായുടെ പ്രത്യേക സ്ഥാനപ്പേരാകുന്ന "മാർ ഗ്രീഗോറിയോസ്" ്ന്ന സ്ഥാനപ്പേര് കൊടുക്കുകയും നിരന്നും ഭദ്രാസനത്തിന്റെ ഭരണമേധാവിയായി നിയമിക്കുകയും ചെയ്തു.

മലങ്കരയിലുണ്ടായിരുന്ന 7 മേൽപ്പട്ടക്കാരിൽ ഏറ്റവും പ്രായം കുറഞ്ഞത് ചാത്തുരുത്തി തിരുമേനി ആയിരുന്നതുകൊണ്ടാണ്. അദ്ദേഹം കൊച്ചു തിരുമേനിയായത്. പരുമല ആസ്ഥാനമായി ഭദ്രാസനം ഭരിച്ചതുകൊണ്ട് പരുമല തിരുമേനിയായി. പാത്രിയർക്കീസ് ശീമയ്ക്ക് മടങ്ങിയ ശേഷം കൊച്ചുതിരുമേനി വെട്ടിക്കൽ ദയറ തന്റെ വാസസ്ഥാനമാക്കിയതോടെയാണ് പൊതുജനശ്രദ്ധയിലേക്ക് ആകർഷകമായത്. മുളന്തുരുത്തിപ്പള്ളിയിൽ പട്ടക്കാരനും, കോർ എപ്പിസ്ക്കോപ്പായും, 1872-ൽ റമ്പാൻ ആയ ശേഷവും തന്റെ വാസസ്ഥാനം വെട്ടിക്കൽ ദയറാ തന്നെയായിരുന്നു. ഇക്കാലയളവിലെല്ലാം അദ്ദേഹത്തിന്റെ സന്നിധിയിൽ അനേകർ, ആശ്വാസത്തിനും, ദേഹസൗഖ്യത്തിനുമായി ചെന്നിരുന്നതായി കാണാം. പ. പത്രോസ് പാത്രിയർക്കീസിനാൽ അഭിഷിക്തരായെ മെത്രാന്മാർ ഇടവകഭരണം ഏറ്റെടുക്കും മുമ്പ് പ. പരുമല തിരുമേനിയോടൊന്നിച്ച് വെട്ടിക്കൽ ദയറായിൽ 40 ദിവസം വ്രതമെടുത്ത് താമസിച്ചു. അതിന്റെ പര്യവസാനത്തിൽ 1877 ഇടവം 22-ന് ദയറാപ്പള്ളിയുടെ കൂദാശകർമ്മം അവർ നിർവ്വഹിച്ചു. വെട്ടിക്കലെ മെത്രാനച്ചൻ എന്ന പേരിലാണ് ചാത്തുരുത്തിൽ കൊച്ചുതിരുമേനി അക്കാലത്ത് അറിയപ്പെട്ടിരുന്നത്. സഭയിൽ ഉളവായ കക്ഷിവഴക്കിനെ തുടർന്ന് ദയറായെ സംബന്ധിച്ചും വ്യവഹാരങ്ങൾ നടന്നിട്ടുണ്ട്. കൊ.വ. 1092-ൽ ഇത് മലങ്കരസഭ വകയാണെന്നും മലങ്കരമെത്രാൻ ഭരിക്കണമെന്നും കൊച്ചി ഹൈക്കോടതി വിധിയുണ്ടായി.

ദീർഘമായ വ്യവഹാരവും മറ്റും മൂലം ദയറ ഏറെക്കാലം വിസ്മരിക്കപ്പെട്ടു. (മുളന്തുരുത്തി പള്ളിയുടെ ഒരു ചാപ്പൽ എന്ന വിധത്തിലുള്ള പരിഗണനയിൽ മാത്രം ആരാധന നടത്തിപ്പോന്നു.) പുതുഞായറാഴ്ച്ചപ്പെരുന്നാളും, കാട്ടുമങ്ങാട്ടുബാവായുടെ ഓർമ്മപ്പെരുന്നാളും, (മെയ് 28,29)ഭക്ത്യാദരപൂർവ്വം കൊണ്ടാടപ്പെട്ടിരുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിലാണ് 1957-ൽ കാട്ടുമങ്ങാട്ട് ബാവായുടെ ഓർമ്മപ്പെരുന്നാൾ ദിവസം വെട്ടിക്കൽ ദയറായിൽവച്ച് ഭാഗ്യ സ്മരണാർഹനായ കൊച്ചി മെത്രാസന ഇടവകയുടെ അഭി.പൗലോസ് മാർ സേവേറിയോസ് തിരുമനസ്സിൽ നിന്നും വന്ദ്യ.കെ.ജെ.കുര്യാക്കോസ് കോർ എപ്പിസ്കോപ്പ ശെമ്മാശുപട്ടം സ്വീകരിച്ചത്. 1962 ൽ വയലിറമ്പേൽ ഗിവർഗീസ് ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്നും വൈദീകപട്ടം സ്വീകരിച്ച് അദ്ദേഹം കൊച്ചി മെത്രാസനത്തിന്റെ വടക്കൻമേഖലകളിൽ ശുശ്രൂഷ അനുഷ്ഠിച്ചു. 1964-ൽ പ. ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ കല്പനപ്രകാരം മുളന്തുരുത്തി മാർത്തോമൻ പള്ളിയുടെ വികാരിമാരിൽ ഒരാളായി തീർന്നു. തവണപ്രകാരം 7-ാം തവണയാണ് തനിക്ക് വെട്ടിക്കൽ ദയറായിൽ ശുശ്രൂഷ അനുഷ്ഠിക്കേണ്ടതെങ്കിലും പ്രായം കുറഞ്ഞയാളായതിനാൽ വെട്ടിക്കൽദയറായിൽ ഏറിയകൂറും ശുശ്രൂഷ ചെയ്തിരുന്നത് വന്ദ്യ കെ.ജെ. കുര്യാക്കോസ് അച്ചനായിരുന്നു. എല്ലാ പെരുന്നാളുകൾക്കും സാരഥ്യം വഹിക്കുവാൻ മറ്റു വൈദികർ കൊച്ചച്ചനായിരുന്നു അവസരം നൽകിയിരുന്നത്.

1976-ൽ കണ്ടനാട് ഇടവകയുടെ അഭി. ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ താൽക്കാലിക സ്ഥാനമായി ഇവിടം, പ. ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായാൽ പ്രഖ്യാപിക്കപ്പെട്ടു. തുടർന്ന് ഇവിടെ വച്ച് മാർപക്കോമിയോസ് തിരുമേനിയുടെ സുന്തോണീസോ ശുശ്രൂഷ നടത്തപ്പെട്ടു. 1976 - ൽ തന്നെ ദയറായുടെ അറ്റകുറ്റപ്പണികൾ തീർത്ത അദ്ദേഹം. ഡിസംബർ 10

ന് പ. പരുമലതിരുമേനിയുടെ മെത്രാൻ സ്ഥാനാഭിഷേകശതാബ്ദിയോടനുബന്ധിച്ച് പ.പരുമലതിരുമേനിയുടെ തിരുശേഷിപ്പ് ഇവിടെ സ്ഥാപിക്കുകയും അത് വലിയ പെരുന്നാളായി ആഘോഷിക്കുകയും ചെയ്തുപോന്നു. അന്നേദിവസം, അന്നദാനവും, വസ്ത്രദാനവും സാധുക്കൽക്കായി ക്രമീകരിച്ചു. അനേകം അക്രൈസ്തവരും, ക്രൈസ്തവ സമൂഹത്തിൽപ്പെട്ടവരുമായവർക്ക് ഇത് വലിയ കൈത്താങ്ങലും അനുഗ്രഹവുമായിത്തീർന്നു. 1976 മുതൽ അഭി. പക്കോമിയോസ് തിരുമനസ്സുകൊണ്ട് ദയറായിലെ പെരുന്നാളുകളുടെ കൺവീനറായി ബഹു. കെ.ജെ. കുര്യാക്കോസ് കത്തനാരെത്തന്നെയാണ് ആക്കിയിരുന്നത്. 1977 ഡിസംബർ 10-ന് മുകളിലത്തെ നിലയിലെ ചാപ്പൽ പ.ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കത്തോലിബാവാ, ദയറാപള്ളിയുടെ മദ്ബഹ പ. പരുമല തിരുമേനി കൂദാശ ചെയ്തതിന്റെ ശതാബ്ദി സ്മരണയ്ക്ക്, പരുമലതിരുമേനിയുടെ നാമത്തിൽ കൂദാശ ചെയ്തു. ഇന്നും എല്ലാ ശനിയാഴ്ച്ചകളിലും, ഡിസംബർ 10-ന് ആദ്യകുർബ്ബാനയും ഈ ചാപ്പിലിൽ മുടക്കം കൂടാതം നടന്നു വരുന്നു.

അഭി. പക്കോമിയോസ് തിരുമേനിക്കു ശേഷം ഇവിടെ മാനേജരായി സ്തുത്യർഹമായി സേവനം ചെയ്തത് വന്ദ്യനായ എബ്രഹാം വാലയൻ കത്തനാരാണ്. ദയറാ പുരയിടത്തെ ഭംഗിയായി പരിചരിച്ച് ദയറായിലെ എല്ലാ കാര്യങ്ങളും കുറവു കൂടാതെ നടത്തിവന്നിരുന്ന ഇദ്ദേഹത്തിന് ഒരു കൈത്താങ്ങലായി വന്ദ്യനായ കെ.ജെ. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പായും ഉണ്ടായിരുന്നു. ബഹു. വാലയിൽ എബ്രഹാം അച്ചനു ശേഷം മാനേജരായി വന്ന വന്ദ്യനായ പി.എസ്. യോഹന്നാൻ അച്ചൻ (പിന്നീട്, യൽദോറമ്പാൻ, എച്ച്.ജി. യൂഗാന്നേൽ മാർ പോളികാർപ്പോസ് തിരുമേനി (അകമായി) ദയറായ്ക്ക് പുതുമയേകാൻ പ്രയത്നിച്ച ദേഹമാണ്. ഇന്ന് ദയറായോട് ചേർന്ന ബസ്സേലിയോസ് വിദ്യനികേതൻ സ്കൂൾ 1998 – ൽ അദ്ദേഹത്തിന്റെ പരിശ്രമത്തിന്റെ ഫലമായുളവായതാണ്. അതിന് പോഷണവും കൈത്താങ്ങലും, സർവ്വവുമായി, അതിന്റെ ജീവശ്വാസമായിരുന്ന അച്ചന് വലിയ ഒരു ആശ്വാസവും സഹായവുമായിരുന്നു. വന്ദ്യ കെ.ജെ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ ഏതൊരാവശ്യത്തിലും വന്നെത്തി തന്റെ സ്വതസിദ്ധമായ നിലയിൽ ആവശ്യമായ ഉപദേശങ്ങളും ആശയങ്ങളും പങ്കിടുവാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്.

ഇന്ന് ദയറായുടെ ശുശ്രൂഷ വഹിക്കുന്ന ബലഹീനനായ എനിക്കും അദ്ദേഹത്തിന്റെ അകൈതവമായ സഹായവും കൈത്താങ്ങലും ഉണ്ടെന്നത് ആവർത്തിച്ചുപറയേണ്ട സംഗതിയാണ്. ദയറായ്ക്ക് ഒരു പുതിയ മണി വേണം എന്ന ആഗ്രഹം വന്ദ്യനായ കെ.ജെ. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പയോട് പങ്കിട്ടപ്പോൾതന്നെ അദ്ദേഹവും കുടുംബവും മക്കളുടെ കുടുംബവുമെല്ലാം ഒരുമനപ്പെട്ട് അതിനു വേണ്ടി നിസ്തുലമായ സഹായം ചെയ്തുവെന്നത് മറക്കാനാകാത്ത സംഗതിയാണ്.

തന്റെ പ്രവർത്തനങ്ങളിൽ ദയറായെ ഒരുക്കലും മറക്കാത്ത, എന്നും ദയറായിൽ തന്റെ സാന്നിദ്ധ്യം കൊണ്ടും പ്രാർത്ഥനകൊണ്ടും നിറവായി നിൽക്കുന്ന, വന്ദ്യ കെ.ജെ. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പയ്ക്ക് എല്ലാ ഭാവുകങ്ങളും നേർന്നുകൊണ്ട്.

## സൃഷ്ടിപരമായ നേതൃത്വവും മാർഗ്ഗദർശനവും നൽകിയ എന്റെ ജ്യേഷ്ഠൻ

**ഫാ. ഡാർലി എടപ്പങ്ങാട്ടിൽ**

ഗംഗയും യമുനയും സംഗമിക്കുന്ന സ്ഥാനം ത്രിവേണി എന്നാണ് അറിയപ്പെടുന്നത്. ഹൈന്ദവചിന്തയിൽ രണ്ടു നദികളോടൊപ്പം അദൃശ്യമായ സരസ്വതി എന്ന മൂന്നാമത്തെ നദിയും സംയോജിക്കുന്നുവെന്ന് വിശ്വസിക്കുന്നു. അതിനാലാണ് ത്രിവേണിയെന്ന് വിളിക്കുന്നത്. ക്രൈസ്തവചിന്തയിലൂടെ, ക്രൈസ്തവ വിവാഹത്തിൽ മൂന്നാമത് ഒരാൾ കൂടെ രണ്ടു വ്യക്തികളുടെ കൂടെ സംയോജിക്കപ്പെടുന്നുവെന്ന് ക്രൈസ്തവരായ നാം വിശ്വസിക്കുന്നു. കുടുംബജീവിതത്തിൽ നിരന്തരമായി ഈ ക്രിസ്തുചൈതന്യം (സാന്നിദ്ധ്യം) അനുഭവിച്ച ഒരു സാധാരണ കുടുംബത്തിലാണ് ഞങ്ങൾ ജനിച്ചത്.

എടപ്പങ്ങാട്ടിൽ എന്ന വീട്ടുപേര് മുളന്തുരുത്തിയിലും സമീപപ്രദേശങ്ങളിലും മലങ്കരസഭയിലെങ്ങും പ്രശസ്തമായത് ഞങ്ങളുടെ അപ്പച്ചനിലൂടെയാണ്. മഞ്ഞനിക്കരയിൽ അന്ത്യവിശ്രമം കൊള്ളുന്ന വിശുദ്ധനായ മോറോൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയാർക്കീസ് ബാവായിൽ നിന്ന് കശീശ്ശാപ്പട്ടം സ്വീകരിക്കുവാൻ എടപ്പങ്ങാട്ടിൽ യാക്കോബ് കോർ എപ്പിസ്കോപ്പായ്ക്ക് സിദ്ധിച്ച മഹാഭാഗ്യമാണ് കുടുംബത്തിലെ പൗരോഹിത്യ സ്ഥാനലബ്ധിയുടെ ഉറവിടം.

സമകാലീന ജീവിതത്തിൽ അരങ്ങു തകർത്താടിയ പലരും വിസ്മൃതിയുടെ അഗാധഗർത്തത്തിൽ ഒന്നൊന്നായി പതിക്കുന്ന കാഴ്ച നാം കാണുന്നു. എന്നാൽ കാലംചെല്ലുന്തോറും മുളന്തുരുത്തിയിലുള്ള ജനങ്ങളുടെ സ്മരണയിൽ ഒന്നിനൊന്നു തിളക്കമേറിവരുന്ന ഒരു നാമധേയമുണ്ട്. എടപ്പങ്ങാട്ടിൽ യാക്കോബ് കോർ എപ്പിസ്കോപ്പ് . ജനകീയനായിരുന്ന അപ്പനെ എടപ്പങ്ങാട്ടിൽ വല്ല്യച്ചനെന്ന് സ്നേഹാദരവുകളോടെ അന്നും ഇന്നും ജനങ്ങൾ ഒരേ സ്വരത്തിൽ വിളിക്കുന്നു. ആ വല്യച്ചന്റെ മക്കളായി പിറന്നതാണ് ഞങ്ങളുടെ ജീവിതസൗഭാഗ്യങ്ങളുടെ ആധാരശില.

ഞങ്ങൾ ആറു മക്കൾ. സാറായി ജോർജ്, പരേതനായ ഏലിയാസ്, കുര്യാക്കോസ് കോർ എപ്പിസ്കോപ്പ, ഡേവിഡ്, തങ്കച്ചി, ഡാർലി. മക്കളിൽ അപ്പച്ചന്റെ വൈദികശുശ്രൂഷയും അദ്ധ്യാപകവൃത്തിയും

തെരഞ്ഞെടുത്തത് എന്റെ ജ്യേഷ്ഠനായ വന്ദ്യ കുര്യാക്കോസ് കോർ എപ്പിസ്കോപ്പയാണ്. ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ വച്ച് വയലിപ്പറമ്പിലെ പുണ്യശ്ലോകനായ മോർ ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്ന് മറ്റു നാലു പേരോടൊപ്പം കശീശ്ശാപ്പട്ടം സ്വീകരിച്ചു. (ഒരാൾ ഇപ്പോഴത്തെ നി.വ.ദി.ശ്രീ. എബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലീത്തയാണ്). അന്ന് എന്റെ പ്രായം കേവലം 11. എന്റെ ജീവിതത്തിൽ ഞാനാദ്യം കണ്ടതായ പട്ടംകൊട ശുശ്രൂഷയാണത്.

ഒരു വൈദികൻ പട്ടം ഏല്ക്കുമ്പോൾ ശുശ്രൂഷയുടെ ഒടുവിൽ അംശവസ്ത്രങ്ങൾ ധരിപ്പിച്ച ശേഷം മെത്രാപ്പോലീത്ത വൈദികന്റെ കൈയിലേക്ക് കൊടുക്കുന്നത് ധൂപക്കുറ്റിയാണ്. ഈ ധൂപാർപ്പണം വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുള്ള പങ്കുചേരലാണ് എന്ന് വെളിപാടുപുസ്തകത്തിൽ കാണാം. (വെളി. 5:8, 8:3-4) 1962 മുതൽ കഴിഞ്ഞ 50 വർഷമായി ധൂപാർപ്പണം മുടക്കം കൂടാതെ നിർവ്വഹിച്ച് വിശുദ്ധന്മാരോടൊപ്പം പങ്ക് ചേരാൻ എന്റെ ജ്യോഷ്ഠനച്ചന് സാധിക്കുന്നത് ദൈവീകകൃപയാലാണ്.

അഹറോനെ പോലെ ദൈവം തെരഞ്ഞെടുക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വയം എടുക്കുന്നില്ല (എബ്രാ 5:4). മനുഷ്യരുടെ ഇടയിൽ നിന്നെടുക്കുന്ന ഏത് പുരോഹിതനെക്കുറിച്ചും എബ്രായ ലേഖനകർത്താവ് പറഞ്ഞിരിക്കുന്നത് എന്റെ ജ്യേഷ്ഠനച്ചനിൽ അന്വർത്ഥമാണ്. ബഹുമുഖപ്രതിഭയായ എന്റെ ജ്യേഷ്ഠനച്ചെക്കുറിച്ച് ഏതെല്ലാം വീക്ഷണങ്ങളിൽ കൂടി വിലയിരുത്താനുണ്ട്? തികഞ്ഞ സംഘാടകൻ, ദൗത്യബോധമുള്ള അജപാലകൻ, ഉജ്ജ്വലനായിരുന്ന അദ്ധ്യാപകൻ, സഹപ്രവർത്തകരിൽ ആവേശവും അർപ്പണബോധവും വരുത്തിയ ആദർശപുരുഷൻ, അക്ഷീണനായ കർമ്മനിരതൻ, ഓർത്തഡോക്സ് സഭയുടെ വിശ്വസ്തപടയാളി ഇതെല്ലാമാണ് പൗരോഹിത്യസ്ഥാനലബ്ധിയുടെ അമ്പതാം വർഷം പിന്നിട്ടിരിക്കുന്ന എന്റെ ജ്യേഷ്ഠൻ.

അപ്പച്ചന്റെ ആരാധനയെക്കുറിച്ചും ശബ്ദസവിശേഷതയെക്കുറിച്ചും ദുഃഖവെള്ളിയാഴ്ചയിലെ പ്രാർത്ഥനാരീതികളെക്കുറിച്ചും പൂർവ്വസൂരികൾ ഇന്നും പറയുമ്പോൾ എന്റെ മനസ്സിന്റെ സന്തോഷം വാക്കുകൾക്കപ്പുറമാണ്. അപ്പച്ചന്റെ ശബ്ദസൗകുമാര്യം അതേപടി സമ്മേളിക്കുന്നത് ജ്യേഷ്ഠനച്ചനിലാണ്. മാലാഖമാരും പ്രധാനമാലാഖമാരും ശൂൽത്തോനന്മാരും, മൗത്ത്ബേൻന്മാരും, മോറാവോസെന്മാരും, ഹൈലേന്മാരും, അനേകം കണ്ണുകളുള്ള ക്രൂബേന്മാരും കാലുകളും മുഖവും മൂടികൊണ്ട് പരസ്പരം പറന്നുചെന്ന് കാദീശ് പാടുന്നവരായ ആറാറു ചിറകുള്ള സ്രോപ്പേന്മാരും എന്ന് ജ്യേഷ്ഠനച്ചൻ ചൊല്ലുമ്പോൾ മാലാഖമാർ വിശുദ്ധ മദ്ബഹായിൽ ചുറ്റി തിരിയുന്ന പ്രതീതി വിശ്വാസികൾക്ക് അനുഭവപ്പെടുന്നു.

ഭക്തിയും അദ്ധ്യാത്മികതയും സംഗീതത്തിന്റെ ലഹരിയും സമന്വയിപ്പിക്കുന്ന ജ്യേഷ്ഠനച്ചന്റെ ആരാധനാശൈലി ഞാനുൾപ്പെടെയുള്ള വൈദികരിൽ നിന്ന് അദ്ദേഹത്തെ വേർതിരിച്ചു നിർത്തുന്ന പ്രധാന ഘടകമാണ്. മുളന്തുരുത്തിയിലെ ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് സൃഷ്ടിപരമായ നേതൃത്വവും മാർഗ്ഗ ദർശനവും നല്കിയ എന്റെ ജ്യേഷ്ഠനായ വന്ദ്യ കുര്യാക്കോസ് കോർ എപ്പിസ്കോപ്പായ്ക്ക് ഭാരതീയ സുകൃതമായ ആയിരം പൂർണ്ണചന്ദ്രനെ കാണുവാനുള്ള ഭാഗ്യം ദൈവം നൽകട്ടെ.

## പൗരോഹിത്യപദവി അലങ്കരിക്കുന്ന കെ.ജെ.കുര്യാക്കോസ് കോർ എപ്പിസ്കോപ്പായും ഡോ.പൗലോസ് മാർ ഗ്രിഗോറിയോസ് വനിതാവൃന്ദമന്ദിരവും

**മദർ ദീന ബേത്‌ലഹേം കോൺവെന്റ് കിഴക്കമ്പലം**

**(സൂപ്രണ്ട് വനിതാ വൃന്ദമന്ദിരം)**

ഏറ്റം ആദരണീയനായ കെ.ജെ.കുര്യാക്കോസ് കോർ എപ്പിസ്കോപ്പായുടെ പൗരോഹിത്യ കനകജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കിഴക്കമ്പലം ഞാറല്ലൂർ ബേത്‌ലഹേം കോൺവെന്റിലേയും കോൺവെന്റ് കമ്മ്യൂണിറ്റിയുടേയും തലക്കോട് ഡോ.പൗലോസ് മാർ ഗ്രിഗോറിയോസ് വനിതാ വൃന്ദമന്ദിരത്തിന്റേയും പ്രാർത്ഥനാനിർഭരമായ ആശംസകൾ അറിയിക്കട്ടെ.

മലങ്കര ഓർത്തഡോക്സ് സഭയുടെ ഐയ്മേനികളുടെ വിശ്വാസ പരിശീലനത്തിനായി ഉള്ള പാഠ്യപദ്ധതിയാണ് ദിവ്യബോധനം. ഈ പരമ്പരയിൽ ജനതകളുടെ പ്രകാശം എന്ന പുസ്തകത്തിൽക്കൂടി റവ.ഡോ.കെ.എം. ജോർജ്ജ് പഠിപ്പിക്കുന്നു.

ക്രിസ്തീയസഭയിൽ പൗരോഹിത്യത്തെക്കുറിച്ചുള്ള എല്ലാ ചിന്തകളും ആരംഭിക്കുന്നത് രണ്ട് അടിസ്ഥാനങ്ങളിൽ നിന്നാണ്. (1) യേശുക്രിസ്തു ദൈവത്തിനും മനുഷ്യനും ഇടയ്ക്ക് മദ്ധ്യസ്ഥനായി നിൽക്കുന്ന ഏക നിത്യമഹാപുരോഹിതനാണ്. (2) ക്രിസ്തുവിന്റെ ശരീരമായ വിശുദ്ധ സഭ തന്റെ രാജത്വത്തിലും പൗരോഹിത്യത്തിലും പങ്കാളിയായതുകൊണ്ട് രാജകീയ പുരോഹിതവർഗമാകുന്നു. പരസ്പരം ബന്ധപ്പെട്ട ഈ രണ്ടു മൗലികാശയങ്ങൾ എബ്രായ ലേഖനത്തിലും പത്രോസിന്റെ ഒന്നാം ലേഖനത്തിലും വെളിപാട് പുസ്തകത്തിലും പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിട്ടുണ്ട്.

ക്രിസ്തുവിനെപ്പോലെ ലോകത്തിനുവേണ്ടി മദ്ധ്യസ്ഥതയെ അണയ്ക്കുവാൻ സഭ ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കാളിയാകുന്നു. ഇതിൽ പരമപ്രധാനമായത് സഭയുടെ വിശുദ്ധ കുർബ്ബാന

അർപ്പണവുമാണ്. സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സഭ മുഴുവൻ വിശുദ്ധ പുരോഹിത വർഗ്ഗമായി നിന്നുകൊണ്ട് സമർപ്പിക്കുന്ന തിരുബലി കർത്താവിന്റെ കാൽവെരിയിലെ ബലിയുടെ ഏകവും നിത്യവുമായ യാഗത്തിനുള്ള പരിപൂർണ്ണ പങ്കാളിത്തമാണ്. സഭ മുഴുവനും ഒരുമിച്ച് പ്രകാശിപ്പിക്കുന്ന ഈ പൗരോഹിത്യ സ്വഭാവത്തിന്റെ പശ്ചാത്തലത്തിലാണ് സഭയ്ക്ക് ഉള്ളിലുള്ള പ്രത്യേക പൗരോഹിത്യത്തിന്റെ അർത്ഥം മനസ്സിലാകുന്നത്.

ഈ പശ്ചാത്തലത്തിലാണ് 50 വർഷം മുമ്പ് വിശുദ്ധബലി അർപ്പിച്ച ഇപ്പോഴത്തെ തലക്കോട് ചാപ്പലിലെ വികാരിയായ ബഹു.കോർ എപ്പിസ്കോപ്പ അർപ്പിക്കുന്ന ബലിയിലും മദ്ധ്യസ്ഥതയിലും അനുഗ്രങ്ങൾ ദൈവസന്നിധിയിൽ നിന്ന് ചോദിച്ച് വാങ്ങി ഇവിടത്തെ വനിതാവൃദ്ധമന്ദിരത്തിലെ അന്തേവാസികൾ അത് അനുഭവിച്ച് അവരുടെ ശിഷ്ടായുസ്സ് പ്രത്യാശയോടെ പൂർത്തീകരിക്കുവാൻ സാധിക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. ഞാൻ മനസ്സിലാക്കുന്നിടത്തോളം ഞങ്ങളുടെ കുര്യാക്കോസ് അച്ചന്റെ മാധുര്യമേറുന്ന ശബ്ദം, ആരാധനസംവിധാനം എല്ലാം സ്വപിതാവിൽ നിന്ന് ആർജ്ജിച്ചതായി മനസ്സിലാക്കുന്നു.

ആ പിതാവിന്റെ മദ്ധ്യസ്ഥതയിൽക്കൂടെ ഞങ്ങളും അനുഗ്രഹം പ്രാപിക്കുവാനും ഇടയാകട്ടെ. ജൂബിലേറിയൻ പിതാവിന് ഒരിക്കൽകൂടെ ആശംസകൾ അർപ്പിക്കുമ്പോൾ അവിടെ നിന്ന് അർപ്പിക്കുന്നതായ എല്ലാ ശുശ്രൂഷകളിലും ഞങ്ങളെ എല്ലാവരേയും ഓർക്കണം എന്ന് അപേക്ഷിക്കുന്നു.

## കെ. ജെ. കുര്യാക്കോസ് കോർഎപ്പിസ്ക്കോപ്പായെക്കുറിച്ച് ഒരനുസ്മരണം

**കെ.സി.വർഗ്ഗീസ്, സൺഡേസ്കൂൾ അദ്ധ്യാപകൻ**

ബഹു. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പാ പൗരോഹിത്യശുശ്രൂഷയുടെ 50 വർഷം പൂർത്തീകരിച്ചിരിക്കുന്നു. സ്വന്തംഇടവകയായ മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിലായിരുന്നു കൂടുതൽ പ്രവർത്തനം. അദ്ദേഹം ചിട്ടയായ അച്ചടക്കം എല്ലാ മേഖലയിലും പാലിച്ചിരുന്നു. ഇടവകയിൽ ഇല്ലാതിരുന്ന പല ആത്മിയപ്രസ്ഥാനങ്ങൾക്കും രൂപം കൊടുത്തു. ഗായകസംഘം സംഘടിപ്പിച്ച് ആരാധന ഹൃദ്യമാക്കി.. യുവജനപ്രസ്ഥാനം ഗായകസംഘത്തിന് നേതൃത്വം കൊടുത്തു.

ഹൃസ്വകാലത്തെ ബാഹ്യകേരള ഭദ്രാസനസേവനത്തിനു ശേഷം 1975-ൽ വീണ്ടും മുളന്തുരുത്തി ഇടവകയിൽ നിയമിതനായി.പള്ളിഭരണനേതൃത്വംഇടവക മെത്രാപ്പോലീത്തായെ നിഷേധിച്ചപ്പോൾ 9 വർഷം പള്ളി പൂട്ടിയതിനാൽ ആരാധന മുടങ്ങി.

പൗരസ്ത്യകാതോലിക്കേറ്റിൽ ഉറച്ചു നിന്ന മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിലെഓർത്തോഡോക്സ് വിശ്വാസികളുടെ ആത്മീയ ആവശ്യങ്ങൾ തുരുത്തിക്കര മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ്ചാപ്പലിലും തുടർന്ന് മുളന്തുരുത്തി കാതോലിക്കേറ്റ് സെന്ററിലും നിർവ്വഹിച്ചു പോന്നു. ഇടവക സെമിത്തേരിയിലെ ശുശ്രൂഷാദികൾ നടത്തുവാൻ നിരവധി പ്രാവശ്യം തടസ്സം നേരിട്ടിട്ടുണ്ട്.

ഒരിക്കൽഇതുപോലെ തടസ്സം ഉണ്ടായ സമയം, അന്നത്തെ പിറവം എം.എൽ.എ.യും ബഹു. സംസ്ഥാന വ്യവസായമന്ത്രിയുമായിരുന്ന ശ്രീ. പി.സി. ചാക്കോ അതു വഴി വരികയും ബഹ. കുര്യാക്കോസ് അച്ചനും വിശ്വാസികളും മന്ത്രിയെ തടഞ്ഞുനിർത്തി കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി പ്രശ്നം പരിഹരിച്ചതും നമുക്ക് ഒരിക്കലും മറക്കാനാവുകയില്ല. പള്ളി പൂട്ടിയതിനു ശേഷം തുറന്ന് ആരാധന നടത്തുവാൻ പല പ്രാവശ്യം ചർച്ചകൾ നടന്നുവെങ്കിലും സഭയുടെ സ്വാതന്ത്ര്യത്തിനും ഭരണഘടനയ്ക്കും കാതോലിക്കേറ്റിനും ദോഷം വരുന്ന ഒരു തീരുമാനത്തിനും ബഹു. അച്ചൻ സമ്മതിച്ചിട്ടില്ല.

1984 ഒക്ടോബർ 14-ന് പള്ളിതുറന്ന്, ഓർത്തഡോക്സ് സഭയിലെ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തയ്ക്കും അദ്ദേഹം നിയമിച്ച വികാരിയ്ക്കും പള്ളിയിൽ ആരാധന നടത്തുവാൻ അനുവദിച്ചുകൊണ്ട്കേരള ഹൈക്കോടതി ഉത്തരവായി.അതനുസരിച്ച് 13-ന് വൈകുന്നേരം തുരുത്തിക്കരചാപ്പലിൽ നിന്ന്മുളന്തുരുത്തി പള്ളിയിലേക്ക്ബഹു. കുര്യാക്കോസ് അച്ചനെ ഇടവകയിലെ മുഴുവൻ വിശ്വാസികളുടെയുംഅകമ്പടിയോടെ വമ്പിച്ച സ്വീകരണം നൽകി.പൂട്ടിക്കിടന്ന ദേവാലയത്തിൽ പ്രവേശിച്ച് സന്ധ്യാപ്രാർത്ഥനയും പ്രസംഗവും നടത്തുകയും ചെയ്തു. 14-ാം തീയതി കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താമാരായ യൂഹാനോൻ മാർ സേവേറിയോസ്, യാക്കോബ് മാർ പോളികോർപ്പസ് എന്നീ പിതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ ബഹു. കുഴിയേലിൽ ഏലിയാസ് അച്ചനും, ഇടമ്പാടത്ത് എബ്രാഹം അച്ചനും ചേർന്ന് ബഹു. കുര്യാക്കോസ് അച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു.

ഇന്ന് മുളന്തുരുത്തിയിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്കുള്ള എല്ലാ പ്രവർത്തനമേഖലകളും 1975 മുതൽ ബഹു. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പായുടെ നേതൃത്വത്തിൽ നേടിയെടുത്തിട്ടുള്ളതാണ്.പ്രതിസന്ധി നിറഞ്ഞ 9 വർഷവും തുടർന്നും ബഹു. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പാ നടത്തിയ പോരാട്ടത്തിന്റെ ഫലമാണ് ഇടവകയിലെ സഭാമക്കൾ അനുഭവിയ്ക്കുന്ന നേട്ടങ്ങൾ. ദിവ്യ ബലി അർപ്പിയ്ക്കുവാൻ മദ്ബഹായിൽ കയറുമ്പോൾ ജീവനുള്ള ദൈവത്തിനു മുമ്പാകെ നിൽക്കുന്നു എന്നുള്ള ഉത്തമബോധ്യംഅദ്ദേഹത്തിനുംആ ബലിയിൽ സംബന്ധിയ്ക്കുന്ന

വിശ്വാസിസമൂഹത്തിനുംഒരു പോലെ ഉണ്ടാകുന്നു.

ബ. കുര്യാക്കോസച്ചൻ പ്രബോധകൻ, അദ്ധ്യാപകൻ, ദൈവത്തിന്റെ സന്ദേശവാഹകൻ എന്നീ നിലകളിൽ ആബാലവൃദ്ധം ജനങ്ങളെ ദൈവമുമ്പാകെയും പ. സഭയുടെ മുമ്പാകെയുംകാഴ്ചവച്ച ആചാര്യശ്രേഷ്ഠനാണ്

അദ്ദേഹത്തിന് സകലവിധ നന്മകളും ആശംസിക്കുന്നു.

## പ്രതിസന്ധികളിൽക്കൂടി കടന്നുപോകുന്ന പുരോഹിതശ്രേഷ്ഠൻ: എടപ്പങ്ങാട്ടിൽ കൊച്ചച്ചൻ

**(തോമസ് പോൾ, മ്യാലിൽ, ദുബായ്)**

നമ്മുടെ കർത്താവ് താൻ തിരഞ്ഞെടുത്ത സ്നേഹിതന്മാരോട് പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ്: 'നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു; നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിനും നിങ്ങളെ ആക്കിവെച്ചിരിക്കുന്നു' (യോഹ 15:16).

വി. കുർബ്ബാലനുഭവത്തിന് വിശ്വാസിക്ക് പാപമോചനം നൽകുന്നതിനു വേണ്ടി ബഹുമാനപ്പെട്ട ആചാര്യൻ അനുതാപിയായ വിശ്വാസിയുടെ തലയിൽ കൈവെച്ചുകൊണ്ട് പ്രാർത്ഥിക്കുന്ന ഹൂസോയോപ്രാർത്ഥന ഇപ്രകാരം ആരംഭിക്കുന്നു: 'ദൈവാധിദൈവവും കർത്താതി കർത്താവും ... നമ്മുടെ കർത്താവ് തന്റെ പരിശുദ്ധ ശ്ലീഹന്മാർക്ക് നൽകിയിട്ടുള്ളതും, പരിശുദ്ധ ശ്ലീഹന്മാർ നമ്മുടെ പിതാക്കന്മാർക്ക് നൽകിയിട്ടുള്ളതും പരിശുദ്ധ പിതാക്കന്മാർ എന്റെ ബലഹീനതയ്ക്കു നൽകിയിട്ടുള്ളതുമായ അധികാരത്താൽ ...' ഈ പ്രാർത്ഥനയിൽ പൗരോഹിത്യത്തിന്റെ ഉറവിടം എവിടെയെന്ന് വ്യക്തമാക്കിയിരിക്കുന്നു. കർത്താവ് അപ്പോസ്തോലന്മാരെ തിരഞ്ഞെടുത്തതുപോലെതന്നെ ആചാര്യസ്ഥാനികളെയും തിരഞ്ഞെടുക്കുന്നു.

യേശുക്രിസ്തുവിനെപ്പോലെ ഈ സൃഷ്ടിക്കു വേണ്ടി മദ്ധ്യസ്ഥതയണയ്ക്കുവാൻ സഭ യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കാളിയാകുന്നു. അങ്ങനെ സഭ, പത്രോസ് ശ്ലീഹായുടെ ഭാഷ്യം അനുസരിച്ച് 'നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു (1 പത്രോ 2:9).

ഈ രാജകീയപുരോഹിതവർഗ്ഗത്തിൽനിന്നാണ് വിശേഷാൽ പൗരോഹിത്യസ്ഥാനികളെ (Specialy Ordained Ministry) തിരഞ്ഞെടുക്കുന്നത്. എബ്രായ ലേഖനകർത്താവു പറയുന്നു: 'അഹറോനെപ്പോലെ ദൈവം വിളിക്കുന്നവല്ലാതെ ആരും ആ സ്ഥാനം സ്വയം ഏറ്റെടുക്കുന്നില്ല. അവണ്ണം ക്രിസ്തുവും മഹാപുരോഹിതനാകുവാനുള്ള മഹത്ത്വം സ്വതവേ എടുത്തിട്ടില്ല'( 56:4-5). പൗരോഹിത്യപദവിക്ക് ഒരു വ്യക്തി ആഗ്രഹിച്ചു മുമ്പോട്ടു വരുമ്പോൾ, അതിനു വേണ്ട പ്രോത്സാഹനം കൊടുത്ത് പൗരോഹിത്യപദവിയിലേക്ക് പ്രവേശിപ്പിക്കുവാൻ അദ്ദേഹം ഉൾപ്പെടുന്ന ക്രിസ്തീയസമൂഹത്തിന് ചുമതലയുണ്ട്.

യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ മാത്രമല്ല, രാജത്വത്തിലും പ്രവാചകദൗത്യത്തിലും സഭ മൊത്തമായും, വിശേഷാൽ പൊരോഹിത്യസ്ഥാനികൾ, പങ്കാളികളായി ഉത്തരവാദിത്വം നിറവേറ്റുവാൻ കടപ്പെട്ടവരാണെന്ന് പൗരസ്ത്യപിതാക്കന്മാർ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഈ വിഷയം സഭ, പൗരോഹിത്യം, കൂദാശകൾ എന്നിവയെക്കുറിച്ചുള്ള പൗരസ്ത്യപിതാക്കന്മാരുടെ ഉപദേശങ്ങൾ അടങ്ങുന്ന ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇത് ആഗ്രഹിക്കുന്നവർക്ക് പഠിക്കുവാൻ സാധിക്കും.

ഈ പശ്ചാത്തലത്തിൽ ദൈവം സഭയ്ക്കു നൽകിയിരിക്കുന്ന ആചാരത്വപദവിയുടെയും ആ പദവി പരികർമ്മിക്കുന്നവരുടെയും മഹത്ത്വം എന്തെന്ന് ചില സന്ദർഭങ്ങളിൽ സഭാമക്കൾ മറന്നു പോകാറുണ്ടെന്നുള്ള സത്യം ഞാൻ മറച്ചുവയ്ക്കുന്നില്ല.

ദൈവം മലങ്കര ഓർത്തഡോക്സ് സഭയിലെ കൊച്ചി ഭദ്രാസനത്തിൽപ്പെട്ട മുളന്തുരുത്തി മാർത്തോമ്മാൻ പള്ളി ഇടവകാംഗമായ എടപ്പങ്ങാട്ടിൽ കുര്യാക്കോസ് അച്ചനെ ദൈവം വരദാനമായി ഈ സഭയ്ക്കും നൽകിയെന്ന യാഥാർത്ഥ്യം അദ്ദേഹത്തിന്റെ പൗരോഹിത്യ കനകജൂബിലി ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ ഈ സമൂഹം മറക്കരുത്. മലങ്കരസഭ കക്ഷിവഴക്കിന്റെ രൂക്ഷതയിൽ സഭയുടെയും ഭദ്രാസനത്തിന്റെയും ഇടവകയുടെയും സാക്ഷ്യപാതയിൽ അച്ചൻ നിർവ്വഹിച്ച പങ്ക് നിസ്തുലമാണ്.പ്രചോദനം കൊടുത്തില്ലെങ്കിലും പ്രതികാരമനോഭാവത്തോടുകൂടെ വർത്തിക്കാതിരിക്കുവാൻ ദൈവമക്കളായ നമുക്കു ചുമതലയുണ്ട്. മലങ്കരസഭയുടെ മുഖ്യധാരയിൽ നിന്നുകൊണ്ട് ഓർത്തഡോക്സ് വിശ്വാസം മാർത്തോമ്മാൻ പള്ളി ഇടവകയിലെ കുടുംബങ്ങളിലേക്ക് പകർന്നു കൊടുത്ത ഒരു സ്രോതസാണ് ജൂബിലേറിയൻ പിതാവ്. അദ്ദേഹത്തിന്റെ ശുശ്രൂഷാകാലത്ത് മാതൃ ഇടവകയായ മുളന്തുരുത്തിയിൽ, പ്രശ്നബാധിതമായ സമയത്ത് നിത്യതയിലായിരിക്കുന്ന നമ്മുടെ പൂർവ്വികരും അദ്ദേഹവും തെളിയിച്ച മാർഗ്ഗദീപം നമ്മുടെ തലമുറ കെടുത്തിക്കളയുന്നു. തുരുത്തിക്കര ചാപ്പലിലും, 1970-കളിൽ അദ്ദേഹം മുളന്തുരുത്തി പ്രദേശത്തും ഇട്ടതായ

ജീവകാരുണ്യവിത്ത് ഇന്ന് ഫലം കായ്ച്ചു കാണുന്നതിൽ നമ്മുടെ ദൈവത്തെ സ്തുതിക്കുവാൻ നമുക്കു ബാദ്ധ്യതയുണ്ട്.

ഈ പ്രതിസന്ധികളിൽ അച്ചന്റെ കുടുംബാംഗങ്ങൾ കൂടെനിന്ന് ശക്തി പകർന്നു കൊടുത്തതിൽ ആ കുടുംബാംഗങ്ങളോട് നമ്മുടെ ഇടവകയും ഈ പ്രദേശവും കടപ്പെട്ടിരിക്കുന്നു. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പയുടെ കുടുംബത്തിനും ദൈവം കരുണ ചെയ്തുകൊടുക്കട്ടെ.

## സഫലമീജീവിതം

**ടി.എൻ.സി. മാരാർ തൃക്കാരപുറത്ത**

മാതാപിതാക്കളുടെ ഹിതവും, ദൈവനിയോഗവുമനുസരിച്ച് പ്രവർത്തിച്ച് ജീവിതം ധന്യമാക്കിയ ഒരു മഹത് വ്യക്തി, അദ്ദേഹത്തിന്റെ പൗരോഹിത്യ ജീവിതത്തിന്റെ അമ്പതാണ്ട് പൂർത്തിയാക്കുന്നതിന്റെ, റവ:ഫാദർ കുര്യാക്കോസ് അവർകളുടെ ധന്യമുമൂഹൂർത്തം ഉചിതമായികൊണ്ടാടുന്ന ഈ വേളയിൽ അദ്ദേഹത്തിൽ ഞാൻ കണ്ട ”ദേവനെ അനുസ്മരിക്കുകയാണ് (സർവ്വചരാചരങ്ങളിലും ”ദേവൻ” ”ഈശ്വരൻ” തന്നെയാണല്ലോ കുടികൊള്ളുന്നത്.) അദ്ദേഹം ലോകസഹോദരത്തിന്റെ സന്ദേശങ്ങളും, അനുഭവങ്ങളിൽ നിന്ന് ആർജ്ജിച്ച ജ്ഞാനവും എനിക്ക് നൽകിയിട്ടുണ്ട്.

യുഗയുഗാന്തരങ്ങളായി രൂപം കൊണ്ട ആർഷ ഭാരതസംസ്ക്കാരം പഠിക്കുന്നതിനും, വിലയിരുത്തുന്നതിനുംവേണ്ട് നളന്ദ, തക്ഷശില തുടങ്ങിയ വിശ്വവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളായി വന്നവരും, ഫഹിയാൻ, ഹുയാൻസാങ്ങ് തുടങ്ങിയ സഞ്ചാരികളും (1) കച്ചവടാർത്ഥം ഇവിടെ എത്തിയ പോർച്ചുഗീസ്, ഫ്രഞ്ച്, ബ്രിട്ടീഷുകാരും ആർഷ ഭാരതത്തിന്റെ ഗരിമയും മഹിമയും കണ്ട് അമ്പരന്നു നിന്നിട്ടുണ്ട്. ബൗദ്ധികം, സാംസ്ക്കാരികം സാമ്പത്തികം എന്നീ മേഖലകളിൽ നിന്നെല്ലാം സ്വാശീകരിക്കാവുന്നതും സ്വന്തമാക്കാവുന്നതുമെല്ലാം യാഥേഷ്ടം അവർ അനുഭവിച്ചു. അവരിൽനിന്ന് 1947 ആഗസ്റ്റ് 15-ാം അർദ്ധരത്രിക്ക് ഭാരതത്തിന് മഹാത്മാഗാന്ധി സത്യാഗ്രഹസമരത്തിലൂടെ രാഷ്ട്രീയ സ്വാതന്ത്ര്യം നേടിത്തന്നു. ആ മഹാത്മാവിനെ ഒരു ഭാരതപുത്രൻ തന്നെ വെടിവെച്ചു കൊന്നു. രാമനാമം ജപിച്ചുകൊണ്ട്, അദ്ദേഹം ഇഹലോക വാസം വെടിഞ്ഞു. ലോകഹിതത്തിനായി മാത്രം പ്രവർത്തി മഹാത്മാവിന് സമകാലീന നൽകിയ വീരശൃംഗലയാണ് ഇത്. ശ്രീ മഹാഭാഗവതത്തിൽ ഭഗവാൻ ശ്രീകൃഷ്ണന്റെ വൈകുണ്ഠ പ്രാപ്തിക്ക് കാരണം ഒരു വേടന്റെ ശരമേൽക്കൻ ാണ്. യേശു ദേവനെ അതിക്രൂരമായി അന്നത്തെ ഭാരണാധികൾ കുരിശിൽ ഏറ്റി െന്ന് ബൈബിൾ വ്യക്തമാക്കുന്നു. സോക്രറ്റീസിന് വിഷം നൽകി. പ്രവാചകൻ നബിത്തിരുമേനിയേയും അന്നത്തെ ലോകം വെറുതെ വിട്ടില്ല.

സജ്ജനങ്ങളുടെ സത്പ്രവർത്തികളാണ് പ്രപഞ്ചത്തെ നിലനിറുത്തുന്നതുതന്നെ. സെമിനാരിയിൽനിന്ന് ശ്രീ കുര്യാക്കോസ് അച്ചന് ലഭിച്ച വിജ്ഞാനം അദ്ദേഹം യഥാവിധി പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. അതിന്റെ തെളിവാണ് ഈ ജൂബിലി ആഘോഷം. എല്ലാ വഴികളും ഈശ്വരനിലേയ്ക്കാണ്. എല്ലാ നാമങ്ങളും ഈശ്വരനിലേയ്ക്കാണ്. എല്ലാനാമങ്ങളും ഈശ്വരന്റേതാണ്. എല്ലാദൈവമയമാണ്.

”ഈശാവാസ്യമിദംസർവ്വം
യത്കിന്ധ ജഗത്യം ജഗത്
തേന തൃക്തേന ഭൂഞ്ജിവ:
മാഗൃധ: കസ്യസ്വിദ്ധനം”

ഈശാവാസ്യോപനിഷത്.

അർത്ഥം ചലനാത്മകമായ ഈ ജഗന്തിയുള്ളതെല്ലാം ഈശ്വരനാൽ വ്യാപ്തമായിരിക്കുന്നു. അതുകൊണ്ട് ത്യാഗത്തിലൂടെ അനുഭവിക്കുക. ആരുടേയും ധനം ആഗ്രഹിക്കരുത്.

എല്ലാ മത ഗ്രന്ഥങ്ങളും ഉദ്ഘോഷിക്കുന്നത് ഇതുതന്നെയാണ്. വിദ്യയെ ദേവതയായി അംഗീകരിക്കുവാനും വിദ്യാരംഭദിവസം “അക്ഷര“ പാതയിലേക്കുള്ള വിദ്യാരംഭം കുറിക്കുവാനും പല ക്രിസ്തീയ ദൈവാലയങ്ഹലും വേദിയായത് മതവിശ്വാസങ്ങളുടെ ഈ സമ്മേളനച്ചിന്റെ ഫലമാണ്.

പ്രപഞ്ചസാഹോദര്യം എന്ന ഭാവത്തെ ഗാഢമായി പുണർന്ന് തന്നാലാകുന്നത് പ്രദാനം ചെയ്തുകൊണ്ട് പൗരോഹിത്യജീവിതം നയിച്ച ശ്രീ.കുര്യാക്കോസ് അച്ചനിൽ നിന്ന് ഓർമ്മയിൽ സൂക്ഷിക്കുവാൻ ചെറിയ അനുഭവങ്ങൾ എനിക്കും ഉണ്ട്.

1979ൽ ശ്രീ മറ്റപ്പിള്ളിക്കാവ് ഭഗവതി ക്ഷേത്രത്തിൽ പുനരുദ്ധാരണപ്രവർത്തനങ്ങൾ ആരംഭിച്ചു. 1980ൽ പുനരുദ്ധാരണത്തിന് വേണ്ട സാമ്പത്തിക സമാഹരണത്തിന് വേണ്ടി നടത്തിയ സമ്മേളനത്തിലേക്ക് ക്ഷണിച്ചുവരുത്തിയ നാല് മഹത്‌വ്യക്തികളാണ് ജസ്റ്റിസ് ശ്രീ. ടി.ചന്ദ്രശേഖരമേനോൻ, അന്നത്തെ കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ. രാമൻകുട്ടി അച്ചൻ, പ്രത്യേക വിശേഷണങ്ങൾ ഒന്നും ആവശ്യമില്ലാത്ത ശ്രീ.എം.പി. മന്മഥൻ സാർ, അന്ന് ചോറ്റാനിക്കര എസ്.ഡി.റ്റി.റ്റി.എ. ആശുപത്രി പ്രഥമ ഡോക്ടർ ആയ ഡോ.എസ്.കൃഷ്ണയ്യർ. ഇവർക്ക് ഒരു വിശ്രമസ്ഥലം നൽകണമെന്ന അഭ്യർത്ഥനയുമായി ചെന്ന ഭാരവാഹികൾക്ക് അന്ന് എല്ലാ സഹായങ്ങളും ഇദ്ദേഹം നൽകി. ആകുലമാനസരായി ചെന്നവരെ

ആശ്വാസവചനങ്ങളാകുന്ന കുളിർജലം കൊണ്ട് അഭിഷേകം ചെയ്ത് അകത്തും പുറത്തും ഉള്ള മാലിന്യങ്ങലെ നിർമ്മാർജ്ജനം ചെയ്യുവാനുള്ള അദ്ദേഹത്തിന്റെ പാണ്ഡിത്യം സ്വാനുഭവത്തിലൂടെ ഞാൻ അറിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രാർത്ഥനാഗാനങ്ങളും, പ്രബോധനപ്രഭാഷണങ്ങളും ശ്രോതാക്കൾക്ക് മനഃശാന്തി പ്രദാനം ചെയ്തിട്ടുണ്ട്. ധർമ്മാനുസാരിയായ കർമ്മങ്ങൾ അഭംഗുരം തുടരുവാൻ ജഗദീശ്വരൻ അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു.

കഠോപനിഷത്തിലെ ശാന്തിമന്ത്രം ചൊല്ലി ഈ കുറിപ്പ് ഉപസംഹരിക്കുന്നു,

ഓം സഹനാവവന്തു, സഹനൗ ഭുനക്തു
സഹവീര്യം കരവാവഹൈ, തേജസ്വിനാവധീതമസ്തു
മാവിദ്വിഷാവഹൈ, ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

അർത്ഥം : ഞങ്ങളെ ഈശ്വരൻ ഒന്നിച്ചു രക്ഷിക്കട്ടെ! ഞങ്ങൾ രണ്ടുകൂട്ടരും ഒരുമിച്ചു പരിപാക്കപ്പെടട്ടെ! ഒന്നിച്ച് വീര്യത്തോടെ പ്രവർത്തിക്കാം. ഞങ്ങൾ പഠിച്ചു തെളിഞ്ഞുവരട്ടെ. ഞങ്ങൾ വെരുക്കാതിരിക്കട്ടെ!

## ഞങ്ങളുടെ പപ്പയുടെ മാതാപിതാക്കന്മാർ

**അജി കുര്യൻ**

എടപ്പങ്ങാട്ട് കുടുംബത്തിലെ ആദ്യത്തെ കാരണവരും, ഭാര്യയും അങ്കമാലിക്കപ്പുറം അന്നമനട എന്ന സ്ഥലത്തുള്ള എടപ്പങ്ങാട്ട ഇല്ലത്ത് നിന്നും മുളന്തുരുത്തിയിൽ താമസമാക്കിയതാണ്. എടപ്പങ്ങാട്ട് ഇല്ലം, താഴ്മൺ ഇല്ലം, കുടിയക്കോട് ഇല്ലം, ചേന്ദാസ് മന മനയത്താറ്റ് ഇല്ലം, വെളിയത്ത് ഇല്ലം മുതലായ 14 ഇല്ലങ്ങളാണ് പരശുരാമനിൽ നിന്നും നേരിട്ട് ഭൂമി വാങ്ങിച്ചതെന്ന് പരശുരാമചരിത്രത്തിൽ കാണുന്നു. ആദ്യകാരണവർ അതിപുരാതനമായ മുളന്തുരുത്തി മാർത്തോമ്മൻ പള്ളിക്ക് സമീപം മാത്യു എന്ന പേർ സ്വീകരിച്ച് താമസമാക്കി. അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന പ്രദേശത്തിന് ഇല്ലപ്പേരും, അദ്ദേഹം സ്വീകരിച്ച പുതിയ പേരിനോടൊപ്പം നമ്പൂതിരിമാരുടെ സ്ഥാനപ്പേരായ ഉണ്ണി എന്ന പേരും കൂട്ടി ചേർത്ത് മാത്തുണ്ണി എന്ന പേരിൽ അറിയപ്പെട്ടു. അദ്ദേഹത്തിന്റെ മക്കളിൽ ഏക മകളെ ഭക്തന്മാരായ കാട്ടുമങ്ങാട്ട് ബാവന്മാരുടെ കുടുംബത്തിൽ വിവാഹം ചെയ്ത് കൊടുത്തു. മാത്തുണ്ണിയുടെ കൈവശമുണ്ടായിരുന്ന എടപ്പങ്ങാട്ട് പ്രദേശം ഇപ്പോഴത്തെ ഗവൺമെന്റ് ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലം മുതൽ കിഴക്കോട്ട് സി.വി.മത്തായി കമ്പനി വരെയും തെക്കോട്ട് അമ്പേലിമല, അമ്പേലിപാടം വരെയും ഉള്ള വിസ്തൃതമായ സ്ഥലങ്ങൾ ഉൾപ്പെട്ടതായിരുന്നു. ശ്രീ മാത്തുണ്ണിയുടെ മകൻ യാക്കോബിന്റെ മകനാണ് ദാനിയേൽ. അദ്ദേഹത്തിന്റെ മകനാണ് വന്ദ്യ ദിവ്യശ്രീ യാക്കോബ് കോർ എപ്പിസ്കോപ്പ.

കാട്ടുമങ്ങാട്ട് ബാവാമാരുടെ ഒരു സഹോദരൻ വിവാഹാനന്തരം പടുതോൾ മന വക സ്ഥലത്ത് താമസം ഉറപ്പിക്കുകയും ത്ലാക്കുളത്തിൽ പടുതോട്ടത്തിൽ എന്ന വീട്ടുപേരിൽ അറിയപ്പെടുകയും ചെയ്തിരുന്നു. കുര്യാക്കോ- ഏലി ദമ്പതിമാരുടെ 6 മക്കളിൽ രണ്ടാമത്തെ മകളായി ജനിച്ച കുഞ്ഞമ്മയായിരുന്ന വെല്യമ്മച്ചി. അമ്മയുടെ അപ്പൻ കുര്യാക്കോ തികഞ്ഞ ഭക്തനും സാധുജനങ്ങൾക്ക് സഹായം ചെയ്തിരുന്ന ഒരു വ്യക്തിയുമായി അറിയപ്പെട്ടിരുന്നു. പെരുമ്പിള്ളി പള്ളി ഇരിയ്ക്കുന്ന തൂശിപറമ്പ് അദ്ദേഹം സൗജന്യമായി അന്തോക്യ സിംഹാസനത്തിലേക്ക് തീറെഴുതികൊടുത്തതാകുന്നു. അദ്ദേഹത്തിന്റെ പേരുകാരനാണ് ഞങ്ങളുടെ പപ്പ. അദ്ധ്യാത്മിക കാരുങ്ങളിൽ തീക്ഷ്ണതയുള്ള മാതാവ്. അത് മക്കളിലേക്ക് പകർന്നുകൊടുത്തതായ അമ്മ. ഞങ്ങളുടെ വല്യമ്മച്ചി ഒരു വൈദികനു ചേർന്ന ഒരു സഹധർമ്മിണി തന്നെയായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയിരുന്ന അമ്മ പള്ളിയാരാധനയിൽ സംബന്ധിക്കുന്ന കാര്യത്തിലും പ്രാർത്ഥനാകാര്യങ്ങളിലും വളരെ ചിട്ട പാലിച്ചിരുന്നു. അതുകൊണ്ട് തന്നെ ഒരു വൈദീകന്റെ സഹധർമ്മിണിയാകാനുളള നിയോഗം ഉണ്ടായി, ഒരേ സമയം വീട്ടുകാര്യങ്ങൾ ശ്രദ്ധയോടെ നിർവ്വഹിക്കാനും, മക്കളുടെയും ഭർത്താവിന്റെയും പരിചരണം സന്തോഷത്തോടെ ചെയ്യുവാനും അതിഥികളെ സത്ക്കരിക്കാനും ഒക്കെ ഉള്ള വ്യഗ്രത അമ്മയിൽ രൂഢമൂലമായിരുന്നു. ഒരു വൈദികന്റെ ആചാര്യശുശ്രൂഷകൾ നിർവ്വഹിക്കുന്നതിൽ ഒരു തുണയും സഹായവുമായി വർത്തിച്ചിരുന്നതുകൊണ്ട് അപ്പച്ചന് ഒത്തിരി ആശ്വാസമുണ്ടായിരുന്നു. വിശന്ന് വരുന്നവർ ആരെന്ന് നോക്കാതെ ഭക്ഷണം കൊടുപ്പാൻ തക്കവണ്ണം സദാസന്നദ്ധയായിരുന്ന വല്യമ്മച്ചി. അതിഥി സൽക്കാരത്തിൽ വളരെ താല്പര്യമുള്ളയാളായിരുന്നു. അക്കാലത്ത് അത് വളരെ അത്യാവശ്യവുമായിരുന്നു. ചിങ്ങം 20 പെരുന്നാളിന് കോതമംഗലത്തുനിന്നും കുറുപ്പംപടിയിൽ നിന്നും മറ്റും വരുന്ന ആളുകൾ പള്ളിയ്ക്കടുത്ത് താമസിച്ചിരുന്ന ഞങ്ങളുടെ വീട്ടിൽ പല ആവശ്യങ്ങളുമായി വന്നിരുന്നു. പുതുക്ക അച്ചനും കുടുംബവും പെരുന്നാൾ പ്രമാണിച്ച് ഒരാഴ്ചക്കാലമാണ് വീട്ടിൽ തങ്ങിയിരുന്നത്. അവരെയൊക്കെ വളരെ കരുതലോടും സ്നേഹത്തോടും സ്വീകരിക്കുകയും പരിചരിക്കുകയും ചെയ്യുന്നതിൽ അമ്മ കാണിച്ച താൽപ്പര്യം വർണ്ണനാതീതമാണ്. അമ്മ ആറാമത്തെ പ്രസവത്തോടുകൂടി (എന്റെ ഇളയ സഹോദരൻ ഡാർളി അച്ചന്റെ) രക്തപ്രവാഹം കൂടി മരണമടഞ്ഞു. അങ്ങനെ 37-ാമത്തെ വയസ്സിൽ തന്റെ പ്രിയപ്പെട്ടവരെയെല്ലാം വിട്ട്

പിരിഞ്ഞു. 1951 ഏപ്രിൽ മാസം 14-ാം തീയതി ഇഹലോകവാസം വെടിഞ്ഞു

മേൽപ്പറഞ്ഞ മാതാപിതാക്കളുടെ മക്കളായി രണ്ട് പെണ്ണും നാല് ആണുമായി ഞങ്ങൾ 6 പേർ. അവരിൽ മൂന്നാമത്തെ ആളാണ് ഞങ്ങളുെ പപ്പ കെ.ജെ.കുര്യാക്കോസ് കോർ എപ്പിസ്കോപ്പ. പപ്പയുടെ മൂത്ത സഹോദരി സാറാമ്മ ജോർജിനെ പെരുമ്പാവൂർ അയ്മുറി കീച്ചേരി ചാമക്കാട്ട് കെ.പി.ജോർജിന് വിവാഹം ചെയ്തുകൊടുത്തു. അവർ അടുത്ത കാലത്ത് നിര്യാതരായി. പപ്പയുടെ ജ്യേഷ്ഠൻ കെ.ജെ. ഏലിയാസ് കോൺട്രാക്ടറായിരുന്നു. കൂത്താട്ടുകുളം നരിക്കുഴ മാളികയിൽ അന്നമ്മയാണ് സഹധർമ്മിണി. അവർക്ക് അഞ്ചു മക്കൾ. 69-ാം വയസ്സിൽ നിര്യാതനായി. പപ്പയുടെ ഇളയ സഹോദരൻ കെ.ജെ.ഡേവിസ് (ബേബിച്ചൻ) പട്ടാളത്തിൽനിന്ന് റിട്ടയർ ചെയ്ത ശേഷം സെക്യൂരിറ്റികളെ നൽകുന്ന കമ്പനി നടത്തുന്നു. ചോറ്റാനിക്കര മുടക്കര പരേതനായ പാപ്പച്ചന്റെ മകൾ ശോശാമ്മയാണ് ഭാര്യ. ഏകമകനാണ് ലാൻവി. ഇളയ സഹോദരി തങ്കച്ചിയെ കോട്ടയം താഴത്തങ്ങാടി കൊച്ചേട്ട് കുഞ്ഞുമോൻ വിവാഹം ചെയ്തു. നാലു മക്കളുണ്ട്. പപ്പയുടെ ഏറ്റവും ഇളയ സഹോദരനാണ് റവ.ഫാ. കെ.ജെ.ഡാർലി. മുളക്കുളത്ത് ചെമ്മനംവീട്ടിൽ സാറാക്കുട്ടിയാണ് ഭാര്യ. രണ്ടു മക്കളുണ്ട്.

## ‘നീലക്കുറിഞ്ഞികൾ പൂത്ത’കാലസ്മരണ

**സോജൻ ജോസഫ് പടുതോട്ടത്തിൽ**

(ജൂബിലേറിയൻ പിതാവിന്റെ മാതൃകുടുംബാംഗമാണ് ലേഖകൻ. എഡിറ്റർ)

പൗരോഹിത്യത്തിന്റെ കനകജൂബിലി നിറവിൽ എത്തിച്ചേർന്ന ബഹുമാന്യനായ കുര്യാക്കോസ് കോർ എപ്പിസ്കോപ്പയ്ക്ക് മാതൃകുടുംബത്തിന്റെ അഭിവാദനങ്ങളും ആശംസകളും അർപ്പിക്കുന്നു.

2012 ജൂൺ മാസം 30-ന് തലക്കോട് മാർ ഗ്രീഗോറിയോസ് ചാപ്പലിൽ നടന്ന അദ്ദേഹത്തിന്റെ 50-ാമത് പൗരോഹിത്യത്തിന്റെ 50-ാം വാർഷിക സ്തോത്രബലിയിലും അതിനെ തുടർന്ന് നടന്ന പൊതുസമ്മേളനത്തിലും മറ്റ് ചടങ്ങുകളിലും പങ്കെടുത്തപ്പോൾ അത് എന്റെ മനസ്സിൽ ‘നീലക്കുറിഞ്ഞികൾ പൂത്ത’ കാലങ്ങളുടെ സ്മരണയായി മാറി. എന്തെന്നാൽ ഒരു പുരോഹിതൻ 50 വർഷം സജീവമായ ദൈവാരാധനയുടെ നിറവിൽ എത്തുകയെന്നത് വളരെയധികം ദൈവാനുഗ്രഹം അദ്ദേഹത്തിൽ സർവ്വേശ്വരൻ ചൊരിഞ്ഞതുകൊണ്ടുമാത്രമാണ്, രണ്ട് ഹാർട്ട് അറ്റാക്കുകളെ അതിജീവിച്ചുകൊണ്ട് ബഹു. അച്ചൻ ഇപ്പോഴും സ്വർഗ്ഗധാര സംഗീതമായി വിശുദ്ധബലി നമുക്കു വേണ്ടി അർപ്പിച്ചുകൊണ്ടിരിക്കുന്നത്.

**ബാല്യകാലസ്മരണ**

ബഹു. കുര്യാക്കോസ് അച്ചൻ അദ്ധ്യാപകനും കൂടിയായതുകൊണ്ടാണോ എന്നറിയില്ല കുഞ്ഞുങ്ങളെ അദ്ദേഹത്തിന് എല്ലായ്പ്പോഴും താല്പര്യമായിരുന്നു. എനിക്ക് 3-4 വയസ്സുള്ളപ്പോൾ ഒരുദിവസം അദ്ദേഹം ഞങ്ങളുടെ വീട്ടിൽ വരുകയും അദ്ദേഹത്തിന്റെ കൂടെ 2 കിലോമീറ്റർ അകലെയുള്ള പിതൃസഹോദരന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോവുകയും, ആ നടത്തത്തിനിടയിൽ അച്ചന്റെ പള്ളി എവിടെയാണെന്ന് ചോദിച്ചപ്പോൾ അത് തുരുത്തിക്കര എന്ന സ്ഥലത്താണ് എന്നറിയിക്കുകയും ചെയ്തു. അച്ചനോട് ഞാൻ ആ പള്ളിയിൽ ചെല്ലാം എന്ന് എന്റെ ബാലകൗതുകത്തിൽ പറയുകയും അച്ചൻ സമ്മതിക്കുകയും ചെയ്തു. പിന്നീട് ഭാഗ്യവശാൽ ആ ആഴ്ച ഞാൻ പിതൃസഹോദരന്റെ വീട്ടിൽ വിരുന്നുപോവുകയും, അവിടത്തെ അമ്മച്ചി ഞായറാഴ്ച കുർബ്ബാനയിൽ പങ്കെടുക്കാൻ എന്നെ കൊണ്ടുപോയപ്പോൾ കുർബ്ബാനന്തരം എന്നെ കണ്ട് പറഞ്ഞകാര്യം 45 വർഷത്തിന് ഇപ്പുറവും ഞാൻ ഓർത്തിരിക്കുന്നു. ‘വാക്കു പാലിക്കുന്ന ആളാണല്ലോ’ എന്ന്. പഴയ നടത്തത്തിനിടയിലുള്ള കാര്യം സ്മരിച്ച് അദ്ദേഹം പറഞ്ഞത് അന്ന് അധികമായി മനസ്സിലായില്ലെങ്കിലും പിന്നീട് മുതിർന്നപ്പോൾ ‘വാക്കുപാലിക്കുക’ എന്നത് വളരെ ഗൗരവപൂർണ്ണമായ സംഗതിയാണെന്ന് മനസ്സിലാക്കുകയും എന്റെ ചെറിയ ജീവിതത്തിൽ വാക്കു പാലിക്കാൻ ശ്രദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

പിന്നീട് യൗവനത്തിൽ എല്ലാവരേയും പോലെ പള്ളിയിൽ പോക്കിന് കുറവുണ്ടാവുമ്പോൾ ഫോൺ വിളിച്ച് ഇന്ന് കണ്ടില്ലല്ലോ എന്ന് പറയുമ്പോൾ തുരുത്തിക്കര പള്ളിയിൽ പോയില്ല, മുളന്തുരുത്തി കാതോലിക്കേറ്റ് സെന്ററിൽ ആയിരുന്നു എന്ന് കള്ളം പറയേണ്ടി വന്നപ്പോൾ ആരായിരുന്നു കുർബ്ബാന അർപ്പിച്ചത് എന്ന മറുചോദ്യത്തിന് കള്ളം പറഞ്ഞ് അപഹാസ്യനായി തീരുന്നതിലും നല്ലത് പള്ളിയിൽ കുർബ്ബാനയിൽ പങ്കെടുക്കുന്നതാണ് എന്ന് മനസ്സിലാക്കി അതൊരു ശീലമാക്കി. സദൃശ്യവാക്യങ്ങൾ 22:6 അച്ചന് എന്നോടുള്ള സ്നേഹവാത്സല്യങ്ങളുടെ പ്രതീകമായി കാണുന്നു.

**അച്ചനിൽ ഞങ്ങൾ കാണുന്നത്**

സമയനിഷ്ഠയുടെ കാര്യത്തിലും ദൈവാരാധനയുടെ കാര്യത്തിലും അച്ചൻ പുലർത്തുന്ന നിഷ്കർഷ ഞങ്ങൾ കുടുംബാംഗങ്ങളെ വളരെ സ്വാധീനിച്ചിട്ടുണ്ട്. അച്ചന്റെ ക്ഷിപ്രകോപമാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ ന്യൂനത. എന്നാൽ ആ ക്ഷിപ്രകോപത്തിന്റെ മുതലെടുപ്പ് ആയിരുന്നു മുളന്തുരുത്തി ഭാഗത്ത് ഓർത്തഡോക്സ് വിശ്വാസികൾക്ക് നട്ടെല്ലുനിവർത്തി നിൽക്കുവാൻ സാഹചര്യമൊരുക്കിയത്. ഏത് പ്രതിസന്ധികളെയും നേരിടുമ്പോൾതന്നെ അച്ചന് എതിരായ ആശയഗതി ഉള്ളവർക്കുപോലും അച്ചൻ ആരാധ്യനും ബഹുമാന്യനും ആയി തീർന്നിട്ടുണ്ട്. വിരുദ്ധ ആശയഗതിയുള്ള വീട്ടിലുണ്ടാകുന്ന മരണം, കല്യാണം തു

ടങ്ങിയ ചടങ്ങുകളിൽ അച്ചൻ പ്രത്യേകം ക്ഷണിതാവാകുന്നതും, സ്വീകർത്താവാകുന്നതും അച്ചന് ആ നാട് നൽകുന്ന സ്നേഹബഹുമാനങ്ങൾക്ക് തെളിവാണ്. പിന്നീട് അച്ചന് മുളന്തുരുത്തിയിലെ ചില ഓർത്ത ഡോക്സ് വിശ്വാസികളിൽ നിന്നും ഏൽക്കേണ്ടിവന്ന മുറിവുകൾ സഭാപ്രസംഗിയിലെ (3:7,8) തിരുവെ ഴുത്ത് നിവൃത്തിയായതുപോലെയാണ്.

**അച്ചന്റെ കുടുംബജീവിതം**

അച്ചന്റെ കുടുംബത്തെപ്പറ്റിയാണ്. സദൃശ്യവാക്യങ്ങൾ 31:8 “ഉത്തമയായ ഭാര്യയെ കണ്ടെത്തുവാൻ ആർക്കു കഴിയും അവളുടെ വില മുത്തുകളെക്കാളും ഏറും”, അച്ചന്റെ ബസ്ക്യാമയെ കുറിച്ചോർക്കു മ്പോൾ ഈ വാക്യമാണ് ഉചിതമാകുന്നത്. അച്ചന്റെ ആരോഗ്യപരിപാലനത്തിലും വൈദികശുശ്രൂഷയിലും അമ്മായി കാണിക്കുന്ന ശ്രദ്ധയും കരുതലും മാതൃകാപരമാണ്. കൂടാതെ മക്കളുടെ വിദ്യാഭ്യാസകാര്യ ത്തിൽ അമ്മായി വളരെയധികം ശ്രദ്ധ വയ്ക്കും. അതുകൊണ്ടാണല്ലോ സിജിയും അജിയും വളരെ ഉന്നതനില യിൽ എഞ്ചിനീയറിംഗ് പാസ്സായ ശേഷവും സിജി വീണ്ടും പഠിച്ച് ഡോക്ടറേറ്റ് കരസ്ഥമാക്കുകയും ചെയ്ത ത്.

**അച്ചന് ലഭിച്ച ഒരു പ്രചോദനം**

വൈദികപാരമ്പര്യമുള്ള ഒരു കുടുംബത്തിൽ അംഗമാകാൻ കഴിഞ്ഞതിലും, മുളന്തുരുത്തി മാർത്തോ മൻ പള്ളി പ്രസിദ്ധീകരിച്ച ചരിത്രപുസ്തകത്തിൽ വൈദികരുടെ കുടുംബങ്ങളെക്കുറിച്ചുള്ള ഭാഗത്ത് പടു തോട്ടത്തിൽ ഇപ്പോൾ വൈദികസ്ഥാനികൾ ഇല്ല എന്നുള്ള ഭാഗം, ഹൃദയവേദനയോടെ യാഥാർത്ഥ്യം ഉൾക്കൊണ്ട് അംഗീകരിക്കുമ്പോഴും ഇങ്ങനെ ഒരു വൈദികസഹോദരൻ ഉണ്ടായതിൽ വളരെ സന്തോ ഷിക്കുകയും, അച്ചന് സഭാപരമായ വേർതിരിയലിന്റെ മാനസിക സംഘർഷങ്ങൾ ഉള്ളകാലത്ത് മാതൃകു ടുംബം അച്ചനെ പിന്തുണച്ച് ശക്തിയായി നിലകൊണ്ടതും. എന്റെ പിതൃസഹോദരൻ പടുതോട്ടത്തിൽ വർഗീസ് (കുഞ്ഞ്) ഒരു സ്വകാര്യസംഭഷണത്തിൽ സഭയുടെ വേർതിരിവിനെക്കുറിച്ച് സംസാരിച്ചപ്പോൾ “സ്വന്തം കുടുംബാംഗങ്ങളെ മറന്നുള്ള ഒരു സഭാപ്രവർത്തനവും വേണ്ടായെന്ന് അസന്നിഗ്ദ്ധമായി പറ ഞ്ഞു. ആ തീരുമാനവും പ്രഖ്യാപനവും അച്ചന് വളരെയധികം പ്രചോദനവും ആശ്വാസകരമായിരുന്നു വെന്ന് എനിക്ക് അച്ചന്റെ വാക്കുകളിൽ നിന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നതിന് മുമ്പ് അച്ചന്റെ ദൈവികമായ ആരാധനയുടെ കനകജൂ ബിലി നിറവിൽ എത്തിയതറിഞ്ഞ് ഇന്നത്തെ സാഹചര്യത്തിൽ ആദ്ദേഹത്തെ ആദരിക്കുവാൻ മുമ്പു നടന്ന ചടങ്ങുകൾ ഒരുക്കുകയും അതൊരു സ്മരണയായി നിലനിർത്തുവാൻ ആഗ്രഹിച്ച് ഒരു പുസ്തകപ്രസാ ധനം വേണമെന്ന് നിഷ്കർഷിക്കുകയും അതിനായി വളരെയധികം പ്രയത്നിക്കുകയും ചെയ്ത ഡോ. റവ. ടി.പി. ഏലിയാസ് അച്ചനോട് ഞങ്ങളുടെ കുടുംബത്തിന്റെ നന്ദി അറിയിക്കുകയും ചെയ്യുന്നു.

## ഞങ്ങൾ അപ്പച്ചന്റെ മനസ്സ് തൊട്ടറിഞ്ഞ മക്കൾ

**പ്രഫ. ഡോ. വി.ഐ. ജോർജ്ജ്, രജിസ്ട്രാർ, മണിപ്പാൽ യൂണിവേഴ്സിറ്റി**

(കെ.ജെ.കുര്യാക്കോസ് കോർ എപ്പിസ്കോപ്പായുടെ കുടുംബത്തിന് ദൈവം നൽകിയ രണ്ടു മക്കൾ സിജിയും, അജിയും. സിജിയുടെ ജീവിതപങ്കാളി ഡോ. വി.ഐ. ജോർജ്ജ് പിതാവിനെക്കുറിച്ച് ഓർക്കുന്നു. എഡിറ്റർ)

ദൈവകൃപയാൽ കഴിഞ്ഞ കാൽ നൂറ്റാണ്ടിൽ ഏറെക്കാലം ബഹു. അച്ചനോടൊപ്പം വളരെ അടുത്തു ജീവിക്കുവാൻ സാധിച്ചു. അച്ചന്റെ മനസ്സ് അടുത്തറിഞ്ഞ വ്യക്തിയെന്ന നിലയിലും, മകളുടെ ഭർത്താവ് എന്ന നിലയിലും ആ ജീവിതത്തിന്റെ പ്രവർത്തനശൈലികൾ നേരിൽ കണ്ടു മനസ്സിലാക്കുവാൻ സാധിച്ച തിന്റെയും ചില അനുഭവങ്ങളുടെയും വെളിച്ചത്തിലാണ് ഈ ലേഖനം എഴുതുന്നത്.

പരിശുദ്ധ പരുമലതിരുമേനിയുടെ മാതൃഇടവകയായ മുളന്തുരുത്തി പള്ളിയിൽ പരി. തിരുമേനി നിർവ്വ ഹിച്ച പൗരോഹിത്യശുശ്രൂഷയുടെ പിന്തുടർച്ചക്കാരനാകുവാൻ പിതാവായ വന്ദ്യ യാക്കോബ് കോർഎപ്പി സ്കോപ്പായ്ക്കും, അദ്ദേഹത്തിന്റെ മകനും ഞങ്ങളുടെ പിതാവുമായ കെ.ജെ. കുര്യാക്കോസ് കോർഎപ്പി സ്കോപ്പായ്ക്കും ഭാഗ്യം സിദ്ധിച്ചത് ഒരു ദൈവനിയോഗമായിരുന്നു.

1962 ജൂൺ 30-ന് പട്ടമേറ്റ മലങ്കരസഭയിലെ സീനിയർ വൈദികനാണ് ബഹു. അച്ചൻ. അറിവും അനുഭ വവും ദർശനവും ദയാവായ്പും കർമ്മശേഷിയും കാര്യവിചാരകത്വവും സമജ്ജസമായി സമ്മേളിച്ചിരുന്ന കുര്യാക്കോസ് കോർഎപ്പിസ്കോപ്പാ തലമുറകൾക്ക് പ്രചോദനമായിരുന്നു. അജഗണങ്ങളുടെ ഹൃദയ ത്തിൽ എക്കാലവും നിലകൊള്ളും എന്നതിൽ യാതൊരു സംശയവുമില്ല. സേവനത്തിന്റെ പ്രതിഫലം സേവനം തന്നെയെന്ന ഗാന്ധിയൻ ദർശനത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന വ്യക്തി യാണ് ബഹു. അച്ചൻ. മുളന്തുരുത്തി ഇടവകയ്ക്കു മാത്രമല്ല ഒരു നാടിന്റെ മുഴുവൻ ഉന്നതിയുടെ ഉണർത്തു പാട്ടായിരുന്നു അച്ചന്റെ സാരഥ്യം. ഒരു പൈതലിന്റെ നിഷ്കളങ്കത്വവും യോദ്ധാവിന്റെ നിർദയത്വവും, ഭര ണാധികാരിയുടെ ക്രാന്തദർശിത്വവും, ശ്രേഷ്ഠഗുരുവിന്റെ സർഗ്ഗവൈഭവവും, നിയമജ്ഞന്റെ കാര്യശേ ഷിയും, പുരോഹിതന്റെ കാർക്കശ്യവും, കുടുംബനാഥന്റെ ചുമതലാബോധവും ഈ വ്യക്തിത്വത്തിൽ

സമുചിതമായി സമ്മേളിച്ചിരുന്നു.

മലങ്കരസഭ കക്ഷിവഴക്ക് കൊടുമ്പിരികൊണ്ടിരുന്ന 1970-കളുടെ മദ്ധ്യത്തിൽ മുളന്തുരുത്തി ഇടവകയെ നയിക്കുവാൻ സഭ തിരഞ്ഞെടുത്ത വൈദികനായിരുന്നു. സഭാവഴക്ക് രൂക്ഷമായ സമയത്ത് മുളന്തുരുത്തി പള്ളി പൂട്ടി. ആ സമയത്ത് ഓർത്തഡോക്സ് വിഭാഗത്തിനു വേണ്ടി കാതോലിക്കേറ്റ് സെന്റർ നിർമ്മിച്ചു കൊണ്ട് ഇടവകയുടെ എല്ലാ കൗദാശികാനുഷ്ടാനങ്ങളും അവിടെ നിർവ്വഹിക്കുവാൻ അച്ചൻ കാണിച്ച ഇച്ഛാശക്തി ശ്രദ്ധേയമായിരുന്നു. ഏകദേശം 25 വർഷത്തോളം മുളന്തുരുത്തി പള്ളിവികാരിയായിരുന്നു. സ്വന്തം ജീവിതം സഭയുടെ ചരിത്രമായി മാറത്തക്കവണ്ണം പ്രവർത്തിച്ചു.

ഓരോ അഞ്ചാമത്തെ ഞായറാഴ്ചയും ഓർത്തഡോക്സുകാർക്ക് മുളന്തുരുത്തി പള്ളിയിൽ കയറുവാനും കുർബ്ബാനയിൽ പങ്കുകൊള്ളുവാനും സാധിച്ചത് ബഹു. അച്ചന്റെ നേതൃനേട്ടം തന്നെയാണ്. പലദിവസങ്ങിലും സഭാകേസുകൾക്കായി പോകുന്നത് കാണാമായിരുന്നു. എന്നാലും മറുഭാഗക്കാർക്ക് അച്ചനോട് എപ്പോഴും ഒരു ബഹുമാനം ഉണ്ടായിരുന്നു. അഞ്ചാമത്തെ ഞായറാഴ്ച ഓർത്തഡോക്സ് കുർബ്ബാന അർപ്പിക്കുമ്പോൾ കക്ഷിഭേദമെന്യേ മറുഭാഗത്തുള്ളവരും മുളന്തുരുത്തിപ്പള്ളിയിൽ വരുന്നത് ഇതിന് ഒരു ഉദാഹരണമാണ്. ഇടവകഭരണം ഭംഗിയായി നടക്കണമെന്നല്ലാതെ അത് തന്റെ അധികാരം പ്രകടിപ്പിക്കുന്ന രംഗമായി അച്ചൻ ഒരിക്കലും പരിഗണിച്ചിരുന്നില്ല. ഉത്തമ മനുഷ്യബന്ധങ്ങൾ പുലർത്തുന്നതിൽ മഹത്തായ മാതൃക കാണിച്ചു. എതിർചേരിയിലെ വൈദികരോട് ഒരു നറുപുഞ്ചിരിയോടെ ഊഷ്മളബന്ധം പുലർത്തുവാൻ അച്ചന് സാധിച്ചു.

ബഹു. അച്ചൻ നേതൃത്വം നൽകി പരുമല തിരുമേനിയുടെ നാമധേയത്തിൽ പണിത തുരുത്തിക്കര ചാപ്പൽ, കുരിശിൻതൊട്ടി എന്നിവിടങ്ങളിലെ ആരാധനാസംവിധാനം വിശ്വാസികൾക്ക് എന്നും ആശ്വാസം പകരുന്നവയാണ്. ആ പള്ളിയിലെ ഒക്ടോബർ 31-ാം തീയതിയിലെ പരുമല തിരുമേനിയുടെ പെരുന്നാൾ ആരംഭിച്ചത് ബഹു. അച്ചനാണ്. 1987 മുതൽ 25 വർഷമായിട്ട് ഞങ്ങൾ കുടുംബമായിട്ടു വന്ന് പെരുന്നാളിൽ പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിക്കുന്നു. 25-ൽ അധികം വർഷം മുളന്തുരുത്തിയിൽ നിന്ന് പരുമല തീർത്ഥാടകരോടൊപ്പം കാൽനടയായി പരുമലയ്ക്ക് പോയിട്ടുണ്ട്.

മുളന്തുരുത്തി പ്രദേശത്ത് രണ്ട് പള്ളികൾ സ്ഥാപിക്കുകയും ഓർത്തഡോക്സ് വിശ്വാസത്തിന് അടിത്തറ ഇടുകയും ചെയ്ത അച്ചൻ, കസേരയിൽ പിടിച്ചുതൂങ്ങാതെ സഭയ്ക്ക് തന്റെ ദൗത്യം ഉപയോഗിക്കുവാൻ കഴിയുന്ന പുതിയ മേച്ചിൽപുറങ്ങൾ കണ്ടുപിടിച്ചു. തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോമിന്റെ ചാപ്ലയിനും തലക്കോട് മാർ ഗ്രീഗോറിയോസ് ചാപ്പലിന്റെ വികാരിയുമായി അച്ചൻ സേവനം അനുഷ്ഠിക്കുമ്പോൾ മക്കളായ ഞങ്ങൾ അഭിമാനം കൊള്ളുന്നു.

സാമൂഹ്യ പരിഷ്കർത്താവ്, അനുഗ്രഹീതപ്രഭാഷകൻ, അജപാലകൻ എന്നീ നിലകളിൽ തിളക്കമാർന്ന വ്യക്തിത്വം. പ്രതിപക്ഷ ബഹുമാനത്തോടെ മറ്റുള്ളവരുടെ നന്മയിലും, മുഖം നോക്കാതെ പറയുവാനും അവതരിപ്പിക്കുവാനും ബഹുമാനപ്പെട്ട അച്ചന് കഴിഞ്ഞിട്ടുണ്ട്. ഏതു കാര്യവും തുറന്നു ചോദിക്കുവാനും തുറന്നുപറയുവാനും അദ്ദേഹം സന്നദ്ധനായിരുന്നു. പ്രശംസയോ വ്യഥാവാക്കോ പറയുന്ന ആളല്ലായിരുന്നു ഞങ്ങളുടെ അപ്പച്ചൻ. പറയുന്ന കാര്യങ്ങൾ പ്രവർത്തിക്കുക നിർബന്ധമായിരുന്നു. സത്യസന്ധതയും, ആത്മാർത്ഥതയും ഓരോ വാക്കിലും പ്രവൃത്തിയിലും തെളിഞ്ഞുനിന്നു. നന്മയിലൂടെ ഒരു സമൂഹം കെട്ടിപ്പടുക്കേണ്ടത് എങ്ങനെയെന്ന് പ്രവൃത്തിയിലൂടെ അദ്ദേഹം കാണിച്ചുതന്നു.

അദ്ദേഹത്തന്റേത് സ്തുതി ചൊവ്വാക്കപ്പെട്ട സത്യവിശ്വാസ സഭയുടെ ഊർജ്ജസ്വലമായ നേതൃത്വമായിരുന്നു വടക്കൻ പ്രദേശത്ത്. സത്യവിശ്വാസം (ഓർത്തഡോക്സ്) പഠിപ്പിച്ച വിശ്വാസവീരൻ എന്നോ, ഓർത്തഡോക്സ് വിശ്വാസപാലകനെന്നോ ബഹു. അച്ചനെ വിളിക്കുന്നതിൽ യാതൊരു അതിശയോക്തിയുമില്ല. ചെന്നായ്ക്കളിൽ നിന്ന് ആട്ടിൻകൂട്ടത്തിന് കാവൽ ചെയ്യുവാൻ ദൈവത്താൽ നിയോഗിക്കപ്പെട്ട നല്ല വൈദികനാണ്. വിദേശത്തായാലും ഇന്ത്യയിലായാലും വലിയ ഒരു സുഹൃത്ബന്ധം അച്ചനുണ്ടായിരുന്നു. ഇന്ത്യയിലും വിദേശത്തുമായി നൂറിൽപ്പരം ക്ഷണിക്കപ്പെട്ട യോഗങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.

മദ്യം, മയക്കുമരുന്ന് എന്നിവ മൂലമുണ്ടാകുന്ന സാമൂഹ്യവിപത്തുകൾക്കെതിരെ പലപ്പോഴും ശബ്ദമുയർത്തുകയും ലേഖനങ്ങൾ എഴുതുകയും ചെയ്തിട്ടുണ്ട്. കൈരളി ടിവിയിലെ ക്രിസ്തുമസ് സന്ദേശം, മദ്രാസ് പള്ളിക്കാർ ഉണ്ടാക്കിയ കുർബ്ബാനയുടെ ഓഡിയോ കാസെറ്റ് മുതലായവയിൽ പങ്കെടുത്തു. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥപ്രാർത്ഥനയ്ക്ക് ഒരു പുതിയ കാഴ്ചപ്പാട് നൽകുവാൻ അച്ചന് സാധിച്ചു. ഇന്ന് മലങ്കരസഭയുടെ മിക്ക പള്ളികളിലും ആ പ്രാർത്ഥന നടപ്പായിട്ടുണ്ട് എന്നതം ശ്രദ്ധേയമാണ്.

സഭാസമാധാനചർച്ചകൾക്കായി ഭദ്രാസന അടിസ്ഥാനത്തിലും സഭാതലത്തിലും അന്ന് മുഖ്യമന്ത്രിയായിരുന്ന എ.കെ. ആന്റണി വിളിച്ചുകൂട്ടിയ ഉന്നതതല യോഗത്തിൽ അച്ചൻ ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ചിട്ടുണ്ട്. സഭയിൽ സമാധാനം ഉണ്ടാകണം, സഭ ഒന്നായിത്തീരണം എന്ന് ആഗ്രഹിക്കുന്ന വ്യക്തിയായിരുന്നു. ഉത്തമനേതൃത്വത്തിന് ഒരു മാതൃകയായിരുന്നു. അനേകം പ്രസംഗങ്ങൾ വഴി സന്മാർഗ്ഗത്തിന്റെയും നന്മയുടെയും അനുരഞ്ജനത്തിന്റെയും സ്നേഹത്തിന്റെയും സഹവർത്തിത്വത്തിന്റെയും സന്ദേശം പകർന്നുകൊടുത്തു.

**അച്ചനെ ആദ്യമായി കാണുന്നത്**

ആദ്യമായി കണ്ടത് (1987) വെട്ടിയൊതുക്കി നരകയറിത്തുടങ്ങിയ താടിമീശ, മുഖമത്രയും കുലീനത സ്ഫുരിക്കുന്ന നടത്തം, അരോഗദൃഢഗാത്രം എന്നിവയുള്ള ഒരു അച്ചനെയാണ്. ഏറ്റവും ഭംഗിയായ വസ്ത്രധാരണം, വെടിപ്പുള്ള കുപ്പായം, മേത്തരമായ കാപ്പ ഇതെല്ലാം അദ്ദേഹത്തിന്റെ ജീവിതശൈലിയായിരുന്നു. ഒരിക്കൽ ഒരു ഹൈന്ദവൻ ബഹു. അച്ചനോട് പറഞ്ഞു. "അച്ചനെ കാണുന്നത് എപ്പോഴും ശുഭ്ര വസ്ത്രധാരിയായിട്ടാണ്." അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ എപ്പോഴും ഒരു സൗമ്യത കാണാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ദീപ്തമായ ചിരിയും സ്നേഹസ്പർശമുള്ള അന്വേഷണങ്ങളും ഞങ്ങളുടെ കുടുംബത്തോടെന്നപോലെ സഭാമക്കളോടും ഉണ്ടായിരുന്നു.

ജീവിതത്തിൽ ഉയർന്ന ആളുകളോട് ഇടപെടുമ്പോൾ ഒരു ഉന്നതമനോഭാവത്തോടെ പെരുമാറുന്നതും, സാധാരണക്കാരോട് ഇടപെടുമ്പോൾ ഒരു സാധാരണക്കാരനായി മാറുന്നതും കാണാമായിരുന്നു. ഉയർന്നവരോടുള്ള തന്റെ വിനയം കർത്തവ്യമായും, സമന്മാരോടുള്ള തന്റെ വിനയം മര്യാദയായും താഴെയുള്ളവരോടുള്ള വിനയം കുലീനതയായും ബഹു. അച്ചൻ കരുതിയിരുന്നു.

ആശയത്തിലും. സംഭാഷണശൈലിയിലും വ്യക്തത, പെരുമാറ്റത്തിൽ ആഢ്യത്വം, കാഴ്ചയിൽ സുമുഖതയും വെടിപ്പും, ശിക്ഷണബോധത്തോടെ കാര്യങ്ങൾ നടത്തുവാനും നടത്തിക്കുവാനുമുള്ള കെൽപ്പും ദീർഘവീക്ഷണത്തോടും വ്യക്തമായ ദർശനത്തോടും സംഘടനാ പാടവത്തോടും മുന്നേറുവാൻ കഴിവുള്ള നേതൃശൈലിയും ശ്രുതിമധുരമായ ആരാധനയും ഇങ്ങനെ ബഹു. അച്ചനെക്കുറിച്ച് എനിക്ക് പറയുവാൻ ധാരാളമുണ്ട്.

പച്ചയായ ജീവിതത്തിന്റെ നോവും, നൊമ്പരങ്ങളുംകൊണ്ട് ഹൃദയത്തെ വിമലീകരിച്ച ആചാര്യൻ. സ്നേഹവും, ശാസനയും, നർമ്മവും, ചിരിയും, പിണക്കവും എല്ലാം കൂടിക്കലർന്ന പച്ചയായ സാധാരണക്കാരന്റെ പ്രതിനിധിയായിരുന്നു. വ്യക്തിബന്ധങ്ങൾ നിലനിർത്താനുള്ള അച്ചന്റെ കഴിവും തീരുമാനങ്ങൾ എടുക്കുവാനുള്ള വേഗതയും, അചഞ്ചലമായ നിശ്ചയദാർഢ്യവും, പ്രതിസന്ധികളിൽ പതറാത്ത വ്യക്തിത്വവും, സഭയെ സ്നേഹിക്കുവാനുള്ള ആർജ്ജവും എല്ലായിപ്പോഴും ഉണ്ടായിരുന്നു.

പുതിയ കാഴ്ചപ്പാടുകളോടെ, നല്ല ദീർഘവീക്ഷണത്തോടുകൂടി മുളന്തുരുത്തി ഇടവകയെ അഭംഗുരം നയിച്ച ധീരമായ വ്യക്തിത്വത്തിന്റെ ഉടമയാണ് നമ്മുടെ അച്ചൻ. മുളന്തുരുത്തിയിൽ ഇതുവരെ നിലനിർത്തിയ സാമൂഹ്യപ്രതിബദ്ധതയ്ക്ക് പുതിയ മാനം കണ്ടെത്തി തേർ തെളിച്ച് മാർഗ്ഗം കാട്ടുവാൻ കരുത്തുള്ള ഹൃദയവും മടുത്തുപോകാത്ത വിശ്വാസവും അനുഭവസമ്പത്തും ബഹുമാനപ്പെട്ട അച്ചനുണ്ട്.

ഒരുകാലത്ത് കൊച്ചി ഭദ്രാസനത്തിന്റെ എല്ലാമെല്ലാമായിരുന്നു അച്ചൻ. വളർച്ചയുടെ നെടുംതൂണും അടിതെറ്റാതെയുള്ള നിലനില്പും സഭയെ സത്യവിശ്വാസം പഠിപ്പിച്ച് കാത്തുസംരക്ഷിച്ച് വിശ്വാസിഹൃദയങ്ങളെ അടുത്തറിഞ്ഞു ജീവിക്കുന്ന ഒരു ദേഹമാണ് നമ്മുടെ കോർഎപ്പിസ്കോപ്പാ അച്ചൻ. പ്രാർത്ഥന നോമ്പ് ഉപവാസങ്ങൾ കൊണ്ട് ശരീരത്തെയും മനസ്സിനെയും നിയന്ത്രിക്കുവാൻ സാധിക്കുമെന്ന് കാണിച്ചുതന്ന പിതാവ് ഞങ്ങൾ പഠിച്ച പാഠപുസ്തകമായിരുന്നു. പരുമലത്തിരുമേനിയുടെ സൂക്തങ്ങളിൽ പറയുന്നതുപോലെ "പള്ളിക്ക് കൊടുപ്പാനുള്ളത് വേഗത്തിൽ കൊടുത്തുതീർക്കണം ആ കാര്യത്തിൽ നിങ്ങൾക്ക് ശുദ്ധമനസ്സുണ്ടായിരിക്കുമെങ്കിൽ മാത്രമേ നിങ്ങളുടെ ഭവനകാര്യവും ശുഭമായിത്തീരൂ." ഹൃദയം നിറഞ്ഞ ഭക്തിയോടുകൂടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും അത് ഒരു അനുഗ്രഹരൂപമായി നമുക്ക് തിരികെ ലഭിക്കുകയും ചെയ്യും എന്ന് പിഠിപ്പിച്ച ആചാര്യൻ.

ഒരേസമയം അദ്ദേഹം എല്ലാവർക്കും സുഹൃത്തും സഹോദരനുമായിരുന്നു. ഒരേസമയം നല്ല അദ്ധ്യാപകനും, ആചാര്യനുമായിരുന്നു. കക്ഷിവഴക്കുകളിൽ പതറാതെ ഓർത്തഡോക്സ് സഭയ്ക്ക് ധീരമായ നേതൃത്വം നൽകി. സഹോദരന്മാരെല്ലാം മറുഭാഗം ചേർന്നപ്പോഴും അച്ചൻമാത്രം ഓർത്തഡോക്സ് വിശ്വാസത്തിൽ ഉറച്ചുനിന്നു.

പണ്ടൊരിക്കൽ ബഹു. അച്ചൻ ശെമ്മാശ്ശനായിരുന്ന കാലത്ത് പരിശുദ്ധ പാമ്പാടി തിരുമേനിയെ കാണുവാൻ പോയി. അപ്പോൾ പ. തിരുമേനി പറഞ്ഞു "വടക്ക് ഏതോ ഒരു നല്ല അച്ചനെ എനിക്കറിയാം. ആ അച്ചന്റെ മകനോ വല്ലതും ആയിരിക്കും. ഉയരംകൊണ്ടും പൗരുഷം കൊണ്ടും ഇമ്പകരമായ ശബ്ദം കൊണ്ടും മേത്തരമായ കാപ്പയും ധരിച്ച് കുർബ്ബാന അർപ്പിക്കുന്ന ബഹു. അച്ചനെക്കുറിച്ച് ഒരു മാന്യ വ്യക്തി പറഞ്ഞത് "അച്ചൻ തിരുമേനി ആകേണ്ട ആളായിരുന്നു" എന്നാണ്.

അച്ചൻ മാമോദീസ മുക്കിയാൽ മതി, അച്ചൻ കല്യാണം കെട്ടിക്കണം, അച്ചൻ വന്ന് പ്രാർത്ഥിക്കണം എന്ന് ദേശവാസികൾക്ക് നിർബന്ധമുണ്ടായിരുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നത് ജനഹൃദയങ്ങളിൽ ഒരു വലിയ സ്ഥാനം അച്ചനെക്കുറിച്ച് ഉണ്ടായിരുന്നുവെന്നാണ്. കൃത്യനിഷ്ഠയുടെ പര്യായവും, എല്ലാ ചെറിയ കാര്യങ്ങളിലും വലിയ കാര്യങ്ങളിലും അതിന്റേതായ വില കല്പിച്ചു കൊടുക്കുന്ന ജീവിതശൈലിയുടെ ഉടമസ്ഥനാണ്. ബഹുമാനപ്പെട്ട അച്ചനെ സംബന്ധിച്ചിടത്തോളം രണ്ട് കാര്യങ്ങളേ ഉണ്ടായിരുന്നുള്ളൂ. ഒന്ന് അദ്ധ്യാപകൻ എന്ന നിലയിൽ തന്റെ ഔദ്യോഗികജോലി. രണ്ട് ഒരു പട്ടക്കാരൻ എന്ന നിലയിലുള്ള

കർത്തൃശുശ്രൂഷയും സഭാകാര്യങ്ങളും.

**എന്റെ സ്മരണയിൽ തെളിഞ്ഞുനിൽക്കുന്ന രണ്ട് സംഭവങ്ങൾ**

ഭക്തിനിറഞ്ഞതും, ശബ്ദമാധുര്യമുള്ളതുമായ ബഹു. അച്ചന്റെ കുർബ്ബാനകളും ആത്മീയശുശ്രൂഷകളും മലങ്കരസഭാമക്കൾക്ക് ആത്മിയപ്രചോദനം നൽകുന്നവയായിരുന്നു. ബഹു അച്ചന്റെ ശബ്ദം രണ്ട് അവസരത്തിൽ ശ്രവിച്ചത് ഇപ്പോഴും എന്റെ കർണ്ണപടത്തിൽ അലയടിച്ചുകൊണ്ടിരിക്കുന്നു. ഒന്നാമത്തേത് മുളന്തുരുത്തി പള്ളിയുടെ പെരുന്നാൾ പ്രദക്ഷിണം 4 ദിവസങ്ങളിലും ഉണ്ട്. ചില വർഷങ്ങളിൽ ഞാനും പ്രദക്ഷിണത്തിന് പോകുമായിരുന്നു. അപ്പോൾ ബഹുമാനപ്പെട്ട അച്ചൻ ഓരോ പൂപ്പന്തലിലും ഇമ്പകരമായും സ്ഫുടമായും ഉച്ചസ്വരത്തിൽ ചൊല്ലി. "നയവാൻ പനപോലെ തളിർത്തിടുമേ ..."

ആ ശബ്ദം ദേശത്തിന് മുഴുവൻ അനുഗ്രഹം കിട്ടത്തക്കവണ്ണമുള്ള പ്രാർത്ഥനാഗീതം. അത് ഇപ്പോഴും എന്റെ കർണ്ണപുടത്തിലും മുളന്തുരുത്തി ദേശമൊക്കെയും അലയടിച്ചുകൊണ്ടിരിക്കുന്നു. രണ്ടാമത്തേത് പ്രദക്ഷിണം പള്ളിയിൽ കയറി മദ്ബഹയിൽ പ്രവേശിച്ചതിനുശേഷം ചൊല്ലുന്ന "ദുഖ്റോനോ ..." എന്ന് തുടങ്ങുന്ന സുറിയാനി ഗീതം. ഈ രണ്ടു പാട്ടുകളും എപ്പോഴും ഞാൻ അഭിമാനപൂർവ്വം കേട്ടുകൊണ്ടിരിക്കുന്നു. ഈ ശബ്ദത്തിന്റെ അലയടികൾ ഭാരതത്തിലെന്നുമാത്രമല്ല സിംഗപ്പൂർ, മലേഷ്യ, ബഹറിൽ, ഷാർജാ, സൗത്ത് ആഫ്രിക്ക തുടങ്ങിയ വിദേശരാജ്യങ്ങളിലും അലയടിച്ചുകൊണ്ടിരിക്കുന്നു.

ബഹു. അച്ചൻ മുളന്തുരുത്തിപ്പള്ളിയിൽ വികാരിയായിരുന്ന സമയത്ത് രണ്ട് കാതോലിക്കാമാർക്ക് രാജകീയസ്വീകരണം നൽകി. കൊച്ചി ഭദ്രാസനമെത്രാപ്പോലീത്തയായിരുന്ന കാലംചെയ്ത യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെ വാത്സല്യം അനുഭവിച്ച ദേഹമാണ്. കൊരട്ടിയിൽ കബറടങ്ങിയിരിക്കുന്ന പിതാക്കന്മാരുടെ പെരുന്നാളിൽ സംബന്ധിക്കുവാൻ പോവുക പതിവായിരുന്നു.

എക്യൂമിണിസത്തിന് മകുടോദാഹരണമാണ് മണിപ്പാലിലെ യൂണിയൻ ക്രിസ്ത്യൻ കോൺഗ്രിഗേഷൻ. ബഹു. അച്ചൻ ഈ ദേവാലയത്തിൽ വർഷത്തിൽ ഒന്ന് അല്ലെങ്കിൽ രണ്ട് തവണയെങ്കിലും വിശുദ്ധ കുർബ്ബാന അർപ്പിക്കുക പതിവായിരുന്നു. വൈഎംസിഎ പോലുള്ള പ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. മണിപ്പാലിൽ ആദ്യമായി കഷ്ഠാനുഭവശുശ്രൂഷകൾ ആരംഭിച്ചത് ബഹു. അച്ചനായിരുന്നു.

ഏലിയാപ്രവാചകനു പിന്നിൽ ഒരു നിഴൽ പോലെ ഏലീശ്ശാപ്രവാചകൻ പതുങ്ങിനിന്നു. ഒരിക്കലും ഏലിയാവിന്റെ മുമ്പിലെത്തുവാൻ ഏലീശ്ശ ശ്രമിച്ചിരുന്നില്ല. ഏലിയാവോടുകൂടെയുള്ള യാത്ര ഏലീശ്ശ ഇഷ്ടപ്പെട്ടു. മാതൃസഭയുടെ വിശ്വാസങ്ങളെ കോട്ടിമറിച്ച് സ്വന്തം കാലിൽ, സ്വന്തം പേരു നിലനിർത്തുവാൻ ശ്രമിക്കുന്ന ആധുനികസഭാസ്ഥാപകന്മാർക്കും, സ്ഥാനാരോഹണത്തിനു ശേഷം അധികാരം കാൽക്കീഴിലാകുമ്പോൾ ഏലിയാവിനോടൊപ്പം യാത്രചെയ്യുവാൻ ഇഷ്ടമില്ലാത്ത, ഏലിയാവിന്റെ പുതപ്പ് ആവശ്യമില്ലാത്ത പിതാക്കന്മാർ ഏറിവരുന്ന സമയത്ത് ബഹു. അച്ചന്റെ മാതൃക നമുക്ക് അനുകരിക്കാവുന്നതാണ്. ക്രൈസ്തവ വിശ്വാസവും, പാരമ്പര്യവും അകത്തുനിന്നും പുറത്തുനിന്നും ഭീഷണികൾ നേരിടുമ്പോഴും, വിശ്വാസതീഷ്ണതയോടും സർവ്വോപരി ക്രിസ്തീയസ്നേഹത്തിന്റെയും എളിമയുടെയും ശൈലിയിൽ തന്റെ അജഗണങ്ങളെ നയിച്ചു.

വിജയിയായ ഏതു മനുഷ്യന്റെ പിന്നിലും ഒരു സ്ത്രീ പ്രവർത്തിക്കുന്നുണ്ടെന്നു പറയുന്നതുപോലെ സഹധർമ്മിണി ശ്രീമതി മറിയാമ്മ കുര്യാക്കോസ് എല്ലായ്പ്പോഴും നല്ല വഴികാട്ടിയായി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും പ്രാർത്ഥനയോടും സഹനശക്തിയോടും കൂടെ ബഹു. അച്ചന്റെ എല്ലാ നല്ല പ്രവർത്തനങ്ങൾക്കും പ്രോത്സാഹനം നൽകുകയും ചെയ്തുകൊണ്ടിരിക്കുന്നു.

നല്ല ബന്ധുമര്യാദകൾ പാലിക്കുന്ന ബഹു. അച്ചൻ എന്റെ പിതാവിന്റെ ഓർമ്മക്കുർബ്ബാന കഴിഞ്ഞ 14 വർഷവും മുടങ്ങാതെ വാഴൂരിൽ വന്ന് നടത്തുന്നത് വാഴൂരുള്ള ബലഹീനനായ എന്റെ കുടുംബാംഗങ്ങളും എന്റെ സുഹൃത്തുക്കളും നന്ദിനിറഞ്ഞ ഹൃദയത്തോടെ സ്മരിക്കുന്നു.

ബഹുമാനപ്പെട്ട അച്ചന്റെ മകളുടെ ജീവിതപങ്കാളിയാകുവാൻ 1987-ൽ ദൈവം എനിക്ക് കൃപ ചെയ്തു. അതിനുശേഷം ഞാൻ രുചിച്ചറിഞ്ഞതും കണ്ടതും കേട്ടതുമായ ചില വിവരങ്ങൾ ഇവിടെ രേഖപ്പെടുത്തുന്നത് അച്ചനെക്കുറിച്ചുള്ള സമ്പൂർണ്ണരേഖയായി കാണരുത്. ഞങ്ങളുടെ അപ്പയ്ക്കും അമ്മയ്ക്കും ആയുരാരോഗ്യ സൗഖ്യങ്ങൾ നേരുന്നു.

## ആഹ്ലാദകരമായ അനുഭവങ്ങൾ

**(പ്രൊഫ. ഡോ. സിജി ജോർജ്ജ്)**

ഞങ്ങളുടെ കുടുംബത്തിലെ മൂത്ത മകൾ എന്ന നിലയിൽ ധാരാളം അനുഭവങ്ങൾ പങ്കിടുവാനുണ്ട്. സുഖവും ദുഃഖവും സമ്മിശ്രമായിരിക്കുന്ന രംഗങ്ങൾ ധാരാളമുണ്ട്. ഞങ്ങളുടെ പപ്പ പൗരോഹിത്യ ശുശ്രൂഷയിലേക്ക് പ്രവേശിച്ചിട്ട് അമ്പതു വർഷം പൂർത്തിയാക്കിയിരിക്കുന്നു. പുറകോട്ടു നോക്കുമ്പോൾ ദൈവത്തെ എത്രമാത്രം സ്തുതിച്ചാലും മതിയാവുകയില്ല. മലങ്കരസഭയുടെ പരമാദ്ധ്യക്ഷൻ, പരിശുദ്ധ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവ സഭയുടെ പാർലമെന്റായ മാനേജിംഗ് കമ്മറ്റിയിലേക്ക് നോമിനേറ്റു ചെയ്തു കൊണ്ടുള്ള കൽപ്പന കണ്ടപ്പോൾ ഞങ്ങൾ

സന്തോഷംകൊണ്ട് ദൈവത്തെ സ്തുതിച്ചു. ഞങ്ങളുടെ പപ്പയുടെ സഭാസേവനത്തിന് പരിശുദ്ധ സഭാപിതാവ് നൽകിയ വലിയൊരു സമ്മാനം. ദൈവമെ നിനക്കു സ്തുതി.

**മുളന്തുരുത്തി കാതോലിക്കേറ്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ**

മുളന്തുരുത്തി കാതോലിക്കേറ്റ് സെന്ററിൽ മുളന്തുരുത്തി മാർത്തോമ്മൻ പള്ളി രണ്ടു സന്ദർഭങ്ങളിൽ നൽകിയ ആദരവുകൾ പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു. അവ 8-8-89-ൽ പപ്പയുടെ 50-ാം ജന്മദിനവും 8-8-99-ൽ ഷഷ്ടിപൂർത്തിയും, 8-8-2009-ൽ സപ്തതിയും. ഞങ്ങളുടെ പപ്പയെ കോർ എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തുവാൻ മനസ്സു കാണിച്ച പരിശുദ്ധ ബാവാതിരുമേനിയോടും ഭദ്രാസന മെത്രാപ്പോലീത്താ അഭി. സക്കറിയാസ് മാർ അന്തോണിയോസ് തിരുമേനിയോടും ഉള്ള ഭക്ത്യാദരവുകളും കുടുംബമായി ഞങ്ങൾ ദൈവസന്നിധിയിൽ സമർപ്പിക്കുന്നു.

**കോർഎപ്പിസ്കോപ്പാ സ്ഥാനം**

തീഷ്ണമായ ഓർത്തഡോക്സ് വിശ്വാസവും, സഭാസ്നേഹവും, കൃത്യനിഷ്ഠയുടെ പര്യായവും, സഭയ്ക്കു വേണ്ടി ത്യാഗോജ്വലജീവിതവും സമർപ്പിച്ച ബഹു. അച്ചനെ കൊച്ചി ഭദ്രാസനം ഒരു വിവാഹിത പട്ടക്കാരനു ലഭിക്കാവുന്ന ഉന്നതപദവിയായ കോർ എപ്പിസ്കോപ്പ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. ഷഷ്ടിപൂർത്തിയോട് അനുബന്ധിച്ച് ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ പ്രധാന കാർമ്മികത്വത്തിലും, കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ സഖറിയാസ് മാർ അന്തോണിയോസ്, അഭിവന്ദ്യ തോമസ് മാർ അത്തനാസിയോസ് (മൂവാറ്റുപുഴ) എന്നീ മെത്രാപ്പോലീത്തമാരുടെ മഹനീയ സാന്നിദ്ധ്യത്തിലും, അനേകം വൈദികരുടെയും, വിശ്വാസികളുടെയും സാന്നിദ്ധ്യത്തിലും കോർ എപ്പിസ്കോപ്പാ സ്ഥാനം സ്വീകരിച്ചു. 1999 ആഗസ്റ്റ് 9-ന് മുളന്തുരുത്തിയിലെ ഇടവകാംഗങ്ങളും ബന്ധുമിത്രാദികളും വൈദികരും മേല്പട്ടക്കാരും ചേർന്ന് ബഹു. അച്ചന് ഓക്സിയോസ് വിളിക്കുന്നു. മണിനാദങ്ങളുടേയും, കുറിയേലായിസോന്റെയും അകമ്പടിയോടെ ദൈവജനശുശ്രൂഷയ്ക്കു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട വ്യക്തി ആ സ്ഥാനത്തിന് യോഗ്യനും ദൈവജനത്തിന് സ്വീകാര്യനും ആണെന്ന് തെളിയിക്കുന്ന ചടങ്ങായിരുന്നു അത്.

കസേരയിൽ ഉപവിഷ്ടനായ കോർ എപ്പിസ്കോപ്പാ അച്ചനെ വൈദികരും വിശ്വാസികളും പ്രാർത്ഥനാപൂർവ്വം 3 പ്രാവശ്യം ഓക്സിയോസ് വിളിച്ച് ഉയർത്തുകയും, ബഹു. അച്ചൻ വിശ്വാസികളെ കുരിശുവരച്ച് ആശീർവദിക്കുകയും ചെയ്തു. ആ സ്ഥാനാരോഹണച്ചടങ്ങ് കാണുവാൻ സാധിച്ചു. പരിശുദ്ധ കാതോലിക്കാ ബാവ, ഗ്രാമത്തിന്റെ തലവൻ എന്ന് അർത്ഥമുള്ള കോർ എപ്പിസ്കോപ്പാ സ്ഥാനത്തിന്റെ അധികാരചിഹ്നങ്ങൾ അണിയിക്കുകയും കൂടെ ഒരു വടിയും നൽകി. വളരെ അനുഗ്രഹകരമായ ഈ ശുശ്രൂഷ സംബന്ധിച്ച എല്ലാ കുടുംബാംഗങ്ങളുടെയും മനസ്സിൽ സൂക്ഷിച്ചിട്ടുണ്ട്.

**വിവാഹ സുവർണ്ണജൂബിലിയും പൗരോഹിത്യ കനകജൂബിലിയും**

2007 മുതൽ ഞങ്ങളുടെ പപ്പയ്ക്ക് തലക്കോട് മാർ ഗ്രീഗോറിയോസ് ചാപ്പലിൽ വിശുദ്ധ ആരാധന അർപ്പിക്കുവാൻ ദൈവനിയോഗം ലഭിച്ചു. ആ ചാപ്പലിന്റെ ചുമതലക്കാരായ, ബോംബെ ഭദ്രാസനാധിപൻ അഭി. ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി പ്രസിഡന്റായ തലക്കോട് പരിമല മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉത്തരവാദിത്വത്തിൽ ചാപ്പലും അനുബന്ധപ്രസ്ഥാനങ്ങളും സംയുക്തമായി ഞങ്ങളുടെ മാതാപിതാക്കന്മാരുടെ വിവാഹത്തിന്റെ സുവർണ്ണജൂബിലി 25-2-2012-ൽ ഭക്തിപുരസ്സരം വളരെ ഗംഭീരമായി ആഘോഷിച്ചു.

ഞങ്ങളുടെ പപ്പയുടെ പൗരോഹിത്യ കനകജൂബിലിയാഘോഷം 2012 ജൂൺ മാസം 30-ാം തീയതി തലക്കോട് മാർ ഗ്രീഗോറിയോസ് ചാപ്പലിൽ പ്രൗഢഗംഭീരമായ സദസ്സിൽ ആഘോഷിച്ചപ്പോൾ നാനാജാതി മതസ്ഥരും സാമൂഹ്യപ്രവർത്തകരും നൽകിയ ആശംസകൾ ഇന്നും മക്കളായ ഞങ്ങളുടെ ചെവികളിൽ കാത്തു സൂക്ഷിക്കുന്നു. അപ്പോൾ ഞങ്ങളുടെ ഹൃദയങ്ങളിലാകട്ടെ തലക്കോട് മാർ ഗ്രീഗോറിയോസ് ചാപ്പലിലെ ആരാധിക്കുന്ന സമൂഹവും സെന്റ് മേരീസ് ബോയ്സ് ഹോമിലെ മാലാഖക്കൂട്ടമായ കുഞ്ഞുങ്ങളും "ഡോ.പൗലോസ് മാർ ഗ്രീഗോറിയോസ്മെമ്മോറിയൽ വനിതാവൃദ്ധമന്ദിര" ത്തിലെ അമ്മച്ചിമാരും തലക്കോട് എം.ജി.ഐ.റ്റി.ഐ. യിലെ അദ്ധ്യാപിക അദ്ധാപകരും, തലക്കോട് പ്രോജക്ടുകളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന അഭി. കൂറിലോസ് തിരുമേനി, വൈദികരായ ബഹു: റ്റി.പി.ഏലിയാസച്ചൻ, കെ.റ്റി.ഫിലിപ്പച്ചൻ, സി.എം.കുര്യാക്കോസച്ചൻ ട്രഷറാർ ശ്രീ കെ.സി. വിൽസൻ മറ്റു ബോർഡ് അംഗങ്ങൾ എന്നിവരും ചാപ്പലിൽ ആരാധനയ്ക്കു വരുന്നവരും സ്നേഹിതരും ചേർന്ന് നടത്തിയ ആ ആഘോഷവും.

മക്കളായ ഞങ്ങളുടെ പൈതൽപ്രായം മുതൽ ഞങ്ങളുടെ പപ്പയും മമ്മിയും പകർന്ന തന്ന ദൈവികത ഞങ്ങൾ ആയിരിക്കുന്ന സ്ഥലങ്ങളിൽ കാത്തു സൂക്ഷിക്കുവാൻ ബലഹീനയായ എന്റെ കുടുംബവും എന്റെ കൂടപ്പിറപ്പായ അജിയുടെ കുടുംബവും ശ്രദ്ധിച്ചു വരുന്നു എന്നത് ദൈവസന്നിധിയിൽ വിനയത്തോടെ ഞങ്ങൾ ഓർക്കാറുണ്ട്. ഞായറാഴ്ച ദിവസം കുടുംബാംഗങ്ങൾ എല്ലാവരും പള്ളിയിൽ പോയിരിക്കണം

എന്നുള്ളത് നിർബന്ധമുള്ള കാര്യമാണ്. ഇപ്പോഴും എല്ലാ ഞായറാഴ്ചയും ഞങ്ങളെയും വെള്ളിയാഴ്ചകളിൽ അജിയെയും, സായയെയും വിളിച്ചുചോദിക്കും "ഇന്നു പള്ളിയിൽ പോയോ, ആരാണ് കുർബ്ബാന ചൊല്ലിയത്, അച്ചനെ പരിചയപ്പെട്ടോ. അച്ചന്റെ സ്ഥലം എവിടെയാണ്" എന്നുവേണ്ട, പള്ളിവിശേഷങ്ങൾ എല്ലാം ചോദിച്ചു മനസ്സിലാക്കും. "ഞായറാഴ്ച പള്ളിയിൽ പോകാതെ ചെയ്യുന്നതെല്ലാം കുഴപ്പത്തിനാണ്" എന്ന് ഉറച്ചുവിശ്വസിക്കുകയും അത് പറഞ്ഞുതരികയും ചെയ്തു ബഹു. അച്ചൻ. സഭയിലെ പല തിരുമേനിമാരേയും വൈദികരേയും ആത്മായരെയും ഞങ്ങൾക്ക് പരിചയപ്പെടുത്തി തന്നിട്ടുണ്ട്.

ഞങ്ങൾ ഇത്രയും ആഗ്രഹിച്ചു പ്രാർത്ഥിക്കാറുണ്ട്, ജീവിതാന്ത്യം വരെയും ഈ പൈതൃകം കാത്തുസൂക്ഷിക്കുവാൻ. അതിന് ദൈവസഹായമുണ്ടാകുവാൻ ഈ പുസ്തകവായനക്കാരോട് അപേക്ഷിക്കുന്നു.

## വൈദികശുശ്രൂഷാരംഗത്തെ അനുകരണീയ മാതൃക: വന്ദ്യ എടപ്പങ്ങാട്ടിലച്ചൻ

**പി.വി. സന്തോഷ് പുല്യാട്ട്**

(ലേഖകൻ ദീർഘനാളുകൾ കെ.ജെ.കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ നിർവ്വഹിച്ച കൗദാശികാനുഷ്ഠാനങ്ങളുടെ സഹായി ആയിരുന്നു. ഇപ്പോൾ അറേബ്യൻ നാടുകളിൽ ജോലി ചെയ്യുന്നു. എഡിറ്റർ)

അനേകം ദേവാലയങ്ങളിൽ മദ്ബഹ ശുശ്രൂഷ ചെയ്യുവാൻ ഭാഗ്യം സിദ്ധിച്ച ഒരു വ്യക്തിയാണ് ഞാൻ. അനേകം വൈദികശ്രേഷ്ടരുമായി ഞാൻ അടുത്ത് ഇടപഴകിയിട്ടുണ്ട്. മദ്ബഹായുടെ ശക്തി എന്ത് എന്ന് അനുഭവിച്ചറിയുവാൻ ഭാഗ്യം സിദ്ധിച്ച ഈ പാപിയായ എനിക്ക് മദ്ബഹായിലെ ശുശ്രൂഷയുടെ മഹത്ത്വം മനസ്സിലാക്കുവാൻ മുഖാന്തരമായത് കുടുംബമായി ഞങ്ങൾ ബഹുമാനിക്കുന്ന ഞങ്ങളുടെ എടപ്പങ്ങാട്ടിലെ ബഹുമാനപ്പെട്ട കുര്യാക്കോസ് അച്ചനിൽ നിന്നാണ്. ഇന്ന് ഞങ്ങൾക്ക് എന്തെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ അത് മദ്ബഹ ശുശ്രൂഷയിൽ നിന്നു ലഭിച്ച ദൈവകൃപ ഒന്നുമാത്രമാണ്. അതിന് മുഖാന്തരമായ ബഹു. അച്ചനോടുള്ള കടപ്പാട് പറഞ്ഞറിയിക്കുവാനും സാധിക്കുകയില്ല.

പള്ളിയിലെ ആരാധനകളിലും ഭവനങ്ങളിൽ വച്ചുള്ള കൂദാശകളിലും അച്ചന്റെ നിഷ്ഠ എന്നെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. അച്ചന്റെ കൂടെ അച്ചനെ സഹായിക്കുന്ന ശുശ്രൂഷക്കാരനായി എനിക്ക് ആ പ്രാർത്ഥനയിലും അനുഷ്ഠാനങ്ങളിലും മടുപ്പു തോന്നിയിട്ടില്ല. അച്ചനോടൊപ്പം വളരെക്കാലം പ്രധാന ശുശ്രൂഷകനായി സേവനം അനുഷ്ഠിക്കുവാൻ എനിക്ക് ഭാഗ്യം സിദ്ധിച്ചത് ദൈവനിയോഗമാണ്. ദൈവത്തിന് നന്ദി.

പള്ളിവഴക്കിന്റെ കാലത്ത് കക്ഷിവ്യത്യാസമില്ലാതെ എല്ലാവരോടുമുള്ള പെരുമാറ്റം അടുത്ത് അറിയുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. അനേകം അച്ചന്മാരുടെ കൂട്ടത്തിൽ ശുശ്രൂഷയിൽ സംബന്ധിക്കുവാൻ സാധിച്ച എനിക്ക് അച്ചൻ നടത്തുന്ന ശുശ്രൂഷകളുടെ അർത്ഥം എന്താണെന്ന് അതിൽ സംബന്ധിക്കുന്നവർക്ക് വേഗം മനസ്സിലാകും. കുര്യാക്കോസ് അച്ചൻ വികാരി ആയിരിക്കുന്ന പള്ളിയിൽ അച്ചൻ തന്നെ അവരുടെ വീട്ടിലെ ആവശ്യങ്ങൾ നടത്തണമെന്ന് വീട്ടുകാർക്ക് നിർബന്ധം ഉണ്ട്. അതനുസരിച്ചായിരിക്കും അവർ കാര്യങ്ങൾ ക്രമീകരിക്കുന്നത്.

ക്രിസ്ത്യാനികൾ അല്ലാത്തവരും അച്ചനോട് കാണിക്കുന്ന മമത ഒന്നു വേറെയാണ്. പാവങ്ങളോട് കാണിക്കുന്ന സ്നേഹവും അവർക്ക് എവിടെ നിന്നെല്ലാം സഹായം കിട്ടുമോ അതെല്ലാം വാങ്ങിച്ചുകൊടുക്കുന്നതും അച്ചന്റെ പോക്കറ്റിൽ നിന്ന് സഹായം കൊടുക്കുന്നതും കാണുവാൻ എനിക്ക് ഭാഗ്യം കിട്ടിയിട്ടുണ്ട്.

ഏറ്റവും പ്രാധാന്യമുള്ള പ്രത്യേകത അച്ചന്റെ സമയനിഷ്ഠയും ആരാധനാലയം സൂക്ഷിക്കുന്നതും കൈകാര്യം ചെയ്യുന്നതും ആണ്. പള്ളിയിൽ പുതിയ ഒരാളെ കണ്ടാൽ അവരെ പരിചയപ്പെട്ട് പള്ളിയിലേക്ക് ആകർഷിക്കുവാൻ അച്ചൻ കാണിക്കുന്ന ശ്രദ്ധയും എല്ലാ അച്ചന്മാരും പകർത്തണം.

അച്ചന്റെ പൗരോഹിത്യജൂബിലി ആഘോഷിക്കുവാൻ മുൻകൈ എടുത്ത തലക്കോട് മാർ ഗ്രീഗോറിയോസ് ചാപ്പലിലെ അഭി. ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി, ബഹു. അച്ചന്മാരായ ഫാ. ഡോ. ടി.പി. ഏലിയാസ്, ഫാ. കെ.ടി. ഫിലിപ്പ്, അവിടുത്തെ എല്ലാ പ്രവർത്തകർ എല്ലാവരോടും നന്ദി രേഖപ്പെടുത്തട്ടെ. ബഹു. അച്ചന് എന്റെയും കുടുംബത്തിന്റെയും ജൂബിലി ആശംസകൾ.

**ഡെന്നി വർഗീസ്, മാന്നുള്ളിൽ, തുരുത്തിക്കര മുൻ സണ്ടെസ്ക്കൂൾ അദ്ധ്യാപകൻ, യുവജന പ്രസ്ഥാനം യൂണിറ്റ് സെക്രട്ടറി തുരുത്തിക്കര ചാപ്പൽ**

ഒരു പ്രദേശത്തിന്റെ തിലകക്കുറിയായി, അതിനുമപ്പുറം ഒരു കാലഘട്ടത്തിലെ വിശ്വാസ പോരാട്ടത്തിൽ ഒരു ജനതയുടെ അഭയകേന്ദ്രമായി, അനേകായിരങ്ങൾക്ക് ആശ്വാസവും വിശ്വാസദീപ്തിയും പരത്തി പരിലസിക്കുന്ന ദേവാലയമാണ് തുരുത്തിക്കര മാർഗ്രീഗോറിയോസ് ചാപ്പൽ. ഈ ചാപ്പലിന്റെ ചരിത്രത്തിലെ ഓരോ ഏടും ദൈവകൃപയുടെയും നടത്തിപ്പിന്റെയും അത്ഭുതസാക്ഷ്യങ്ങൾക്ക് കൊണ്ട് നിറഞ്ഞിരിക്കുന്നു എന്നുള്ളത് ഈ ദേവാലയവുമായി ഇടപഴകുന്ന, അഭയം തേടുന്ന, ഓരോ വ്യക്തിയും മനസ്സിലാക്കി

യിട്ടുള്ളതാണ്. 1968 സെപ്തംബർ 13 ന് ആയിരക്കണക്കിന് വിശ്വാസികളുടെയും അനേകം വൈദിക ശ്രേഷ്ഠരുടേയും സാന്നിദ്ധ്യത്തിൽ കൊച്ചി ഭദ്രാസനാധിപൻ അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്ത ഈ പരിശുദ്ധദേവാലയത്തിൽ തെളിച്ച ഭദ്രദീപം ഇന്നും ഈ പ്രദേശത്തെ ആകെ പ്രകാശിപ്പിക്കുന്നു എന്നുള്ളത് ഈ പ്രദേശവാസികളുടെ അനുഭവ സാക്ഷ്യമാണ്. ഈ മഹത്കർമ്മ പദ്ധതിയിലേക്ക് ദൈവനിയോഗമായി, അമരക്കാരനായി, കടന്നുവന്ന വൈദികശ്രേഷ്ഠനാണ് എടപ്പങ്ങാട്ടിൽ കൊച്ചച്ചൻ എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന റവ.ഫാ. കെ.ജെ. കുരിയാക്കോസ്. നീണ്ട 30 വർഷത്തോളം ഈ ചാപ്പലിലെ എല്ലാ കാര്യങ്ങളിലും ശ്രദ്ധ പതിപ്പിച്ച് തന്റെ കർമ്മപഥാവിലെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യമായി ഈ ദേവാലയപരിപാലനം അദ്ദേഹം ഏറ്റടുത്തു നടത്തുകയുണ്ടായി. ഒരു പക്ഷേ വ്യക്തി ജീവിതത്തോടുപരി ഈ ദേവാലയത്തിന് വേണ്ടി, ദേവാലയാവശ്യങ്ങൾക്ക് മുൻതൂക്കം നൽകി, ഈ വൈദികശ്രേഷ്ഠൻ തന്റെ ജീവിതം നയിച്ചു എന്നതിൽ അതിശയോക്തി ഒട്ടുമില്ലെന്ന് അദ്ദേഹത്തെ മനസ്സിലാക്കിയിട്ടുള്ള ഓരോ വ്യക്തിക്കും അനുഭവവേദ്യമായ കാര്യമാണ്.

ഏതാണ്ട് 30 വർഷത്തോളം വ്യക്തിപരമായും ദേവാലയവുമായി ബന്ധപ്പെട്ടും ബഹുമാനപ്പെട്ട അച്ചനുമായി അടുത്തിടപഴകുവാൻ അവസരം ലഭിച്ചിട്ടുണ്ട്. വി.കുർബ്ബാനയിലും സണ്ടേസ്കൂൾ പ്രസ്ഥാനത്തിലും വിദ്യാർത്ഥിപ്രസ്ഥാനത്തിലും അച്ചനുമായി ഒരുമിച്ച് പ്രവർത്തിക്കുവാൻ ഇടയായി.

വി.ആരാധനയോടുള്ള അച്ചന്റെ ഭക്തിയും, ഗൗരവവും ആത്മാർത്ഥയോടും കൂടിയുള്ള സമീപനം ഈ പ്രദേശത്തെ ആളുകളെ ഓർത്തഡോക്സ് ആരാധനയുടെ മാധുര്യവും ശക്തിയും ഭക്തിയും മനസ്സിലാക്കുവാൻ അവസരം ഒരുക്കികൊടുത്തു എന്നുള്ളത് ഇന്നും ആരാധനയോടെ തുരുത്തിക്കര വാസികൾ വെളിപ്പെടുത്തി തരുന്നു.

പ്രഭാതനമസ്കാരത്തിന് എന്നും കൃത്യതയോടെ 6.45-ന് പള്ളിയിലേക്ക് നടന്ന് നീങ്ങുന്ന അച്ചൻ തുരുത്തിക്കരനിവാസികൾക്ക് ഭക്തിയുടെ നേർക്കാഴ്ചയായിരുന്നു.

സണ്ടെസ്കൂൾ പ്രാർത്തനത്തോടും യുവജനപ്രസ്ഥാനത്തോടും വളരെ കരുതലോടെയും ഉത്സാഹത്തോടെയും ബ. അച്ചൻ പ്രവർത്തിച്ചിരുന്നു. ഈ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് ബഹു: അച്ചൻ വളരെ പ്രാധാന്യം നല്കിയിരുന്നു. ഏതൊരു നല്ല ആശയവും പ്രവർത്തനവും ബഹു:അച്ചനോട് പങ്ക് വച്ചാൽ കലവറയില്ലാതെ പ്രോത്സാഹനവും നേതൃത്വവും പിന്തുണയും അച്ചൻ നല്കിയിരുന്നു. ഒരിക്കൽ തുരുത്തിക്കര സണ്ടെസ്കൂളിൽ കുട്ടികൾ വല്ലാതെ കുറഞ്ഞുവന്നപ്പോൾ ബ.അച്ചന്റെ നിർദ്ദേശപ്രകാരം കാരിക്കോട് മുതൽ പുളിക്കമാലി വരെയുള്ള എല്ലാ വിശ്വാസികളുടെയും ഭവനത്തിൽ അച്ചൻ തയ്യാറാക്കി അഡ്രസ്സ് എഴുതി തന്ന നോട്ടീസ് എത്തിക്കുകയും ജനുവരി 1-ന് പുതുവർഷപ്പുലരിയിൽ വി.കുർബ്ബാന അർപ്പിച്ച് സണ്ടെസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബ.അച്ചൻ സംസാരിക്കുകയും തുടർന്ന് മാതാപിതാക്കൾ കുട്ടികളെ സണ്ടെസ്കൂളിൽ വിട്ട് വളരെ നന്നായി സണ്ടെസ്കൂൾ പ്രവർത്തനം പുനരാരംഭിക്കുവാൻ അവസരം ലഭിക്കുകയുമുണ്ടായി.

മുളന്തുരുത്തിയുടെതന്നെ യുവജനങ്ങളുടെ ഉത്സാഹത്തിന്റെയും ആവേശത്തിന്റേയും പ്രതീകമായ ബഹു: അച്ചൻ തുരുത്തിക്കര ചാപ്പലിലും യുവജനങ്ങളുടെ വിവിധ പ്രവർത്തനപരിപാടികൾക്ക് നേതൃത്വം നൽകുകയുണ്ടായി. വിവിധ കർമ്മപരിപാടികളിലൂടെ യുവജനങ്ങളിൽ ഉറങ്ങിക്കിടക്കുന്ന മാനവശേഷിയെ ഉണർത്തി സ്നേഹത്തിന്റെയും നന്മയുടെയും സേവനത്തിന്റെയും പാതകളിലൂടെ അവരെ നയിക്കുവാൻ ബഹു; അച്ചൻ തന്റെ പ്രവർത്തനകാലഘട്ടത്തിൽ ശ്രമിക്കുകയുണ്ടായി. ഈ കാലയളവിൽ പലതരത്തിലുള്ള ജീവകാരുണ്യപ്രവർത്തനങ്ങളും നടന്നു. യുവജനങ്ങളിൽ സഭയുടെ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും സഭാചരിത്രത്തെക്കുറിച്ചും ഒരു പുതിയ അവബോധം വളർത്തുവാൻ അച്ചന് സാധിച്ചു.

തുരുത്തിക്കര ചാപ്പൽ യുവജനപ്രസ്ഥാനം യൂണിറ്റ് സെക്രട്ടറി എന്ന നിലയിൽ അച്ചനോടൊപ്പം പ്രവർത്തിക്കുവാൻ എനിക്ക് അവസരം ലഭിച്ചത് എന്റെ ജീവിതത്തിനും തിരിച്ചറിവിന്റെ കാലഘട്ടമായിരുന്നു എന്ന് എടുത്ത് പറയട്ടെ.

പൗരോഹിത്യ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന ബഹു. കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ യ്ക്ക് ആരോഗ്യവും ആയുസ്സും യശസ്സും നേരുന്നു. പ്രക്ഷുബ്ധമായ സഭാന്തരീക്ഷത്തിൽ ഓർത്തഡോക്സ് സഭയുടെ വടക്കൻമേഖലയെ ഓർത്തഡോക്സിയിൽ ഉറപ്പിച്ച് നിർത്തുവാൻ അക്ഷീണം പടപൊരുതിയ ബഹു. അച്ചൻ, ദൈവം വരദാനമായി നൽകിയ സ്വരമാധുരിയാൽ ആയിരക്കണക്കിന് (ഓർത്തഡോക്സ്) വിശ്വാസികളെ ആരാധനയുടെ ധന്യത മനസ്സിലാക്കി കൊടുത്ത അച്ചൻ, ഇനിയും തന്റെ ജീവിതകാലം ദൈവകൃപയ്ക്കനുസൃതമായും വിശ്വാസിസമൂഹത്തിന് പ്രകാശം പരത്തുന്ന ദീപസ്തംഭമായും നയിക്കുവാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

**ഞാൻ പള്ളിയിലേക്കു പോവുകയാണ് ... നിങ്ങൾ വരുന്നില്ലേ?**

**അച്ചാമ്മ ഏലിയാസ്, വനിതാസമാജം മുൻ സെക്രട്ടറി**

1989 മുതൽ നാൾ ഇതുവരെ എനിക്ക് അറിയാവുന്ന അച്ചന്റെ ഒരു രേഖാ ചിത്രം വരയ്ക്കാൻ ശ്രമിക്കുകയാണ്. ആദ്യമായി പറയുവാനുള്ളത് ഞങ്ങളെ പള്ളിയിൽ പോകാൻ പഠിപ്പിച്ചത് അച്ചനാണ്. ഞങ്ങൾ പള്ളിക്ക് സമീപം താമസിക്കുന്നവരാണ്. അച്ചന്റെ വീടും അടുത്തുതന്നെ. അച്ചൻ പള്ളിയിലേക്ക് പോകുമ്പോൾ തന്നെ പറയും. ഞാൻ പള്ളിയിലേക്ക് പോവുകയാണ്. നിങ്ങൾ വരുന്നില്ലെ എന്ന്. ഒരു വൈദികൻ ഇങ്ങനെ പറയുമ്പോൾ എങ്ങനെ പോകാതിരിക്കും. ഉടനെ ഞങ്ങളും പോകും. അങ്ങനെ ഞങ്ങൾ പള്ളിയിൽ പോകാൻ പഠിച്ചു. അഥവാ ഒരു ദിവസം പള്ളിയിൽ ചെന്നില്ലെങ്കിൽ പള്ളി കഴിഞ്ഞ് വന്നാൽ ഉടനെ അച്ചൻ ഫോൺ വിളിക്കും എന്താ പള്ളിയിൽ കണ്ടില്ലല്ലോ എന്ന്. ഇതെല്ലാം കൊണ്ട് ഞങ്ങൾ പള്ളിയിൽ പോകാൻ പഠിച്ചു. പിന്നെ പ്രാർത്ഥന 1968 ൽ സ്ഥാപിതമായ തുരുത്തിക്കരയിലെ പരുമല തിരുമേനിയുടെ നാമത്തിലുള്ള ഈ ദേവാലയത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് വെള്ളിയാഴ്ച സന്ധ്യ നമസ്കാരവും പരുമലതിരുമേനിയോടുള്ള അപേക്ഷ(ലുത്തിനിയ). ഒരിക്കൽ ഈ സന്ധ്യസമസ്ക്കാരത്തിൽ പങ്കുകൊണ്ടാൽ എല്ലാവരും ഈ ദിവസം വരുമ്പോൾ തനിയെ പോകാനുള്ള ഒരു പ്രവണത ഉണ്ടാകും. ഇതിനു കാരണമായത് അച്ചന്റെ ഭക്തി നിർഭരമായ പ്രാർത്ഥനാ ശൈലിയും, സ്വരമാധുര്യവുമാണ് ഇത് ആരെയും അകർഷിക്കുകയും ഏതു വിധ മന: പ്രയാസത്തിൽ ഇരിക്കുന്നവർക്കും ആശ്വാസവും സമാധാനവും ലഭിക്കാതിരിക്കില്ല. ഈ വെള്ളിയാഴ്ച നമസ്ക്കാരം ഇത് പരുമല പള്ളിയിൽ മാത്രമുള്ള ഒരു കാര്യമാണ്. ഇത് ഈ പരിശുദ്ധന്റെ ജന്മനാട്ടിൽ കൊണ്ടുവന്ന് തുടങ്ങുവാനും അനേകം വിശ്വാസികളെ ഇതിൽ പങ്കെടുപ്പിക്കാനും ഇതിലേക്ക് നയിക്കുവാനും അച്ചൻ കാട്ടിയ താൽപര്യം എത്ര പറഞ്ഞാലും മതിയാവാത്ത ഒന്നാണ്.

പിന്നെ തുരുത്തിക്കരയിൽ നിന്നും പരുമലക്ക് തുടങ്ങിവച്ച പദയാത്ര. ഇത് ഇപ്പോഴും മുടക്കം കൂടാതെ അനേകം വിശ്വാസികളെ ഇതിലേക്ക് കൂടുതൽ കൂടുതലായി ആകർഷിക്കുകയും വിശ്വാസികൾക്ക് ആശ്വാസം ലഭിക്കുകയും ചെയ്യുന്ന ഒരു കാര്യമാണ്. ഇത് അച്ചന്റെ മാത്രം കഴിവാണ്.

പിന്നെ അച്ചന്റെ ഒരു പ്രത്യേകതയായിട്ട് എനിക്ക് പറയുവാനുള്ളത്. ഈ ദേശത്തെ ഓരോ വീടും വീട്ടുകാരേയും അച്ചൻ നല്ലതുപോലെ അറിഞ്ഞ് അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി വലിപ്പ ചെറുപ്പ വ്യത്യാസമില്ലാതെ എല്ലാവരെയും ഒന്നു പോലെ കാണുന്ന ഒരു വ്യക്തിയാണ് കുര്യാക്കോസ് അച്ചൻ.

ഇനിയുള്ളത് ഓരോ പുതിയ കാര്യങ്ങൾ തുടങ്ങുവാനും അതിൽ ജനങ്ങളെ പങ്കുകൊള്ളിക്കാനും അച്ചനുള്ള താൽപര്യവും ഉൽസാഹവും വളരെയധികമാണ്. ഇതിൽ ഒരു കാര്യമാണ് ഈ ചാപ്പലിൽ മർത്തമറിയം സമാജത്തിന്റെ തുടക്കവും അതിന്റെ പ്രവർത്തനവും. ഇതിൽ എല്ലാവരെയും പങ്കുകൊള്ളിക്കുകയും ചെയ്തുതന്നത് ഈ വന്ദ്യ വൈദികനാണ്. സമാജത്തിന്റെ സെക്രട്ടറിയായും മറ്റും ഞാൻ പ്രവർത്തിക്കുന്ന സമയത്ത് ഒരു പിതാവിന്റെ വാത്സല്യത്തോടുകൂടിയുള്ള അച്ചന്റെ പെരുമാറ്റവും, ആകർഷണിയമായ സംസ്കാരരീതിയും ഇപ്പോഴും മനസ്സിൽ മങ്ങാതെ നിൽക്കുന്നു.

ക്രൈസ്തവർ മാത്രമല്ല അക്രൈസ്തവരും വലിയ ബഹുമാനത്തോടെയാണ് അച്ചനെ കണ്ടിരുന്നത്. സഹായം ആവശ്യമുള്ള ആർക്കും ജാതി മതവ്യത്യാസം കൂടാതെ സഹായിക്കാനുള്ള ഒരു സവിശേഷ ഗുണം അച്ചന്റെ കൂടപ്പിറപ്പാണ്. മറ്റപ്പിള്ളിക്കാവിന്റെ ജീർണ്ണാവസ്ഥ പരിഹരിക്കാൻ ദേവസ്വം ബോർഡ് പ്രസിഡന്റ് രാമൻകുട്ടി അച്ചന്റെയും എം.പി.മന്മദന്റെയും ഹോണറബിൾ ജസ്റ്റിസ് ചന്ദ്രശേഖരമേനോന്റെയും സാന്നിദ്ധ്യത്തിൽ നടത്തിയ സമ്മേളനത്തിലും അച്ചൻ വേദിയിൽ ഉപവിഷ്ടനായിരുന്നു. എസ്.എൻ.ഡി.പി. അമ്പലത്തിന്റെ ഉദ്ഘാടനസമ്മേളനത്തിലും ക്ഷണിക്കപ്പെട്ട വിശിഷ്ടാതിഥിയായി വേദിയിൽ അച്ചനെ ആദരിച്ചിരുന്നു.

ബഹുമാനപ്പെട്ട ഇടപ്പങ്ങാട്ടിൽ കെ.ജെ.കുര്യാക്കോസ് കോർ എപ്പിസ്കോപ്പായുടെ പൗരോഹിത്യ കനകജൂബിലി വർഷത്തിൽ അച്ചന് എല്ലാവിധ നന്മകളും ദൂർഘായുസ്സും നേരുന്നു.

അച്ചനെക്കുറിച്ച് ധാരാളം ഓർമ്മകൾ എന്റെ മനസ്സിലേക്ക് കടന്നുവരുന്നുണ്ട്. 1960 കാലഘട്ടത്തിൽ ശെമ്മാശ്ശനായി കൊരട്ടി സീയോൻ സെമിനാരിയിൽ പഠിക്കുന്ന കാലത്താണ് ഞാൻ ആദ്യമായി കാണുന്നത്. കുടുംബവിഷയവുമായി ബന്ധപ്പെട്ട് സേവേറിയോസ് തിരുമേനിയെ കാണുന്നതിന് മാതാപിതാക്കളോടൊപ്പം സെമിനാരിയിൽ ചെന്നപ്പോൾ മുളന്തുരുത്തിയിലുള്ള ഇടപ്പങ്ങാട്ടിൽ അച്ചന്റെ മകനാണ് ഈ ശെമ്മാശനെന്ന് അപ്പച്ചൻ പറഞ്ഞാണ് ഞാനറിഞ്ഞത്. അന്നെനിക്ക് 5 വയസ്സാണ് പ്രായം. അന്ന് അച്ചൻ ഞങ്ങൾക്ക് കൈനിറയെ പ്യാരി മിഠായി തന്നത് ഇന്നത്തെപ്പോലെ ഓർക്കുന്നു.

മുളന്തുരുത്തി വലിയപള്ളിയിലെ വികാരിയായി ദീർഘകാലം സേവനം അനുഷ്ഠിക്കുന്നതോടൊപ്പം തുരുത്തിക്കര മാർ ഗ്രീഗോറിയോസ് ചാപ്പലിന്റെ നിർമ്മാണത്തിനു വേണ്ടിയുള്ള പ്രയത്നങ്ങളും ഈ അവസരത്തിൽ ഓർക്കുന്നു. ഒരു പുരോഗമനവും ഇല്ലാതെ കിടന്ന വെട്ടിക്കുളം എന്ന പ്രദേശം ഇന്നു കാണുന്ന അവസ്ഥയിലേക്ക് എത്തിയത് മനോഹരമായ ഈ ദേവാലയം അവിടെ സ്ഥാപിക്കപ്പെട്ടതിനു

ശേഷമാണ്. പള്ളിയുടെ നിർമ്മാണത്തിനു വേണ്ടി കൂപ്പൺ അടിച്ചും യേശുദാസിന്റെ ഗാനമേള നടത്തിയും സുമനസ്സുകളുടെ സംഭാവനകൾ സ്വീകരിച്ചും അച്ചൻ നടത്തിയ പ്രവർത്തനങ്ങൾ എടുത്തുപറയേണ്ടതാണ്.

അതുപോലെ മുളന്തുരുത്തി കാതോലിക്കേറ്റ് സെന്ററിനുവേണ്ടി സ്ഥലം വാങ്ങുന്നതിനും പള്ളി പണിയിക്കുന്നതിനും ഒക്കെയുള്ള അച്ചന്റെ പ്രയത്നം ഏറെ ശ്ലാഘനീയമാണ്.

ഇപ്പോൾ അച്ചൻ തലക്കോട് മാർഗ്രീഗോറിയോസ് ചാപ്പലിന്റെ വികാരിയായും അവിടുത്തെ പാവപ്പെട്ട അനാഥക്കുഞ്ഞുങ്ങളുടെ സംരക്ഷകനായും പ്രവർത്തിച്ചുവരുന്നത് ദൈവനിയോഗമാണെന്ന് കരുതാം.

എതിർഭാഗത്തിന്റെ കൂടെ നിന്നിരുന്നെങ്കിൽ ഒരു പക്ഷെ കിട്ടുമായിരുന്ന വലിയ സ്ഥാനമാനങ്ങളും പദവികളും വേണ്ടെന്നുവച്ച് തന്റെ വിശ്വാസപ്രമാണങ്ങൾ മുറുകെ പിടിച്ച് സാധാരണക്കാരുടെ കൂടെ നിന്ന് അവർക്കു വേണ്ടി പ്രവർത്തിച്ചു. മുളന്തുരുത്തിയിലെ സാമൂഹ്യ സാംസ്ക്കാരിക മേഖലകളിലും അച്ചൻ നിറസാന്നിദ്ധ്യമാണ്. ദീർഘകാലം സി.ജി.എൽ.പി. സ്കൂളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ച് അനേകം കുരുന്നുകൾക്ക് അക്ഷരജ്ഞാനം പകർന്നു നല്കുകയും ചെയ്തിട്ടുണ്ട്. മുളന്തുരുത്തിയുടെ വികസനകാര്യങ്ങളിൽ അച്ചന് വ്യക്തമായ കാഴ്ചപ്പാടുകളുണ്ട്. അത് തനിക്ക് കിട്ടുന്ന വേദികളിൽ അദ്ദേഹം പ്രകടിപ്പിക്കാറുമുണ്ട്. പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹം നടത്തിക്കൊടുക്കുന്നതിനും രോഗാവസ്ഥയിൽ കഴിയുന്നവർക്ക് സഹായങ്ങൾ നൽകുന്നതിനും ഒക്കെയുള്ള അച്ചന്റെ പ്രവർത്തനങ്ങൾ എടുത്തുപറയേണ്ടതാണ്.

നാനാജാതി മതസ്ഥർ ഏകോദരസഹോദരങ്ങളെപ്പോലെ കഴിയുന്ന മുളന്തുരുത്തിയിൽ എല്ലാ മതവിഭാഗത്തിൽപെട്ടവരുടെയും സ്നേഹാദരവുകൾ നേടി പൗരോഹിത്യത്തിന്റെ കനകജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ അച്ചനും കുടുംബത്തിനും സർവ്വ ഐശ്വര്യങ്ങളും ഈശ്വരൻ നല്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് െല്ലാ നന്മകളും നേരുന്നു.

## കെ.ജെ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പായുടെ ജീവിതരേഖ

(പൗരോഹിത്യ കനകജൂബിലിനിറവിൽ നില്ക്കുന്ന കെ.ജെ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പായുടെ ജീവചരിതം അനാവരണം ചെയ്യുവാൻ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ ജോയിസ് തോട്ടയ്ക്കാട് മലങ്കര ഓർത്തഡോക്സ് ടി.വി., പി.തോമസ് പിറവം, സുബിൻ തലക്കോട് എന്നിവർ ഒത്തുകൂടിയപ്പോൾ അവരുടെ ചോദ്യങ്ങളോടുള്ള അച്ചന്റെ പ്രതികരണം)

തോമസിന്റെ ചോദ്യം

ക്രൈസ്തവദർശനത്തിൽ 'കുടുംബം സ്വർഗ്ഗത്തിന്റെ ചെറിയ പതിപ്പ്' എന്ന് പിതാക്കന്മാർ പഠിപ്പിച്ചത് അച്ചന്റെ കുടുംബജീവിതത്തിൽ അന്വർത്ഥമാണെന്ന് പലരും പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അത് ഞാനും മനസ്സിലാക്കിയിട്ടുണ്ട്. അച്ചന്റെ പ്രതികരണം അറിയുവാൻ താല്പര്യമുണ്ട്.

ഒരു മനുഷ്യന്റെ വ്യക്തിത്വം നിർണ്ണയിക്കുന്നത് കിടന്ന വയറും നടന്ന വീടുമെന്ന് ഒരു ചൊല്ലുണ്ട്. സ്വാനുഭവവെളിച്ചത്തിൽ അച്ചൻ എങ്ങനെ ഇത് വിലയിരുത്തുന്നു?

എന്റെ അമ്മ ചെറുപ്പത്തിലേ തന്നെ മരിച്ചു. എന്റെ പിതാവ് യാക്കോബ് കോർ എപ്പിസ്കോപ്പായുടെ സംരക്ഷണയിലാണ് ഞങ്ങൾ മക്കൾ ആറു പേരും വളർന്നത്. രണ്ടു സഹോദരിമാരും മൂന്നു സഹോദരങ്ങളും. ചെറുപ്പത്തിലേ തന്നെ കുടുംബത്തിൽ ആദ്ധ്യാത്മികത അനുഭവിച്ചവരാണ്. പരസ്പരം പങ്കിട്ടവരുമാണ്. എന്റെ വിദ്യാഭ്യാസം ആരംഭിക്കുന്നത് പള്ളി വക പ്രൈമറി സ്കൂളിലാണ് . 5-ാം ക്ലാസ്സ് വരെ അവിടെ പഠിച്ചു. 4 ലും 5 ലും അപ്പച്ചനായിരുന്നു ഗുരുനാഥൻ. കെ.അമ്മാളു അമ്മ, പാവു മാസ്റ്റർ, മാണി മാസ്റ്റർ തുടങ്ങിയവരും ഗുരുക്കന്മാരായിരുന്നു. ഹൈസ്ക്കൂൾ വിദ്യാഭ്യാസം മുളന്തുരുത്തി ഗവൺമെന്റ് ഹൈസ്ക്കൂളിലായിരുന്നു. പഠനത്തിന് പുറമെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിലും അക്കാലത്തു ശ്രമിച്ചിരുന്നു. അദ്ധ്യാപകരുടെ ഭാഗത്തു നിന്നുള്ള പ്രോത്സാഹനവും, സഹപാഠികളുടെ സ്നേഹപൂർവ്വമായ കൈത്താങ്ങുകളും ലഭിച്ചപ്പോൾ ആ രംഗത്ത് കൂടുതൽ മിഴിവുകളോടെ ശോഭിക്കാൻ കഴിഞ്ഞു. സംഗീതം, സാഹിത്യം തുടങ്ങിയ വിഷയങ്ങളിലുണ്ടായിരുന്ന കഴിവ് കഥാപ്രസംഗം, നാടകരചന, അഭിനയം തുടങ്ങിയ മേഖലകളിലും പ്രശോഭിക്കാൻ കഴിഞ്ഞിരുന്നു. അന്നത്തെ മലയാളം പണ്ഡിറ്റായിരുന്ന ഇളയതുസാർ നാടകാന്ത്യം കവിത്വം എന്ന് പറഞ്ഞ്കൊണ്ട് പ്രോത്സാഹിപ്പിച്ചിരുന്നു. മലയാളംക്ലാസ്സിൽ മാത്രമല്ല മറ്റു ക്ലാസ്സുകളിലും പാഠഭാഗങ്ങൾ എന്നെക്കൊണ്ടായിരുന്നു വായിപ്പിച്ചിരുന്നത്. ഉറച്ച ശബ്ദവും സ്ഫുടതയും ഉണ്ടായിരുന്നതുകൊണ്ട് വായന എന്റെ കുത്തകയായി മാറിയിരുന്നു. സംഗീതത്തിൽ ഉണ്ടായിരുന്ന കഴിവ് അനേകം സമ്മാനങ്ങൾ വാരികൂട്ടാനും സഹായിച്ചിരുന്നു. പൊതുവെ പറഞ്ഞാൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസകാലം ഏറെ ആഹ്ലാദകരവും പ്രയോജനകരവും ആയിരുന്നു.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം പ്രീ യൂണിവേഴ്സിറ്റി കോഴ്സിന് വേണ്ടി സെന്റ് ആൽബർട്ട്സ് കോളേജിൽ ചേർന്നു. കോഴ്സ് പൂർത്തിയാക്കി വടവുകോട് രാജർഷി മെമ്മോറിയൽ ട്രെയിനിംഗ് സ്കൂളിൽ അദ്ധ്യാപകപരിശീലനം നേടി . രണ്ട് വർഷത്തെ വടവുകോട് പരിശീലന കാലത്ത് പള്ളി മേടയിൽ താമസിച്ചിരുന്നതുകൊണ്ട് മലങ്കര മല്പ്പാൻ കോരൻ അച്ചനുമായി ആശയവിനിമയം നടത്താനും

അദ്ദേഹത്തിൽ നിന്ന് ആരാധനാസംഗീതം അഭ്യസിക്കുന്നതിനും സാധിച്ചത് വളരെ സന്തോഷത്തോടെ രേഖപ്പെടുത്തുന്നു. പരിശുദ്ധ ബസേലിയോസ് മാത്യൂസ് പ്രഥമൻ ബാവാ ഒരിക്കൽ എന്നോട് ചോദിക്കുകയുണ്ടായി. ആരാണ് തന്റെ ഗുരു എന്ന്. പുണ്യശ്ലോകനായ പൗലോസ് മാർ സേവേറിയോസ് തിരുമേനിയും, യശ്ശശരീരനായ എന്റെ അപ്പച്ചനുമായിരുന്നു എന്ന് പറഞ്ഞപ്പോൾ അദ്ദേഹം പ്രതിവചിച്ചു ഞാൻ വിചാരിച്ചത് കോരത് മല്പ്പാനായിരിക്കും എന്നാണ്. അവിടുത്തെ താമസക്കാലത്തുതന്നെ ബഹു. വെണ്ടപ്പിള്ളി അച്ചനുമായി കൂടുതൽ അടുക്കാൻ ഇടയായി. പിന്നീട് ഒരുമിച്ച് സഭയുടെ പ്രതിസന്ധിയിൽ പ്രവർത്തിക്കാൻ സാധിച്ചുവെന്നുള്ളതും പ്രസ്താവ്യമാണ്. 1960-ൽ പള്ളി സ്കൂളിൽ അദ്ധ്യാപകനായി.

വൈദികസേവനത്തിന് എന്തായിരുന്നു പ്രേരണ എന്ന ജോയിസിന്റെ ചോദ്യത്തിന്റെ മറുപടി.

ഒരു പട്ടക്കാരനാകണമെന്ന ആഗ്രഹം ചെറുപ്പത്തിൽതന്നെ മനസ്സിൽ ഉയർന്നിരുന്നു. അതിനു പ്രബലമായ അടിത്തറ പാകിയത്. അപ്പച്ചന്റെ വൈദീക ജീവിതശൈലിയും ആകർഷവും, മനസ്സിനെ ത്രസിപ്പിക്കുന്ന വിധത്തിലുള്ള മധുരോദാരമായ ആരാധനയും ആയിരുന്നു. അപ്പച്ചന്റെ ആരാധന സവിശേഷതയെക്കുറിച്ച് മറ്റുള്ളവർ പറഞ്ഞ് കേൾക്കുമ്പോൾ അതുപോലെ ആയിത്തീരണം എന്ന ഒരു നിശ്ചയദാർഢ്യത്തിലേക്ക് മനസ്സിനെ ഉറപ്പിക്കാൻ തീവ്രമായി ശ്രമിച്ചിരുന്നു. കുട്ടിക്കാലത്തെ കളികളിൽ അധികവും ഒരച്ചനായി പുതപ്പ് പുതച്ച് കർമ്മം അനുഷ്ഠിക്കുന്ന വൈദീകനായുള്ള അഭിനയമായിരുന്നു അധികവും. ഇതെല്ലാം കണ്ട് സന്തോഷിച്ചിരുന്ന എന്റെ അമ്മ പറയുമായിരുന്നു. നിന്നെ അച്ചനാക്കാം എന്ന്. എന്റെ സഹോദരങ്ങൾ എന്റെ അഭിനയകർമ്മങ്ങളിൽ പങ്കാളികളായിരുന്നു. എന്റെ അനിയൻ ബേബിച്ചൻ ചിരട്ട കെട്ടി ആട്ടിക്കൊണ്ട് ശുശ്രൂഷക്കാരന്റെ റോൾ അഭിനയിച്ചിരുന്നു. എന്റെ അമ്മയുടെ ആഗ്രഹപ്രകാരം മദ്ബഹായിലെ ശുശ്രൂഷകനായി പെരുമ്പിള്ളി പള്ളിയുടെ മദ്ബഹായിൽ എന്നെ പ്രവേശിപ്പിച്ചു. കാലം ചെയ്ത പൗലോസ് മാർ സേവേറിയോസ് തിരുമേനിയായിരുന്നു കൈവയ്പ് തന്ന് അനുഗ്രഹിച്ചതും. അതായിരുന്നു ഒരു കുട്ടിയായിരുന്ന എന്റെ ജീവിതസാഫല്യത്തിന്റെ ആദ്യപടി. പത്താം ക്ലാസ്സ് പഠനം അവസാനിച്ച ഉടനെതന്നെ വെട്ടിക്കൽദയറായിൽ ഓർമ്മദിവസം അഭിവന്ദ്യ. പൗലോസ് സേവേറിയോസ് തിരുമേനി ശെമ്മാശ്ശ സ്ഥാനത്തിന്റെ ആദ്യപടിയിലേക്ക് എന്നെ ഉയർത്തി. പ്രീയൂണിവേഴ്സിറ്റി പൂർത്തിയാക്കിയതിനുശേഷം തിരുമേനിയുടെ ആസ്ഥാനമായ കൊരട്ടി സിയോൻ സെമിനാരിയിലേക്ക് എന്നെ ചേർക്കുകയും രണ്ട് കൊല്ലക്കാലം തിരുമേനിയുടെ സെക്രട്ടറിയായി നിയോഗിക്കുകയും തിരുമേനിയുടെ യാത്രാവേളകളിൽ അനുഗമിക്കുകയും ചെയ്തുകൊണ്ട് ധാരാളം പള്ളികൾ സന്ദർശിക്കാനുള്ള ഭാഗ്യമുണ്ടായി.

തിരുമേനിയുടെ കൂടെയുള്ള ജീവിതം ശുശ്രൂഷക്രമങ്ങൾ പരിശീലിക്കാനും, നമസ്കാരങ്ങൾ സുറിയാനിയിൽ ചൊല്ലാനും ഉപകരിച്ചു. പട്ടം ഏൽക്കുന്നതിന് മുമ്പ് തന്നെ അപ്പച്ചനിൽ നിന്നും ബുധനാഴ്ച നമസ്കാരം, സുറിയാനിയിൽ ചൊല്ലാൻ പരിശീലിച്ചിരുന്നു. കൊച്ചുപറമ്പിൽ തോമസ് ശെമ്മാശ്ശനും ചേപ്പനത്ത് വർഗ്ഗീസ് ശെമ്മാശ്ശനും പഠനത്തിന് വേണ്ടി അപ്പച്ചനെ സമീപിച്ചിരുന്ന കാലമായിരുന്നു. കൂട്ടത്തിൽ എന്നെയും പഠിപ്പിക്കുവാൻ ഉത്സാഹിച്ചിരുന്നു. പാലക്കാട്ട് വന്ദ്യ. ജോൺ കോർ എപ്പിസ്കോപ്പയുമായി പരിചയപ്പെട്ടപ്പോൾ, ഒഴിവ് സമയങ്ങളിൽ അച്ചന്റെ അടുത്ത് ചെല്ലാനും, പഠിക്കാനും നിർദ്ദേശിച്ചിരുന്നു. വളരെ സ്നേഹത്തോടും സന്തോഷത്തോടും അച്ചൻ സുറിയാനി കുർബ്ബാന ക്രമം പരിശീലിപ്പിച്ചു. ശെമ്മാശ്ശനായ ശേഷം സുറിയാനി രാഗങ്ങൾ പഠിക്കുവാനും മറ്റുമായി 3 മാസക്കാലം മഞ്ഞനിക്കര ദയറായിൽ താമസിക്കാൻ ഇടയായി. പെരുമ്പിള്ളി തിരുമേനി, മേപ്രാൻ തിരുമേനി തുടങ്ങിയവർ അവിടെ സഹപാഠികളായിരുന്നു. വന്ദ്യ. യാക്കോബ് റമ്പാച്ചനായിരുന്നു അവിടെ ക്ലാസ്സുകൾ നയിച്ചിരുന്നത്. സംഗീതത്തിൽ വലിയ കഴിവില്ലാതിരുന്നിട്ടും എക്കാറ മുതലായ കാര്യങ്ങൾ പഠിപ്പിക്കുന്നതിൽ റമ്പാച്ചൻ അതീവ ശ്രദ്ധാലുവായിരുന്നു. അവിടത്തെ സുറിയാനിയിലുള്ള യാമ പ്രാർത്ഥനകൾ പരിശീലിക്കാനും അക്കാലച്ച് സാധിച്ചിരുന്നു.

ഞങ്ങളുടെ വിവാഹമായിരുന്നു തിരുമേനി അവസാനമായി നടത്തിയ വിവാഹകൂദാശ. മാർച്ച് മാസം 16-ാം തീയതി കുന്നംകുളത്ത് വെച്ച് ആകസ്മികമായി തിരുമേനി കാലം ചെയ്തതിൽ കശീശ്ശ സ്ഥാനം എനിക്ക് ലഭിച്ചിരുന്നില്ല. ഭദ്രാസന മെത്രാപ്പോലീത്ത കാലം ചെയ്തിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന പ. ഗീവർഗ്ഗീസ് ബസേലിയോസ് കാതോവിക്ക ബാവായിൽ ഭരണഘടനപ്രകാരം ഭരണം നിക്ഷിപ്തമായി. അദ്ദേഹത്തിന്റെ അസിസ്റ്റന്റായിരുന്ന ദാനിയേൽ മാർ പീലക്സിനോസ് തിരുമേനിയുടെ നിർദ്ദേശ പ്രകാരം അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന ഗീവർഗ്ഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്നും 1962 ജൂൺ 30 ന് മറ്റ് 4 പേരോടൊപ്പം കശ്ശീശ്ശ സ്ഥാനം പ്രാപിച്ചു.

വൈദികശുശ്രൂഷ നിർവ്വഹിച്ച പള്ളികളെപ്പറ്റിയുള്ള സുബിന്റെ ചോദ്യത്തോട് അച്ചന്റെ വെളിപ്പെടുത്തൽ.

കൊച്ചി ഭദ്രാസനത്തില കൊരട്ടി സിയോൻ സെമിനാരി ചാപ്പൽ, വടക്കഞ്ചേരി തെനിടുക്ക് പള്ളി, മുളന്തുരുത്തി മാർത്തോമ്മൻ പള്ളി, തുരുത്തിക്കര ചാപ്പൽ, എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ, പള്ളം സെന്റ് പോൾസ് പള്ളി, താഴത്തങ്ങാടി ചാപ്പൽ, മാന്തുരുത്തേൽ പള്ളി തുടങ്ങിയ പല പള്ളികളിലും സേവനം അനുഷ്ഠിക്കാൻ ഇടയായി. ഇപ്പോൾ തലക്കോട് മാർ ഗ്രീഗോറിയോസ് ചാപ്പലിലാണ് ശുശ്രൂഷ

ചെയ്യുന്നത്.

ബാഹ്യകേരളഭദ്രാസനത്തിൽ ഹൈദരാബാദ്, മദ്രാസ് ബ്രോഡ് വേ പള്ളി, തുടങ്ങിയതിലും സേവനം അനുഷ്ഠിക്കാൻ സാധിച്ചിരുന്നു. ഇന്ത്യയിലെ പ്രധാന പട്ടണങ്ങളിലെ പള്ളികളിൽ പോകുവാനും, ബലി അർപ്പിക്കുവാനും കഴിഞ്ഞിരുന്നു. അഹമ്മദാബാദ്, ഗാന്ധിനഗർ, ബറോഡ, ബോംബെ, ഡൽഹി, പൂന, മദ്രാസ്, ബാംഗ്ലൂർ, ലക്നൗ, ജാംഷെഡ്പൂർ, ബൊക്കോറോ, ദുർഗ്ഗാപൂർ തുടങ്ങിയ നഗരങ്ങളിലും സൗത്ത് ആഫ്രിക്ക, യു.എ.ഇ, ബഹ്റിൻ തുടങ്ങിയ സ്ഥലങ്ങളിലെ പള്ളികളിലും സിങ്കപ്പൂർ, മലേഷ്യ, തുടങ്ങിയ സ്ഥലങ്ങളിലും വി.കുർബ്ബാന അർപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

മാതൃ ഇടവകയായ മുളന്തുരുത്തിപ്പള്ളിയിലെ പ്രവർത്തനങ്ങൾ അനുസ്മരിക്കാമോ എന്ന ചോദ്യത്തിന്റെ ഉത്തരം.

മുളന്തുരുത്തി മാർത്തോമ്മൻപള്ളിയിൽ 1966 ൽ പ.ഔഗേൻ ബാവയാണ് എന്നെ സഹപട്ടക്കാരനായി നിയമിച്ചത്. ഞാൻ 7-ാം തവണപ്പട്ടക്കാരനായി ചുമതലയേറ്റു. യുവജനപ്രസ്ഥാനം, മർത്തമറിയം സമാജം, സണ്ടേസ്ക്കൂൾ തുടങ്ങിയ ആത്മിയപ്രസ്ഥാനങ്ങൾ നവീകരിക്കുന്നതിനും അതിലൂടെ ആത്മിയവളർച്ച നേടാനും ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നു. എല്ലാ ബുധനാഴ്ചകളിലും സന്ധ്യാനമസ്കാരത്തെ തുടർന്ന് ആത്മിയപ്രഭാഷണ പരമ്പര ആരംഭിക്കുകയും അനേകം വിശ്വാസികൾ സംബന്ധിക്കുകയും ചെയ്തുകൊണ്ടിരുന്നു. മാസാന്ത്യ ഞായറാഴ്ച കരവട്ടെ വടക്കെ കുരിശിന് സമീപം സന്നദ്ധസുവിശേഷസംഘം എന്ന ആത്മീയസംഘടനയുടെ ആഭിമുഖ്യത്തിൽ സുവിശേഷപ്രസംഗം ആരംഭിച്ചു. ഇന്ന് ചലച്ചിത്രപരസ്യരംഗത്ത് പ്രശസ്തനായ സാബു കൊളോണിയയുടെ നേതൃത്വത്തിൽ ഒരു ഗായകസംഘം രൂപീകരിക്കുകയും ആരാധന സ്വർഗ്ഗീയമാക്കാൻ ഉപകരിക്കുകയും ചെയ്തു. പട്ടക്കാരുടെ വരുമാന സ്വീകരണം നിർത്തലാക്കിയിട്ട് ശമ്പളസമ്പ്രദായം ആവിഷ്കരിക്കുകയും, രണ്ട് പ്രായമായ പട്ടക്കാർക്ക് പെൻഷൻ അനുവദിക്കുകയും തവണപട്ടക്കാർ പള്ളിയിൽ താമസിക്കണമെന്നുള്ള നിർദ്ദേശം ഞാൻ തന്നെ നടപ്പിലാക്കിക്കൊണ്ട് താമസമാരംഭിക്കുകയും, സന്ധ്യയ്ക്കും, പ്രഭാതത്തിലും മുടങ്ങാതെ നമസ്കാരങ്ങൾ നടത്തുകയും ചെയ്യാൻ സഹായകമായി. ജൂബിലി പെരുന്നാൾ ഭക്തിസാദ്രമാക്കാനും, കൂടുതൽ വർണ്ണശബളമാക്കാനും ജനപങ്കാളിത്തം വർദ്ധിപ്പിക്കാനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു. അങ്ങനെ ആത്മീയ നവോത്ഥാനത്തിന്റെ വേരുകൾ പാകി പുതിയ തലമുറയെ ശരിയായ ദിശാബോധമുള്ളവരാക്കാൻ പരിശ്രമിച്ച്കൊണ്ടിരുന്നു.

ജോയിസ്: തുരുത്തിക്കര ചാപ്പൽ സ്ഥാപിക്കുവാൻ ഇടയായതെങ്ങനെ?

1970-ൽ മുളന്തുരുത്തി മാർത്തോമ്മാൻ പള്ളിയിലെ പ്രവൃത്തകസംഘത്തിന്റെ ഒരു കെട്ടിടം പണിയെ തുടർന്നുള്ള വിവാദത്തിൽ കുടുങ്ങി എന്റെ സേവനം ഞാൻ അവസാനിപ്പിക്കുകയുണ്ടായി. ഇക്കാലത്തുതന്നെ തുരുത്തിക്കര ചാപ്പലിന്റെ നിർമ്മാണം ആരംഭിച്ചിരുന്നു. അതിന്റെ ശിലാസ്ഥാപനം മുതൽ കൂദാശ വരെയുള്ള ഘട്ടങ്ങളിൽ അതിന്റെ നിർമ്മാണത്തിനുവേണ്ടി കഠിനാദ്ധ്വാനം വേണ്ടി വന്നിരുന്നു. കൂലി കൊടുക്കാൻ പണം ഇല്ലാതെ വന്ന സന്ദർഭങ്ങളിൽ എന്റെ ഭാര്യയുടെ ആഭരണങ്ങൾ പണയം വെച്ച് പണം വാങ്ങി കൂലികൊടുക്കേണ്ടതായി വന്നിട്ടുണ്ട്. അങ്ങനെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങാതെ നടത്തിയതുകൊണ്ട് 1968 സെപ്റ്റംബർ 14 ന് മുമ്പായി മദ്ബഹാ പണി പൂർത്തീകരിക്കുകയും ഹൈക്കാലായിൽ ഷെഡ് കെട്ടി സെപ്റ്റംബർ 14 ന് കൊച്ചി ഭദ്രാസനമെത്രാപ്പോലീത്ത മാർ സേവേറിയോസ് തിരുമേനിയാൽ താൽക്കാലിക കൂദാശ നടത്തി. എടപ്പങ്ങാട്ടിൽ ഓരിയേലിൽ യാക്കോബ് കോർ എപ്പിസ്കോപ്പായുടേയും, ആരക്കുന്നം കെ.റ്റി. സഖറിയ കോർ എപ്പിസ്കോപ്പായുടെ ഒരു വലിയ വിശ്വാസി സമൂഹത്തിന്റെ ഭക്തിസാന്ദ്രമായ സാന്നിദ്ധ്യത്തിൽ വന്ദ്യ.തിരുമേനി ദിവ്യബലി അർപ്പിച്ചു. പല ഘട്ടങ്ങളിലായി പണി പൂർത്തിയാക്കിയ പള്ളിയുടെ ഔപചാരിക കൂദാശ 1994 ൽ ഇപ്പോഴത്തെ പ.കാതോലിക്ക ബാവയുടെ നേതൃത്വത്തിൽ മാത്യൂസ് മാർ സേവേറിയോസ്, സഖറിയ മാർ അന്തോണിയോസ് എന്നീ തിരുമേനിമാരുടെ സഹകാർമ്മികത്വത്തിൽ നിർവ്വഹിക്കുകയും അന്നത്തെ നിയമസഭാ സ്പീക്കർ ശ്രീ.പി.പി. തങ്കച്ചന്റെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനം കൂടുകയും നിർമ്മാണ ചുമതലകൾ നിർവ്വഹിച്ചവരെ പ്രത്യേകം ആദരിക്കുകയും ചെയ്തു. പരുമലയിൽ നിന്ന് കൊണ്ട് വന്ന ഭദ്രദീപം മുളന്തുരുത്തി പള്ളിയിൽ നിന്നും ആദരപൂർവ്വം ആഘോഷമായി കൊണ്ട് വന്നത് അഭിവന്ദ്യ.തിരുമേനി തന്നെ ത്രോണാസിൽ കൊളുത്തി പ്രകാശിപ്പിച്ചു. ചാത്തുരുത്തി കുടുംബത്തിൽ പ.പരുമല തിരുമേനി കട്ടിളപ്പടിയിൽ പ്രാർത്ഥിച്ച് വെച്ചിരുന്ന വെള്ളിക്കാശും, പരശതം പ്രാവശ്യം പരിശുദ്ധൻ ശിരസ്സിലണിഞ്ഞ് വി. ബലി അർപ്പിച്ചിട്ടുള്ള ശിരോവസ്ത്രമായ മട്ടി തൊപ്പിയും, പരിശുദ്ധന്റെ പരിശിഷ്ടമായി പള്ളിയിൽ സ്ഥാപിച്ചു. എല്ലാ വെള്ളിയാഴ്ചകളിലും പരിശുദ്ധന്റെ പെരുന്നാൾ നമസ്കാരമായ പെങ്കിസാ നമസ്കാരം നടത്തികയും ശനിയാഴ്ചകളിൽ വി.കുർബ്ബാന മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുകയും ചെയ്തിരുന്നു. അനേകം വിശ്വാസികൾ ഇതിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചിരുന്നു.

തുരുത്തിക്കരയിൽ ചാപ്പൽ പ്രവർത്തനങ്ങൾ വിവരിക്കാമോ?

മുളന്തുരുത്തിയിലെ കക്ഷി ഭിന്നത മൂലം വന്ന് താമസിക്കുന്ന ഓർത്തോഡ്ക് വിഭാഗക്കാരുടെ മൃതദേഹസംസ്കാരത്തിനു വേണ്ടി ഒരു കോൺക്രീറ്റ് വാൾട്ട് സെമിത്തേരി (25 വാൾട്ട്) പണി തീർത്തു. അതോടൊപ്പം ഒരു ചെറിയ പാരിഷ് ഹാൾ നിർദ്ദേശിക്കുന്നതിനും സാധിച്ചിരുന്നു.പൊല്ലെമുകൾ ഭാഗത്ത് പള്ളിപ്പുറം യാക്കൂബ് നൽകിയ 5 സെന്റ് സ്ഥലവും, 5000 രൂപയും ചേർത്ത് പരിശുദ്ധ.പരുമല തിരുമേനിയുടെ നാടത്തിൽ ഒരു കുരിശും തൊട്ടി കാലം ചെയ്ത ജോസഫ് മാർ പക്കോമിയോസ് തിരുമേനി ശിലാസ്ഥാപനം നടത്തിയതു പൂർത്തിയാക്കി. എല്ലാ രണ്ടാം ശനിയാഴ്ചകളിലും അവിടെ പരിശുദ്ധന്റെ പെരുന്നാളിന്റെ പെങ്കിസാ നമസ്കാരം ആരംഭിക്കുകയും, നാനാജാതി മതസ്ഥരായ ധാരാളം പേർ പങ്കെടുക്കുകയും ചെയ്തിരുന്നത് ഇന്നും മുടങ്ങാതെ നടക്കുകയും നേർച്ചയും നടത്തിവന്നിരുന്നു.

1968-ൽ തന്നെ പരുമലയ്ക്കുള്ള തീർത്ഥയാത്ര ആരംഭിച്ചിരുന്നു. തിരുവല്ല വരെ വാഹനത്തിലും അവിടെ നിന്നും കാൽനടയായും കബറിങ്കൽ എത്തി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിയിരുന്നു. ധാരാളം വിശ്വാസികൾ പങ്കെടുത്ത മദ്ധ്യസ്ഥ പ്രാർത്ഥന അനേകരുടേയും കണ്ണുകളിൽ നിന്ന് അശ്രുകണങ്ങൾ ഒഴുകിയെത്താൻ പ്രേരണ നൽകിയിരുന്നു. 1994-ൽ ഏകദേശം 30 വർഷത്തെ സേവനം പൂർത്തിയാക്കി അവിടെ നിന്നും പിരിയുകയും ചെയ്തു.

വിവാഹം കുടുംബജീവിതം എന്നിവയെപ്പറ്റി വിശദമാക്കാമോ?

1962 ഫെബ്രുവരി 25-ന് ആയിരുന്നു വിവാഹം. കാലം ചെയ്ത കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത പൗലൂസ് മാർ സേവേറിയോസ് തിരുമേനിയായിരുന്നു വിവാഹ കൂദാശ നിർവ്വഹിച്ചത്. മുളന്തുരുത്തിയിലെ എല്ലാ അച്ചന്മാരും സഹകാർമ്മികത്വം വഹിച്ചിരുന്നു. ഓർത്തഡോക്സ് സഭയിലെ പ്രശസ്ത ഇടവകയായ കല്ലൂപ്പാറ സെന്റ് മേരീസ് പള്ളി ഇടവകയിൽ മേലേക്കൂറ്റ് എം.എ.ജോണിന്റേയും അച്ചാമ്മയുടേയും മക്കളിൽ 7-ാമത്തെ മകളായ അദ്ധ്യാപിക ലീലാമ്മയായിരുന്നു വധു. മക്കളെ ദൈവഭയത്തിലും അച്ചടക്കത്തിലും വളർത്തിയിരുന്ന ഉത്തമരായ മാതാപിതാക്കളുടെ മകളായി ജനിച്ചതുകൊണ്ട് ചെറുപ്പം മുതലേ, പള്ളിയാരാധന, പ്രാർത്ഥന, നോമ്പ് തുടങ്ങിയ ആത്മിയശിക്ഷണം ലഭിച്ചിരുന്നു. സണ്ടേ സ്കൂൾ അഭ്യസനം വഴിയായും മതിയായ ശിക്ഷണം കിട്ടിയിരുന്നതുകൊണ്ട് നിഷ്ഠയും, ചിട്ടയും ഉള്ള ഒരു ജീവിതശൈലി ചെറുപ്പം മുതലേ സ്വായത്തമാക്കിയിരുന്നു. പള്ളിയിലുള്ള എല്ലാ കാര്യങ്ങളിലും സജീവശ്രദ്ധ പുലർത്തുകയും, പങ്കാളിയായിത്തീരുകയും ചെയ്തിരുന്നതുകൊണ്ട് ഒരു പട്ടക്കാരന്റെ സഹധർമ്മിണിയാകാനുള്ള എല്ലാ യോഗ്യതകളും സ്വന്തം കുടുംബത്തിൽ നിന്നും, ഇടവകയിൽ നിന്നും ലഭിച്ചിരുന്നത് ഒരു അനുഗ്രഹമായിരുന്നു. ഒരു വൈദികൻ ഗൃഹസ്ഥാശ്രമ ജീവിതം നയിക്കുന്നുവെങ്കിലും പലപ്പോഴും ഒരു സന്യാസിയുടെ ജീവിതശൈലിയിലെ ബ്രഹ്മചര്യം ആവശ്യമായ ഘട്ടങ്ങൾ ഉണ്ട്. അത്തരം സന്ദർഭങ്ങളിലൊക്കെയും, വൈദികചുമതലകൾ വിധിപോലെ നിർവഹിക്കുവാൻ, തുണയും ഇണയുമായി നിലകൊണ്ട് ദൈവസ്നേഹം രുചിച്ചറിയാനുള്ള സന്ദർഭമായി തരണം ചെയ്യുവാൻ അസാമാന്യമായി ആത്മധൈര്യം പുലർത്തിയിരുന്നു. സണ്ടേസ്കൂൾ അദ്ധ്യാപിക, സമാജംപ്രവർത്തക തുടങ്ങിയ ആത്മിയപ്രസ്ഥാനങ്ങളിൽ പ്രവർത്തിപ്പാനും മനസ്സ് കാണിച്ചിരുന്നു. അതിഥികളെ സൽക്കാരിക്കാനും, ബന്ധുമിത്രാദികളെ ആദരവോടെ സ്വീകരിപ്പാനും, സ്നേഹിക്കാനും, അതോടൊപ്പം മക്കളുടെ വളർച്ചയ്ക്കും പഠനത്തിനും ആവശ്യമായ കരുതൽ നടത്താനും വളരെ സാമർത്ഥ്യത്തോടെ പ്രവർത്തിക്കാൻ കഴിയുമായിരുന്നു. ശ്രേഷ്ഠമായ ഒരു അദ്ധ്യാപിക എന്ന പേർ നിലനിർത്തിക്കൊണ്ട് 1990-ൽ അദ്ധ്യാപനരംഗത്തു നിന്ന് വി.ആർ.എസ്. എടുത്ത് പിരിയുവാൻ ഇടയായി.

മക്കൾ മേശയ്ക്കു ചുറ്റും ഒലിവുതൈകൾ എന്ന തിരുവചനം അച്ചന്റെ ജീവിതവുമായി എങ്ങനെ ചേരുന്നു?

ഞങ്ങൾക്ക് രണ്ട് മക്കളെയാണ് ദാനമായി ദൈവം തന്നത്. അവരെ ഉത്തമരാക്കി വളർത്തുവാൻ തക്കവണ്ണം മാതൃകാപരമായി ജീവിക്കാൻ ഞങ്ങൾ ആഗ്രഹിച്ചു. എല്ലാ കാര്യങ്ങളിലും ഉത്തമ മാതൃകാമാതാപിതാക്കളായിത്തീർന്നുകൊണ്ട് നല്ല മാർഗ്ഗനിർദ്ദേശം നൽകി അവരെ വളർത്തി പഠിപ്പിച്ചു. രണ്ടു പേരും എഞ്ചിനീയർമാരായിത്തീർന്നു. മകൾ സിജിയുടെ ബി.ടെക് പഠനം കഴിഞ്ഞ ഉടനെതന്നെ വിവാഹം നടത്തി. വാഴൂർ വടക്കേക്കര വി.വി. ഇട്ടിയുടെയും അന്നമ്മയുടെയും മകൻ ജോർജ്കുട്ടിയായിരുന്നു വരൻ. എം.ടെക്കിനു ശേഷം മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ അദ്ധ്യാപകനായിരുന്ന ജോർജ്ജ് കുട്ടി സിജിയെ അവിടെ കൊണ്ടുപോയി ജോലിയിൽ പ്രവേശിപ്പിച്ചുകൊണ്ട്, എം.ടെക്ക് എടുക്കാനും, തുടർന്ന് അവരിരുവരും പി.എച്ച്.ഡി. എടുക്കാനും ഇടയായി. ഇപ്പോൾ അവരിരുവരും H.O.D. മാരായ പ്രഫസർമാരായി ജോലി ചെയ്യുന്നു. ജോർജ്കുട്ടി ജയ്പൂരിലുള്ള എഞ്ചിനിയറിംഗ് കോളേജിലെ രജിസ്ട്രാർ ആയി സേവനം ചെയ്യുന്നു. തികഞ്ഞ ഭക്തനും അച്ചടക്കത്തോടെ തന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ താല്പര്യമുള്ളവനും ഓർത്തഡോക്സ് സഭാവിശ്വാസിയുമായ ജോർജുകുട്ടി മണിപ്പാൽ ആരാധനാകേന്ദ്രത്തിലെ പ്രധാനവാക്താവായും പ്രവർത്തിക്കുന്നു. രണ്ട് പെൺകുട്ടികളാണ് അവർക്കുള്ളത്. സംഗീതത്തിൽ അഭിരുചിയുള്ള അവർ പള്ളിയാരാധനയിൽ പങ്കെടുത്ത് ആരാധന എത്രയും ഭക്തിസംവൃദ്ധമാക്കാൻ സഹായിക്കുന്നു. മൂത്ത മകൾ അന്ന എം.ടെക്

വിദ്യാർത്ഥിനിയും ഇളയ മകൾ മേരി ബി.ടെക് വിദ്യാർത്ഥിനിയുമാണ്.

മകൻ അജി കുര്യൻ ബി.ടെക്, എം.ആർ.എഫിൽ 15 കൊല്ലത്തോളം മെയിന്റനൻസ് എഞ്ചിനീയറീയിരുന്നു. സഹായ ശുശ്രൂഷക്കാരനായും, പ്രാർത്ഥന മുതലായ കാര്യങ്ങളിൽ, ചിട്ടയുള്ളവൻ ആയും, ദൈവഭയത്തിൽ ജീവിക്കുന്നു. ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ധനസഹായം ചെയ്യുന്ന ആർദ്രമായ ഒരു മനസ്സിന്റെ ഉടമയാണ്. ഇപ്പോൾ 7 വർഷമായി ബഹ്റിനിൽ ഇലക്ട്രിക്കൽ ഡിസൈൻ എഞ്ചിനീയറായി ജോലി ചെയ്യുന്നു. അജിയുടെ ഭാര്യ സായ പെരുമ്പാവൂർ പാറപ്പാട്ട് ഡോ. വർഗീസിന്റെയും, ലില്ലിയുടെയും രണ്ടാമത്തെ മകളാണ്. അഭ്യസ്ഥവിദ്യയായ സായാ ഹൗസ് വൈഫായിരുന്നുകൊണ്ട് ആത്മിയത () കാത്തുസൂക്ഷിക്കുന്നതിൽ ശ്രദ്ധാലുവാകുന്നു. ദേവലോകം സണ്ടേസ്ക്കൂൾ അദ്ധ്യാപിക, ഗായകസംഘത്തിലെ അംഗം തുടങ്ങിയ കാര്യങ്ങളിൽ പങ്കെടുത്തിരുന്നു. ഏക മകൻ കുര്യാൻ (അപ്പു) ബി.ടെക് വിദ്യാർത്ഥിയാണ്. മാതാപിതാക്കളെ ബഹുമാനപൂർവ്വം ആദരിക്കുന്നതിലും അവർക്കാവശ്യമായ സഹായങ്ങൾ യഥാസമയം നിർവ്വഹിക്കുന്നതിലും, നല്ല ത്യാഗമനോഭാവവും കർമ്മകുശലതയോടുകൂടിയ ശൈലിയും സ്വായത്തമാക്കിയിരിക്കുന്നു.

മക്കൾ രണ്ടു പേരും, അവരുടെ ഇണകളോട് ചേർന്ന് സന്തുഷ്ടമായ കുടുംബജീവിതം നയിക്കുന്നതിനോടൊപ്പം ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ ദൈവം നൽകിയ ദാനങ്ങൾ വിഭജിച്ച് കൊടുക്കുന്നതിലും അവർ ഒരുമയുള്ള മനസ്സുള്ളവരാണ്.

73 വയസ്സിന്റെ നിറവിൽ 37 വയസ്സിന്റെ ചുറുചുറുക്കോടെ ആദ്ധ്യാത്മിക സാമൂഹ്യമണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച് പ്രതിസന്ധികളുടെ മദ്ധ്യത്തിലും ക്രൈസ്തവസാക്ഷ്യം നിർവ്വഹിക്കുന്ന ഈ ആചാര്യ ശ്രേഷ്ഠനോട് വിടപറയുമ്പോൾ ഞങ്ങളുടെ ഓരോരുത്തരുടെയും മനസ്സിൽ തീപ്പൊരിയുമായി ആ വൈദി കഗൃഹത്തോട് യാത്ര പറഞ്ഞു.

### ഒരു പഴമൊഴി

തുരുത്തിക്കര പള്ളി നിർമ്മാണത്തിനുള്ള ഫണ്ട് ശേഖരണത്തിനായി, പുളിക്ക്യമാലിയിൽ അമ്പലം കുഞ്ഞുവർക്കി എന്ന വയോധികന്റെ ഭവനത്തിൽ ചെന്നപ്പോൾ 25 രൂപ തന്നുകൊണ്ട് അദ്ദേഹം പറഞ്ഞു. കൊച്ച് കത്തനാരച്ചൻ ഇപ്പോഴേ കള്ളനെന്നു വിളി കേൾക്കാൻ ഇറങ്ങി പുറപ്പെട്ടിരിക്കയാണ്. എങ്കിലും തളർന്ന് പോകരുത്.

### വിഘടിതഗ്രൂപ്പിന്റെ നിഷ്ഫലമായ ഒരാക്രോശം

1975 ജൂലൈ 3 ന് പ.മാർത്തോമ്മാശ്ലീഹായുടെ ദു:ഖറോനോ പെരുന്നാളിന് തുരുത്തിക്കര മാർ ഗ്രീഗോറിയോസ് ചാപ്പലിൽ വി.ബലി അർപ്പിക്കാൻ വന്ന സിമ്മനാരി പ്രിൻസിപ്പളും, ഡൽഹി ഭദ്രാസന മെത്രാപ്പോലീത്തായുമായ കാലം ചെയ്ത പുണ്യ ശ്ളോഘനായ പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി കാറിൽ നിന്നിറങ്ങിയ ഉടനെ, ഏതാനും പേർ പെട്ടെന്ന് പ്രത്യക്ഷപ്പെടുകയും, പോൾ വർഗീസ് ശോബാക്ക് എന്ന് 3 പ്രാവശ്യം ഉച്ചത്തിൽ വിളിച്ച് ആക്ഷേപിക്കാൻ ശ്രമിച്ചു. ഉടൻതന്നെ പിറവം സി.ഐ..യുടെ നേതൃത്വത്തിൽ വന്ന പോലീസ് സംഘം അവരെ അവിടെ നിന്ന് പുറത്താക്കുകയും തുടർന്നു പെരുന്നാൾ പരിപാടികൾ ഭംഗിയായി നടത്തുകയും ചെയ്തു.

## പട്ടം നൽകുന്നത് പരിശുദ്ധാത്മാവാണ്

മെത്രാപ്പോലീത്താമാർ സാധാരണയായി പട്ടം സ്വീകരിക്കുന്ന വ്യക്തികളുടെ പേരും തീയ തിയും എല്ലാം എഴുതി സൂക്ഷിക്കുന്ന പതിവുണ്ട്. ... വീട്ടിൽ ... ന്റെ മകൻ ...ാം തീയതി ... മെ ത്രാപ്പോലീത്തായുടെ കൈയാൽ പരി. റൂഹായാൽ പട്ടം കെട്ടപ്പെടുന്നു. ഇങ്ങനെയാണ് പട്ടംകൊടപ്പുസ്തകത്തിൽ എഴുതുന്നത്. പട്ടം നല്കുവാൻ സഭ നിയമിച്ചിരിക്കുന്ന വ്യക്തി അത് നിർവ്വഹിക്കുന്നു എന്നുമാത്രം. അതുകൊണ്ട് പട്ടം തന്നു എന്നതിന്റെ പേരിൽ ഭൗതികഭര ണത്തിന് അധികാരമില്ല. ഭൂരിപക്ഷം എന്ന വാക്കാണ് പാത്രിയർക്കീസ് വിഭാഗത്തിന്റെ മറ്റൊ രാവാദം. നഷ്ടപ്പെട്ടുപോയ ഒരു പാരമ്പര്യം നിലനിർത്തുവാൻ മലങ്കര സഭ നടത്തിയ ശ്രമ ത്തിന്റെ ഭാഗം മാത്രമാണ് അന്ത്യഖ്യൻ ബന്ധം. ഈ സഭയുടെ വിശ്വാസപരമായ പ്രതിസന്ധി യിൽ സഹായിക്കുവാൻ മാത്രമാണ് പാശ്ചാത്യ സുറിയാനി സഭയെ ക്ഷണിച്ചത്. ഈ സഭ യിൽ വ്യവസ്ഥാപിതമായ ഭരണസംവിധാനം ഉണ്ടായിരുന്നു. ഉദയംപേരൂർ സുന്നഹദോസിന് മുമ്പും ശേഷവുമെല്ലാം ഈ സംവിധാനം തുടർന്നു. കാലാകാലങ്ങളിൽ പരിഷ്കാരങ്ങൾ ഈ സംവിധാനത്തിന് വന്നിട്ടുണ്ട്. 1958 ലും 1995 ലും ഈ ഭരണസംവിധാനത്തെ ഭാരത ത്തിന്റെ പരമോന്നത നീതിപീഠം അംഗീകരിച്ചതാണ്. ഈ ഔദ്യോഗിക ഭരണ സംവിധാന ത്തിന്റെ കീഴിലാണ് മുളന്തുരുത്തി പള്ളി നിലനിൽക്കുന്നത്.

### പിതാവിന്റെ ഒരു സാരോപദേശം

1975 ജൂലൈ മാസത്തിൽ ഒരു ഞായറാഴ്ച വി.കുർബ്ബാന അർപ്പിക്കാൻ ചെന്ന എന്നെ യുവജനങ്ങളുടെ ഒരു കൂട്ടം വളയുകയും, തന്തയില്ലാത്തവൻ എന്ന് വിളിച്ച് ആക്ഷേപിക്കുകയും ചെയ്തെങ്കിലും ഞാൻ പ്രഭാത പ്രാർത്ഥന ആരംഭിച്ചു. ശുശ്രൂഷക്കുപ്പായം ഇട്ട ഒരു ചെറുപ്പക്കാരൻ പെരുമ്പിള്ളി തിരുമേനിയുടെ പേര് പറഞ്ഞില്ലെങ്കിൽ അച്ചനെക്കൊണ്ട് ഞങ്ങൾ കുർബാന ചൊല്ലിക്കില്ലെന്ന് കട്ടായമായി പറഞ്ഞു. ആ ആൾ തന്നെ ധൂപം വിശേണ്ട സമയമായപ്പോൾ കപ്യാർ മത്തായിയുടെ കൈയിൽ നിന്നും ധൂപക്കുറ്റി തട്ടിപ്പറിക്കാൻ ശ്രമിക്കുകയും, കപ്യാരെ കൈയേറ്റം ചെയ്യാൻ ആരംഭിച്ചപ്പോൾ എല്ലാവരെയും പുറത്താക്കി പള്ളി പൂട്ടി ഞാൻ എന്റെ വീട്ടിലേക്ക് പോന്നു. ഈ സംഭവങ്ങൾ അറിഞ്ഞ അപ്പച്ചൻ വന്ദ്യ യാക്കോബ് കോർ എപ്പിസ്കോപ്പ താക്കോൽ വീട്ടിൽ വയ്ക്കണ്ടായെന്നും, കൊരട്ടിയിൽ കൊണ്ടുപോയി തിരുമേനിയെ ഏല്പിക്കാനും പറഞ്ഞു.